മെട്രൊ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ
www.metrovaartha.com
14 പേജ് ₹ 7.00
KOZHIKODE

കൊവിഡ് തിരക്കിൽ ആരോഗ്യമന്ത്രിക്ക് വിവാഹവാർഷികം

കെ.കെ. ഭാസ്കരനും കെ.കെ. ശൈലജയും. വിവാഹ ചിത്രം വലത്ത്.

എം.ബി. സന്തോഷ്

തിരുവനന്തപുരം: വിവാഹജീവിതം 40ാം വർഷത്തിലേക്കു കടക്കുന്നത് കൊവിഡ് തിരക്കിനിടെ ആഘോഷിക്കാനാവാതെ ആരോഗ്യമന്ത്രി കെ.കെ. ശൈലജ. 1981 ഏപ്രിൽ 19നായിരുന്നു കെ.കെ. ഭാസ്കരനും ശൈലജയും തമ്മിലുള്ള വിവാഹം. അന്ന് ഇരുവരും അധ്യാപകർ. ഭാസ്കരൻ പിന്നീട് മട്ടന്നൂർ നഗരസഭാ ചെയർമാനായി. ശൈലജ സിപിഎം കേന്ദ്ര കമ്മിറ്റി അംഗവും സംസ്ഥാന ആരോഗ്യമന്ത്രിയുമായി. 'നിപ'യുടെ പിടിയിൽനിന്ന് കേരളത്തെ മോചിപ്പിക്കാൻ ആരോഗ്യ സംവിധാനത്തെ മുന്നിൽനിന്നു നയിച്ച് താരമായ അവർ, കൊറോണക്കാലത്ത് അതിനേക്കാൾ കരുതലോടെ ഈ മഹാമാരിയെ വരുതിയിലാക്കാനുള്ള നിതാന്തജാഗ്രതയിലാണ്.

പൊതുഅവധി ദിനമായ ഇന്നലെ, ഞായറാഴ്ച, വിവാഹവാർഷികമായിട്ടും മന്ത്രിക്ക് തെല്ലും വിശ്രമമില്ല. രാവിലെ സെക്രട്ടേറിയറ്റിലെ ഓഫിസിലെത്തി. കൊറോണ പ്രതിരോധവുമായി ബന്ധപ്പെട്ട ചർച്ചകൾ, ആലോചനകൾ... പിന്നീട്, പ്രധാന ആരോഗ്യപ്രവർത്തകരെ ഫോണിൽ വിളിച്ച് സംസാരിച്ചു, കൊവിഡ്19 രോഗികളുള്ള ആശുപത്രികളിലെ പ്രധാനപ്പെട്ടവരോട് സ്ഥിതിഗതികൾ ആരാഞ്ഞു, നിരീക്ഷണത്തിലുള്ളവരിൽ രോഗം വരാനുള്ള സാധ്യതകൾ അന്വേഷിച്ചു... ചർച്ച നീണ്ടപ്പോൾ ഊണുകഴിക്കാൻ ഇറങ്ങാനായത് രണ്ടരയ്ക്ക്. ഭക്ഷണം കഴിഞ്ഞും വിശ്രമിക്കാൻ നേരമില്ല. ഒരു ചാനലിന്റെ തത്സമയ സംപ്രേഷണം. അതുകഴിഞ്ഞ് വീണ്ടും അവലോകനം. കൺട്രോൾ റൂം സന്ദർശനം...

ഒരു മാസത്തിലേറെയായി തലസ്ഥാനത്തു തന്നെ തുടരുന്ന ആരോഗ്യമന്ത്രിക്ക്, കൊവിഡിനെ നിയന്ത്രണത്തിലാക്കാനുള്ള നെട്ടോട്ടത്തിനിടെ കണ്ണൂർ മട്ടന്നൂരിലുള്ള വീട്ടുകാരുമായി ബന്ധം ഫോണിലൂടെ മാത്രം. "മാഷുമായി രാവിലെ സംസാരിച്ചു. പായസം വച്ച് കഴിച്ചോളണേ എന്നു പറഞ്ഞു. കൊച്ചുമകൾ ഇപൂസ് എന്നുവിളിക്കുന്ന ഇഫയ ജഹനാരയുമായി (മകനും കണ്ണൂർ എയർപോർട്ടിലെ എൻജിനീയറുമായ ലസിതിന്റെ മകൾ) കൊഞ്ചാനും കളിക്കാനും സമയം കിട്ടുന്നില്ലെന്ന പരാതിയുണ്ട്. ഇപൂസ് പക്ഷെ ഇപ്പോൾ വളരെ സന്തോഷത്തിലാണ്. അവളുടെ അച്ഛനും അച്ഛാച്ഛനും വീട്ടിൽത്തന്നെയുണ്ട്, അവളോടൊപ്പം കളിയാണ്... മാഷിന്റെ പെങ്ങളും അടുത്തുതന്നെയായതിനാൽ അവിടെ ഫലത്തിൽ കൂട്ടുകുടുംബം പോലെയാണ്." - മന്ത്രിമനസിലെ വീട്ടമ്മയ്ക്ക് സന്തോഷം.

മൂത്തമകൻ സോബിത്ത് അബുദാബിയിൽ ഇലക്ട്രിക്കൽ എൻജിനീയറാണ്. സോബിത്ത് ജോലിചെയ്യുന്ന സ്ഥാപനം നിർമിച്ച ആശുപത്രി കൊവിഡിന്റെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ 300 കിടക്കകളുള്ള കൊവിഡ് ആശുപത്രിയാക്കി. അങ്ങിനെ അമ്മയും മകനും കോവിഡ് പ്രതിരോധനിരയിൽ കേരളത്തിലും അബുദാബിയിലുമുണ്ട്.

കേരളത്തിൽ കൊവിഡ് നിയന്ത്രണവിധേയമാകുന്നതിൽ മന്ത്രി ആശ്വാസത്തിലാണ്. "നിരീക്ഷണത്തിലുള്ള ഏതാനും പേർക്കു കൂടി കൊവിഡ് സാധ്യതയുണ്ടെന്നാണ് വിവരം. അപ്പോഴേക്കു മറ്റു രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും പ്രവാസികളെത്തും. അവരെ ക്വാറന്റൈനിൽ പാർപ്പിക്കാനും ചികിത്സിപ്പിക്കാനും നമ്മൾ സജ്ജരായി. അപ്പോഴും നമ്മുടെ ജാഗ്രത തുടരുക തന്നെ വേണം"- വിവാഹവാർഷിക ദിനത്തിലും ശൈലജ അതിലെ ഉത്കണ്ഠ മറച്ചു വയ്ക്കുന്നില്ല.

ഗോവ കൊവിഡ് മുക്തം

പനാജി: ചികിത്സയിലുണ്ടായിരുന്ന അവസാന രോഗിയും പരിശോധനയിൽ നെഗറ്റിവ് ആയതോടെ ഗോവ പൂർണമായും കൊവിഡ് 19 മുക്ത സംസ്ഥാനമായി. ശനിയാഴ്ച നടത്തിയ പരിശോധനയിലാണ് അവസാന രോഗിയും വൈറസിനെ പരാജയപ്പെടുത്തിയെന്നു തിരിച്ചറിഞ്ഞത്. കേന്ദ്ര സർക്കാർ നിർദേശിച്ച മാനദണ്ഡങ്ങൾ പ്രകാരം ഒരിക്കൽക്കൂടി പരിശോധന നടത്തിയശേഷമേ ഇദ്ദേഹത്തെ ആശുപത്രി വിടാൻ അനുവദിക്കൂ എന്ന് ഗോവ ആരോഗ്യമന്ത്രി വിശ്വജിത് റാണെ. ഏഴു രോഗികളാണ് ഗോവയിലുണ്ടായിരുന്നത്. ഏപ്രിൽ മൂന്നിനായിരുന്നു അവസാനമായി ഒരാൾക്കു രോഗം കണ്ടെത്തിയതെന്നും റാണെ.

രോഗം ബാധിച്ചവരിൽ ആറു പേരും വിദേശയാത്ര നടത്തിയിരുന്നു. രണ്ടുപേർ ചികിത്സയിലിരിക്കെ മറ്റ് രോഗങ്ങൾ വഷളായതിനെത്തുടർന്നു മരിച്ചു.

എയർ ഇന്ത്യ ടിക്കറ്റ് ബുക്കിങ് നിർത്തിവച്ചു

ന്യൂഡൽഹി: ആഭ്യന്തര, രാജ്യാന്തര സർവീസുകളിൽ ടിക്കറ്റ് ബുക്കിങ് ആരംഭിക്കാനുള്ള തീരുമാനം എയർ ഇന്ത്യ പിൻവലിച്ചു. ആഭ്യന്തര സർവീസുകൾക്ക് മേയ് നാലു മുതലും രാജ്യാന്തര സർവീസുകൾക്ക് ജൂൺ ഒന്നു മുതലുമുള്ള ടിക്കറ്റ് ബുക്കിങ് ആരംഭിച്ചതായി എയർ ഇന്ത്യ നേരത്തേ പ്രഖ്യാപിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതു വരെ നടപടികൾ നിർത്തിവയ്ക്കാൻ കേന്ദ്ര വ്യോമയാന മന്ത്രി ഹർദീപ് സിങ് പുരി ആവശ്യപ്പെട്ടെന്നും ബുക്കിങ് നിർത്തിവയ്ക്കുകയാണെന്നും എയർ ഇന്ത്യ അധികൃതർ അറിയിച്ചു.

ഹോട്ട് സ്പോട്ടുകളിൽ കർശന നിയന്ത്രണം തുടരും

- സംസ്ഥാനത്ത് നിലവിൽ 88 ഹോട്ട് സ്പോട്ടുകൾ
- ഗ്രീൻ, ഓറഞ്ച് ബി മേഖലകളിൽ ഇളവ് ഇന്നുമുതൽ
- ബസുകൾ ഉൾപ്പെടെ പൊതുഗതാഗതം അനുവദിക്കില്ല

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ഹോട്ട് സ്പോട്ടുകളിൽ കർശന നിയന്ത്രണം തുടരുമെന്നും യാതൊരു ഇളവുകളും അവിടങ്ങളിൽ അനുവദിക്കില്ലെന്നും ചീഫ് സെക്രട്ടറി ടോം ജോസ് അറിയിച്ചു. കേരളത്തിൽ 88 ഹോട്ട് സ്പോട്ടുകളാണുള്ളത്. ഇവയുടെ ലിസ്റ്റ് ആരോഗ്യവകുപ്പ് പുറത്തിറക്കി. ഓറഞ്ച്, ഗ്രീൻ ജില്ലകളിലെ ഹോട്ട് സ്പോട്ടുകളിലും കർശന നിയന്ത്രണമുണ്ടാവും. ഓറഞ്ച്- ബി ജില്ലകളിൽ 20 മുതലും ഓറഞ്ച്- എ വിഭാഗത്തിലെ ജില്ലകളിൽ 24 മുതലും നിയന്ത്രണങ്ങളിൽ ഇളവ് അനുവദിക്കും. റെഡ് കാറ്റഗറി ജില്ലകളിൽ ലോക്ക് ഡൗൺ കർശനമാക്കും. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗനിർദേശങ്ങൾക്ക് വിധേയമായാണ് കേരളം ഉത്തരവിറക്കിയിരിക്കുന്നതെന്ന് ചീഫ് സെക്രട്ടറി ടോം ജോസ്.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വിവിധ പാസുകളുമായി ജനങ്ങൾ ഇപ്പോൾ എത്തുന്നുണ്ട് ഇവരെ കേരളത്തിലേക്ക് കടക്കാൻ സംസ്ഥാനത്തെ ഒരു അതിർത്തിയിലും അനുവദിക്കില്ല എന്നാൽ ഗർഭിണികൾ, ചികിത്സയ്ക്കായി എത്തുന്നവർ, ബന്ധുക്കളുടെ മരണച്ചടങ്ങിൽ പങ്കെടുക്കാനെത്തുന്നവർ എന്നിവരെ അനുവദിക്കും.

മെഡിക്കൽ എമർജൻസി കേസുകൾക്ക് അന്തർ ജില്ലാ യാത്രാനുമതിയും നൽകും. ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ, ഡ്യൂട്ടിക്കെത്തുന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്ക് അയൽ ജില്ലാ യാത്ര അനുവദിക്കും. താമസിക്കുന്ന ജില്ലയിൽ നിന്ന് ജോലി ചെയ്യുന്ന തൊട്ടടുത്ത ജില്ലയിലേക്കും തിരിച്ചും മാത്രമായിരിക്കും ഇത്തരത്തിലുള്ള യാത്രാനുമതി. ഇവർക്ക് സ്വന്തം വാഹനങ്ങളിൽ യാത്ര ചെയ്യാം. ജോലിക്ക് പോകുന്നവരെല്ലാം തിരിച്ചറിയൽ കാർഡ് കരുതണം. ഡ്യൂട്ടിയിലില്ലാത്തവർ ഈ ആനുകൂല്യം ദുരുപയോഗം ചെയ്താൽ കർശന നടപടി.

അടിയന്തരസേവന വിഭാഗങ്ങൾ, ഡ്യൂട്ടിക്കായി പോകുന്ന ഡോക്റ്റർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ, ജോലിക്കെത്തുന്ന സർക്കാർ ജീവനക്കാർ, സ്ത്രീകൾ ഓടിക്കുന്ന വാഹനങ്ങൾ എന്നിവയെ ഒറ്റ, ഇരട്ടയക്ക ക്രമീകരണത്തിൽ നിന്ന് ഒഴിവാക്കി.

സർക്കാർ ഓഫിസുകളിൽ ക്ലാസ് ഒന്ന്, രണ്ട് വിഭാഗത്തിലെ 50 ശതമാനം ഉദ്യോഗസ്ഥർ ഡ്യൂട്ടിക്കെത്തണം. ക്ലാസ് മൂന്ന്, നാല് വിഭാഗങ്ങളിലെ 33 ശതമാനം പേർ ഹാജരാകണം.

നേരത്തേയുള്ള ഉത്തരവനുസരിച്ചു മാത്രമേ കടകൾക്ക് പ്രവർത്തിക്കാനാവൂ. ഗ്രീൻ കാറ്റഗറി ജില്ലകളിലും ഇത് ബാധകമാണ്. അല്ലാതെയുള്ള വ്യാപാര സ്ഥാപനങ്ങളും കടകളും പ്രവർത്തിക്കാൻ അനുവദിക്കില്ല. കഴിഞ്ഞദിവസം പുറത്തിറക്കിയ മാർഗനിർദേശങ്ങളുടെ ഉത്തരവിൽ 13.3 ഖണ്ഡിക ഭേദഗതി വരുത്തി. ഈ കാലയളവിൽ ഒരു ജില്ലയിലും ബസുകൾ ഉൾപ്പെടെയുള്ള പൊതുഗതാഗതം അനുവദിക്കില്ല. ടാക്സി, ഓട്ടോ സർവീസുകളും അനുവദിക്കില്ല.

ഹോട്ട് സ്പോട്ട് ഒഴികെയുള്ള സ്ഥലങ്ങളിൽ സംഘം ചേരാതെ ശാരീരിക അകലം പാലിച്ച് വീടിനടുത്ത് പ്രഭാത- സായാഹ്ന നടത്തം അനുവദിക്കും. ഹോട്ട് സ്പോട്ടുകളിൽ കടകൾ, ബാങ്കുകൾ എന്നിവയുടെ പ്രവർത്തനം ലോക്ക് ഡൗൺ കാലത്തേതുപോലെയായിരിക്കും. പൊതുസ്ഥലത്ത് എല്ലാവരും മാസ്കുകൾ നിർബന്ധമായി ധരിക്കണം.

ഗ്രീൻ-	കോട്ടയം, ഇടുക്കി
ഓറഞ്ച് ബി-	ആലപ്പുഴ, തിരുവനന്തപുരം, പാലക്കാട്, വയനാട്, തൃശൂർ
ഓറഞ്ച് എ-	പത്തനംതിട്ട, എറണാകുളം, കൊല്ലം
റെഡ് -	കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം

ഇ കൊമേഴ്സ് ഇളവുകൾ റദ്ദാക്കി

ന്യൂഡൽഹി: ഇ കൊമേഴ്സ് രംഗത്ത് ഇന്നു മുതൽ പ്രഖ്യാപിച്ച ഇളവുകൾ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. ഓൺലൈൻ വ്യാപാര സംവിധാനത്തിലൂടെ മൊബൈൽ ഫോൺ, ടെലിവിഷൻ, റഫ്രിജറേറ്റർ, ലാപ്ടോപ്, തുണിത്തരങ്ങൾ, സ്റ്റേഷനറി, സ്കൂൾ കുട്ടികൾക്കുള്ള സാധനങ്ങൾ തുടങ്ങിയ വിൽക്കാമെന്ന ഉത്തരവാണു റദ്ദാക്കിയത്. എന്നാൽ, അവശ്യവസ്തുക്കൾ വിൽക്കുന്നതിന് അനുമതിയുണ്ടാകും.

ഇന്നു മുതൽ നിയന്ത്രണങ്ങളിൽ ഇളവ് നൽകാനിരിക്കെയാണ് ഓൺലൈൻ വ്യാപാരത്തിന് നിയന്ത്രണം. അവശ്യവസ്തുക്കളല്ലാത്തവയുടെ വ്യാപാരത്തിന് അനുമതി നൽകുന്നത് കൊവിഡ് പ്രതിരോധത്തിനു തിരിച്ചടിയുണ്ടാക്കുമെന്നതിനാലാണു തീരുമാനം മാറ്റിയതെന്ന് ആഭ്യന്തര മന്ത്രാലയ ജോയിന്റ് സെക്രട്ടറി പുണ്യശൈല ശ്രീവാസ്തവ.

അതേസമയം, ഹോട്ട്സ്പോട്ട് അല്ലാത്ത ജില്ലകളിൽ കാർഷിക, ധനകാര്യ, നിർമാണ മേഖലയിലടക്കം ഇളവുകൾ ഇന്നു മുതൽ നിലവിൽ വരും.

ഇളവുകൾ ഇങ്ങനെ

ധനകാര്യ മേഖല: റിസർവ് ബാങ്ക്, ആർബിഐ നിയന്ത്രിത ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ, എടിഎം, ബാങ്കിങ് പ്രവർത്തനങ്ങൾക്കുള്ള ഐടി കരാറുകാർ, സെബി- മൂലധന വിപണി സേവനങ്ങൾ, ഐആർഡിഎഐ, ഇൻഷുറൻസ് കമ്പനികൾ.

വാണിജ്യ സേവനങ്ങൾ: അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾ, ഐടി സേവനങ്ങൾ (50% ജീവനക്കാർ), സർക്കാർ സേവനങ്ങൾക്കുള്ള ഡേറ്റ- കോൾസെന്ററുകൾ, പഞ്ചായത്ത് തലത്തിൽ പൊതു സേവന കേന്ദ്രങ്ങൾ, കൊറിയർ സർവീസുകൾ, അവശ്യസേവനങ്ങൾക്കുള്ള ഇകൊമേഴ്സ് സംവിധാനങ്ങൾ, കോൾഡ് സ്റ്റോറേജ്, വെയർഹൗസിങ്, സ്വകാര്യ സെക്യൂരിറ്റി സർവീസുകൾ, ഹോട്ടൽ- ഹോംസ്റ്റേ മാനെജ്മെന്റ് സേവനങ്ങൾ, ഇലക്ട്രീഷ്യൻ, പ്ലംബർ, കാർപ്പെന്ററി.

ഗതാഗതം:

അടിയന്തര ആരോഗ്യ സേവനങ്ങൾക്കും അവശ്യവസ്തുവാങ്ങുന്നതിനും സ്വകാര്യ വാഹനം ഉപയോഗിക്കാം. നാലു ചക്ര വാഹനങ്ങളിൽ ഡ്രൈവറും പിന്നിലെ സീറ്റിൽ ഒരു യാത്രക്കാരനും. കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ജോലി സ്ഥലത്തേക്ക് യാത്ര ചെയ്യാം.

സാമൂഹിക സേവനങ്ങൾ: ശിശു പരിപാലന കേന്ദ്രം ജുവനൈൽ കേന്ദ്രം, ഭിന്നശേഷിക്കാരുടെയും വയോധികരുടെയും സംരക്ഷണ കേന്ദ്രങ്ങൾ, ആംഗൻവാടികൾ എന്നിവ പ്രവർത്തിക്കാം.

കാർഷിക സേവനങ്ങൾ: വിത്തു വിതയ്ക്കുക, കൊയ്യുക, കാർഷികോത്പന്നങ്ങൾ വിൽക്കുന്ന ഏജൻസികൾ, കാർഷികോപകരണങ്ങൾ വിൽക്കുന്ന കടകൾ, വാടകയ്ക്ക് നൽകുന്ന കേന്ദ്രങ്ങൾ, വിത്ത്- വളം വിൽക്കുന്ന കടകൾ, ചന്തകൾ, എപിഎംസി മാർക്കറ്റുകൾ, വിതരണ കേന്ദ്രങ്ങൾ, മീൻപിടിത്തം, വിൽപ്പന, ഹാച്ചറികൾ, അക്വേറിയം, തോട്ടം മേഖല (50% ജീവനക്കാർ), മൃഗസംരക്ഷണം.

ആരോഗ്യ സേവനങ്ങൾ:

ആശുപത്രികൾ, നഴ്സിങ് ഹോമുകൾ, ടെലിമെഡിസിൻ, മെഡിക്കൽ ഷോപ്പ്, ഡിസ്പെൻസറി, മെഡിക്കൽ റിസർച്ച്, ലാബുകൾ, കൊവിഡ് സാംപ്ൾ കലക്ഷൻ സെന്ററുകൾ, മൃഗാശുപത്രികൾ തുടങ്ങിയവ.

ഗ്രാമീണ വ്യവസായമേഖല

പ്രത്യേക സാമ്പത്തിക മേഖല, കയറ്റുമതി കേന്ദ്രീകൃത യൂണിറ്റുകൾ, വ്യവസായ എസ്റ്റേറ്റുകൾ- ടൗൺഷിപ്പുകൾ, അവശ്യവസ്തു നിർമാണ യൂണിറ്റുകൾ, ഐടി ഹാർഡ്വെയർ വ്യവസായം, ഭക്ഷ്യ സംസ്കരണം, ചണ വ്യവസായം, കൽക്കരി- ധാതു ഖനനം, എണ്ണ- വാതക റിഫൈനറി, ഇഷ്ടിക നിർമാണം, റോഡ്- ജലസേചന പദ്ധതികൾ.

ചരക്ക്

അവശ്യവസ്തു സേവനം: വ്യോമ നാവിക, റെയ്ൽ, റോഡ് രംഗത്ത് ചരക്ക് ഗതാഗതം. ട്രക്കുകളിൽ രണ്ടു ഡ്രൈവർമാരും ഒരു ഹെൽപ്പറും. ചരക്കുകയറ്റാനുള്ള കാലി വാഹനങ്ങൾ, നിർമാണ- മൊത്തവ്യാപാര രംഗങ്ങളിൽ നിന്ന് ഉപയോക്താവിലേക്കുള്ള ശൃംഖലയിലെ വാഹനങ്ങൾ, ജീവനക്കാർ എന്നിവർക്ക് ഇളവ്.

അധിക സേവനങ്ങൾ

മരം ഒഴികെ വനവിഭവങ്ങളെടുക്കുന്നതും വിപണനം നടത്തുന്നതും അനുവദിക്കും. മുള, നാളികേരം, അടയ്ക്ക, കൊക്കോ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വിളവെടുപ്പും വിപണനവും കൃഷിപ്പണികളുമാകാം. ഗ്രാമീണ മേഖലയിൽ ശുചീകരണം, ജലവിതരണം, വൈദ്യുതി, ഊർജം, ടെലികോം, കേബിൾ ലൈൻ തുടങ്ങിയവയ്ക്കായി നിർമാണ പ്രവർത്തനം.

അനുമതിയില്ലാത്തത്

ആഭ്യന്തര, വിദേശയാത്രകൾ, പൊതുഗതാഗതം (ട്രെയ്ൻ, ബസ്, ടാക്സി, മെട്രൊ), സംസ്ഥാനാന്തര യാത്ര (ആശുപത്രി, സുരക്ഷാ ആവശ്യമൊഴികെ), വ്യവസായ- വാണിജ്യ പ്രവർത്തനങ്ങൾ, ഹോസ്പിറ്റാലിറ്റി സേവനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തിയറ്റർ, മാൾ, ജിം, ബാർഡ്, നീന്തൽക്കുളം, അമ്യൂസ്മെന്റ് പാർക്കുകൾ, അസംബ്ലി ഹാളുകൾ, സാമൂഹിക- മത- കായിക- രാഷ്ട്രീയ കൂട്ടായ്മകൾ.

MAXVALUE
QUICK AND EASY
ഗോൾഡ് ലോൺ
MAXIMUM VALUE FOR YOUR GOLD
www.maxvaluecredits.com
MAXVALUE CREDITS AND INVESTMENTS LTD.
Transforming Life

സ്വർണം

ഗ്രാം	- 4,175
പവൻ	- 33,400

കോവിഡ് 2 പേർക്ക്

13 പേർ രോഗമുക്തി നേടി

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ രണ്ടുപേർക്ക് കൊവിഡ്19 രോഗബാധ സ്ഥിരീകരിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലയിലുള്ളവർക്കാണ് രോഗം സ്ഥിരീകരിച്ചത്. കണ്ണൂർ ജില്ലയിലുള്ളയാൾ അബുദാബിയിൽ നിന്നും കാസർഗോഡ് ജില്ലയിലുള്ളയാൾ ദുബായിൽ നിന്നും വന്നതാണ്.

സംസ്ഥാനത്ത് 13 പേർ കൂടി കൊവിഡ് 19 രോഗമുക്തി നേടിയതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ. കാസർഗോഡ് ജില്ലയിലെ എട്ടു പേരുടേയും കണ്ണൂർ ജില്ലയിലെ മൂന്നു പേരുടേയും മലപ്പുറം, തൃശൂർ ജില്ലകളിലെ ഓരോരുത്തരുടേയും പരിശോധനാ ഫലമാണ് നെഗറ്റീവായത്. ഇതോടെ 270 പേരാണ് ഇതുവരെ കൊവിഡിൽ നിന്നും രോഗമുക്തി നേടിയത്. 129 പേരാണ് നിലവിൽ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്.

നിരീക്ഷണത്തിൽ 55,590 പേർ

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 55,590 പേരാണ് നിരീക്ഷണത്തിലുള്ളത്- 55,129 പേർ വീടുകളിലും 461 പേർ ആശുപത്രികളിലും. 72 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. രോഗലക്ഷണങ്ങളുള്ള 19,351 വ്യക്തികളുടെ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ ലഭ്യമായ 18,547 സാംപിളുകളുടെ ഫലം നെഗറ്റീവാണ്.

ഇളവിന്റെ തിരക്ക്..!

ലോക് ഡൗൺ ഇളവു വന്നതിന്റെ പശ്ചാത്തലത്തിൽ മൊബൈൽ കടകൾ രണ്ടാം ഞായറാഴ്ചയിലും സജീവമായി. ഷോപ്പുകൾക്കു മുന്നിൽ ഇത്തവണ കഴിഞ്ഞയാഴ്ചത്തേക്കാളും തിരക്കായിരുന്നു. തിരുവനന്തപുരം തകരപ്പറമ്പിലെ റോഡ് വക്കിൽ മൊബൈൽ ഷോപ്പുകളിലെത്തിയവരുടെ ബൈക്കുകൾ നിറഞ്ഞപ്പോൾ. കെ.ബി. ജയചന്ദ്രൻ

മെട്രൊ മാധം

ബാർബർ ഷാപ്പുകളിൽ സ്പർശനം ഒഴിവാക്കണം.

തമാശക്കാർ സർക്കാരിലുമുണ്ട്..!

www.facebook.com/metrovaarthaofficial

16116 കൊവിഡ് കേസുകൾ

മരണം 519

ന്യൂഡൽഹി: രാജ്യത്ത് ഇന്നലെ വൈകിട്ട് അവസാനിച്ച 24 മണിക്കൂറിൽ 1324 പേർക്കു കൂടി കൊവിഡ് സ്ഥിരീകരിച്ചു. ഇതോടെ മൊത്തം രോഗികൾ 16,116 ആയി. 31 പേർ കൂടി മരിച്ചതോടെ മരണസംഖ്യ 519 ആയി ഉയർന്നെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഗുജറാത്തിൽ 228 പേർക്കും തമിഴ്നാട്ടിൽ 105 പേർക്കും പുതുതായി രോഗം സ്ഥിരീകരിച്ചു.

ഏപ്രിൽ 12നു ശേഷം തമിഴ്നാട്ടിൽ നൂറിലേറെ പേർക്ക് ഒരു ദിവസം രോഗം സ്ഥിരീകരിക്കുന്നത് ഇന്നലെയാണ്. സംസ്ഥാനത്തു മൊത്തം രോഗികൾ 1477 ആയിട്ടുണ്ട്. റാപ്പിഡ് ടെസ്റ്റുകൾ വ്യാപിപ്പിച്ചതാണ് രോഗികളുടെ എണ്ണം കൂടാൻ കാരണമെന്ന് തമിഴ്നാട് ആരോഗ്യ വകുപ്പ്. മഹാരാഷ്ട്രയിൽ 3648 പേർക്കാണു രോഗം. മധ്യപ്രദേശിൽ രോഗബാധിതരുടെ എണ്ണം 1400 കടന്നു. ഡൽഹിയിൽ 1893, ഗുജറാത്തിൽ 1604, രാജസ്ഥാനിൽ 1431, ഉത്തർപ്രദേശിൽ 1084 എന്നിങ്ങനെയാണ് കൊവിഡ് ബാധിതരുള്ളത്.

23 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 54 ജില്ലകളിൽ 14 ദിവസത്തിനിടെ ഒരു കേസുപോലും റിപ്പോർട്ടു ചെയ്തിട്ടില്ലെന്ന് ആരോഗ്യ മന്ത്രാലയം.

കൊവിഡ് കാലത്തെ കൊള്ള

നല്ല കാര്യങ്ങളുടെ സ്നേഹിതൻ

▶ പേജ് 4

പരിശോധന നടത്തി

തലശേരി : താലൂക്ക് തല സപ്ലൈ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കുടിവെള്ള നിർമ്മാണ യൂണിറ്റുകളിൽ പരിശോധന നടത്തി. കോളയാട്, ആര്യപ്പറമ്പ്, ചിറ്റാരിപ്പറമ്പ്, കണ്ണവം, വായന്നൂർ എന്നിവടങ്ങളിലാണ് പരിശോധന നടന്നത്. ആര്യപ്പറമ്പിൽ ലൈസൻസ് ഇല്ലാതെ കുടിവെള്ളം പായ്ക്ക് ചെയ്ത ഉടമയ്ക്കെതിരെ നടപടിയെടുത്തു. വായന്നൂരിൽ കുടിവെള്ളത്തിന് അമിത വില ഈടാക്കിയ യൂണിറ്റിന് 5000 രൂപ പിഴ ഈടാക്കി. തലശേരി താലൂക്ക് തല ഓഫീസർ കെ.എം ഉദയൻ, ഡപ്യൂട്ടി തഹസിൽദാർ വി. മനോജ്, ലീഗൽ മെട്രോളജി ഓഫീസർ കെ.കെ നാസർ, അസി. മെട്രോളജി ഓഫീസർ പി.പി ശ്രീജിത്ത് എന്നിവർ പങ്കെടുത്തു.

ഏകദിന ഉപവാസം

തലശേരി : സംസ്ഥാന സർക്കാറിന്റെ വ്യാപാര ദ്രോഹ നടപടിയിൽ പ്രതിക്ഷേധിച്ച് വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ആഹ്വാന പ്രകാരം എല്ലാ യൂണിറ്റുകളിലും ഭാരവാഹികൾ വ്യാപാര ഭവന് മുന്നിൽ ഏകദിന ഉപവാസം നടത്തി.തലശേരി വ്യാപാര ഭവനിൽ നടന്ന ചടങ്ങിൽ യൂണിറ്റ് പ്രസിഡന്റ് ജവാദ് അഹമ്മദ് ,സാക്കിർ കാത്താണ്ടി, എ.കെ സക്കറിയ, കെ.മൻസൂർ എന്നിവർ പങ്കെടുത്തു.സംസ്ഥാന തല ഉദ്ഘാടനം കോഴിക്കോട് വ്യാപാരഭവനിൽ സംസ്ഥാന പ്രസിഡന്റ് ടി.നസറുദ്ദീൻ നിർവ്വഹിച്ചു.

മാസ്കുകൾ വിതരണം

എടപ്പാൾ: അയ്യപ്പ സേവാസംഘം മലപ്പുറം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ മാസ്കുകൾ വിതരണം ചെയ്തു. കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാ കമ്മറ്റി മെമ്പർ സുനിൽ ചിയ്യാനൂർ മാസ്കുകൾ തയ്യാറാക്കിയത്. സേവാ സംഘം കോ-ഓർഡിനേറ്റർ കണ്ണൻ പന്താവൂർ, സേവാസംഘം ജില്ലാ പ്രസിഡന്റ് ഗോപിനാഥൻ നായർ, സെക്രട്ടറി വി.വി മുരളീധരൻ, ട്രഷറർ ഗോപാലകൃഷ്ണൻ നായർ എന്നിവർ പങ്കെടുത്തു.

സൗജന്യ ഭക്ഷ്യധാന്യ കിറ്റു വിതരണം

കോഴിക്കോട്: സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യധാന്യ കിറ്റുകൾ മുൻഗണന (പിങ്ക്)കാർഡുകൾക്ക് 22 മുതൽ നൽകും. രജിസ്റ്റർ ചെയ്യാത്ത റേഷൻ കടയിൽ നിന്നും കിറ്റ് വാങ്ങാൻ ആഗ്രഹിക്കുന്നവർ പുതിയ റേഷൻ കട ഉൾപ്പെടുന്ന പഞ്ചായത്ത് അംഗത്തിന്റെ / കൗൺസിലറുടെ സാക്ഷ്യപത്രം 21 നകം റേഷൻ കടയിൽ ഹാജരാക്കണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

നാളികേര സംഭരണം

കോഴിക്കോട്: ലോക് ഡൗൺ കാലത്ത് കേരകർഷകർക്ക് ആശ്വാസവുമായി കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് നാളികേര സംഭരണം തുടങ്ങി. ഓരോ വാർഡിലും നിശ്ചിത തിയതി അറിയിച്ചാണ് സംഭരണം. പൊതുവിപണിയിലെ വില നൽകി പ്രദേശത്ത് പോയാണ് നാളികേരം എടുക്കുന്നത്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിധീഷ് കല്ലുള്ളതോട് പൂലോട്ടെ കർഷകരിൽ നിന്നും നാളികേരം സ്വീകരിച്ചു കൊണ്ട് പദ്ധതിക്കു തുടക്കം കുറിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ പി.സി തോമസ്, ബേബി ബാബു എന്നിവർ നേതൃത്വം നൽകി.

കഴുത്തു തുളച്ച കത്തിയെടുത്ത് സങ്കീർണ ശസ്ത്രക്രിയ

കോഴിക്കോട്: കഴുത്തിൽ ആഴത്തിൽ മുറിവേറ്റ യുവാവിന് സങ്കീർണ ശസ്ത്രക്രിയയിലൂടെ പുതുജീവിതം. തിരൂർ സ്വദേശി അക്ബർ ബാദുഷ (26)യാണ് കോഴിക്കോട് ആസ്റ്റർമിംസിൽ ആറു മണിക്കൂർ നീണ്ട ശസ്ത്രക്രിയയ്ക്കൊടുവിൽ അപകടനില തരണംചെയ്തത്. ബാദുഷയുടെ കഴുത്തിന്റെ ഒരുവശത്തുനിന്ന് മറുവശത്തേക്ക് കത്തി കുത്തിയിറങ്ങിയ നിലയിലായിരുന്നു. ശ്വാസനാളം, ഇന്റേണൽ ജുഗുലർ വെയിൻ, കാർട്ടിഡ് ധമനിയുടെ ശാഖകൾ, തൈറോയിഡ് ഗ്രന്ഥി, സ്റ്റെർനോക്ലെയ്ഡോമസ്റ്റോയിഡ്, സ്കലെനസ്, പാര വെർട്രിബൽ തുടങ്ങിയ പേശികൾക്ക് ഗുരുതരമായി പരുക്കേറ്റിരുന്നു. മുറിവേറ്റ ശ്വാസനാളത്തിലൂടെ രക്തം ശ്വാസകോശത്തിലെത്തി.രക്തസമ്മർദ്ദവും പൾസും തീർത്തും താഴ്ന്ന നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച യുവാവിനെ രാത്രി 11. 30 ഓടെ ശസ്ത്രക്രിയയ്ക്കു വിധേയനാക്കി. ഡോ. കെ. എസ്. കൃഷ്ണകുമാർ (പ്ലാസ്റ്റിക്, വാസ്കുലാർ ആൻഡ് ഹാൻഡ് സർജറി വിഭാഗം മേധാവി), ഡോ. മുനീർ (സീനിയർ കൺസൽട്ടന്റ് ഇ.എൻ.ടി) പ്ലാസ്റ്റിക്, വാസ്കുലർ ആൻഡ് ഹാൻഡ് സർജറി വിഭാഗം സീനിയർ കൺസൽട്ടന്റുമാരായ ഡോ. സാജു നാരായണൻ, ഡോ. അജിത് പതി, ഡോ. കിഷോർ ആൻഡ് ടീം (അനസ്തേഷ്യ) എന്നിവർ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകി.



പേരാമ്പ്രയിലെ മൊബൈൽ ഷോപ്പുകൾ ഞായറാഴ്ച തുറന്നപ്പോൾ ഫോണുകൾ റിപ്പയർ ചെയ്യുന്ന ടെക്നിഷ്യൻ

നിയന്ത്രണങ്ങളുമായി ജനം സഹകരിക്കണം: മന്ത്രി

കോഴിക്കോട്: കൊവിഡ് വ്യാപനത്തിന്റെ തോതനുസരിച്ച് കോഴിക്കോട് ജില്ല ചുവപ്പ് മേഖലയിലാണ് ഉൾപ്പെടുന്നത് എന്നതിനാൽ നിയന്ത്രണങ്ങൾ കർശനമായി തുടരേണ്ടി വരുമെന്നും പൊതുജനങ്ങൾ ഇതിനോട് പൂർണമായി സഹകരിക്കണമെന്നും മന്ത്രി ടി.പി രാമകൃഷ്ണൻ പറഞ്ഞു. കൊവിഡിന്റെ ഭീഷണിയിൽനിന്ന് പൂർണമുക്തമാകുന്നതിനും സാധാരണനില കൈവരിക്കുന്നതിനും ഈ നിയന്ത്രണങ്ങൾ അനിവാര്യമാണ്. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ അവിടം വിട്ടുപോകുന്നില്ലെന്ന് ഉറപ്പാക്കണം. ആവശ്യമെങ്കിൽ ഇവർക്ക് വീടുകളിലേക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ വാർഡ് ദ്രുതകർമ സേനകൾ വീടുകളിലെത്തിച്ചു നൽകും.

ജില്ലയിലെ കൊവിഡ് പ്രതിരോധന പ്രവർത്തനങ്ങളുടെ പുരോഗതി മന്ത്രിയുടെ നേതൃത്വത്തിൽ കലക്ടറേറ്റിൽ നടന്ന യോഗം വിലയിരുത്തി. യോഗത്തിൽ ജില്ലാ കലക്ടർ സാംബശിവ റാവു, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി ജയശ്രീ, കോഴിക്കോട് മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ ഡോ.വി.ആർ രാജേന്ദ്രൻ, സൂപ്രണ്ട് ഡോ. സജീത്ത് കുമാർ, ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കലക്ടർ ഷാമിൻ സെബാസ്റ്റ്യൻ, എൻ.എച്ച്.എം പ്രോഗ്രാം മാനെജർ ഡോ നവീൻ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലാ പഞ്ചായത്ത് 10 ലക്ഷം അനുവദിച്ചു

കോഴിക്കോട്: കൊവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് നടത്തുന്ന പദ്ധതികളിലുൾപ്പെടുത്തി ആയുർവേദ പ്രതിരോധ ഔഷധങ്ങളുടെ വിതരണത്തിനായി ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപ അനുവദിച്ചു. ജില്ലാ മെഡിക്കൽ ഓഫീസ് (ആയുർവേദം) മുഖേന നടപ്പാക്കുന്ന പദ്ധതിയിൽ ജില്ലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും വിതരണത്തിനായുള്ള ഔഷധങ്ങൾ ലഭ്യമാക്കും.

രോഗപ്രതിരോധവും രോഗമുക്തിക്ക് ശേഷമുള്ള ആരോഗ്യ പരിപാലനവും ലക്ഷ്യമിട്ട് ആരംഭിക്കുന്ന ആയുർരക്ഷാ ക്ലിനിക്കുകൾ വഴി പദ്ധതി നടപ്പാക്കും.പൊലീസ് സേന, ഫയർ ഫോഴ്സ്, ആരോഗ്യ പ്രവർത്തകർ, 60 വയസിന് മുകളിലുള്ളവർ തുടങ്ങിയവർക്ക് രോഗപ്രതിരോധത്തിന് പ്രത്യേക പരിഗണന നൽകും. രോഗമുക്തി നേടിയവരെ പൂർണ ആരോഗ്യത്തിലേക്ക് കൊണ്ടു വരാനുള്ള തുടർചികിത്സ ഉറപ്പാക്കുന്ന പുനർജ്ജനി, സർക്കാർ ആയുർവേദ ചികിത്സ സമ്പ്രദായത്തെ പരസ്പരം ബന്ധിപ്പിച്ചുള്ള ഓൺലൈൻ പോർട്ടൽ സംവിധാനമായ നിരാമയ തുടങ്ങി ആയുർവേദ മേഖലയിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികളിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ് ആയുർരക്ഷാ ക്ലിനിക്കുകൾ.

രോഗപ്രതിരോധ മേഖലയിലും ആയുർവേദത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി പറഞ്ഞു.

മലപ്പുറം ജില്ലയിൽ ഒരാൾ കൂടി രോഗമുക്തനായി

മലപ്പുറം: ജില്ലയിൽ കൊവിഡ് 19 ബാധിച്ച ഒരാൾ കൂടി രോഗമുക്തനായി. കൽപകഞ്ചേരി കന്മനം തൂവ്വക്കാട് സ്വദേശിയായ 42 കാരനാണ് വിദഗ്ധ ചികിത്സക്കു ശേഷം വൈറസ്ബാധയിൽ നിന്ന് മുക്തനായതെന്ന് ആരോഗ്യവകുപ്പ് സ്ഥിരീകരിച്ചു. ഇയാൾ കൂടുതൽ നിരീക്ഷണങ്ങൾക്കായി കൊവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിൽ തുടരുകയാണ്. ആരോഗ്യാവസ്ഥ പൂർണമായും തൃപ്തികരമാവുന്ന മുറയ്ക്ക് വൈകാതെ ഇയാൾ വീട്ടിലേയ്ക്ക് മടങ്ങുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന അറിയിച്ചു.ഇതോടെ ജില്ലയിൽ രോഗമുക്തരായവരുടെ എണ്ണം 13 ആയി. ഇതിൽ ഒരാൾ രോഗമുക്തനായ ശേഷം പ്രത്യേക നിരീക്ഷണത്തിൽ തുടരുന്നതിനിടെ കഴിഞ്ഞ ദിവസം മരിച്ചു. ഇതുവരെ 11 പേരാണ് രോഗം ഭേദമായി ആശുപത്രിയിൽ നിന്ന് വീടുകളിലേക്ക് മടങ്ങിയത്. രോഗമുക്തി നേടിയ കന്മനം തൂവ്വക്കാട് സ്വദേശി നിലവിൽ മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിലെ സ്റ്റെപ് ഡൗൺ ഐ.സി.യുവിലാണ്. ഐസൊലേഷനിൽ ആറുപേർ രോഗബാധിതരായി ചികിത്സയിൽ തുടരുന്നുണ്ട്.

മലപ്പുറത്ത് നിരീക്ഷണത്തിലുള്ളത് 5727 പേർ

മലപ്പുറം: കൊവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ ഇന്നലെ മുതൽ 90 പേർക്കുകൂടി പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തി. ഇതോടെ ജില്ലയിൽ നിരീക്ഷണത്തിലുള്ളവരുടെ എണ്ണം 5,727 ആയതായി ജില്ലാ കലക്ടർ ജാഫർ മലിക് അറിയിച്ചു. ഇന്നലെ 23 പേരാണ് വിവിധ ആശുപത്രികളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. കൊവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിൽ 21, നിലമ്പൂർ ജില്ലാ ആശുപത്രിയിൽ രണ്ട് പേരുമാണ് ഐസൊലേഷനിലുള്ളത്. 1,047 പേരെ ആരോഗ്യ വകുപ്പിന്റെ നിർദേശപ്രകാരം വീടുകളിലെ പ്രത്യേക നിരീക്ഷണത്തിൽ നിന്ന് ഇന്നലെ ഒഴിവാക്കി. 5,616 പേരാണ് ഇപ്പോൾ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. 88 പേർ കൊവിഡ് കെയർ സെന്ററുകളിലും സ്വയം നിരീക്ഷണത്തിൽ കഴിയുന്നു.

കോഴിക്കോട് 8428 പേർ നിരീക്ഷണത്തിൽ

കോഴിക്കോട്: ജില്ലയിൽ ഇന്നലെ 1584 പേർ കൂടി വീടുകളിൽ നിരീക്ഷണം പൂർത്തിയാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ. വി അറിയിച്ചു. ഇതോടെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കിയവരുടെ ആകെ എണ്ണം 14,372 ആയി. നിലവിൽ 8428 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇന്നലെ പുതുതായി വന്ന 8 പേർ ഉൾപ്പെടെ ആകെ 28 പേർ ആശുപത്രിയിൽ നിരീക്ഷണത്തിലുണ്ട്. 5 പേരെ ഡിസ്ചാർജ്ജ് ചെയ്തു.ഇന്നലെ 32 സ്രവ സാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 710 സ്രവ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 671 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 647 എണ്ണം നെഗറ്റീവാണ്. ജില്ലയിൽ രോഗം സ്ഥിരീകരിച്ച 20 കോഴിക്കോട് സ്വദേശികളിൽ 11 പേരും 4 ഇതര ജില്ലക്കാരിൽ 2 കണ്ണൂർ സ്വദേശികളും മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിലുണ്ട്. 9 കോഴിക്കോട് സ്വദേശികളും 2 കാസർഗോഡ് സ്വദേശികളും ഉൾപ്പെടെ 11 പേർ രോഗമുക്തരായി ആശുപത്രി വിട്ടു. പരിശോധനയ്ക്കയച്ച സാമ്പിളുകളിൽ 39 പേരുടെ ഫലം കൂടി ലഭിക്കാനുണ്ട്. ജില്ലയുടെ ചുമതലയുള്ള മന്ത്രി ടി.പി രാമകൃഷ്ണൻ ഇന്ന് ജില്ലാ കലക്ടറുടെ ചേംബറിൽ അവലോകന യോഗം നടത്തി.

മെഡിക്കൽ കോളെജിലെ കൊവിഡ് ഇതര സേവനങ്ങൾ പുനരാരംഭിക്കണം: എം.കെ രാഘവൻ

കോഴിക്കോട്: കോഴിക്കോട് ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിൽ കൊവിഡ് ഒഴികെയുള്ള മറ്റ് രോഗങ്ങൾക്ക് ചികിൽസ ലഭ്യമാകുന്നില്ല എന്ന പരാതി വ്യാപകമായ പശ്ചാത്തലത്തിൽ അതീവ സുരക്ഷാ ക്രമീകരണങ്ങളോട് കൂടി അവശ്യ സേവനങ്ങൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് മന്ത്രിക്ക് എം.കെ രാഘവൻ എം.പി കത്തയച്ചു.കൊവിഡ് 19 പശ്ചാത്തലത്തിൽ മികച്ച സൗകര്യങ്ങൾ ഒരുക്കി ഐസൊലേഷൻ വാർഡുകൾ ക്രമീകരിച്ചതിനാൽ മറ്റ് ചികിൽസകൾക്കായ് എത്തുന്ന രോഗികളുടെ സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായാണ് മറ്റ് ചികിൽസാ സൗകര്യങ്ങളും ശസ്ത്രക്രിയകളും നിർത്തിയത്. ദിനംപ്രതി 7000 മുതൽ 10000 വരെ ഐ.പി ആയും ഏകദേശം 5000 മുതൽ 6000 വരെ ഒ.പി യിലും മെഡിക്കൽ കോളെജിനെ ആശ്രയിക്കുന്ന രോഗികളെ ഇത് ബാധിക്കുന്നതായി എംപി ചൂണ്ടിക്കാട്ടി.ഹൃദയം, വൃക്ക, കരൾ സംബന്ധമായ അസുഖങ്ങൾ മൂലം കഷ്ടപ്പെടുന്നതും അത്യാസന്ന നിലയിലുള്ളവർക്ക് ശസ്ത്രക്രിയകൾ അടക്കമുള്ളവ ചെയ്യുന്നതിന് മലബാറിൽ സാധാരണക്കാർക്കായ് ആശ്രയിക്കാൻ സാധിക്കുന്ന മറ്റ് ആശുപത്രികളില്ലാത്തത് ഈ ഘട്ടത്തെ കൂടുതൽ സങ്കീർണ്ണമാക്കിയെന്നും എം.പി സൂചിപ്പിച്ചു. സാധാരണഗതിയിൽ ജനറൽ സർജ്ജറി ഡിപ്പാർട്ട്മെന്റിൽ 20, യൂറോളജിയിൽ 10, പ്ലാസ്റ്റിക് സർജ്ജറിയിൽ 8, ഓർത്തോയിൽ 15, കാർഡിയാകിൽ 3, ഇ.എൻ.ടിയിൽ 15 എന്നിങ്ങനെയാണ് നടക്കാറുള്ള ശസ്ത്രക്രിയകൾ. വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ ആഴ്ചയിൽ ഒന്നും മസ്തിഷ്ക മരണം സംഭവിക്കുന്നവരിൽ നിന്നും അവയവങ്ങൾ മാറ്റി വെക്കുന്നത് ആഴ്ചയിൽ ഒന്നും എന്ന രീതിയിലാണ് മുന്നോട്ട് പോയിരുന്നത്. അത്തരം സന്ദർഭങ്ങളിൽ പോലും രോഗികൾക്ക് മാസങ്ങളോളം കഴിഞ്ഞാണ് ശസ്ത്രക്രിയകൾക്ക് തീയ്യതി ലഭ്യമായിരുന്നത്.കൊവിഡ് പശ്ചാത്തലത്തിൽ ഒരു മാസമായി പ്രവർത്തനം നിർത്തിയ ഏകദേശം പത്തോളം മേജർ ഡിപ്പാർട്ട്മെന്റുകൾക്കായ് മെഡിക്കൽ കോളെജ് ക്യാമ്പസിലെ ചെസ്റ്റ് ഡിപ്പാർട്ട്മെന്റ് പോലെയുള്ള ഒറ്റപ്പെട്ട കെട്ടിടങ്ങൾ മാറ്റിവെച്ച് പ്രവർത്തനം തുടങ്ങുന്നതിനായുള്ള സാധ്യതകൾ പരിശോധിച്ച് സാധ്യമെങ്കിൽ അതീവ സുരക്ഷാക്രമീകരണങ്ങളോട് കൂടി അനുമതി നൽകണമെന്നുമാണ് എം.കെ രാഘവൻ എം.പി ആവശ്യപ്പെട്ടത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കെസിഎംഎ (കേരള കോക്കനട്ട് ഓയിൽ മിൽസ് അസോസിയേഷൻ) ഇരുപത്തയ്യായിരം വെളിച്ചെണ്ണ പാക്കറ്റുകൾ മന്ത്രി ടി.പി. രാമകൃഷ്ണന് കോഴിക്കോട് സിവിൽ സ്റ്റേഷൻ പരിസരത്ത് വച്ച് കൈമാറുന്നു.

പെരുവള്ളൂർ സിഎച്ച്സിയ്ക്ക് കിടത്തി ചികിത്സ അനുവദിക്കണം: എംഎൽഎ

തേഞ്ഞിപ്പലം: പെരുവള്ളൂർ സി എച്ച് സിയ്ക്ക് കിടത്തി ചികിത്സ അനുവദിക്കണമെന്ന് വള്ളിക്കുന്ന് നിയോജക മണ്ഡലം എം എൽ എ - പി അബ്ദുൾ ഹമീദ് സർക്കാറിനോടാവശ്യപ്പെട്ടു. മുഖ്യമന്ത്രി പിണറായി വിജയൻ മലപ്പുറം കലക്റ്റർ ജാഫർ മാലിഖ് , ജില്ലാ മെഡിക്കൽ ഓഫീസർ ഡോ: കെ.സക്കീന എന്നിവർക്ക് ഇത് സംബന്ധിച്ച് കത്ത് നൽകി. കൊവിഡ് - 19 വ്യാപനം തടയുന്നതിനുള്ള ലോക്ഡൗൺ കാല പ്രത്യേക പരിഗണന നൽകി കിടത്തി ചികിത്സ അനുമതി നൽകണമെന്നാണ് ആവശ്യപ്പെട്ടത്.ജില്ലാ അതിർത്തികൾ പൂർണ്ണമായും അടച്ച് പൂട്ടിയതിനെ തുടർന്ന് ആശുപത്രിയിലേക്കുള്ള രോഗികളടക്കമുള്ളവരെ ജില്ലാ അതിർത്തിയിൽ നിന്ന് തിരിച്ചയക്കു ന്നതിനാൽഏറെ പ്രയാസപ്പെടുന്നുണ്ട്. വള്ളിക്കുന്ന് മണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിൽ കിടത്തി ചികിത്സയുള്ള ആശുപത്രി ഇല്ല. ഇത്തരം ഘട്ടങ്ങളിൽ സ്വാകാര്യ ആശുപത്രിയേയും തിരൂരങ്ങാടി താലൂക്കാശുപത്രിയയുമായിരുന്നു മണ്ഡലത്തിലെ പൊതുജനങ്ങൾ ആശ്രയിച്ചിരുന്നത്. കൊവിഡ് 19 മഹാമാരി വ്യാപനം തടയുന്നതിന് സംസ്ഥാന സർക്കാറും ആരോഗ്യവ കുപ്പും നിയന്ത്രണങ്ങൾ ഏർപ്പെടു ത്തിയപ്പോൾ തിരുരങ്ങാടി താലൂക്കാ ശുപത്രി കൊവിഡ് ഐസൊലഷൻ സെന്ററായും മാറ്റിയിരുന്നു.

ഇതിനെ തുടർന്ന് മണ്ഡലത്തിലെ സ്വകാര്യ ആശുപത്രികൾ കിടത്തി ചികിത്സ താൽകാലികമായി നിർത്തിവെച്ചതിനാൽ അത്യാവശ്യഘട്ടങ്ങളിൽ കിടത്തി ചകിത്സ അനിവാര്യമായ രോഗികൾ തൊട്ടടുത്ത കോഴിക്കോട് ജില്ലയിലെയും ദൂരപ്രദേശങ്ങളിലെ ആശുപത്രികളിലേക്കും ചികിത്സക്കായി പോയിരുന്നത്.ജില്ലാ അതിർത്തികൾ കോഴിക്കോട് ജില്ലാ ഭരണകൂടം അടച്ച് പൂട്ടിയതോടെ മണ്ഡലത്തിലെ രോഗികൾ പ്രയാസപ്പെടുന്ന അവസ്ഥയിലായി.കിടത്തിചികിത്സ അനിവാര്യമായവരെ പോലും തടഞ്ഞ് തിരിച്ചയക്കുന്ന സംഭവമുണ്ടായി. മണ്ഡലത്തിൽ കിടത്തി ചികിത്സആശുപത്രിയില്ലാത്തത് ജനങ്ങളെഏറെപ്രയാസപ്പെടുത്തുന്നുണ്ട്.വാഹനമില്ലാത്ത തീരദേശ വാസികളടക്കമുള്ള നിർധന സാഹചര്യത്തിലുള്ളവർ ഈ ഘട്ടത്തിൽ വളരെ പ്രയാസപ്പെടുകയാണ്.

ലോക്ഡൗൺ കാലത്ത് പണിയും കൂലിയുമില്ലാതെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ഇവർക്ക് ആവശ്യമായ സൗകര്യം ഒരുക്കേണ്ട ബാധ്യത സർക്കാറിനാണ്. കിടത്തി ചികിത്സക്കാവശ്യമായ അടിസ്ഥാന സൗകര്യം പെരുവള്ളൂർ സി. എച്ച്.സിയിൽ നിലവിലുണ്ട്. അധികമായി ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിന്റെ ബാദ്ധ്യത തിരൂരങ്ങാടി ബാക്ക് പഞ്ചായത്ത് ഭരണസമിതി തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. മറ്റു സൗകര്യങ്ങൾ ഒരുക്കാൻ എംഎൽഎ ഫണ്ട് വകയിരുത്തും. അതിനാൽ പെരുവള്ളൂർസി.എച്ച്.സിയിൽ കിടത്തി ചികിത്സആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എംഎൽഎ ആവശ്യപ്പെട്ടു.

ക്ലസ്റ്റർ ക്വാറന്റൈൻ ചെയ്യുന്നതിൽ നിന്ന് രണ്ട് വാർഡുകളെ ഒഴിവാക്കുക: മുസ്‌ലിം ലീഗ്

കുറ്റ്യാടി: കോഴിക്കോട് ജില്ലയിൽ ഹോട്ട് സ്പോട്ടുകൾ ഉണ്ടെന്ന് ആരോഗ്യ വകുപ്പിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റെഡ് സോണിൽ ഉൾപ്പെടുത്തിയ കായക്കൊടി പഞ്ചായത്തിലെ മൂന്നു വാർഡുകളിൽ നേരത്തെ രോഗം സ്ഥിരീകരിക്കുകയും പിന്നീട് രോഗം ഭേദമാവുകയും ചെയ്ത എട്ടാം വാർഡ് ഒഴികെ ആറും, ഏഴും വാർഡുകൾ ക്ലസ്റ്റർ ക്വാറന്റയിൻ ചെയ്യാനുള്ള തീരുമാനം ജില്ലാ ഭരണകൂടം പുനഃപരിശോധിക്കണമെന്ന് കായക്കൊടി പഞ്ചായത്ത് മുസ്‌ലിം ലീഗ് കമ്മറ്റി ആവശ്യപ്പെട്ടു.ഉത്തരവിന് കാരണമായിട്ടുള്ള വ്യക്തി നിസാമുദ്ദീൻ തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത് തിരിച്ച് വരുന്ന സമയത്ത് കൂടുതൽ സ്ഥലങ്ങളിൽ സമ്പർക്കം പുലർത്തുകയോ വീട് വിട്ട് പുറത്ത് ഇറങ്ങുകയോ ചെയ്തിട്ടില്ല. ഇദ്ദേഹവുമായി ബന്ധപ്പെട്ട ഭാര്യ ഉൾപ്പടെ നാലുപേരെ പരിശോധനക്ക് വിധേയമാക്കുകയും റിസൽട്ട് നഗറ്റീവ് ആയതിനാൽ ഹോം ക്വാറന്റയിൻ നിർദ്ദേശിക്കുകയായിരുന്നു. രോഗം സ്ഥിരീകരിച്ച വ്യക്തിയുടെ ഫലം നഗറ്റീവ് ആയതിനു ശേഷം ആദ്ദേഹവും ഹോം ക്വാറന്റയിനിൽ കഴിയുകയാണ്. വസ്തുത ഇതായിരിക്കെ രോഗബാധിതനെ കുറിച്ച് സോഷ്യൽ മീഡിയയിൽ വളരെ മോശമായി ശബ്ദ സന്ദേശം പ്രചരിക്കുകയാണ്. ഇതൊക്കെയാണെങ്കിലും ഈ വാർഡ് ഒഴികെ മറ്റു വാർഡുകളിലെ കൂടി ലോക് തുടരാനുള്ള ഭരണ കൂടത്തിന്റെ ഉത്തരവ് പിൻവലിച്ച് ജനങ്ങളുടെ പ്രയാസവും ഭയവും അകറ്റുകയാണ് ചെയ്യേണ്ടതെന്നും കയക്കൊടി പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് കെ.കെ.ഉമ്മർ മാസ്റ്ററും ജന: സെക്രട്ടറി ഇ.മുഹമ്മദ് ബഷീറും ആവശ്യപ്പെട്ടു.

പ്രധാൻമന്ത്രി ഉജ്വല യോജന: സൗജന്യ സിലിണ്ടറിനുള്ള ഏപ്രിൽ മാസത്തെ തുക കൈമാറ്റം ചെയ്തു

കോഴിക്കോട്: പ്രധാൻമന്ത്രി ഉജ്വല യോജന ഗുണഭോക്താക്കൾക്ക് ഏപ്രിൽ ഒന്നാം തിയ്യതി മുതൽ ജൂൺ 30 വരെയുള്ള മൂന്നു മാസ കാലത്തേക്കുള്ള സൗജന്യ പാചക വാതക സിലിണ്ടറുകൾ, പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന പദ്ധതിയുടെ കീഴിൽ ലഭ്യമാക്കി തുടങ്ങിയതായി ഇന്ത്യൻ ഓയിൽ കോർപറേഷൻ അറിയിച്ചു.റീഫിൽ സിലിണ്ടറിന്റെ ഏപ്രിൽ മാസത്തെ വില ഉജ്വല ഗുണഭോക്താക്കളുടെ പി എം യു വൈ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആദ്യത്തെ സൗജന്യ സിലിണ്ടർ വാങ്ങാൻ മാത്രമേ പ്രസ്തുത തുക വിനിയോഗിക്കാൻ പാടുള്ളു.റീഫിൽ ബുക്കിങ് ഐ വി ആർ എസ്, രജിസ്റ്റേർഡ് മൊബൈൽ ഫോൺ എന്നിവ വഴിയാണ് നടത്തേണ്ടത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ പങ്കാളികളല്ലാത്തവർക്കും കാലിയായ സിലിണ്ടറുകൾ ഉള്ളവർക്കും സ്കീമിൽ ചേരാൻ അവസരമുണ്ട്. ആദ്യ സിലിണ്ടറിന്റെ പണം അതിനുവേണ്ടി ഉപയോഗിക്കാത്തവർക്ക് രണ്ടാമത്തെ സൗജന്യ സിലിണ്ടറിനുള്ള പണം, ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വിദ്യാർഥികൾ വിഷുകൈനീട്ടം നൽകുന്നു.

വിഷുകൈനീട്ടം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്

കുറ്റ്യാടി : ഈ വർഷത്തെ വിഷുക്കൈനീട്ടവും സമ്പാദ്യ കുടുക്കയിൽ സംഭരിച്ചു വച്ച പണവും ചേർത്തു ഒരു വർഷത്തെ കൊച്ചു സമ്പാദ്യം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി സഹോദരങ്ങൾ മാതൃകയായി. തങ്ങളുടെ സമ്പാദ്യമായ ഇരുപത്തിയഞ്ചായിരം രൂപയാണ് മൊകേരിയിലെ ഹൃദയ് കിരണും സഹോദരൻ സൗഹൃദ് കിരണും നൽകിയത്. ഒരാൾ മേമുണ്ട ഹയർ സെക്കൻറി സ്കൂളിലെയും മറ്റൊരാൾ നടുപൊയിൽ യുപി സ്കൂളിലേയും വിദ്യാർഥികളാണ്. കക്കട്ടിൽ സഹകരണ റൂറൽ ബാങ്ക് ഡയറക്ടർ കൂടിയായ വല്ല്യച്ഛൻ റിട്ടയേർഡ് ഹെഡ്മാസ്റ്റർ കെ.പി രവീന്ദ്രനോടൊപ്പം കക്കട്ടിൽ സഹകരണ റൂറൽ ബാങ്കിലെത്തി മുൻ എംഎൽഎ കെ.കെ ലതികയുടെ കൈകളിൽ ഏൽപ്പിക്കുകയായിരുന്നു.കേരളം പരീക്ഷണഘട്ടത്തിലൂടെ കടന്നു പോകുമ്പോൾ തങ്ങളാൽ കഴിയുന്ന സഹായം നൽകണമെന്ന താൽപര്യമാണ് സ്നേഹസമ്മാനമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയതെന്ന് ഇരുവരും പറഞ്ഞു. സിപിഎം ജില്ലാ കമ്മറ്റി അംഗവും കെഎസ്കെടിയു ജില്ലാ സെക്രട്ടറിയും കായക്കൊടി സർവീസ് ബാങ്കിന്റെ അസി: സെക്രട്ടറിയുമായ കെ.കെ ദിനേശന്റെയും മേമുണ്ട ഹയർ സെക്കൻഡറി സ്ക്കൂൾ അധ്യാപിക രമ്യയുടെയും മക്കളാണ് ഇരുവരും. കക്കട്ടിൽ ബാങ്ക് ഹെഡ് ഓഫീസിൽ വച്ച് നടന്ന ചടങ്ങിൽ ബാങ്ക് സെക്രട്ടറി ദയാനന്ദൻ കരിപ്പള്ളി, ബാങ്ക് ജീവനക്കാരായ കെ.ടി വിനോദൻ, എം.ഗീത, പി.സജിത്ത്കുമാർ, വി.പി.മോഹൻകുമാർ, എന്നിവർ പങ്കെടുത്തു.

സംസ്ഥാന സർക്കാർ കുടുംബശ്രീക്കാരെ വഞ്ചിച്ചു: ബിജെപി

കോഴിക്കോട്: കുടുംബശ്രീക്കാരെ സംസ്ഥാന സർക്കാർ വഞ്ചിച്ചിരിക്കുകയാണെന്ന് ബിജെപി ജില്ലാ പ്രസിഡന്റ് അഡ്വ.വി.കെ. സജീവൻ. കൊവിഡ് അതിജീവനത്തിന് സഹായമായി കുടുംബശ്രീക്കാർക്ക് 500 മുതൽ 20000രൂപവരെ ഒൻപത് ശതമാനം പലിശ സബ്സിഡിയിൽ ലോൺ കൊടുക്കുമെന്ന് പ്രഖ്യാപിച്ച് മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷകൾ സ്വീകരിച്ചതിനു ശേഷം സംസ്ഥാന സർക്കാർ പിന്നോട്ടുപോയത് പാവപ്പെട്ട സ്ത്രീകളോട് കാണിക്കുന്ന വഞ്ചനയാണ്. മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ആവശ്യക്കാർ മാർച്ച് 30നു മുമ്പ് എഡിഎസ് മുഖേന അപേക്ഷ സമർപ്പിക്കുകയും 31ന് അതാത് ജില്ലാ മിഷനിൽ അപേക്ഷകൾ അപ്ഡേറ്റ് ചെയ്തതുമാണ്. ഇപ്പോൾ 5000 രൂപ മാത്രം സ്വന്തം റിസ്കിൽ ബാങ്കിൽ നേരിട്ട് അടച്ചു തീർക്കാവുന്ന രീതിയിലാണ് ലോൺ കൊടുക്കുന്നത്. പാവപ്പെട്ട സ്ത്രീകളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന വാഗ്ദാന ലംഘനത്തിനെതിരെ ജില്ലയിൽ മഹിളാ മോർച്ചയുടെ നേതൃത്വത്തിൽ ലോക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പ്രതിഷേധം സംഘടിപ്പിക്കുമെന്നും ബിജെപി ജില്ലാ പ്രസിഡന്റ് അഡ്വ.വി.കെ. സജീവൻ അറിയിച്ചു.

ദുബായി മലയാളിക്ക് ജീവൻ രക്ഷാ മരുന്ന് എത്തിച്ചു നൽകി യുവജന കമ്മീഷൻ

കോഴിക്കോട്: നാദാപുരം സ്വദേശിനി സജ്ല ഭർത്താവും പ്രവാസിയുമായ ഷെഫീഖിന് ആവശ്യമായ ജീവൻ രക്ഷാ മരുന്ന് കൊറിയറിൽ ആണ് വർഷങ്ങളായി എറണാകുളത്തു നിന്ന് എല്ലാ മാസവും അയക്കുന്നത്. ലോക് ഡൗൺ വന്നപ്പോൾ കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്ത ഭർത്താവ് ഷെഫീഖിന് എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ നിന്ന് എങ്ങനെ മരുന്നു എത്തിക്കും എന്ന ആധിയിൽ ആയിരുന്നു സജ്ല. ലോക്ഡൗൺ എല്ലാ വഴിയും അടച്ചപ്പോൾ സജ്ല പലരുമായും ബന്ധപ്പെട്ട് കാർഗോ വഴി മരുന്ന് എത്തിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ഒടുവിൽ പ്രദേശത്തെ പൊതു പ്രവർത്തകർ പറഞ്ഞാണ് യുവജന കമ്മീഷൻ മരുന്നു എത്തിക്കുന്ന പദ്ധതിയെ കുറിച്ചു അറിഞ്ഞത്. ഉടൻ തന്നെ കമ്മീഷന്റെ കോഴിക്കോട്, എറണാകുളം കോർഡിനേറ്റർമാരെ ബന്ധപ്പെട്ടു. അവർ വഴി കമ്മീഷൻ ചെയർപേഴ്സൻ ചിന്ത ജെറോം വിഷയത്തിൽ ഇടപെട്ടു. മന്ത്രി ഇ.പി ജയരാജന്റെ ശ്രദ്ധയിൽ വിഷയത്തിന്റെ അടിയന്തരപ്രധാന്യം അവതരിപ്പിച്ച ചിന്ത ജെറോം സജ്ലയെ ഫോണിൽ വിളിച്ചു മന്ത്രിക്ക് കൈമാറി. മന്ത്രി നേരിട്ട് സജ്ലയയോട് സംസാരിക്കുകയും മരുന്ന് കൃത്യ സമയത്തു എത്തിക്കാൻ സംവിധാനം ഒരുക്കി.

PUBLIC NOTICE

NOTICE is hereby given that the below mentioned Sub Broker / Authorised Person is no longer affiliated as Sub Broker / Authorised Person of Kotak Securities Limited.

Sub Broker/ Authorised Person Name	Trade Name	Exchange Registration Numbers of Sub Broker/ Authorised Person	Address of Sub Broker/ Authorised Person
Krishnachandran Pullarekelappathodi	Krishnachandran Pullarekelappathodi	NSE - AP0291103831 BSE- AP01067301103376	Pullarekelappathodi House Naduvattam Post Pattambi Via Palakkad Palakkad - 679303

Please note that above mention Sub Broker (SB)/Authorised Person (AP) is no longer associated with us. Any person henceforth dealing with above mention SB/AP should do so, at their own risk. Kotak Securities Ltd. shall not be liable for any such dealing. In case of any queries for the transactions till date, Investors are requested to inform Kotak Securities Ltd. within 15 days from the date of this notification, failing which it shall be deemed that there exists no queries against the above mentioned SB/AP.

kotak Kotak Securities Limited. Registered Office: 27 BKC, C 27, G Block, Bandra Kurla Complex, Bandra (E), Mumbai 400051. CIN: U99999MH1994PLC134051, Telephone No.: +22 43360000, Fax No.: +22 67132430. Website: www.kotak.com / www.kotaksecurities.com. Correspondence Address: Infinity IT Park, Bldg. No 21, Opp. Film City Road, A K Vaidya Marg, Malad (East), Mumbai 400097. Telephone No: 42856825. SEBI Registration No: INZ000200137 (Member of BSE, NSE, MSE, MCX & NCDEX), AMFI ARN 0164, PMS INP000000258, and Research Analyst INH000000586. NSDL/CDSL: IN-DP-NSDL-23-97.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 91 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

പൊലീസ് അസോസിയേഷനുകൾക്ക് മൂക്കുകയറിട്ട് സർക്കാർ

● പിന്നിൽ ഐപിഎസ് ലോബിയെന്ന് ആരോപണം

സ്വന്തം ലേഖകൻ

കൊച്ചി: സംസ്ഥാനത്തെ പൊലീസ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തി കേരള പൊലീസ് ആക്റ്റിൽ ഭേദഗതി. പിന്നിൽ കളിച്ചത് ഐപിഎസ് ലോബിയെന്ന് സൂചന. അസോസിയേഷൻ പ്രവർത്തനത്തിന്റെ മറവിൽ രാഷ്ട്രീയ പ്രവർത്തനവും നിർബന്ധിത പണപ്പിരിവും വിലക്കി കൊണ്ടാണു പുതിയ ഭേദഗതി. രണ്ട് വർഷത്തിലേറെ ആർക്കും തുടർച്ചയായി ഭാരവാഹിയാകാനാവില്ലെന്നതുൾപ്പെടെ സുപ്രധാന മാറ്റങ്ങളുൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം കഴിഞ്ഞ ദിവസം പുറത്തിറങ്ങി.

സിഐമാരും എഎസ്ഐമാരും ഉൾപ്പെടുന്ന കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ, ഇതിനു താഴെയുള്ള പൊലീസ് ഉദ്യോഗസ്ഥരുൾപ്പെടുന്ന കേരള പൊലീസ് അസോസിയേഷൻ, ഡിവൈഎസ്പി റാങ്കിൽപ്പെട്ട ഉദ്യോഗസ്ഥരുടെ പൊലീസ് സർവീസേഴ്സ് അസോസിയേഷൻ എന്നിവയാണ് പ്രധാന പൊലീസ് അസോസിയേഷനുകൾ. പുറമെ ഐപിഎസ് അസോസിയേഷനും നിലവിലുണ്ട്. പൊലീസ് ഓഫിസേഴ്സ് അസോസിയേഷനെയും കേരള പൊലീസ് അസോസിയേഷനെയും ലക്ഷ്യമിട്ടാണ് പൊലീസ് ആക്റ്റിൽ മാറ്റം വരുത്തിയത്. പുതിയ വിജ്ഞാപനം അസോസിയേഷനുകളുടെ പ്രവർത്തനങ്ങളെ കാര്യമായി നിയന്ത്രിക്കും. രണ്ട് വർഷം ഭാരവാഹിയായവർക്ക് വീണ്ടും ഭാരവാഹിയാകണമെങ്കിൽ മൂന്ന് വർഷം കഴിയണമെന്നുള്ള വ്യവസ്ഥയാണു പ്രധാനം. സംസ്ഥാന ഭാരവാഹികൾക്കും ജില്ലാ ഭാരവാഹികൾക്കും വ്യവസ്ഥ ബാധകമാണ്. പരോക്ഷമായുള്ള രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് പോലും വിലക്കുണ്ട്. മാധ്യമങ്ങളോട് സംസാരിക്കുന്നതിനു സംസ്ഥാന പൊലീസ് മേധാവിയുടെ അനുമതി വേണം. കൂടാതെ സോഷ്യൽ മീഡിയയിൽ ഇടപെടുന്നതിനും പരിമിതി നിർദേശിച്ചു. അസോസിയേഷനുകളുടെ സമ്മേളനങ്ങൾ ഒരു ദിവസത്തിൽ കൂടരുതെന്നും നിർദേശമുണ്ട്. പൊലീസ് അസോസിയേഷനിലെ പ്രവർത്തനങ്ങളെക്കുറിച്ച് യുഡിഎഫ് അനുകൂല വിഭാഗം വിമർശനങ്ങൾ ഉന്നയിക്കുന്നതിനിടെയാണ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾക്കു മൂക്ക് കയറിട്ട് പൊലീസ് ആക്റ്റിൽ ഭേദഗതി വരുത്തിയത്.

പിണറായി സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷനിലും കേരള പൊലീസ് അസോസിയേഷനിലും നടന്ന തെരഞ്ഞെടുപ്പിൽ സിപിഎം അനുകൂല പാനലാണ് വിജയിച്ചത്. ഇത് ഇഷ്ടപ്പെടാത്ത ചില ഐപിഎസ് ഉദ്യോഗസ്ഥരാണ് മാറ്റത്തിന് ചുക്കാൻ പിടിച്ചതെന്ന് ഇരു അസോസിയേഷനുകളുടെയും നേതാക്കൾ ആരോപിക്കുന്നു. ലോക് ഡൗണിന്റെ മറവിൽ തങ്ങളുമായി കൂടിയാലോചിക്കാതെയാണ് ഭേദഗതി കൊണ്ടുവന്നതെന്നും പരാതി ഉയർന്നിട്ടുണ്ട്. പ്രശ്നം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി ഭേദഗതി പിൻവലിപ്പിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. പൊലീസ് ആക്റ്റിൽ മറ്റ് ഭേദഗതികളും വരുത്തിയിട്ടുണ്ട്. പെറ്റി കേസുകൾ തീർപ്പാക്കാൻ കോടതിയിൽ റിപ്പോർട്ട് നൽകണമെന്ന ചട്ടം മാറ്റി ജില്ല പൊലീസ് മേധാവിമാർക്കും എസ്എച്ച്ഒമാർക്കും അധികാരം നൽകി. അയ്യായിരം രൂപ വരെ പിഴയുള്ള കേസുകളാണ് ഈ വിധത്തിൽ പൊലീസിന് തീർപ്പ് കൽപ്പിക്കാനാവുന്നത്. ഇടത് സർക്കാരിന്റെ കാലാവധി അവസാനിക്കാൻ ഒരു വർഷം മാത്രം ബാക്കിനിൽക്കേ അസോസിയേഷനുകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് രാഷ്ട്രീയപ്രേരിതമെന്നാണ് യുഡിഎഫ് അനുകൂല വിഭാഗത്തിന്റെ ആക്ഷേപം.

കിട്ടുന്നതാവട്ടെ...! കൊറോണ വൈറസിനെ തടയാനുള്ള ലോക് ഡൗൺ ആരംഭിച്ചിട്ട് ഒരു മാസമാകുന്നു. ട്രോളിങ് നിരോധന കാലഘട്ടത്തിലേതു പോലെ മത്സ്യബന്ധന ബോട്ടുകളെല്ലാം കടലിൽ പോകാതെ കയറ്റിയിട്ടിരിക്കുകയാണ്. സ്വന്തം വീടുകളിലേക്കു പോകാനാവാതെ ഇതര സംസ്ഥാനക്കാരായ പല മത്സ്യത്തൊഴിലാളികളും ബോട്ടിൽത്തന്നെ ഇപ്പോഴും കഴിഞ്ഞുകൂടുകയാണ്. എറണാകുളം ജില്ലയിലെ മുനമ്പം ഫിഷിങ് ഹാർബറിൽ ബോട്ടിൽ നിന്നും ചൂണ്ടയിട്ട് നിത്യവൃത്തിക്കുള്ള വക തേടുകയാണ് ഈ മത്സ്യത്തൊഴിലാളി. 📷 മനു ഷെല്ലി

വിവാദങ്ങളെ അവഗണിച്ച് തള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സ്പ്രിംഗ്ലർ വിവാദത്തിൽ പ്രതിപക്ഷ നിലപാടുകളെ രൂക്ഷമായി വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാറിനെ അപകീർത്തിപ്പെടുത്താനാണ് പ്രതിപക്ഷ ശ്രമം. കോവിഡിനെ പ്രതിരോധിച്ചതിൽ സർക്കാരിന് സൽപ്പേരു കിട്ടരുതെന്നാണ് അവരുടെ ആഗ്രഹം- മുഖ്യമന്ത്രിയുടെ പ്രതിവാര പരിപാടിയായ നാം മുന്നോട്ടിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോവിഡ് പ്രതിരോധത്തിൽ ആദ്യം മുതൽ സംസ്ഥാനം മികച്ച രീതിയിലാണ് പോകുന്നത്. അത് പ്രതിപക്ഷത്തിന് ഇഷ്ടപ്പെടാത്ത സാഹചര്യമുണ്ട്. അതുകൊണ്ടുതന്നെ വിവാദങ്ങൾ ഉണ്ടാക്കാനുള്ള ശ്രമം നടന്നു. എല്ലാ തരത്തിലും അപകീർത്തിപ്പെടുത്താൻ ശ്രമിച്ചു. ഉദ്ദേശം വ്യക്തമാണ്. ഇപ്പോൾ വിവാദങ്ങൾക്ക് പിറകെ പോകേണ്ട സമയമല്ല. അത് ജനങ്ങൾ കണ്ടുകൊള്ളും. ജനങ്ങൾ വിലയിരുത്തിക്കൊള്ളും. അതിനെ ആ തരത്തിൽ അവഗണിച്ച് തള്ളാനാണ് സർക്കാരിന്റെ തീരുമാനം- മുഖ്യമന്ത്രി പറഞ്ഞു.

സ്പ്രിംഗ്ലർ വിവാദം മുഖ്യമന്ത്രിയെ അപമാനിക്കാൻ: മന്ത്രി ബാലൻ

തിരുവനന്തപുരം: സ്പ്രിംഗ്ലർ കരാർ വിഷയത്തിൽ ഐടി വകുപ്പിന് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് നിയമ മന്ത്രി എ.കെ ബാലൻ. കരാർ സംബന്ധിച്ച് നിയമവകുപ്പ് അറിയേണ്ട കാര്യമില്ലെന്നും മുഖ്യമന്ത്രിയെ അപമാനിക്കാനാണ് ആരോപണങ്ങൾ ഉന്നയിക്കുന്നവർ ശ്രമിക്കുന്നതെന്നും അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

രോഗികളുടെ വിവരം ശേഖരിച്ചത് തദ്ദേശ സ്ഥാപനങ്ങളും ആരോഗ്യവകുപ്പ് അധികൃതരുമാണ്. അതു വിശകലനം ചെയ്യാൻ സോഫ്റ്റ്‌വെയർ വേണം എന്ന് തീരുമാനിച്ചത് ഐടി വകുപ്പാണ്. ഡാറ്റ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ അറിയാവുന്ന ഐടി വകുപ്പ് എല്ലാ സുരക്ഷയും സ്വീകരിച്ചാണ് നടപടി സ്വീകരിച്ചത്. ആ വകുപ്പിന്റെ നടപടിയോട് ഒരു വിയോജിപ്പും സർക്കാരിനില്ല. സുരക്ഷ സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ ആരോപണം ഉണ്ടായ ഉടൻ ഡാറ്റ സർക്കാരിനു കീഴിലുള്ള സിഡിറ്റിനെ ഏൽപ്പിച്ചു. ഇടപാട് സംബന്ധിച്ച് നിയമപരമായ കാര്യങ്ങൾ പരിശോധിക്കണമെന്ന് ഐടി വകുപ്പിന് തോന്നിയാൽ മാത്രമേ നിയമവകുപ്പ് പരിശോധിക്കേണ്ടതുള്ളൂ. ഈ ഇടപാടിൽ യാതൊരു അപാകതയും ഇല്ലെന്നാണ് ഐടി വകുപ്പിന്റെ നിലപാട്. മന്ത്രിസഭയിലും ഇക്കാര്യം വരേണ്ട കാര്യമില്ലെന്നും മന്ത്രി വ്യക്തമാക്കി.

പ്രതിസന്ധി ഘട്ടങ്ങളിൽ പോസിറ്റീവ് ആയ സമീപനമല്ല ഒരിക്കലും പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. ഡാറ്റ ദുരുപയോഗിക്കപ്പെടില്ലെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടും വീണ്ടും വിവാദമാക്കുന്നത് എന്തിനാണ്? നിയമവിരുദ്ധ പ്രവർത്തനമാണ് നടന്നതെങ്കിൽ എന്തുകൊണ്ട് കോടതിയെ സമീപിക്കുന്നില്ല- അദ്ദേഹം ചോദിച്ചു.

സർക്കാരിന്റെ ഖ്യാതി ഉന്നതിയിൽ നിൽക്കുകയാണ്. സർക്കാരിന്റെ പ്രവർത്തനങ്ങൾ തിരഞ്ഞെടുപ്പിൽ തങ്ങൾക്ക് പ്രതികൂലമാകും എന്ന പേടിമൂലമാണ് പ്രതിപക്ഷം ഇപ്പോൾ ഇത്തരത്തിൽ പ്രതികരിക്കുന്നത്. മുഖ്യമന്ത്രിയെ അപമാനിക്കാനാണ് ശ്രമം. അങ്ങനെ നശിപ്പിച്ച് കളയാൻ കഴിയുന്ന ആളാണ് പിണറായി എന്ന് ആരും കരുതേണ്ടതില്ലെന്നും മന്ത്രി ബാലൻ പറഞ്ഞു.

ഷാജിക്കെതിരായ കോഴക്കേസ് പുതിയ സംഘം അന്വേഷിക്കും

സ്വന്തം ലേഖകൻ

കണ്ണൂർ: മുസ്‌ലിം ലീഗ് സെക്രട്ടറിയും അഴിക്കോട് എംഎൽഎയുമായ കെ.എം. ഷാജിക്കെതിരായ കോഴക്കേസ് പരാതിയിൽ അന്വേഷണത്തിന് പുതിയ സംഘം വരാൻ സാധ്യത. അന്വേഷണച്ചുമതലയുള്ള വിജിലൻസ് കണ്ണൂർ യൂണിറ്റ് ഡിവൈഎസ്പി വി. മധുസൂദനൻ അടുത്ത മാസം വിരമിക്കുന്നതിനാലാണ് പുതിയ സംഘമെത്തുന്നത്. ഇന്ന് വിജിലൻസ് ഡയറക്റ്ററുടെ നേതൃത്വത്തിലുള്ള യോഗത്തിനുശേഷമായിരിക്കും അന്വേഷണ നടപടികളിലേക്ക് കടക്കുക.

കേസുമായി ബന്ധപ്പെട്ട എഫ്ഐആർ നടപടികൾ പൂർത്തിയാക്കിയതോടെ അന്വേഷണത്തിന് തുടക്കമായെങ്കിലും പുതിയ അന്വേഷണ സംഘമാകും തുടർനടപടികളെടുക്കുക. കോഴിക്കോട് വിജിലൻസ് റേഞ്ച് എസ്പി പി.സി. സജീവൻ തന്നെയായിരിക്കും കേസിന്റെ മേൽനോട്ടച്ചുമതല വഹിക്കുക. നിലവിൽ അന്വേഷണം നടത്തുന്ന ഡിവൈഎസ്പി വി. മധുസൂദനൻ മാറി പുതിയ ഡിവൈഎസ്പിയും സിഐയും അടങ്ങുന്ന സംഘം അന്വേഷണത്തിനായി എത്തിയേക്കും.

മധുസൂദനന് ചുമതല നൽകിയാൽ അദ്ദേഹം വിരമിക്കുന്നതോടെ പുതിയ ഒരു ഉദ്യോഗസ്ഥനെ കണ്ടെത്തേണ്ടിവരും. അങ്ങനെ വന്നാൽ കേസിൽ കാലതാമസം നേരിടാനിടയുണ്ട്. കൃത്യമായ അന്വേഷണം ഉണ്ടായില്ലെങ്കിൽ തദ്ദേശതെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും പ്രതിപക്ഷം രാഷ്ട്രീയ ആയുധമായി ഇത് ഉപയോഗിക്കും. ഈ സാഹചര്യത്തിലാണ് അന്വേഷണസംഘത്തിന്റെ പ്രാധാന്യം പ്രസക്തമാകുന്നത്. കേസിനെ നിയമപരമായും രാഷ്ട്രീയമായും നേരിടാനാണ് യുഡിഎഫിന്റെ തീരുമാനം.

ജില്ലാ അതിർത്തി കടന്നുള്ള യാത്രകൾ നിരോധിച്ചു

തിരുവനന്തപുരം: ലോക് ഡൗണുമായി ബന്ധപ്പെട്ടു സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ ഗ്രീൻ, ഓറഞ്ച്- ബി മേഖലകളിൽ ഇന്നു മുതൽ നിലവിൽ വരുമെന്ന് സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ. ഗ്രീൻ മേഖലയിൽ കോട്ടയം, ഇടുക്കി ജില്ലകളും ഓറഞ്ച്- ബി മേഖലയിൽ ആലപ്പുഴ, തിരുവനന്തപുരം, പാലക്കാട്, വയനാട്, തൃശൂർ ജില്ലകളും.

ഗ്രീൻ, ഓറഞ്ച്- ബി മേഖലകളിൽ ജില്ലാ അതിർത്തി കടന്നുള്ള യാത്രകൾ നിരോധിച്ചു. മെഡിക്കൽ ആവശ്യങ്ങൾക്കും മാർഗനിർദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള കാര്യങ്ങൾക്കും സർക്കാർ ഉത്തരവു പ്രകാരം പ്രവർത്തനാനുമതി നൽകിയിട്ടുള്ള കാര്യങ്ങൾക്കും മാത്രമേ ജില്ലാ അതിർത്തിയും സംസ്ഥാന അതിർത്തിയും കടന്നുള്ള യാത്ര അനുവദിക്കൂ.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സിനിമാ തിയെറ്ററുകൾ, ഷോപ്പിങ് കേന്ദ്രങ്ങൾ, പാർക്കുകൾ, ബാറുകൾ മുതലായവ പ്രവർത്തിക്കില്ല. ജനങ്ങൾ കൂട്ടംകൂടുന്ന എല്ലാതരം പരിപാടികളും നിരോധിച്ചു. ആരാധനാകേന്ദ്രങ്ങളും തുറക്കില്ല. വിവാഹത്തിനും മരണാനന്തരചടങ്ങുകളിലും 20ൽ കൂടുതൽ പേർ പാടില്ല.

ആരോഗ്യമേഖല, കൃഷി, മത്സ്യബന്ധനം, പ്ലാന്റേഷൻ, മൃഗസംരക്ഷണം, സാമ്പത്തിക മേഖല, സാമൂഹ്യമേഖല, ഓൺലൈൻ വിദ്യാഭ്യാസ സമ്പ്രദായം, തൊഴിലുറപ്പ് പദ്ധതികൾ എന്നീ മേഖലകളുടെ പ്രവർത്തനങ്ങൾക്ക് അനുമതിയുണ്ട്. ഇന്ധനനീക്കം, ഊർജവിതരണം എന്നിവ ഉൾപ്പെടെയുള്ള പൊതുസേവന കാര്യങ്ങൾ, ചരക്ക് നീക്കം, അവശ്യസാധനങ്ങളുടെ വിതരണം, സ്വകാര്യ- വാണിജ്യ സ്ഥാപനങ്ങൾ, സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം, നിർമാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കും അനുമതി. സാമൂഹ്യ അകലം പാലിച്ചു വേണം ഇവ പ്രവർത്തിപ്പിക്കേണ്ടത്.

ഓറഞ്ച്- എ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള പത്തനംതിട്ട, എറണാകുളം, കൊല്ലം ജില്ലകളിൽ മേൽപ്പറഞ്ഞ ഇളവുകൾ 24 മുതൽ പ്രാബല്യത്തിൽവരും. റെഡ് മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളാണ്. അവിടെ നിലവിലുള്ള ലോക് ഡൗൺ അതേപടി തുടരും.

യാത്രാനുമതി

ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒൻപത് നമ്പറുകളിൽ അവസാനിക്കുന്ന രജിസ്ട്രേഷൻ നമ്പറുള്ള വാഹനങ്ങൾക്ക് തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ യാത്രാനുമതി.

പൂജ്യം, രണ്ട്, നാല്, ആറ്, എട്ട് അക്കങ്ങളിൽ അവസാനിക്കുന്ന നമ്പറുള്ള വാഹനങ്ങൾക്ക് അനുമതിയുള്ളത് ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ.

ഒഴിവാക്കപ്പെട്ട വിഭാഗത്തിലുള്ളവരും തുറന്നുപ്രവർത്തിക്കാൻ അനുമതി ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരും സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് ഈ ക്രമം ബാധകമല്ല. ഞായറാഴ്ച പ്രവർത്തിക്കുന്ന അടിയന്തരപ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മാത്രമേ ആ ദിവസം വാഹനം പുറത്തിറക്കാൻ അനുമതിയുള്ളൂ. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്ന ആരോഗ്യവകുപ്പ്, തദ്ദേശഭരണ ജീവനക്കാർക്കും പ്രവർത്തനാനുമതി.

ഇവ കേരളത്തിലെ 88 ഹോട്ട് സ്പോട്ടുകൾ

ഉത്തരവ് പുറപ്പെടുവിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ കൊവിഡ് 19 ഹോട്ട് സ്പോട്ടുകൾ പ്രഖ്യാപിച്ച് ആരോഗ്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാനത്തെ 88 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് (കോർപറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്തുകൾ ഉൾപ്പെടെ) ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ചത്. പോസിറ്റീവ് കേസ്, പ്രൈമറി കോണ്ടാക്റ്റ്, സെക്കൻഡറി കോണ്ടാക്റ്റ് എന്നിവ അടിസ്ഥാനമാക്കിയാണ് ഹോട്ട് സ്പോട്ടുകൾ തയാറാക്കിയത്. രോഗത്തിന്റെ വ്യാപനം വർധിക്കുന്നതനുസരിച്ച് ദിവസേന ഹോട്ട് സ്പോട്ടുകൾ പുനർനിർണയിക്കും. അതേസമയം ആഴ്ചതോറുമുള്ള ഡാറ്റാ വിശകലനത്തിന് ശേഷമായിരിക്കും ഹോട്ട് സ്പോട്ടിൽ നിന്നും ഒരു പ്രദേശത്തെ ഒഴിവാക്കുന്നതെന്നു മന്ത്രി കെ.കെ. ശൈലജ വ്യക്തമാക്കി.

ജില്ല തിരിച്ചുള്ള ഹോട്ട് സ്പോട്ടുകൾ

● **തിരുവനന്തപുരം (3)**
തിരുവനന്തപുരം കോർപറേഷൻ, വർക്കല മുൻസിപ്പാലിറ്റി, മലയിൻകീഴ് പഞ്ചായത്ത്

● **കൊല്ലം (5)**
കൊല്ലം കോർപറേഷൻ, പുനലൂർ മുൻസിപ്പാലിറ്റി, തൃക്കരുവ, നിലമേൽ, ഉമ്മന്നൂർ പഞ്ചായത്തുകൾ

● **ആലപ്പുഴ (3)**
ചെങ്ങന്നൂർ മുൻസിപ്പാലിറ്റി, മുഹമ്മ, ചെറിയനാട് പഞ്ചായത്തുകൾ

● **പത്തനംതിട്ട (7)**
അടൂർ മുൻസിപ്പാലിറ്റി, വടശേരിക്കര, ആറൻമുള, റാന്നിപഴവങ്ങാടി, കോഴഞ്ചേരി, ഓമല്ലൂർ, വെളിയന്നൂർ പഞ്ചായത്തുകൾ

● **കോട്ടയം ജില്ല (1)**
തിരുവാർപ്പ് പഞ്ചായത്ത്

● **ഇടുക്കി (6)**
തൊടുപുഴ മുൻസിപ്പാലിറ്റി, കഞ്ഞിക്കുഴി, മരിയാപുരം, അടിമാലി, ബൈസൻവാലി, സേനാപതി പഞ്ചായത്തുകൾ

● **എറണാകുളം (2)**
കൊച്ചി കോർപറേഷൻ, മുളവുകാട് പഞ്ചായത്ത്

● **തൃശൂർ (3)**
ചാലക്കുടി മുൻസിപ്പാലിറ്റി, വള്ളത്തോൾ നഗർ, മതിലകം പഞ്ചായത്തുകൾ

● **പാലക്കാട് (4)**
പാലക്കാട് മുൻസിപ്പാലിറ്റി, കാരക്കുറിശ്ശി, കോട്ടപ്പാടം, കാഞ്ഞിരപ്പുഴ പഞ്ചായത്തുകൾ

● **മലപ്പുറം (13)**
മലപ്പുറം, തിരൂരങ്ങാടി, മഞ്ചേരി മുൻസിപ്പാലിറ്റികൾ, വണ്ടൂർ, തെന്നല, വളവന്നൂർ, എടരിക്കോട്, വേങ്ങര, ചുങ്കത്തറ, കീഴാറ്റൂർ, എടക്കര, കുന്നമംഗലം, പൂക്കോട്ടൂർ പഞ്ചായത്തുകൾ

● **കോഴിക്കോട് (6)**
കോഴിക്കോട് കോർപ്പറേഷൻ, വടകര മുൻസിപ്പാലിറ്റി, എടച്ചേരി, അഴിയൂർ, കുറ്റിയാടി, നാദാപുരം പഞ്ചായത്തുകൾ

● **വയനാട് (2)**
വെള്ളമുണ്ട, മൂപ്പയ്നാട് പഞ്ചായത്തുകൾ

● **കണ്ണൂർ (19)**
കണ്ണൂർ കോർപറേഷൻ, പാനൂർ, പയ്യന്നൂർ, തലശേരി, ഇരിട്ടി, കൂത്തുപറമ്പ് മുൻസിപ്പാലിറ്റികൾ, കോളയാട്, പാട്യം, കോട്ടയം, മാടായി, മൊകേരി, കടന്നപ്പള്ളിപാണപ്പുഴ, ചൊക്ലി, മാട്ടൂൽ, എരുവശ്ശി, പെരളശേരി, ചിറ്റാരിപ്പറമ്പ, നടുവിൽ, മണിയൂർ പഞ്ചായത്തുകൾ

● **കാസർഗോഡ് (14)**
കാഞ്ഞങ്ങാട്, കാസർഗോഡ് മുനിസിപ്പാലിറ്റികൾ, ചെമ്മനാട്, ചെങ്കള, മധൂർ പഞ്ചായത്ത്, മൊഗ്രാൽപുത്തൂർ, ഉദുമ, പൈവളികെ, ബദിയടുക്ക, കോടോംബേളൂർ, കുമ്പള, അജാനൂർ, മഞ്ചേശ്വരം, പള്ളിക്കര പഞ്ചായത്തുകൾ.

ജില്ല കടക്കാൻ മന്ത്രി ഇടപെട്ടു: സജിത്തിനും അഘിനയ്ക്കും വിവാഹം

സ്വന്തം ലേഖകൻ

കോഴിക്കോട്: അന്തർജില്ലാ യാത്രാ വിലക്ക് വിനയായപ്പോൾ മന്ത്രി എ.കെ. ശശീന്ദ്രൻ തുണയായി. സജിത്തിനും അഘിനയ്ക്കും ആർഭാടരഹിത വിവാഹം. കോഴിക്കോട് തൊട്ടിൽപ്പാലം കോതോട് നടുപ്പറമ്പത്ത് ശശിയുടെ മകൻ സജിത്തും വയനാട് പൊഴുതന സുഗന്ധഗിരി സുരേഷ് ബാബുവിന്റെ മകൾ അഘിനയും തമ്മിലുള്ള വിവാഹത്തിന്റെ തീയതി ഇന്നലെയായിരുന്നു. വൈത്തിരി വൈഎംസിഎ ഹാളിൽ നടത്താൻ നിശ്ചയിച്ച വിവാഹവും ഇന്ന് വീട്ടിൽ നടത്താൻ തീരുമാനിച്ച സത്ക്കാരവും കൊവിഡിന്റെ പശ്ചാത്തലത്തിൽ ആളും ആർഭാടവുമില്ലാതെ മതിയെന്ന് വീട്ടുകാർ നേരത്തേ തീരുമാനിച്ചിരുന്നു.

14ന് ശേഷം ലോക് ഡൗണിൽ ഇളവു വരുമെന്നും ലളിതമായ രീതിയിൽ വധുവിന്റെ വീട്ടിൽ ചടങ്ങ് മാത്രം നടത്താമെന്നും വീട്ടുകാർ കരുതി. എന്നാൽ ലോക് ഡൗൺ നിർദേശങ്ങൾ കോഴിക്കോട്ട് ശക്തമാക്കിയതോടെ വിവാഹാവശ്യത്തിനായി വയനാട്ടിലേക്ക് പോകാൻ അനുമതി കിട്ടിയില്ല. അന്തർ ജില്ലാ യാത്രകൾ നിരോധിക്കപ്പെട്ടതോടെ യാത്രാ പാസ് കിട്ടാത്ത അവസ്ഥയായി.

മരുതോങ്കരയിലെ എസ്എഫ്ഐ നേതാവ് ഷിബിൻ ലാലിൽ നിന്ന് വിവരമറിഞ്ഞ എഐവൈഎഫ് സംസ്ഥാന ജോ. സെക്രട്ടറി പി. ഗവാസ് എൽഡിഎഫ് ജില്ലാ കൺവീനർ മുക്കം മുഹമ്മദ് വഴി വയനാട് ജില്ലയിലെ ചുമതലക്കാരൻ കൂടിയായ മന്ത്രി എ.കെ. ശശീന്ദ്രനെ കോഴിക്കോട് ഗസ്റ്റ് ഹൗസിലെത്തി നേരിൽ കണ്ട് കാര്യമവതരിപ്പിച്ചു. മന്ത്രി ശശീന്ദ്രൻ കോഴിക്കോട് കലക്റ്ററെ ഇക്കാര്യം അറിയിച്ചു. തുടർന്ന് കർശന ഉപാധികളോടെ കലക്റ്റർ യാത്രയ്ക്ക് അനുമതി നൽകി.

അങ്ങനെ വരനും സഹോദരിയും മാത്രമായി കാറിൽ വയനാട്ടിലെ വധൂഗൃഹത്തിലേക്ക്. വഴിയിൽ പലയിടത്തും കർശന പൊലീസ് പരിശോധനകൾ പിന്നീട്ടാണ് കുറ്റ്യാടി ചുരം വഴി വൈത്തിരിയിലെത്തിയത്. വധൂഗൃഹത്തിലും വീട്ടുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സാനിറ്റൈസർ കൊണ്ട് കൈകൾ കഴുകിയും മാസ്ക്കുകൾ ധരിച്ചും ലളിതമായി നിശ്ചയിച്ച മുഹൂർത്തത്തിൽ തന്നെ സജിത്ത് അഘിനയെ താലി ചാർത്തി. തുടർന്ന് മൂന്നുപേരും വരന്റെ വീട്ടിലേക്ക്.

ലോക് ഡൗൺ തടസമായില്ല, ഹൃദയങ്ങളുടെ ഒത്തുചേരലിന്

സ്വന്തം ലേഖകൻ

കൊച്ചി: ആരവങ്ങളില്ല, ആഘോഷങ്ങളില്ല, വിഭവസമൃദ്ധമായ ഭക്ഷണമില്ല. എല്ലാം ലളിതം. ലോക് ഡൗൺ കാലത്ത് എറണാകുളം നെട്ടൂരിൽ 10 പേർ മാത്രം പങ്കെടുത്ത നിക്കാഹ് സമൂഹത്തിനു മാതൃകമായി. ലോക് ഡൗൺ മാനദണ്ഡം പാലിച്ചു വളരെ ലളിതമായ ചടങ്ങുകളോടെയായിരുന്നു വിവാഹം.

കൊച്ചി കലൂർ എൽഎഫ്സി റോഡിൽ കൈപ്പിള്ളിൽ വീട്ടിൽ പരേതനായ കെ.എ. മുഹമ്മദ് ഹാജിയുടെയും വി.എം. ജമീലയുടെയും മകൻ കെ.എം. സുൾഫിക്കറും നെട്ടൂർ ലേക്ഷോർ ആശുപത്രിക്ക് സമീപം വെള്ളേപ്പറമ്പിൽ താമസിക്കുന്ന ആകാശവാണി-ദൂരദർശൻ മുൻ ന്യൂസ് എഡിറ്റർ വി.എം. അഹമ്മദിന്റെയും എൻ.കെ. നദികളുടെയും മകൾ വി.എ. തസ്നീമുമാണ് വിവാഹിതരായത്.

രണ്ടുമാസം മുമ്പ് നിശ്ചയിച്ചുറപ്പിച്ച കല്യാണം വിപുലമായി നടത്താനായിരുന്നു തീരുമാനം. ലോക് ഡൗൺ വന്നതോടെ അതു സാധിക്കാതെയായി. വിവാഹം മാറ്റി വയ്ക്കാൻ വധുവിന്റെ പിതാവിന് സമ്മതമായിരുന്നില്ല. അതിനാൽ ലളിതമായി നടത്താൻ ഇരു കൂട്ടരും തീരുമാനിച്ചു. പനങ്ങാട് പൊലീസ് സ്റ്റേഷനിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയാണ് ഒരുക്കങ്ങൾ നടത്തിയത്. 10 പേർ മാത്രം നിക്കാഹിൽ പങ്കെടുത്തു. വരനോടൊപ്പം വധുവിന്റെ വീട്ടിലെത്തിയതു മാതാവും സഹോദരിയും രണ്ട് കൊച്ചാപ്പമാരും മാത്രം. നെട്ടൂർ മുസ്‌ലീം മഹല്ല് ഖത്തീബ് ഖുതുബക്ക് കാർമികത്വം വഹിച്ചു. മഹറായി വിശുദ്ധ ഖുറാനും പേരിനു സ്വർണവും നൽകിയാണ് തസ്നീമിനെ സുൾഫിക്കർ സ്വന്തമാക്കിയത്.

ഒന്നര മണിക്കൂർ കൊണ്ടു ചടങ്ങുകൾ പൂർത്തിയാക്കി വധൂവരൻമാർ വരന്റെ വീട്ടിലേക്ക് മടങ്ങി. എംബിഎ ബിരുദധാരിയായ സുൾഫിക്കർ കാക്കനാട് ഐടി സ്ഥാപനത്തിലാണ് ജോലി ചെയ്യുന്നത്. ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് ബിരുദാനന്തര ബിരുദം കരസ്ഥമാക്കി തസ്നീം കാക്കനാട് ഇന്ത്യൻ പബ്ലിക് സ്കൂളിൽ ഉദ്യോഗസ്ഥയാണ്.

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 മേടം 7 ശഅ്ബാൻ 26
2020 ഏപ്രിൽ 20 തിങ്കൾ

ഭാഗിക ഇളവുകൾ ദുരുപയോഗം ചെയ്യരുത്

ഇരുപത്തേഴു ദിവസത്തെ സമ്പൂർണ ലോക്ഡൗണിനു ശേഷം ഇളവുകൾ ഇന്നു നിലവിൽ വരുകയാണ്. നാലു സോണുകളായി തിരിച്ചിരിക്കുന്ന സംസ്ഥാനത്തിന്റെ ഗ്രീൻ സോണിലെ രണ്ടു ജില്ലകളിൽ ഇന്നു മുതൽ ജനജീവിതം ഏതാണ്ടൊക്കെ സാധാരണ നിലയിലേക്കു മടങ്ങും. കോട്ടയം, ഇടുക്കി ജില്ലകളിലാണ് ലോക് ഡൗണിൽ കൂടുതൽ ഇളവുകൾ അനുവദിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടികളടക്കമുള്ളവർ നടത്തുന്ന ആൾക്കൂട്ട പരിപാടികൾ, പൊതുഗതാഗതം എന്നിവയൊഴികെ മറ്റെല്ലാത്തിനും ഇളവുകളുണ്ട്. സർക്കാർ ഓഫിസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, വ്യവസായ സ്ഥാപനങ്ങൾ, നിർമാണ മേഖലകൾ തുടങ്ങിയവയെല്ലാം സാധാരണ നിലയിൽ പ്രവർത്തിച്ചു തുടങ്ങും. കടകമ്പോളങ്ങളും രാത്രി ഏഴു വരെ തുറക്കും. ഇതര സംസ്ഥാന തൊഴിലാളികൾക്കടക്കം തൊഴിലെടുക്കാം.

ഓറഞ്ച് ഗ്രൂപ്പിലെ ഒന്നാം പട്ടികയിൽ വരുന്ന തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിലും കൂടുതൽ ഇളവുകൾ അനുവദിക്കുന്നുണ്ട്. എന്നാൽ ഗ്രീൻ സോണിനൊപ്പം വരില്ലെന്നു മാത്രം. ഇതേ വിഭാഗത്തിലെ രണ്ടാം ഗ്രൂപ്പിൽപ്പെട്ട കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ 24 വരെ ലോക് ഡൗൺ തുടരും. അവശേഷിക്കുന്ന ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നിവിടങ്ങളിൽ മേയ് മാസം മൂന്നു വരെ സമ്പൂർണ ലോക് ഡൗൺ തന്നെ തുടരും. നാൽപ്പതു ദിവസത്തേക്കു പ്രഖ്യാപിച്ചിരിക്കുന്ന ദേശീയ ലോക്കൗട്ടിൽ സാധാരണക്കാരടക്കം എല്ലാ വിഭാഗം ജനങ്ങളും വലിയ തോതിൽ വീർപ്പുമുട്ടുകയാണ്. നിത്യനിദാന ജീവിത മാർഗങ്ങളെല്ലാം അടഞ്ഞ്, ദുരിതപൂർണമായ ജീവിതത്തിന് ഇത്തിരിയെങ്കിലും താങ്ങായതു കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ക്ഷേമ പദ്ധതികളാണ്. സൗജന്യ അരി, പലവ്യഞ്ജനക്കിറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ തുടങ്ങി പല തരത്തിലുള്ള സഹായങ്ങൾ ലഭ്യമായതിനാൽ ലോക് ഡൗണിന്റെ ദുരിതം സാധാരണക്കാർക്കും ഇടത്തരക്കാർക്കും വലിയ തോതിൽ ബാധകമായില്ല. സർക്കാർ ജീവനക്കാർക്കും സ്വകാര്യ മേഖലയിലെ വലിയൊരു വിഭാഗം ജനങ്ങൾക്കും മാസവരുമാനത്തിലും ഇടിവുണ്ടായില്ല.

എന്നാൽ ദിവസങ്ങൾ ചെല്ലുന്തോറും എല്ലാ വിഭാഗം ജനങ്ങളെയും വരുമാനച്ചോർച്ച അതീവ ഗുരുതരമായിത്തന്നെ ബാധിക്കും. അതൊഴിവാക്കാൻ വിവിധ തൊഴിൽ മേഖലകൾ ചലിച്ചുതുടങ്ങേണ്ടതുണ്ട്. ഇതു മുന്നിൽ കണ്ട് അതീവ ജാഗ്രതയോടെ പ്രവർത്തിക്കേണ്ട സമയമാണ് ഇനിയങ്ങോട്ടുള്ളത്. ഒരു ദിവസമല്ല, ഓരോ നിമിഷവും വിലപ്പെട്ടതാണ്. ഇതെല്ലാം ഒറ്റയടിക്കു പരിഹരിക്കുക എന്നതല്ല ലോക് ഡൗണിൽ ഇളവ് അനുവദിക്കുന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷി വിളവെടുപ്പ്, ഉത്പാദന, വിതരണ, നിർമാണ മേഖലയിലെ തളർച്ചയ്ക്കു പരിഹാരം തുടങ്ങി പലതും പരിഗണിക്കേണ്ടതുണ്ട്. അപ്പോഴും കൊവിഡ് 19 എന്ന മഹാമാരിയിൽ നിന്നുള്ള ഭീഷണി പൂർണമായി വിട്ടുമാറിയെന്നു ധരിക്കരുത്. പുറത്തേക്കിറങ്ങാനും ജോലി ചെയ്യാനും സ്വന്തം കൃത്യനിർവഹണങ്ങൾക്കും അവസരം കിട്ടുന്നത് വളരെ സൂക്ഷിച്ചും കരുതലോടെയും വേണം ഉപയോഗിക്കേണ്ടത്.

വളരെ വലിയ വില കൊടുത്താണ് കേരളം കൊവിഡ് 19 പ്രതിരോധത്തിൽ ലോകത്തിനു തന്നെ മാതൃകയായത്. നമ്മുടെ ഭരണ നിർവഹണത്തിന്റെയും ആരോഗ്യവകുപ്പിന്റെ നിസ്വാർഥ സേവനത്തിന്റെയും പൊലീസ് അടക്കമുള്ള സുരക്ഷാ ഉദ്യോഗസ്ഥരുടെ കരുതലിന്റെയുമൊക്കെ ഫലമാണത്.

രാജ്യത്ത് ആദ്യമായി രോഗം റിപ്പോർട്ട് ചെയ്ത ഇടമായിട്ടു കൂടി, രോഗവ്യാപനത്തിലും മരണനിരക്കിലും വളരെ വലിയ കുറവാണു കേരളത്തിൽ രേഖപ്പെടുത്തപ്പെട്ടത്. അത് ഇനിയും അതേപടി നിലനിർത്തേണ്ടതുണ്ട്. രോഗം ബാധിച്ചിട്ടുള്ളവരെയും രോഗവാഹകരെയും ലോകത്തിനു പൂർണമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കേരളത്തിലടക്കം ജനങ്ങളിൽ നടത്തേണ്ട പരിശോധനയിൽ വലിയ തോതിലുള്ള കുറവുമുണ്ട്. രോഗ ലക്ഷണമില്ലാത്തവരെക്കൂടി പരിശോധിച്ച് രോഗമുക്തരെന്നു കണ്ടെത്തിയാൽ മാത്രമേ, രോഗത്തെ സമ്പൂർണമായി കീഴടക്കി എന്നു പറയാനാവൂ. എന്നാൽ കേരളത്തിലെന്നല്ല, ലോകത്തൊരിടത്തും അത് അസംഭവ്യമാണ്. ചൈനയിൽ നിന്നടക്കം പുറത്തുവരുന്ന പുതിയ കണക്കുകൾ രോഗവ്യാപ്തിയുടെ ഭീകരാവസ്ഥ വീണ്ടും വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. രോഗവ്യാപനത്തെ തുടക്കത്തിൽ ഫലപ്രദമായി തടഞ്ഞുനിർത്തിയ ദക്ഷിണ കൊറിയയിൽ രോഗമുക്തി നേടിയവരിൽ 2.1 ശതമാനത്തിന് ആവർത്തന പരിശോധനയിൽ രോഗം സ്ഥിരീകരിച്ചത് ലോകാരോഗ്യ സംഘടന അടക്കമുള്ള സ്ഥാപനങ്ങളെ നടുക്കുന്നു. യുഎസിൽ പ്രതിദിന വ്യാപനം 33,000 കടന്നു കുതിക്കുകയാണ്. മരണസംഖ്യ ശരാശരി 2,500ലെത്തി. ഇതെല്ലാം നമ്മെ ഓർമിപ്പിക്കേണ്ടത്, അതീവ ജാഗ്രതയെക്കുറിച്ചു തന്നെയാണ്.

ലോക് ഡൗണിൽ ഇളവുകൾ പ്രഖ്യാപിക്കുക വഴി, സർവതന്ത്ര സ്വതന്ത്രരായി ഇറങ്ങിനടക്കാനുള്ള അവസരമല്ല സർക്കാർ ഒരുക്കിയിരിക്കുന്നത്. കർശനമായ നിയന്ത്രണങ്ങൾ പാലിച്ച് സാമ്പത്തിക മേഖലയ്ക്കു കരുത്തു പകരാൻ പാകത്തിന് നിയന്ത്രിത അളവിൽ തൊഴിൽ ചെയ്യാനുള്ള സാഹചര്യമാണു ലക്ഷ്യം വയ്ക്കുന്നത്. ലോക് ഡൗൺ പ്രോട്ടോകോളും സാമൂഹിക അകലവും പാലിച്ചും വ്യക്തിശുചിത്വം നിർബന്ധമാക്കിയും മറ്റും നമുക്ക് ഈ ഇളവുകളെയും ജാഗ്രതയോടെ സമീപിക്കാം. അതു വഴി നാം ഓരോരുത്തരും സ്വയം സുരക്ഷിതരാകുകയും മറ്റുള്ളവരുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യാം.

മെട്രോ മെയിൽ



മറക്കരുത് മറ്റ് രോഗങ്ങളെ

കിഴക്കൻ മേഖലയിൽ ഡെങ്കിപ്പനി വ്യാപിക്കുന്ന പശ്ചാത്തലത്തിൽ വിദഗ്ധ ഡോക്റ്റർമാർ ഉൾപ്പെടുന്ന സംഘത്തെ നിയോഗിക്കണമെന്ന് ആവശ്യം. ആയവന, കല്ലൂർക്കാട്, മാറാടി, പൈങ്ങോട്ടൂർ പഞ്ചായത്തുകളിലാണ് ഡെങ്കിപ്പനി വ്യാപിക്കുന്നത്. പക്ഷെ എല്ലാവരും കൊവിഡിന് പിന്നാലെ മാത്രമാണ്.

വിദഗ്ധ മെഡിക്കൽ സംഘത്തെ നിയോഗിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും ഇതുവരെ സംഘം കിഴക്കൻ മേഖലയിൽ എത്തിയിട്ടില്ല. പലയിടത്തും പേരിന് മാത്രം സമീപ പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ആരോഗ്യ പ്രവർത്തകരുടെയും ആശാ വർക്കർമാരുടെയും നേതൃത്വത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് നടക്കുന്നത്.

വാരപ്പെട്ടി പഞ്ചായത്തിൽ നിന്നാണ് രോഗവ്യാപനമുണ്ടായത്. ആയവനയിൽ രോഗം റിപ്പോർട്ട് ചെയ്തതിനു പിന്നാലെ കല്ലൂർക്കാട്, മാറാടി, ആവോലി, മൂവാറ്റുപുഴ നഗരസഭ പരിധിയിലുള്ള കടാതി എന്നിവിടങ്ങളിൽ രോഗം വ്യാപിച്ചിട്ടുണ്ട്. കൂടുതൽ പേർ രോഗ ലക്ഷണങ്ങളോടെ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. കോവിഡ് 19 രോഗവ്യാപനത്തിന്റെ സാഹചര്യത്തിൽ ഡെങ്കിപ്പനി വ്യാപനമുണ്ടായിരിക്കുന്നത് ജനങ്ങളെ ഭീതിയിലാഴ്ത്തിയിട്ടുണ്ട്. ഇതു പരിഹരിക്കാൻ വിദഗ്ധ മെഡിക്കൽ സംഘത്തെ നിയോഗിക്കണം

വിൻസെന്റ് ജോസഫ്
യുഡിഎഫ് ജില്ലാ സെക്രട്ടറി

കൊവിഡ് കാലത്തെ കൊള്ള

രമേശ് ചെന്നിത്തല
പ്രതിപക്ഷ നേതാവ്

"ഡാറ്റ ഈസ് ദ ന്യൂ ഓയിൽ" (Data is the new oil). ഇത് അറിയാത്തവരല്ല ഡാറ്റയുടെ സ്വകാര്യതയെക്കുറിച്ചും സുരക്ഷിതത്വത്തെക്കുറിച്ചും വാതോരാതെ സംസാരിച്ചിരുന്ന സിപിഎമ്മും അതിന്റെ പൊളിറ്റ് ബ്യൂറോ അംഗമായ മുഖ്യമന്ത്രി പിണറായി വിജയനും. പക്ഷേ, സ്പ്രിംഗ്ലർ എന്ന അമെരിക്കൻ കമ്പനിയുടെ പ്രലോഭനത്തിൽ അതെല്ലാം മറന്നു. സിപിഎമ്മിന്റെ കപടമുഖം വീണ്ടും തെളിഞ്ഞു.

കൊവിഡ് മഹാമാരിയുടെ പേരിൽ ഒരു വിദേശകമ്പനിക്ക് ജനങ്ങളുടെ സ്വകാര്യവിവരങ്ങൾ കൈമാറുന്നത് മരണവീട്ടിൽ മോഷണം നടത്തുന്നതു പോലെ നികൃഷ്ടമാണ്. പുര കത്തുമ്പോൾ വാഴ വെട്ടാൻ സഹായിക്കുന്ന ചില ഉദ്യോഗസ്ഥരും അവർക്കൊപ്പമുണ്ട്. സ്പ്രിംഗ്ലർ ഇടപാടിലെ അഴിമതിയെക്കുറിച്ച് മാത്രമല്ല, അടുക്കള വഴി കയറിയ ഈ സ്ഥാപനത്തിന്റെ ദുരൂഹ ഇടപാടുകളെക്കുറിച്ചും ജനങ്ങൾ അറിയുന്നത് ഈ മാസം 10ന് ഞാൻ നടത്തിയ പത്രസമ്മേളനത്തിലൂടെയാണ്. ദിനംപ്രതി മാധ്യമങ്ങളെ കണ്ട് ഉറുമ്പിന്റെ തീറ്റക്കാര്യം വരെ പറഞ്ഞ് "കരുതൽ മനുഷ്യ"നായി വേഷമിടുന്ന മുഖ്യമന്ത്രി അതേക്കുറിച്ചുള്ള ചോദ്യത്തിന് ഉത്തരം നൽകാതെ ഒഴിഞ്ഞുമാറി. പിന്നീട് ഐടി വകുപ്പ് അടിമുടി വൈരുധ്യങ്ങൾ നിറഞ്ഞ ഒരു വിശദീകരണക്കുറിപ്പിറക്കി. തൊട്ടടുത്ത ദിവസം മുഖ്യമന്ത്രി എഴുതിക്കൊണ്ടുവന്ന പ്രസ്താവന വായിച്ചു. മാധ്യമപ്രവർത്തകർ ചോദ്യങ്ങൾ ചോദിച്ചതോടെ സമനില തെറ്റി.

എല്ലാ നുണകളും തകർന്നടിഞ്ഞപ്പോൾമു ഖ്യമന്ത്രിയുടെ സെക്രട്ടറി കൂടിയായ ഐടി സെക്രട്ടറി കുറ്റസമ്മതവുമായി എത്തി. എല്ലാം ചെയ്തത് താനാണെന്ന കുറ്റസമ്മതം രാഷ്ട്രീയ യജമാനന്മാരെ സംരക്ഷിക്കാൻ തന്നെ. ഈ കുറ്റസമ്മതം മാത്രം മതി എന്താണ് നടന്നതെന്ന് മനസിലാക്കാൻ. അദ്ദേഹം സമ്മതിച്ച പിഴവുകൾ ഇതാണ്:

"കൊവിഡ് നിരീക്ഷണത്തിലുള്ളവരും വീടുകളിൽ കഴിയുന്നവരുമായ ലക്ഷത്തിൽപരം പേരുടെ വിവരങ്ങൾ സ്വകാര്യ കമ്പനിക്ക് കൈമാറി. ഇത് അവരുമായി കരാർ ഒപ്പിടും മുമ്പാണ്. സ്പ്രിംഗ്ലർ തട്ടിപ്പ് പുറത്തുവന്നതിന് ശേഷം വിഷുദിനത്തിലാണ് നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റ് ഒപ്പിടുന്നത്. ഇന്ത്യയിലെ സർവറുകളിലായിരിക്കും ഡാറ്റ സൂക്ഷിക്കുക എന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങിയത് പ്രതിപക്ഷം ആരോപണം ഉന്നയിച്ച ശേഷമാണ്. കരാർ നിമയവകുപ്പിനെ കാണിച്ചിട്ടില്ല. സ്പ്രിംഗ്ലർ കമ്പനിയെക്കുറിച്ച് മുഖ്യമന്ത്രിക്ക് അറിയാം".

രാഷ്ട്രീയ യജമാനന്മാർ പറയുന്ന എന്തിനും ഏതു കൊള്ളയ്ക്കും ഒപ്പുചാർത്തുകയല്ല ഉദ്യോഗസ്ഥരുടെ ജോലി. സ്വകാര്യ ഇംഗിതങ്ങൾ നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ റൂൾസ് ഓഫ് ബിസിനസ് എങ്കിലും വായിച്ചു നോക്കേണ്ടേ? അതറിയാത്തയാളല്ല ഐടി സെക്രട്ടറി. പക്ഷേ, അമെരിക്കയിലെ ഒരു കമ്പനിയുമായി ഉണ്ടാക്കുന്ന കരാർ നിയമവകുപ്പിന് വിട്ടാൽ ഉദ്ദേശിച്ച കച്ചവടം പൂട്ടും. കമ്പനിക്ക് വേണ്ടത് കിട്ടില്ല.

നുണകളുടെ ചീട്ടുകൊട്ടാരമാണ് ഒരാഴ്ചയ്ക്കിടെ പൊളിഞ്ഞുവീണത്. കമ്പനിയുമായി നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റിമെന്റുണ്ടെന്നും ഇന്ത്യയിലെ സർവറുകളിലാണ് ഡാറ്റ സൂക്ഷിക്കുന്നതെന്ന് പർച്ചേസ് ഓർഡറിലുണ്ടെന്നും ധനമന്ത്രി തോമസ് ഐസക് ഫെയ്സ്ബുക്ക് പോസ്റ്റിൽ കുറിക്കുമ്പോൾ ഇത്തരമൊരു എഗ്രിമെന്റ് ഇല്ലായിരുന്നു. പർച്ചേസ് ഓർഡറിൽ ഈ പറഞ്ഞ കാര്യവുമില്ലായിരുന്നു. പ്രതിപക്ഷം വസ്തുതകൾ ഒന്നൊന്നായി പുറത്തുകൊണ്ടുവന്നപ്പോൾ അണിയറയിലെ ഉപജാപകർ തിരക്കഥ തയാറാക്കി. പക്ഷേ, അങ്കലാപ്പിൽ അതു വേണ്ട രീതിയിൽ രേഖപ്പെടുത്താൻ മറന്നു. അങ്ങനെ പറ്റിപ്പോയ മറ്റൊന്നാണ് കമ്പനിയുടെ ലെറ്റർ ഹെഡിൽ തയാറാക്കിയ കരാർ. കേരള സർക്കാർ ഒപ്പിടുന്ന കരാർ എന്നു പറയുന്ന രേഖ സ്പ്രിംഗ്ലറിന്റെ ലെറ്റർ ഹെഡ്ഡിൽ!

കരാർ ഒപ്പിടും മുമ്പ് സ്പ്രിംഗ്ലർ കമ്പനി ചെയ്തത് അവരുടെ കച്ചവടവ്യാപനമായിരുന്നു. ആദ്യം മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുമായുള്ള ചർച്ച, പിന്നെ ജനങ്ങളിൽ നിന്ന് ശേഖരിച്ച ഡാറ്റ കമ്പനിക്ക് കൈമാറുക, പിന്നീട് പർച്ചേസ് ഓർഡർ നൽകുക. ഇതെല്ലാം പുറത്തുവന്നപ്പോൾ കരാർ ഒപ്പിടുക. പർച്ചേസ് ഓർഡറിനും കരാറിനും ആഴ്ചകൾക്കു മുമ്പ് ഐടി സെക്രട്ടറി സ്പ്രിംഗ്ലർ കമ്പനിയുടെ പരസ്യചിത്രത്തിൽ അഭിനയിച്ചു. ഒപ്പം, കമ്പനിയുടെ നേതൃത്വത്തിൽ വ്യാപമായ പിആർ ക്യാംപെയിൻ. അങ്ങനെ കമ്പനി മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും കൊവിഡിന്റെ പേരിൽ കച്ചവടശ്രമം നടത്തുക.

സ്പ്രിംഗ്ലർ എന്ന അമെരിക്കയിൽ രജിസ്റ്റർ ചെയ്ത കമ്പനി വ്യക്തികളുടെ സ്വകാര്യവും അതിപ്രധാനവുമായ ആരോഗ്യവിവരങ്ങൾ ശേഖരിക്കുന്നത് നിസാരമാക്കാനുള്ള ഭരണകക്ഷിയുടെ ശ്രമമാണ് ഇപ്പോൾ പാളിപ്പോയിരിക്കുന്നത്. ഈ വിഷയത്തിൽ സിപിഎം ജന. സെക്രട്ടറി സീതാറാം യെച്ചൂരിക്ക് എന്താണ് പറയാനുള്ളത്? ഇതേ നിലപാട് തന്നെയാണോ പുട്ടുസ്വാമി കേസിൽ കക്ഷിചേർന്ന സിപിഐയ്ക്കും ബിനോയ് വിശ്വത്തിനുമുള്ളത്?

പത്തോളം രോഗവിവരങ്ങളാണ് വ്യക്തികളുടെ അനുമതിയില്ലാതെ കമ്പനിക്ക് ലഭിക്കുന്നത്. മാരകരോഗങ്ങൾ തൊട്ട് ജീവിതശൈലീരോഗങ്ങൾ വരെയുള്ള ഈ വിവരങ്ങളുടെ വിപണന മൂല്യത്തെക്കുറിച്ച് കൃത്യമായ ധാരണയുള്ളവരാണ് സ്പ്രിംഗ്ലർ. മരുന്നുഗവേഷണം നടത്തുന്ന ഫാർമ കമ്പനികൾക്ക് വിലപ്പെട്ട വിവരങ്ങളാണ് സ്പ്രിംഗ്ലറിന്റെ ആപ്പിലേക്ക് അപ്‌ലോഡ് ചെയ്ത 41 ഇന ചോദ്യാവലിയിലെ 17ാമത്തെ ചോദ്യം. അവയവക്കച്ചവട കമ്പനികൾക്കും ഇത് വിലപ്പെട്ടതാണ്. ഇതിന്റെ വിപണി മൂല്യം കോടികളാണ്.

ജനങ്ങളുടെ വിവരങ്ങൾ മറിച്ചു കൊടുത്ത ശേഷം സർക്കാരിന് സാമ്പത്തികബാധ്യതയില്ലെന്ന ന്യായം പരിഹാസ്യമാണ്. മൊബൈൽ ഫോൺ കണക്ഷൻ എടുക്കുമ്പോൾ, ഇ-മെയിൽ രജിസ്റ്റർ ചെയ്യുമ്പോൾ സ്വകാര്യ വിവരം നൽകുന്നില്ലേ എന്ന ദുർബല വാദമാണ് സർക്കാരിനെ അനുകൂലിക്കുന്നവർ ഉയർത്തുന്നത്. ഒരു വ്യക്തി സ്വന്തം ഇഷ്ടപ്രകാരം നൽകുന്ന വ്യക്തിവിവരങ്ങൾ പോലെയാണോ സ്റ്റേറ്റ് അവരുടെ വിശ്വാസ്യത മുതലെടുത്ത് നൽകുന്ന വിവരങ്ങൾ? സ്മാർട്ട് ഫോണോ ചില ആപ്പുകളോ വേണ്ടെന്നുവയ്ക്കാനുള്ള സ്വാതന്ത്ര്യം വ്യക്തിക്കുണ്ട്. ഇതൊന്നുമില്ലാതെയാണ് വാർഡ്തല കമ്മിറ്റികൾ സ്വകാര്യമായ രോഗവിവരങ്ങൾ വരെ കമ്പനിക്ക് നൽകുന്നത്, അതും ഒരു കരാർ പോലും ഒപ്പിടുന്നതിന് മുമ്പ്. കമ്പനി ഈ വിവരങ്ങൾ മറിച്ചുവിറ്റാൽ അതു ചോദ്യം ചെയ്യണമെങ്കിൽ അമെരിക്കയിലെ കോടതിയിലേക്ക് പോകണം! അതാണ് കരാർ.

ഹൃദ്രോഗമുണ്ട് അല്ലെങ്കിൽ മറ്റേതെങ്കിലും രോഗമുണ്ട് എന്നു സർക്കാരിനെ വിശ്വസിച്ച് നൽകുന്ന വിവരങ്ങൾ ഒരു ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയാൽ ആരോഗ്യ ഇൻഷ്വറൻസ് പോലും ലഭിക്കാത്ത സാഹചര്യമുണ്ടാകും. പ്രതിപക്ഷം ഈ വിഷയം ഉന്നയിച്ച ശേഷം സർക്കാർ തട്ടിക്കൂട്ടിയ രേഖകൾ വിശ്വാസയോഗ്യമല്ല. ഐടി സെക്രട്ടറിയെ മാറ്റിനിർത്തി വിശദമായ അന്വേഷണം വേണം. കരാർ റദ്ദാക്കി സർക്കാരിനു കീഴിലുള്ള ഐടി ഏജൻസികളിൽ ഒന്നിനെക്കൊണ്ട് പകരം സംവിധാനം തയാറാക്കണം. ഇതൊന്നും ചെയ്യാനുള്ള ശേഷി ഐടി മിഷനില്ല എന്ന ഐടി സെക്രട്ടറിയുടെ പരാമർശം പരിഹാസ്യമാണ്. രണ്ടു പ്രളയങ്ങൾ കഴിഞ്ഞിട്ടും, നിപ്പ വന്നിട്ടും ഡാറ്റ വിശകലനത്തിന് ഒരു സംവിധാനം ഒരുക്കാത്തത് ആർക്കുവേണ്ടിയാണ്?

ആധാറിന്റെ സ്വകാര്യതയുമായി ബന്ധപ്പെട്ട സുപ്രധാന വിധി വന്നപ്പോൾ 2017 ഓഗസ്റ്റ് 24ന് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പ്രസ്താവനയിലെ ഒരു ഭാഗം ഇതാണ്. "ആധാറിന് വേണ്ടി ശേഖരിക്കുന്ന വ്യക്തിപരമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നത് വിദേശകമ്പനികളും സ്വകാര്യ കുത്തക കമ്പനികളുമാണ്. ഈ കമ്പനികൾ വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ ദുരുപയോഗം ചെയ്യാൻ വലിയ സാധ്യതയുണ്ട്. ഇത്തരം ദുരുപയോഗം സ്വകാര്യതയ്ക്കുള്ള മൗലികവകാശം നിഷേധിക്കലാണ്."

കൊവിഡ് ചെറുത്തുനിൽപ്പിന് സർക്കാരിന്റെ എല്ലാ ശ്രമങ്ങൾക്കും പ്രതിപക്ഷം പിന്തുണ നൽകി. അതിനർഥം കച്ചവടത്തിന് ചൂട്ടുപിടിക്കുക എന്നല്ല. അതുകൊണ്ട് കൊവിഡിനെതിരേ ഒന്നിച്ചു പൊരുതാം, മുഖമറയാകാം, പക്ഷേ പുകമറ അനുവദിച്ചുതരാൻ ഉത്തരവാദിത്തപ്പെട്ട പ്രതിപക്ഷത്തിന് സാധിക്കില്ല.

നല്ല കാര്യങ്ങളുടെ സ്നേഹിതൻ

ഫിംഗർ പ്രിന്റ്

സി.പി. രാജശേഖരൻ

ബന്യാമിൻ പറഞ്ഞതാണു ശരി. സാധാരണക്കാരായ നമ്മുടെ എന്തെങ്കിലും വിവരങ്ങൾ ആരെങ്കിലും അറിഞ്ഞെന്നു വച്ച് നമുക്ക് ഒരു ചുക്കും വരാനില്ല. നാലാളറിഞ്ഞാൽ ജീവിതം തകരുന്ന യാതൊരു കാര്യവും ബന്യാമിനെപ്പോലെ മഹാഭൂരിപക്ഷം ജനങ്ങൾക്കുമില്ല. അദ്ദേഹം പറയുന്നതു പോലെ, മടിയിൽ കനമില്ലാത്തതു കൊണ്ട് നമുക്കാർക്കും വഴിയിൽ ആരെയും പേടിക്കുകയും വേണ്ട. പക്ഷേ, പറഞ്ഞിട്ടെന്താ? പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ തലയിലേക്ക് ഇതൊന്നും കയറില്ല. ചെന്നിത്തലയുടെ മാത്രമല്ല, കോൺഗ്രസിലെ ഒരാളുടെ തലയിലും ആൾത്താമസമുണ്ടെന്നു കരുതാൻ വയ്യ. അല്ലായിരുന്നെങ്കിൽ അമെരിക്കയിലെങ്ങാണ്ടു കിടക്കുന്ന സ്പ്രിംഗ്ലർ എന്നൊരു കമ്പനിയെച്ചൊല്ലി ചെന്നിത്തലയും കൂട്ടരും ഇങ്ങനെ ചന്ദ്രഹാസമിളക്കില്ലായിരുന്നു.

എന്താണ് ഈ സ്പ്രിംഗ്ലർ? അമെരിക്കയിലെ ന്യൂയോർക്ക് സിറ്റി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സ്റ്റാർട്ട് അപ് ഐടി പബ്ലിക് റിലേഷൻസ് കമ്പനിയാണത്. ഇൻഡൽ, നിക്, ഡെൽ തുടങ്ങി 750ൽപ്പരം അന്താരാഷ്ട്ര കംപ്യൂട്ടർ കംപനികളുമായി പ്രവർത്തിക്കുന്ന പങ്കാളിത്ത സഹായി. ആരാണ് അതിന്റെ അതിന്റെ സാരഥി? കോട്ടയംകാരൻ ഒരു റാഗി തോമസ്. കാര്യം കോട്ടയത്തുകാരനാണെങ്കിലും അദ്ദേഹത്തെക്കുറിച്ചു കോട്ടയത്തുകാർക്കു പോലും വലിയ വിവരമില്ല. എന്നുകരുതി ആരാലും അറിയാത്ത ആളെന്നോ, ആരും കണ്ടിട്ടില്ലാത്തയാളെന്നോ അതിന് അർഥമാക്കരുത്. നല്ലൊരു നിക്ഷേപകനാണ് റാഗി തോമസ്. കേരളത്തിൽ കാര്യമായ നിക്ഷേപങ്ങളില്ലെങ്കിലും 2015ൽ അദ്ദേഹം മലയാള ചലച്ചിത്ര വ്യവസായത്തിൽ ചെറിയതോതിൽ ഒരു നിക്ഷേപം നടത്തി. സുരേഷ് രാജ്, ബിനോയ് ശങ്കരത്ത് എന്നിവരുമായി ചേർന്ന് ന്യൂട്ടൺ മൂവീസിന്റെ ബാനറിൽ റാഗി തോമസ് ഒരു സിനിമ പിടിച്ചു- എന്നു നിന്റെ മൊയ്തീൻ. ആർ.എസ്. വിമൽ സംവിധാനം ചെയ്ത പൃഥ്വിരാജ്- പാർവതി തിരുവോത്ത് ജോഡികളുടെ ഈ സിനിമ അക്കാലത്ത് സൂപ്പർ ഹിറ്റായിരുന്നു. ന്യൂട്ടൺ മൂവീസ് ഇപ്പോൾ സൂപ്പർഹിറ്റായി ഓടുന്ന സ്പ്രിംഗ്ലർ കമ്പനിയുടെ പങ്കാളിയാണെന്നതു പുതിയ രാഷ്ട്രീയ ട്വിസ്റ്റ്.

സ്പ്രിംഗ്ലർ കമ്പനിയുടെ ഫൗണ്ടർ, സിഇഒ എന്നാണു റാഗി തോമസിന്റെ പുതിയ പ്രൊഫൈൽ. എന്നാൽ ഈ പ്രൊഫൈലിനെ അദ്ദേഹം തന്നെ സ്വന്തം വെബ്സൈറ്റിൽ വിശേഷിപ്പിക്കുന്നതു പല രൂപത്തിലാണ്. സംരംഭകൻ, സ്വപ്നജീവി, നിക്ഷേപകൻ,വിശ്വാസി, സുഹൃത്ത്, ശുഭാപ്തിവിശ്വാസി, സർവോപരി നല്ലകാര്യങ്ങളുടെ സ്നേഹിതൻ എന്നിങ്ങനെയൊക്കെ. 2009ലാണ് സ്പ്രിംഗ്ലർ കമ്പനി രൂപീകരിച്ചത്. ന്യൂയോർക്ക് സിറ്റിയിലെ ആധുനിക സ്റ്റാർട്ട് അപ് കമ്പനി. വിവര ശേഖരണത്തിലാണ് തങ്ങളുടെ സ്പെഷ്യലൈസേഷൻ എന്നു കമ്പനി അവകാശപ്പെടുന്നു. വിവര ശേഖരണത്തിലൂടെ സർക്കാരുകളെ സഹായിക്കുകയാണു ലക്ഷ്യമെന്നു വളരെ വ്യക്തമായിത്തന്നെ കമ്പനി സ്റ്റാറ്റസിലുണ്ട്. ഇങ്ങനെ സർക്കാരുകളെ സഹായിക്കുന്നത് സിഇഒ റാഗി തോമസ് സ്വപ്ന ജീവി ആയതു കൊണ്ടോ, വിശ്വാസി ആയതുകൊണ്ടോ ഒന്നുമല്ല. അദ്ദേഹം വിശേഷിപ്പിക്കുന്നതു പോലെ നല്ല കാര്യങ്ങളുടെ സ്നേഹിതനായതു കൊണ്ടും അല്പസ്വല്പം സംരംഭകനായതു കൊണ്ടുമാണ്.

വിവര സാങ്കേതിക വിദ്യ നല്ലൊരു കച്ചവട സാധനമാണെന്ന് എല്ലാ സാങ്കേതിക വിദഗ്ധരെയും പോലെ റാഗി തോമസിനുമറിയാം. പ്രത്യേകിച്ചും ഈ കൊറോണക്കാലത്ത്. ഈ നൂറ്റാണ്ടിലെ ഏറ്റവും മാരകമായ മഹാമാരിയെന്നു കരുതുന്ന കൊറോണയെക്കുറിച്ചുള്ള പഠന ഗവേഷണങ്ങളിലാണ് ലോകത്തെ മിക്കവാറും എല്ലാ മെഡിക്കൽ ലബോറട്ടികളും. കൊവിഡ് 19നെ കൊല്ലാൻ കെല്പുള്ള ഒരു മരുന്നും കണ്ടുപിടിക്കാൻ ഇതുവരെ കഴിഞ്ഞില്ലെന്നു മാത്രമല്ല, അടുത്തെങ്ങും അതുണ്ടാകുമെന്ന പ്രതീക്ഷയും ആർക്കുമില്ല. കൊവിഡിനെ ചെറുക്കാൻ കഴിവുള്ള പുതിയ ഇനം വാക്സിൻ വികസിപ്പിച്ചെടുക്കാൻ ആർക്കെങ്കിലും കഴിഞ്ഞാൽ അവരാകും ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ധനികൻ. കാരണം ഇപ്പോൾത്തന്നെ 26 ലക്ഷം പേർ ഈ രോഗം മൂലം ചികിത്സയിലുണ്ട്. യുഎസിൽ ഒരാൾക്കു രോഗനിർണയത്തിനു തന്നെ ഒരു ലക്ഷത്തോളം രൂപ ചെലവുണ്ട്. ചികിത്സ പൂർത്തിയായി വരുമ്പോൾ ഏകദേശം പത്തു ലക്ഷത്തോളം രൂപ ചെലവു വരുമത്രേ.

മറ്റു രാജ്യങ്ങളിലും സ്ഥിതി ഗുരുതരം തന്നെ. പക്ഷേ, അവിടങ്ങളിൽ ചികിത്സാച്ചെലവ് ഇത്രയും വരില്ല. ഇന്ത്യയിലൊഴികെ ചികിത്സാച്ചെലവ് ലക്ഷങ്ങൾ വരുമെന്നുറപ്പ്. ഇന്ത്യയിൽ ചികിത്സയിലുള്ളതു കഷ്ടിച്ച് പതിനയ്യായിരം പേർ മാത്രം. അപ്പോൾ കൊവിഡ് ചികിത്സയുടെ മാർക്കറ്റിങ് സാധ്യത മറ്റാരെയും പോലെ റാഗി തോമസും കണക്കുകൂട്ടിയിരിക്കും. കേരളമടക്കമുള്ള സ്ഥലങ്ങളിൽ നിന്ന് രോഗികളുടെ കൃത്യമായ കണക്കുകളും ആരോഗ്യസംബന്ധമായ സ്വകാര്യതകളും സമാഹരിച്ച് ഏതെങ്കിലും വിദേശ മരുന്നു നിർമാണ കമ്പനികൾക്കു നൽകിയാൽ ഒരു പുണ്യപ്രവൃത്തിയെന്നല്ല, വരുമാനസാധ്യത കൂടിയ മികച്ചൊരു സംരംഭമായിത്തന്നെ കണക്കാക്കാൻ വലിയ ബുദ്ധിയുടെ ആവശ്യമില്ല. ഈ വിവര വില്പനയ്ക്കാണു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഏതാണ്ട് 200 കോടി രൂപ വിലയിട്ടത്. അതു മനസിലാകാത്തതു കൊണ്ടാവണം, സ്പ്രിംഗ്ലറുടെ സേവനം സൗജന്യമാണെന്ന ഐടി വകുപ്പിന്റെ അവകാശവാദം ശരിവച്ച് എഴുത്താകാരൻ ബന്യാമിൻ വായനക്കാരൻ കൂടിയായ ശബരീനാഥ് എംഎൽഎയെ ചായകുടിക്കാൻ ക്ഷണിക്കുന്നത്. ഏറ്റവും വില കുറഞ്ഞതാണെങ്കിൽക്കൂടി, ഉപ്പും ഉപദേശങ്ങളും പോലും സൗജന്യമായി സ്വീകരിക്കരുതെന്നാണു കാര്യവിവരമുള്ളവർ പറയുന്നത്.

മഹാഭൂരിപക്ഷത്തിനും കൊറോണ ചീത്തക്കാര്യമാണെങ്കിലും അപൂർവം ചിലർക്കെങ്കിലും അതു നല്ല കാര്യമാണ്. ചിലതു ചീയുന്നതാണല്ലോ, ചിലർക്കു വളമാകുന്നത്. കേരളത്തിലെ കൊവിഡ് രോഗികളെ ഇങ്ങനെ വളമാക്കാൻ അനുവദിക്കില്ലെന്നു മാത്രമാണു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറയുന്നത്. അതിൽ ഇടതുപക്ഷ എഴുത്തുകാരും സഹജീവികളും സൈബർ പോരാളികളും ഉറഞ്ഞുതുള്ളേണ്ട കാര്യമില്ലെന്ന ചെലവില്ലാത്ത ഒരുപദേശം മുന്നോട്ടുവയ്ക്കാനുണ്ട്.

അധികം പഴക്കമുള്ളതല്ല, സ്പ്രിംഗ്ലർ. കഷ്ടിച്ചു പത്തു വർഷവും എട്ടു മാസവും മാത്രമാണ് അതിന്റെ പ്രായം. മുപ്പതു വർഷത്തിലേറെ പഴക്കമുള്ള കേരളത്തിന്റെ ഐടി മേഖല്ക്കു സമാഹരിച്ചു സംഭരിച്ചു സൂക്ഷിച്ചു വയ്ക്കാൻ കഴിയാത്ത എന്തൊക്കെ സൗകര്യങ്ങളാണ് സ്പ്രിംഗ്ലറുടെ പക്കലെന്ന് ഐടി സെക്രട്ടറി എം. ശിവശങ്കറിനു പോലും ഇനിയും വ്യക്തമല്ല. അവരെക്കുറിച്ച് അവർ തന്നെ നൽകിയ വിവരങ്ങൾ മുഖവിലയ്ക്കെടുത്താണു കൊവിഡ് വിവരശേഖരണത്തിന്റെ കരാർ അവർക്കു നൽകിയതെന്നാണ് അദ്ദേഹത്തിന്റെ വിശദീകരണം. അതങ്ങു തൊണ്ടനനയാതെ വിഴുങ്ങണമെന്ന കമ്മികളുടെ സോഷ്യൽ ചാറ്റിങ് ഭീഷണി ബന്യാമിനു ദഹിക്കുമെങ്കിലും എല്ലാവർക്കും കഴിയുമെന്നു കരുതുന്നില്ല. അതുകൊണ്ടാണു രമേശ് ചെന്നിത്തലയെ പിന്തുണച്ച് ശബീനാഥും ഉമ്മൻചാണ്ടിയും മുല്ലപ്പള്ളി രാമചന്ദ്രനുമൊക്കെ രംഗത്തു വരുന്നത്.

സ്പ്രിംഗ്ലർ തീരെ ച്ചെറിയ ഒരു കമ്പനിയാണ്. അതിന്റെ സിഇഒയുടെ മാതാപിതാക്കൾക്കു കോവിഡ് സംരക്ഷണം ഒരുക്കിയ സംസ്ഥാന സർക്കാരിനെ സഹായിക്കുക മാത്രമായിരുന്നു അതിന്റെ സേവന ദൗത്യമെങ്കിൽ ബന്യാമിൻ പറഞ്ഞതു ശരിയാകുമായിരുന്നു. പക്ഷേ, ഇവിടെ സംഭവിച്ചത് അങ്ങനെയല്ല.

അമെരിക്കയിലെ ന്യൂയോർക്ക് നഗരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു വിദേശ കമ്പനിയുമായി ആരോരുമറിയാതെ കേരള ഗവണ്മെന്റ് ഒരു കരാർ ഒപ്പുവച്ചതാണു പ്രശ്നം. ഈ കരാറിൽ വളരെക്കൂടുതൽ വ്യവസ്ഥകളുണ്ട്. ഇതിലെ വിവരങ്ങൾ കരാർകാലാവധി കഴിഞ്ഞാലും ആരോടും വെളിപ്പെടുത്തില്ലെന്നും തുടക്കത്തിൽ സേവനം സൗജന്യമാണെങ്കിലും പിന്നീട് പ്രതിഫലം വാങ്ങിയാവും സേവനമെന്നും ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങളുണ്ടായാൽ അതു സംബന്ധിച്ച വ്യവഹാരങ്ങൾ കേരളത്തിലോ ഇന്ത്യയിലോ അല്ല, അങ്ങ് അമെരിക്കയിലെ മാൻഹട്ടനിലെ യുഎസ് കോടതയിലാവുമെന്നതാണു പ്രധാന വ്യവസ്ഥകൾ.

ഇതിൽ നിന്ന് ഒരുകാര്യം വ്യക്തം. മുഖ്യമന്ത്രിയും ഐടി സെക്രട്ടറിയും അവകാശപ്പെടുന്നതുപോലെ സ്പ്രിംഗ്ലർ കമ്പനിയുടെ സേവനം സൗജന്യമല്ല, അതിനു പിന്നീടായാലും സർക്കാർ ഖജനാവിൽ നിന്നു പണം ചെലവാക്കണം. സർക്കാരിന്റെ പണച്ചെലവുള്ള ഏതു ഫയലും ധനകാര്യ വകുപ്പ് അറിയണമെന്നാണു വ്യവസ്ഥ. ഇതിനു പുറമേ. കരാറിൽ തർക്കങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്നും അത്തരം തർക്കങ്ങൾക്ക് അമെരിക്കൻ കോടതിയിൽ മാത്രമാണു പരിഹാരമെന്നു വ്യവസ്ഥയുള്ളതിനാൽ സംസ്ഥാന നിയമ വകുപ്പിന്റെ കർശന പരിശോധനയും കരാറിന് അനിവാര്യമാണ്. ഈ കാര്യങ്ങളെല്ലാം ആരോഗ്യവകുപ്പിലെ അടിയന്തിര സ്വഭാവമുള്ള ആവശ്യത്തിനാകയാൽ ഈ വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി മുഖേന മന്ത്രാലയത്തിൽ നിന്നാണ് നടപടികൾ തുടങ്ങേണ്ടത്. അങ്ങനെ ഒരു നടപടി തുടങ്ങണമെങ്കിൽ അതിന് ആ വകുപ്പിൽ ഒരു ഫയൽ വേണം. ആ ഫയലിന് ഒരു നമ്പർ വേണം. തന്നെുമല്ല, ഇന്ത്യയിലെ ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് ഒരു വിദേശ കമ്പനിയുമായി കരാറുണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും ഒരു ഘടകമാണ്. എന്നാൽ ഇവിടെ ഇതൊന്നും സംഭവിച്ചില്ല. ആരോഗ്യവകുപ്പിന്റെയോ തദ്ദേശ സ്ഥാപന വകുപ്പിന്റെയോ ശുപാർശയോ നിർദേശങ്ങളോ ഒന്നുമില്ലാതെ ഐടി വകുപ്പ് മാത്രമാണു കരാറിനു മുൻകൈ എടുത്തത്. സ്പ്രിംഗ്ലർ കമ്പനിയുമായി കരാറുണ്ടാക്കുക മാത്രമല്ല, കരാർ ഒപ്പിട്ട തീയതിക്കും ഒരാഴ്ച മുൻപു തന്നെ മുൻകാല പ്രാബല്യവും നൽകി. തീയതി രേഖപ്പെടാതെയാണ് ഐടി സെക്രട്ടറി കരാറിൽ ഒപ്പുവച്ചതെന്ന ആരോപണവും ഇപ്പോൾ പുറത്തുവരുന്നുണ്ട്. ഫയൽ നമ്പർ പോലുമില്ലാതെ തട്ടിക്കൂട്ടി ഒപ്പിട്ട ഈ കരാറിനു നിയമസാധുത കിട്ടുന്നില്ലെങ്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ കൂടുതൽ ബുദ്ധിമുട്ടും.

ഐടി സെക്രട്ടറി ശിവശങ്കർ പറഞ്ഞതു പോലെ അദ്ദേഹം തന്നിഷ്ടത്തിനാണു പ്രവർത്തിച്ചതെങ്കിൽ അതിനും സർക്കാർ സമാധാനം പറയേണ്ടി വരും. ഐടി സെക്രട്ടറിയെ എന്തിനു കയറൂരി വിട്ടു എന്ന ചോദ്യത്തിന് അത്രയേറെ പ്രസക്തിയുണ്ട്.

ഏതായാലും കൊവിഡ് ലോക്ക് ഡൗൺ കാലത്ത് രാജ്യത്തെ ടെലിവിഷൻ പരിപാടികളിൽ ഏറ്റവും മികച്ച റേറ്റിങ് നേടിയ മുഖ്യമന്ത്രി പിണറായി വിജയന്റെ പതിവു പത്രസമ്മേളനമാണു സ്പ്രിംഗ്ലർ ഇല്ലാതാക്കിയത്. കഴിഞ്ഞ മൂന്നാഴ്ചക്കാലം വൈകുന്നേരം ആറു മുതൽ ഒരു മണിക്കൂറോളം സമയം ലോകത്തെ മുഴുവൻ മലയാളികളെയും ടെലിവിഷനു മുന്നിൽ പിടിച്ചിരുത്തിയ മുഖ്യമന്ത്രി പിണറായി വിജയനോട് ചെന്നിത്തല ചെയ്തതു കടുംകൈയായിപ്പോയി. ഈ കൊവിഡ് കാലത്തു മുഖ്യമന്ത്രി നേടിയെടുത്ത പ്രതിച്ഛായ മുഴുവൻ ഒരൊറ്റ സ്പ്രിംഗ്ലർ കൊണ്ടു ചെന്നിത്തല തകർത്തുകളഞ്ഞു. കടക്കൂ പുറത്ത് എന്ന ശൈലിയിൽ, രമേശിനു തക്ക മറുപടി നൽകി, ഇരട്ടച്ചങ്കനെന്നു തെളിയിക്കുന്നതിനു പകരം പത്രസമ്മേളനം തന്നെ ഉപേക്ഷിച്ചു പോയ മുഖ്യമന്ത്രിക്കു തന്നെയാണ് ഈ കളിയിൽ നഷ്ടം സംഭവിച്ചത്; പത്രസമ്മേളനവുമായി ഇനി മടങ്ങിവന്നാൽപ്പോലും.

സ്റ്റോപ് പ്രസ്: വെറുതേ കിട്ടുന്നതു സ്വീകരിക്കുന്നതിൽ എന്താണു കുഴപ്പം?എ.കെ. ബാലൻ.

ആൾക്കൂട്ടത്തിൽ തനിയെ

അക്ഷരജാലകം

എം.കെ. ഹരികുമാർ
9995312097
Email : mkharikumar797@gmail.com

എം.ടി. വാസുദേവൻ നായരുടെ യാത്രാനുഭവ സ്മരണകൾക്ക് 'ആൾക്കൂട്ടത്തിൽ തനിയെ ' എന്നാണ് പേരിട്ടിരിക്കുന്നത്. ആൾക്കൂട്ടത്തിനു വ്യക്തിത്വം ഇല്ലല്ലോ. ചിന്തിക്കുന്നവൻ അവിടെ ഒറ്റപ്പെടും. ആൾക്കൂട്ടം ഒരു വലിയ ശരീരമാണ്. അത് ചിലപ്പോൾ ആക്രമിച്ചേക്കാം. പിന്നീട് എം.ടി. എഴുതിയ ഒരു തിരക്കഥയും ഇതേ പേരിലായിരുന്നു. അത് ഐ.വി.ശശി സിനിമയാക്കി. ഈ കൊറോണക്കാലത്ത്, ആരിൽ നിന്നെല്ലാമാണ് അകലം പാലിക്കേണ്ടതെന്ന് ആലോചിച്ച് വിഷണ്ണരാവുന്നവർക്ക് എം.ടി.യുടെ ഈ ഗ്രന്ഥനാമം കൂടുതൽ ആലോചിക്കാൻ സഹായിക്കും. അവനവനിൽ നിന്ന് അകലം പാലിച്ചാലോ ?

കൊറോണ നമ്മെ ആൾക്കൂട്ടത്തിലും ഒറ്റപ്പെടുത്തി. സമീപത്തുള്ള കൂട്ടം വർജ്യമായിത്തീരുന്ന പോലെ. ഇത് അടുത്തുള്ളവനെ സംശയിക്കാൻ പ്രേരിപ്പിക്കുന്നു. ബന്ധമോ സ്വന്തമോ ഒന്നും പ്രശ്നമല്ല. വൈവാഹിക ജീവിതത്തിൽ ഇത് അകൽച്ചയ്ക്ക് ഇടയാക്കാവുന്നതാണ്. ആരിലും രോഗമുണ്ടെന്ന ചിന്ത അല്ലെങ്കിൽ അപരൻ ഒരു രോഗാണുവാണെന്ന തോന്നൽ എല്ലാ പ്രണയങ്ങളും നശിപ്പിക്കും. അകൽച്ച ഇപ്പോൾ ഒരു വേദവാക്യമാണ്. അത് അതിജീവനത്തിന് അത്യാവശ്യമാണ്. ഒരിക്കലും പുറത്തു പോയിട്ടില്ലാത്ത ദമ്പതികൾ പോലും ചിലപ്പോൾ പരസ്പരം സംശയിച്ചേക്കാം. കാരണം മരണഭയം ഏറ്റവും വലിയ രോഗമാണ്. രോഗങ്ങളെ സൃഷ്ടിക്കുന്ന രോഗമാണത്.

കൊറോണക്കാലത്ത് മാനവരാശിക്ക് അതിജീവനത്തിനു മാതൃകയാക്കാവുന്ന ഒരു മനുഷ്യനുണ്ട്. അമെരിക്കയുടെ ജയിൽ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം തടവിൽ കഴിഞ്ഞ ആൽബെർട്ട് വുഡ്ഫോക്സ് ആണത്. ഈ മനുഷ്യൻ ഒരു മഹാവിസ്മയമായി നമുക്കു മുമ്പിൽ ഉള്ളപ്പോൾ കൊറോണ കാറന്റൈനെ എങ്ങനെ സമീപിക്കണം ?

നാല്പത് വർഷത്തിലേറെക്കാലമാണ് വുഡ്ഫോക്സ് ജയിലിൽ കഴിഞ്ഞത്.1972 ൽ ഒരു ജയിൽ ജീവനക്കാരൻ കൊല്ലപ്പെട്ട സംഭവത്തെ തുടർന്നാണ് ആക്റ്റിവിസ്റ്റായ വുഡ്ഫോക്സ് പിടിയിലാവുന്നത്. ലൂസിയാനയിലെ അംഗോള ജയിലിൽ നാലു പതിറ്റാണ്ടിലേറെക്കാലം അദ്ദേഹം ഒറ്റമുറി ജയിലിൽ കിടന്നു. ജീവനോടെ പുറത്തുവരുമെന്ന പ്രതീക്ഷയില്ലായിരുന്നു.

2016 ഫെബ്രുവരിയിലാണ് അധികൃതർ വുഡ്ഫോക്സിനെ ദയാഹർജിയിലൂടെ പുറത്തു വിട്ടത്. ചെയ്യാത്ത കുറ്റത്തിനാണ് ഈ പീഡനം അനുഭവിച്ചത്. ഒരു തെളിവും ഉണ്ടായിരുന്നില്ല. എന്നാൽ ജീവിതം നിരാശയുടെ ഇരുട്ടുകൊണ്ട് മൂടപ്പെടുമ്പോൾ എങ്ങനെ അതിൽ നിന്നു കരകയറും ? ദീർഘകാലത്തേക്ക് പൊരുതാൻ മനുഷ്യനാകുമോ ? ഒരു ശൂന്യതയെ നേരിടാൻ ഭയമാണോ ഉപകരിക്കുന്നത് ? അല്ലെങ്കിൽ സർവതും എതിരായി വരുമ്പോൾ ആശ്രയിക്കാനെന്താണുള്ളത് ? ഇരുട്ടിന്റെ നീണ്ടുപോകുന്ന പാതകളിൽ പ്രകാശത്തെ സങ്കല്പിക്കാനാവുമോ ?

വുഡ്ഫോക്സ് മനുഷ്യന്റെ അജയ്യമായ ശക്തിയുടെ പ്രതീകമാണ്. ജീവിതം കണ്ണുനീരല്ല, ഉരുക്കുപോലെയുള്ള ആത്മാവിന്റെ അസ്ഥിയാണെന്ന് ഈ വിചിത്ര മനുഷ്യൻ കാണിച്ചു തരുന്നു. ഇപ്പോൾ എഴുപതു വയസ് പിന്നിട്ട വുഡ്ഫോക്സ് ഒരു ആഫ്രിക്കൻ അമെരിക്കൻ വംശജനാണ്. അദ്ദേഹം കറുത്ത വർഗക്കാർക്കു വേണ്ടി ശബ്ദമുയർത്തുന്ന ബ്ലാക്ക് പാന്തർ പാർട്ടി അംഗവുമായിരുന്നു.

അമെരിക്കയിൽ ഏറ്റവും സുരക്ഷയുള്ള ജയിലാണ് അംഗോളയിലേത്. പതിനെണ്ണായിരം ഏക്കർ വിസ്തീർണമുള്ള ആ പ്രദേശത്തിന്റെ മൂന്നു വശവും മിസ്സിസിപ്പി നദി ഒഴുകുന്നു. ജയിൽ മോചിതനായ ശേഷം വുഡ് ഫോക്സ് എഴുതിയ 'സോളിറ്ററി : അൺബ്രോക്കൻ ബൈ ഫോർ ഡെക്കേഡ്സ് ഇൻ സോളിറ്ററി കൺഫൈൻമെന്റ്.മൈ സ്റ്റോറി ഓഫ് ട്രാൻസ്ഫർമേഷൻ ആൻഡ് ഹോപ്പ് ' എന്ന കൃതി പ്രശസ്തമാകുകയാണ്.

പ്രതീക്ഷയുടെ തുരങ്കം

ജയിലധികാരികളുടെ ദിവസേനയുള്ള തോന്ന്യവാസങ്ങളും അക്രമങ്ങളും സഹിച്ചാണ് ജീവിച്ചത്. ഇത് അദ്ദേഹത്തിനു സ്വന്തം ശക്തി മനസ്സിലാക്കാൻ സഹായകമായി. ഇതാണ് ദീർഘകാല ദുരിതത്തെ തരണം ചെയ്യാനുള്ള കരുത്തിന്റെ രഹസ്യം. മനുഷ്യത്വരഹിതമായ ഏകാന്ത തടവ് പരിഷ്കൃത ജനാധിപത്യത്തിന് അലങ്കാരമാണോ എന്ന ചോദ്യം ഈ കൃതി ഉയർത്തുകയാണ്. ഒരു കൗമാരക്കാരനെ അമ്പതുവർഷത്തെ തടവുശിക്ഷയ്ക്ക് വിധിക്കുന്നതിലെ യുക്തി വ്യക്തമാവുന്നില്ല.

പ്രതികൂല സാഹചര്യങ്ങളിൽ, അസ്വാതന്ത്ര്യത്തിന്റെ കെടുതികളിൽ ഒരാൾ തന്റെ ആന്തരിക ചൈതന്യത്തെ നഷ്ടപ്പെടുത്താതെ എങ്ങനെ അതിജീവിക്കും? മനുഷ്യനിൽ ശക്തി ഇനിയും അവശേഷിക്കുന്നു. മോചനമില്ലെന്നു തോന്നുന്ന ഒരു ഘട്ടത്തിൽ, ദൂരെയെവിടെയെങ്കിലും പ്രതീക്ഷയുടെ ഒരു കണമുണ്ടെന്നുള്ള ചിന്ത ചിലപ്പോൾ സഹായിച്ചേക്കാം. സ്വയം നഷ്ടപ്പെടുത്താതിരിക്കാൻ ശ്രമിച്ചാലും, മർദനമേൽക്കുമ്പോൾ എല്ലാം കൈവിട്ടു പോകും. ജയിലിൽ തത്ത്വചിന്തകനാവുന്നതിനു പകരം കൂടുതൽ പഠിക്കാനാണ് വുഡ്ഫോക്സ് ശ്രദ്ധിച്ചത്.

കൂടുതൽ ആകുലപ്പെടുന്നത്, അങ്ങനെ ചെയ്താൽ പ്രയോജനമുള്ളതുകൊണ്ടോ, വേറൊന്നും ചെയ്യാൻ ഇല്ലാത്തതു കൊണ്ടോ ആണ്. ഇതു രണ്ടും തിരുത്താൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹം വായിക്കാനാണ് ഒഴിവുവേളകൾ നീക്കിവച്ചത്. വായിക്കുമ്പോൾ നമ്മൾ മറ്റൊരാളാകുന്നു. കൂടുതൽ എന്തോ ചെയ്യാനുണ്ടെന്ന തോന്നൽ ഉണ്ടാകുന്നു.

വലിയ മാനസിക പ്രശ്നങ്ങളിൽ നിന്ന് എങ്ങനെ ഒഴിഞ്ഞു നിൽക്കാമെന്ന പാഠം ജന്മവാസന പോലെ അഭ്യസിക്കേണ്ടതുണ്ട്. കറുത്ത വർഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങളാണ് വുഡ്ഫോക്സിനെ പ്രതികരണ ശേഷിയുള്ള മനുഷ്യനാക്കിയത്. എന്നാൽ ഒരിക്കലും വേദനകൾ വെറുപ്പിലേക്ക് നമ്മെ തള്ളിവിടരുത്.

അത് മറ്റുള്ളവരോടുള്ള ദയയായി രൂപാന്തരപ്പെടണം - ഇതാണ് വുഡ് ഫോക്സ് മുറുകെപ്പിടിച്ച തത്ത്വം. പകയും ദേഷ്യവും നമ്മെത്തന്നെ നശിപ്പിച്ചേക്കാം. അദ്ദേഹം എഴുതുന്നു: 'ജയിലിൽ ചെറുത്തു നിന്നാൽ വൻ തിരിച്ചടിയുണ്ടാക്കും. ഒരു മനുഷ്യനാണ് എന്ന് അവർ ഒരിക്കലും അംഗീകരിക്കുകയില്ല. അങ്ങനെയുള്ള ഐഡന്റിറ്റികൾ അവർ ആദ്യമേ നശിപ്പിക്കും. ജയിൽജീവികൾ ശരിയായ അടിമകളാണ്. എന്നാൽ മാനസികമായി കീഴടങ്ങരുത്. അത് തകരാത്ത ഒരു ബലം നൽകും. പുസ്തകങ്ങൾ വായിക്കാൻ തയാറായാൽ അത് ഒരു ചെറുത്തുനില്പായി രൂപാന്തരപ്പെടും. അതിലൂടെ നമുക്ക് മനുഷ്യ സ്വാതന്ത്ര്യത്തെക്കുറിച്ചും സഹജീവി സ്നേഹത്തെക്കുറിച്ചും ധാരണയുണ്ടാകും.'

ഒട്ടും പ്രതീക്ഷ തരാത്ത കാലത്തും ഒരു മനുഷ്യൻ ജീവിച്ചതിന്റെ സാക്ഷ്യമാണിത്. കൂടുതൽ മെച്ചപ്പെട്ട ലോകവീക്ഷണത്തിനും സാമൂഹ്യ ചുറ്റുപാടുകൾക്കും ഉതകുന്ന തരത്തിൽ ഒരാൾക്ക് വളരാനാകും. അത് ഒരു ജീവിത ശൈലിയായി തിരിച്ചറിയണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

ചിലപ്പോൾ മനുഷ്യർ അവർക്ക് വേണ്ടിയല്ല ജീവിക്കുന്നത്; അവർ കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്ത ഏതോ ആളുകൾക്ക് വേണ്ടിയാണ്. പ്രതീക്ഷ ഒരു തുരങ്കമാണ്. അത് വളരെ ദൈർഘ്യമേറിയതാകാം. എന്നാൽ അതിലെ കടന്നു പോകുക തന്നെ വേണം. രോഗം ഒരു തടവറയാണ്. അവിടെ രോഗി ഏകാന്തനായി കഴിയുന്നു. അയാളുടെ മനസ്സാണ് ആ ഒറ്റമുറി. അവിടെ നിന്നു മോചനം കിട്ടുന്നതിനു വേണ്ടി ആ ഏകാന്ത വാസത്തെ പരിവർത്തന വിധേയമാക്കേണ്ടതുണ്ട്. അതായത്, ഇരുണ്ട വികാരങ്ങളിൽ നിന്ന് അകറ്റി നിർത്തണം.

വസന്തം പുറത്തുണ്ട്; അത് അകലെയുമല്ല.

വാക്കുകൾ

എന്താണ് നരകം? എനിക്കു തോന്നുന്നത് സ്നേഹിക്കാൻ കഴിയാത്തതിന്റെ യാതനയാണത് എന്നാണ്.

- ദസ്തയെവ്സ്കി,
റഷ്യൻ സാഹിത്യകാരൻ.

'കറുത്ത സാഹിത്യം' എന്നു പറയുന്നത് സാമൂഹ്യശാസ്ത്രം പോലെയാണ്; അത് സഹിഷ്ണുതയാണ്. ചിട്ടയായ ഒരു കലാരൂപമായി അതിനെ കാണേണ്ടതില്ല.

- ടോണി മോറിസൺ,
അമെരിക്കൻ പെൺ നോവലിസ്റ്റ്.

ഒരെഴുത്തുകാരൻ വിജയിച്ചു എന്നു പറയാവുന്ന നിമിഷങ്ങൾ, അയാളുടെ ഉള്ളിലെ നീതിന്യായ സംവിധാനത്തെ കബളിപ്പിച്ച് പുറത്തു കടക്കുമ്പോഴാണ് സംഭവിക്കുന്നത്.

- ടെഡ് ഹൂസ്,
ഇംഗ്ലീഷ് കവി.

നിശബ്ദമായി പ്രേമിക്കുന്നത് അസഹനീയമായ വേദനയുണ്ടാക്കുന്ന കാര്യമാണ്.

- അന്ന അഖ്മത്തോവ,
റഷ്യൻ പെൺ കവി.

മറ്റൊരാളിൽ വിശ്വാസമില്ലാത്തവനെ, ഈ ലോകത്തിൽ മരിച്ചവനായി കണക്കാക്കാം.

- ഗൊയ്ഥെ,
ജർമൻ എഴുത്തുകാരൻ .

കാലമുദ്രകൾ

കലാമണ്ഡലം ഗോപി

കഥകളി, ജീവിതത്തിന്റെ ഒരു വലുതാക്കി കാണിക്കലാണ്. ജീവിതത്തേക്കാൾ വലുത് എന്ന പ്രഖ്യാപനം. എന്നാൽ കഥകളി നടന്മാർ, കലാമണ്ഡലം ഗോപിയെപ്പോലുള്ളവർ, വ്യക്തിജീവിതത്തിൽ പ്രതിച്ഛായകളിൽ നിന്നകന്ന് സ്വയം ചെറുതാകാനാണ് ശ്രമിക്കുന്നത്.

എസ്. രമേശൻ നായർ

രമേശൻ നായർ എന്ന കവിയെ ടി.വിയോ, താരനിശകളോ, സ്റ്റുഡിയോ ഇന്റർവ്യൂകളോ, പ്രത്യേക സംഗീതനിശകളോ, പബ്ലിസിറ്റിയോ ആകർഷിക്കുന്നില്ല. അദ്ദേഹം രോഗിയല്ല, വൈദ്യനല്ല; ഔഷധം തന്നെയാണ്.

ജോസഫ് മുണ്ടശ്ശേരി

സാഹിത്യത്തിലും രാഷ്ട്രീയത്തിലും ഒരു ഉല്പതിഷ്ണുവായിരിക്കെത്തന്നെ, അങ്ങേയറ്റം 'നോർമൽ'യിരിക്കാനും മുണ്ടശ്ശേരി നന്നായി അധ്വാനിച്ചു.

കെ.പി. അപ്പൻ

ആകെ രണ്ടോ, മൂന്നോ കവിതകളെഴുതിയവരെപ്പോലും പാഠപുസ്തകത്താളുകളിലേക്ക് എഴുന്നള്ളിക്കുന്നു. എന്നാൽ വിമർശന രംഗത്ത് നവാഭിരുചികളുടെ സൗന്ദര്യമാനങ്ങളുള്ള ലേഖനങ്ങൾ എഴുതിയ കെ.പി.അപ്പനെ കുട്ടികൾ പഠിക്കേണ്ടതില്ലെന്ന് തീരുമാനിക്കുന്ന പ്രതിലോമ അധ്യാപക കമ്മിറ്റികൾ ഒരു ശാപമാണ്.

എ. അയ്യപ്പൻ

ഒരു എസ്റ്റാബ്ളിഷ്മെന്റിനും തന്റെ കവിതയെയോ ജീവിതത്തെയോ സ്വാധീനിക്കാൻ കഴിയില്ല എന്ന് തെളിയിച്ച ഒരു കവിയേയുള്ളു ഇവിടെ; അത് എ. അയ്യപ്പനാണ്.

ആനുകാലികം

കുട്ടികൾ എഴുതുന്നതും മുതിർന്നവർ എഴുതുന്നതും വേലികെട്ടി തിരിക്കേണ്ടതുണ്ടോ. ? എന്നാൽ ഇപ്പോൾ അങ്ങനെ സംഭവിക്കുകയാണ്. 'ഭാഷാപോഷിണി'യിൽ യുവജനങ്ങൾക്കും തുടക്കക്കാർക്കും വേണ്ടി 'യുവസഭ'യുണ്ട്. പ്രായമാണ് ഈ വിഭാഗത്തിനു വിന. അമ്പതു വയസിൽ എഴുതി തുടങ്ങിയാൽ ഈ പ്രശ്നം ഉണ്ടാകില്ല. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'വാക്ക് വിത്ത്' എന്ന കാറ്റഗറിയിലാണ് വിദ്യാർഥികളുടെ സാഹിത്യരചനകൾ വന്നു വീഴുന്നത്.

എന്നാൽ സാഹിത്യരചനയുടെ ഗുണം നിർണയിക്കുന്നത് പ്രായമോ, പഠിച്ച കലാലയമോ ഒന്നുമല്ല. പത്തൊൻപതാം വയസിൽ ഫ്രഞ്ച് കവി റിംബോ എഴുത്ത് നിർത്തി. അദ്ദേഹം മുപ്പത്തിയേഴ് വയസുവരെയേ ജീവിച്ചുള്ളു. അതായത് , റിംബോയ്ക്ക് ,നമ്മുടെ കാഴ്ചപ്പാടിലുള്ള മുതിർന്നവരുടെ സഭയിൽ ഇടപെടാൻ അധികമൊന്നും അവസരം ലഭിക്കാതെ പോയി. എന്നാൽ റിംബോയെ ഫ്രഞ്ച് സാഹിത്യലോകം കണക്കാക്കിയിട്ടുള്ളത് എഴുപത്തിയൊൻപത് വയസുവരെ ജീവിച്ചിരുന്ന പ്രഗത്ഭനായ കവി പോൾ വാലേറിയുടെ ഒപ്പമാണ്. പ്രായത്തിന്റെ സ്കെയിൽ വച്ച് കവിതയെ അളക്കുന്നത് അർഥശൂന്യമാണ്. കവിത വേറൊരു ഒഴുക്കാണ്. മുതിർന്ന കവികളെ നിശബ്ദരാക്കുന്ന വിധം ശക്തമായി എഴുതുന്ന കുട്ടികളുണ്ട്. പക്ഷേ അവർക്ക് സംവരണക്കൂട്ടിലേ അധികാരികൾ സ്ഥാനം നൽകുന്നുള്ളു. മലയാളികൾക്ക് പൊതുവിൽ ആരുടെയും പ്രതിഭയെ മനസ്സിലാക്കാൻ കഴിവില്ല. വല്ലവരും നല്ലതാണെന്ന് വിളിച്ചു പറഞ്ഞാലേ അംഗീകരിക്കൂ. സാഹിത്യത്തിൽ പ്രധാനം മനസ്സിന്റെ പ്രായമാണ്; ശരീരത്തിന്റെയല്ല.

സാലിം സാലി എന്ന ബിഎഡ് വിദ്യാർഥിയുടെ കവിത 'യുദ്ധം' (മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഫെബ്രുവരി 9) വാക്ക് വിത്ത് എന്ന വിഭാഗത്തിൽ, ഏറ്റവും ഒടുവിലത്തെ പേജുകളിലാണ് വന്നത്.

'പ്രണയിക്കുമ്പോൾ
നിങ്ങൾ യുദ്ധം ചെയ്യുകയാണ്.
എന്നുവച്ച്
പരിചിതമല്ലാത്ത ഒരു രാജ്യത്തേക്ക്
പൊടുന്നനെ കടന്നു ചെല്ലരുത്.
അവർ സ്വന്തം രാജ്യത്തേക്ക്
തിരിച്ചയക്കും.
അല്ലെങ്കിലും ആ രാജ്യത്തേക്ക്
കടന്നുചെല്ലാൻ
എന്ത് രേഖകളാണ്
നിങ്ങൾക്കുള്ളത്?
ആ രാജ്യത്തെ
വഴികൾ
അവിടത്തെ ഋതുക്കൾ
കാറ്റ്,
തിരകളെക്കുറിച്ച്
നിങ്ങൾക്കെന്തറിയാം. ?'

ഇത്രയും വ്യക്തതയോടെ ആലോചിക്കാൻ കഴിവുള്ള വ്യക്തിയിലാണ് കവിതയുടെ യുവത്വമുള്ളത്.

പ്രമുഖ ഇംഗ്ലീഷ് കവി ജോൺ കീറ്റ്സ് ഇരുപത്തിയഞ്ച് വയസുവരെ മാത്രമാണ് ജീവിച്ചത്. എന്നാൽ അദ്ദേഹം പരിഗണിക്കപ്പെടുന്നത് ഷെല്ലി, ബൈറൺ എന്നിവരോടൊപ്പമാണ്. ലോക കവിതയിലെ അനിഷേധ്യനായ ഒരു ഗുരുവാണ് കീറ്റ്സ്. അദ്ദേഹത്തെ നമ്മൾ 'വാക്ക് വിത്ത്' കാറ്റഗറിയിൽ, യുവസഭയിൽ ഉൾപ്പെടുത്തി തരംതിരിച്ചു നിർത്തുകയാണെങ്കിൽ അതിനെ വലിയ അബദ്ധമായി ചരിത്രം വിലയിരുത്തുകയില്ലേ ?

കഥ

ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'കെ.പി.ഉമ്മർ ' (മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഫെബ്രുവരി 12) ഒരു കഴമ്പില്ലാത്ത കഥയാണ്. ഇതുപോലുള്ള കൃത്രിമ രചനകൾ നല്ല വായനക്കാരുടെ സമയം അപഹരിക്കുകയാണ്. യാതൊരു പ്രചോദനവുമില്ലാതെ ദുഷ്ടലാക്കോടെ എഴുതിയ കഥയാണിതെന്ന് പറയട്ടെ. നല്ലൊരു നടനായ കെ.പി.ഉമ്മറിനോടുള്ള അസൂയ മൂത്ത്, മരണാനന്തരം അദ്ദേഹത്തെ അപകീർത്തിപ്പെടുത്താൻ ഇറങ്ങിയിരിക്കയാണ് കഥാകൃത്ത്. സിനിമയിൽ നായകനടന്മാർക്ക് നേർക്കുനേർ വന്ന് ഏറ്റുമുട്ടാൻ മടിയില്ലാതിരുന്ന ഉമ്മർ ഈ കഥ വായിച്ചിരുന്നെങ്കിൽ കഥാകൃത്തിനെ മാത്രമല്ല, പത്രാധിപരെയും കൈകാര്യം ചെയ്യുമായിരുന്നു. അത്രയ്ക്ക് ആശയദരിദ്രവും ദയനീയവുമാണ് ഈ കഥ.

ഉമ്മർ എന്ത് തെറ്റു ചെയ്തു ? സിനിമയിലെ വില്ലൻ വേഷങ്ങൾ കണ്ട് അത് യഥാർഥ സ്വഭാവമാണെന്ന് തെറ്റിദ്ധരിക്കുന്നവർ കലാസ്വാദനത്തിൽ എത്ര പിന്നിലായിരിക്കും! ?ഈ കഥയിൽ ഒരു ഗോപാലകൃഷ്ണനുണ്ട്. നല്ല വിദ്യാഭ്യാസവും കലാബോധവുമുള്ള ഒരാൾ. പക്ഷേ, കഥാകൃത്ത് അയാളെ ഒരു യുക്തിയുമില്ലാതെ ഭ്രാന്തനാക്കിയിരിക്കുന്നു. അയാൾക്ക് ഒരു കാര്യത്തിലേ ഭ്രാന്തുള്ളു. തനിക്ക് ഒരു ബന്ധവുമില്ലാത്ത കെ.പി.ഉമ്മർ എന്ന നടൻ തന്റെ പിന്നാലെ വന്ന് ഉപദ്രവിക്കുകയാണെന്ന് അയാൾ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയൊരു അസുഖം കഥാകൃത്തിന്റെ കേസ് ഡയറിയിൽ മാത്രമേ കാണൂ. ഗോപാലകൃഷ്ണൻ ഉമ്മറിനെ അകാരണമായി തെറി പറഞ്ഞു കൊണ്ടിരിക്കുകയാണ്. എന്തിന്? കഥാകൃത്ത് ഭ്രാന്തിനെപ്പോലും പരിഹസിക്കുകയാണ്. വല്ലവരുടെയും ഭ്രാന്ത് ആസ്വദിക്കുന്നത് മനുഷ്യത്വമില്ലാത്തവരുടെ പണിയാണ്. ഭ്രാന്താണെന്ന് അറിഞ്ഞിട്ടും അയാളോടു തർക്കിക്കാൻ, കഥാന്ത്യത്തിൽ, കഥാകൃത്തിന്റെ പ്രതിനിധിയായ പത്രപ്രവർത്തകൻ തയാറാവുന്നത് ഇതിനു തെളിവാണ്. കഥാകൃത്ത് സൗജന്യമായി ഒരു തിയറി അവതരിപ്പിക്കുന്നുണ്ട്: കോഴിക്കോടൻ ഉപ്പേരി കഴിച്ചാൽ പകയും ദ്വേഷവും മാറുമെന്ന്! എങ്കിൽ പാക്കിസ്ഥാനിലേക്ക് നല്ല തോതിൽ ഉപ്പേരി കയറ്റി വിടാമല്ലോ!

ഒരു ഹിന്ദുവായ ഗോപാലകൃഷ്ണൻ മുസ്ലീമായ ഉമ്മറിനെ കാരണമില്ലാതെ പുലഭ്യം പറയുന്നത് ഒരു മിത്താക്കിയെടുക്കാൻ ആഴ്ചപ്പതിപ്പും കൂട്ടുനിൽക്കുകയാണോയെന്ന് ആരെങ്കിലും ശങ്കിച്ചാൽ കുറ്റപ്പെടുത്താനാവില്ല. സാമൂഹ്യബോധമില്ലാത്ത കഥാകൃത്തുക്കളിൽ നിന്ന് ഇത് പ്രതീക്ഷിക്കണം. സാഹിത്യം നമ്മുടെ വക്രബുദ്ധി പ്രയോഗിക്കാനുള്ള ഇടമല്ല. അവിടെ നമ്മുടെ നിഷ്കളങ്കതയുടെ പാരമ്യം കൊണ്ടുവരണം. മനുഷ്യന് അജ്ഞാതമായ ആത്മീയമൈത്രി ആരായുകയാണ് വേണ്ടത്. ബഷീറിന്റെ കഥകളിൽ അതാണുള്ളത്. കുമാരനാശാന്റെ നളിനി, ലീല തുടങ്ങിയ കാവ്യങ്ങൾ നോക്കൂ. മനുഷ്യത്വത്തിന്റെ അതിരുകൾ വികസിക്കുന്നത് കാണാം.

സൗന്ദര്യബോധമാണ് ഉരകല്ല്. കൃത്രിമമായ സാഹസങ്ങളല്ല. കുറച്ച് നാളുകൾക്കു മുമ്പ് എൻ.എസ്. മാധവൻ 'പാലു പിരിയുന്ന കാലം' എന്നൊരു കഥയും ഇതേ ആഴ്ചപ്പതിപ്പിൽ എഴുതി. പൊയ്ത്തുംകടവിന്റെ കഥയിലെ കുത്സിതബുദ്ധി തന്നെയാണ് അതിലും കണ്ടത്. എഴുത്തുകാർക്ക് നിർമലബുദ്ധി നഷ്ടപ്പെട്ടിരിക്കുന്നു. ഇത്തരം കഥകൾ വേറെ ആരുടെയെങ്കിലും ഡിസൈൻ ആണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മാധവനും ആ കഥയിൽ യുക്തി നഷ്ടപ്പെടുകയായിരുന്നു. കുപ്പിക്കകത്ത് ഭദ്രമായി പൊതിഞ്ഞു വച്ച മനുഷ്യമാംസത്തിന്റെ മണം ഡൽഹി റെയിൽവേ സ്റ്റേഷനു സമീപത്തുള്ള നായ്ക്കൾ പിടിച്ചെടുത്തുവത്രേ! കഥാകാരനോടു ഇതേ പറയാനുള്ളു: നായ്ക്കൾ നന്ദിയുള്ളവരാണ്. അവരെ കുറച്ചു കാണരുത്.

കഥ പറയാൻ നല്ല പ്രകൃതിസ്നേഹവും സത്യസന്ധതയും വേണം. ഏതെങ്കിലും ഒരു ഗൂഢപദ്ധതി മനസ്സിലിട്ടുകൊണ്ട് കഥ എഴുതരുത്. എഴുതിയാൽ ഇങ്ങനെയിരിക്കും.

ഇരവി എഴുതിയ 'പൊട്ടൻചിറ (കലാകൗമുദി, ഏപ്രിൽ 5) അതിന്റെ അകൃത്രിമത്വത്തിലും ആത്മാർഥതയിലുമാണ് ശ്രദ്ധ നേടുന്നത്. ഒരു ക്വട്ടേഷൻ കൊലപാതകി സ്വാഭാവിക കുടുംബ ജീവിതത്തിൽ എങ്ങനെ തന്മയീഭവിച്ച് , സോദ്ദേശ്യ കഥാപാത്രമാകുന്നുവെന്ന് ഇതിൽ വ്യക്തമാക്കുന്നു. ഒരാളെ വകവരുത്തിയ ശേഷവും പാടാനുള്ളതാണ് നസീർ പാടി അഭിനയിച്ച ദേവരാജന്റെ പാട്ട് എന്ന പുതിയ വേദം കഥാകൃത്ത് കൂട്ടി ചേർക്കുകയാണ്.

കവിത

പവിത്രൻ തീക്കുനി സറിയലിസവും പ്രണയവും ചേർത്തെഴുതിയ 'ഹരിക്ക്' (മാതൃഭൂമി ആഴ്ചപ്പതിപ്പ് ,ഫെബ്രുവരി 9) എന്ന കവിത ഒരു കാമുകന്റെ ഭ്രാന്ത് അനുഭവിപ്പിക്കുന്നു:

'ചോരകല്ലിച്ച തെരുവുകളിൽ
ഉന്മാദികൾ
ഉറഞ്ഞു തുള്ളുന്നുണ്ട്
തുമ്പികളിലേക്ക് പലായനം ചെയ്യുന്ന
ആത്മാവുകൾ
മഞ്ഞ വിരലുകൾ ചേർത്തു
പിടിക്കുന്നുണ്ട്.
അർബുദത്തിന്റെ
മൈൽക്കുറ്റികൾക്കരികെ
പ്രണയിനികൾ
ഇണചേരുന്നുണ്ട്' .

ഇ. സന്ധ്യയുടെ 'ഇത്തിക്കണ്ണി' (ഒരുമ) പ്രണയത്തെ ആദർശമായി കാണുന്ന ഒരുവളുടെ കാല്പനികത വെളിപ്പെടുത്തുന്നു. ആദർശങ്ങൾ നല്ലതാണെങ്കിലും അതിൽ കാല്പനികതയുടെ ഘടകം വളരെ ശക്തമാണ്. യഥാർഥ വികാരത്തേക്കാൾ, ആദർശം തന്നെ ഒരു ലക്ഷ്യമായി മാറും. ഗാന്ധിയൻ ആദർശമായാലും അത് ഒരാൾ എടുത്തണിഞ്ഞാൽ പിന്നെ മനുഷ്യനെ കാണാനാവില്ല; ആദർശത്തെയാവും സ്നേഹിക്കുക. സന്ധ്യയുടെ കവിതയിലെ വരികൾ ഈ ആദർശ ബോധത്തെ സാധൂകരിക്കുന്നു:

'നീ പോലുമറിയാതെ
നിന്നിൽ പറ്റിപ്പിടിച്ചു വളരുന്ന
ഒരിത്തിക്കണ്ണിയാകാനായിരുന്നു
എന്റെ വിധി.
നീ തരുന്ന രക്തവും മാംസവും വായുവും.
പുറത്തു നിന്ന് നിന്ദയും ശാപവും പഴിയും.
ക്രൂരമായി വെട്ടിവീഴ്ത്തി നിലത്തിട്ടാലും
അല്പനാൾകൂടി പഴയ ഓർമയിൽ പിടിച്ചുനിൽക്കും.'

നിറങ്ങൾ ഉണ്ടാകുന്നത്

സാധാരണ നിറങ്ങൾ, പ്രകൃതിയിൽ കാണുന്ന നിറങ്ങൾ പെയിന്റു ചെയ്യരുതെന്നാണ് പ്രമുഖ ഡച്ച് ചിത്രകാരനായ വിൻസെന്റ് വാൻ ഗോഗ് പറഞ്ഞത്. അത് മഹത്തായ ഒരു ആദർശവാക്യമായി നവീന ചിത്രകാരന്മാർക്ക് സൂക്ഷിക്കാവുന്നതാണ്. പ്രകൃതിയിൽ കാണുന്നതുപോലെ വസ്തുക്കളെ വരയ്ക്കുന്നതിൽ ഒരാളുടെ ആത്മാവിന്റെ ജീവിതമില്ല. സൃഷ്ടിക്കുകയും കാവ്യാത്മകമായി അവതരിപ്പിക്കുകയും ചെയ്യാനായി ഒരു യഥാർഥ ചിത്രകാരൻ പ്രകൃതിയിലെ വർണങ്ങളെ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. വാൻഗോഗ് ഇതുകൂടി പറഞ്ഞു: തന്റെ ചിത്രങ്ങൾ പ്രകൃതിയുടെ നിറത്തേക്കാൾ കുറച്ചു കൂടി താഴ്ന്ന നിലയിലാണ് വരച്ചിട്ടുള്ളതെന്ന്.

ഒരു വൈക്കോൽ കൂനയോ, ഗോതമ്പുപാടമോ പ്രകൃതിയിൽ എങ്ങനെ കാണപ്പെടുന്നുവോ അതുപോലെയല്ല വരയ്ക്കേണ്ടതെന്നാണ് വാൻഗോഗ് സൂചിപ്പിക്കുന്നത്. ഒരു വ്യത്യാസമുണ്ട്. നിറങ്ങൾ ചിത്രകാരൻ തിരഞ്ഞെടുക്കുന്നതാണ്. അത് സാധാരണ നിറങ്ങളേയല്ല. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? ചിത്രകാരൻ മറ്റൊന്ന് സൃഷ്ടിക്കുകയാണ്. അതയാളുടെ നോട്ടവും അനുഭവവുമാണ്. അതു പക്ഷേ, കാൻവാസിൽ വരുമ്പോൾ വൈകാരികമായ ഒരു തലം കൂടി വേണം. അത് വൈയക്തികമായ അന്വേഷണവും ദർശനവുമാണ്. അതുകൊണ്ട് സൃഷ്ടിയുടെ അംശം കൂടിയേ തീരൂ. അത് അനുവാചകനെ ആകർഷിക്കേണ്ടതുണ്ട്, അതിൽ കാവ്യാത്മകമായ ലയം വേണം. അത് വെറും യാഥാർഥ്യം എന്നതിലുപരി കലാത്മകമാകണം. അതിൽ ഒരു മോഹവലയം സൃഷ്ടിക്കപ്പെടണം.

ഒരു ചിത്രകാരൻ ഋതുക്കളെ പഠിക്കണം, നിറവ്യതിയാനങ്ങളോടെയും കൃത്യതയോടെയും. വസന്തം എത്ര മൃദുവാണെന്ന് അറിയുമ്പോൾ മറ്റു ഋതുക്കളും മനസ്സിലാവും. വാൻഗോഗ് പറയുന്നു, ഗ്രീഷ്മം ഇളം പച്ചയും ചുവപ്പും മഞ്ഞയും ചേർന്നതാണെന്ന്. ശൈത്യം മഞ്ഞിൽ കറുപ്പു കലരുമ്പോഴാണത്രേ സംഭവിക്കുന്നത്. വേനലിനു സ്വർണവർണവും ഓറഞ്ചും ചുവപ്പും അനിവാര്യമാണ്.

നാടകം

കരിവെള്ളൂർ മുരളി എഴുതിയ 'ആവിഷ്കാരത്തിന്റെ രാഷ്ട്രീയം മലയാളനാടകത്തിൽ ' എന്ന ലേഖനത്തിൽ (സാഹിത്യലോകം) ഇന്നത്തെ നാടകങ്ങൾ കാലത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് എഴുതിയത് ശ്രദ്ധേയമായി. ഇന്നത്തെ മനുഷ്യന്റെ നിസഹായമായ അവസ്ഥകളെ നേരിടാനാകാതെ തനത് നാടകവേദിയെന്നൊക്കെ പറഞ്ഞ് ഒളിച്ചോടുകയാണ്. പ്രാചീനകലകളെ ഒരു ഗോത്രാനുഭവത്തിന്റെ മിശ്രിതമാക്കുകയാണ് തനത് നാടകവേദി ചെയ്തത്. അവിടെ സ്വതന്ത്രമായ സൗന്ദര്യാനുഭവം കാണാനുണ്ടായിരുന്നില്ല. ഈ നാടക പ്രവർത്തകർക്ക് കേരളീയതയുടെ പതിറ്റാണ്ടുകൾ തന്നെ നഷ്ടപ്പെട്ടു.

ദർശനം

ഒരു നായയ്ക്ക് യജമാനനെ വേണം. അതാണ് അവന്റെ വംശമഹിമ.

പ്രണയം

യജമാനനാകാൻ കഴിയാത്തവർക്ക് പ്രണയത്തിന്റെ ഒരു ടെക്സ്റ്റ് മെസേജ് പോലും ലഭിക്കില്ല.

സൂര്യൻ

ഓരോ ദിവസവും പുതിയ സൂര്യൻ ഉദിക്കുന്നു. ഇന്നലെകളിലെ സൂര്യന്മാർ എവിടെപ്പോയി ?എന്തെല്ലാമാണ് അപഹരിച്ചത് ?

ചന്ദ്രൻ

എല്ലാ വിഷാദങ്ങളും ചന്ദ്രന്റെ ഭാഗമാണ്; അല്പം തേൻ പുരട്ടി അതിനെ ഗാനാത്മകമാക്കുകയാണെങ്കിൽ അത് ചന്ദ്രികാചർച്ചിതമായ രാത്രിയുടെ ജീവനാണ്.

കവിത

അപാരവും സ്വതന്ത്രവും നിർമലവുമായ ഒന്നിനെ തേടിച്ചെല്ലാനുള്ള ജന്മവാസനയാണ് കവിതയുടെ താക്കോൽ.

കുടുങ്ങിപ്പോയ തൊഴിലാളികളെ ജോലിസ്ഥലത്തെത്തിക്കണം

ന്യൂഡൽഹി: ലോക് ഡൗൺ മൂലം വിവിധ സ്ഥലങ്ങളിൽ കുടുങ്ങിപ്പോയ തൊഴിലാളികളെ അവർ ജോലിചെയ്യുന്ന സ്ഥലങ്ങളിലേക്കു പോകാൻ അനുവദിക്കണമെന്ന് സംസ്ഥാനങ്ങളോടു കേന്ദ്ര ആഭ്യന്തര മന്ത്രാലയം. എന്നാൽ, സംസ്ഥാനത്തിനു പുറത്തേക്കു യാത്ര അനുവദിക്കില്ല.

വ്യവസായ, കാർഷിക, നിർമാണ മേഖലകളിൽ തൊഴിലെടുക്കുന്നവർ ലോക് ഡൗൺ മൂലം പലയിടങ്ങളിലും കുടുങ്ങിയിട്ടുണ്ട്. അങ്ങനെയുള്ളവർ സർക്കാരിന്റെ ദുരിതാശ്വാസ ക്യാംപുകളിലും മറ്റും കഴിയുകയാണ്. ഇവരെ സംസ്ഥാനത്തിനകത്തു തന്നെ അവർ ജോലിചെയ്യുന്നസ്ഥലങ്ങളിലേക്കു നിബന്ധനകളോടെ പോകാൻ അനുവദിക്കണം- ആഭ്യന്തര സെക്രട്ടറി അജയ് ഭല്ല പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു.

രണ്ടാം ഘട്ടം ലോക് ഡൗണിൽ ഇന്നു മുതൽ ചില ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഹോട്ട് സ്പോട്ടുകളിലൊഴികെ വ്യവസായ, മാനുഫാക്ചറിങ്, കൺട്രക്ഷൻ, കൃഷി, ദേശീയ തൊഴിലുറപ്പ് മേഖലകളിൽ നിബന്ധനകളോടെ പ്രവർത്തനങ്ങളുണ്ടാകും. ഇതിൽ പങ്കാളികളാകുന്നതിന് തൊഴിലാളികൾക്ക് കഴിയും വിധത്തിൽ യാത്ര അനുവദിക്കാനാണു നിർദേശം.

ജോലിസ്ഥലത്തേക്കു പോകാൻ താത്പര്യപ്പെടുന്ന എല്ലാവരെയും പരിശോധിച്ച് രോഗലക്ഷണങ്ങളില്ലെന്ന് ഉറപ്പാക്കിയ ശേഷം മാത്രമേ ജോലിസ്ഥലത്തേക്കു കൊണ്ടുപോകാവൂ. ബസിൽ യാത്രചെയ്യുമ്പോൾ സാമൂഹിക അകലം പാലിക്കുന്നു എന്ന് ഉറപ്പാക്കുകയും വേണം. യാത്രയ്ക്കുപയോഗിക്കുന്ന ബസ് അണുവിമുക്തമാക്കണം. യാത്രയിൽ പ്രാദേശിക അധികൃതർ ഇവർക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കണം.

പരിശോധനയില്ല, വിവരങ്ങൾ ഒളിച്ചുവയ്ക്കുന്നു

പശ്ചിമ ബംഗാളിൽ വിവാദം

കോൽക്കത്ത: പശ്ചിമ ബംഗാളിൽ കൊവിഡ് പരിശോധന വേണ്ടത്ര നടക്കുന്നില്ലെന്ന് ആരോപണം. യഥാർഥ കണക്കുകൾ സംസ്ഥാന സർക്കാർ മറച്ചുവയ്ക്കുന്നുവെന്നും ആരോപണം. മെഡിക്കൽ രംഗത്തുള്ളവരും പ്രതിപക്ഷ പാർട്ടികളും ഈ ആരോപണം ഒരുപോലെ ഉന്നയിക്കുന്നുണ്ട്.

പശ്ചിമ ബംഗാളിനെപ്പോലെ വലിയ സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, രാജസ്ഥാൻ, ഉത്തർപ്രദേശ് തുടങ്ങിയിടങ്ങളിൽ സ്ഥിരീകരിക്കപ്പെടുന്ന കൊവിഡ്ബാധിതരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ് സംസ്ഥാനത്തു കാണുന്നത്. ശനിയാഴ്ച വരെ സംസ്ഥാനത്തു സ്ഥിരീകരിച്ചത് 233 കേസുകൾ, 12 മരണവും. പരിശോധന തീരെ കുറവായതു കൊണ്ടാണ് യഥാർഥ ചിത്രം കിട്ടാത്തത് എന്നാണ് ആരോപണം.

സംസ്ഥാന ചീഫ് സെക്രട്ടറിയുടെ തന്നെ കണക്കനുസരിച്ച് 4,630 സാമ്പിളുകളാണ് പശ്ചിമ ബംഗാളിൽ ഇതുവരെ പരിശോധിച്ചത്. മഹാരാഷ്ട്രയിൽ 31,841 സാമ്പിളുകൾ പരിശോധിച്ചു. രാജസ്ഥാനിൽ 24,817 പരിശോധനകൾ നടന്നു. കഴിഞ്ഞദിവസം വരെ കേരളത്തിൽ 14,163 സാമ്പിളുകളാണു പരിശോധിച്ചത്. ഡൽഹിയിൽ 11,709. പരിശോധനാ കിറ്റുകളുടെ ക്ഷാമമാണ് പ്രശ്നമെന്നു മുഖ്യമന്ത്രി മമത ബാനർജി പറയുന്നു. എന്നാൽ, ആരോഗ്യ മേഖലയിലുള്ളവർ ഇതു നിഷേധിക്കുകയാണ്.42,500 കിറ്റുകൾ ഐസിഎംആർ കോൽക്കത്തയിലെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായ എൻഐസിഇഡിക്ക് അയച്ചുതന്നിട്ടുണ്ടെന്ന് അതിന്റെ ഡയറക്റ്റർ ഡോ. ശാന്ത ദത്ത തന്നെ വെളിപ്പെടുത്തി.

സംസ്ഥാനത്തുണ്ടാകുന്ന മരണങ്ങൾ കൊവിഡ് മൂലമാണോ എന്നു സ്ഥിരീകരിക്കുന്നതിന് വിദഗ്ധ ഓഡിറ്റ് കമ്മിറ്റി രൂപവത്കരിച്ചിട്ടുണ്ട്. അവർ പറഞ്ഞാലേ കൊവിഡ് മരണമാകൂ. ഇതും വിവാദ വിഷയമാണ്. ഏതു രോഗം മൂലം മരിച്ചുവെന്ന് സ്ഥിരീകരിക്കാൻ ചികിത്സിക്കുന്ന ഡോക്റ്റർക്ക് അധികാരമില്ലെന്നതാണു വിഷയം. എല്ലാവരും പലവിധ രോഗങ്ങളാലാണു മരിക്കുന്നത്. ഹൃദയസ്തംഭനമോ അവയവങ്ങളുടെ പ്രവർത്തനം നിലയ്ക്കുന്നതോ ഒക്കെ അന്തിമ കാരണമാവാം. അവർക്ക് കൊവിഡ് ഉണ്ടോ എന്നതാണു വിഷയം. അതു മറച്ചുവയ്ക്കാനാണ് ഓഡിറ്റ് കമ്മിറ്റി രൂപവത്കരിച്ചിരിക്കുന്നതെന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്.

ചികിത്സിക്കുന്ന ഡോക്റ്ററാണ് മരണകാരണം സ്ഥിരീകരിക്കേണ്ടതെന്ന് കേന്ദ്ര മന്ത്രി ബാബുൾ സുപ്രിയോ പറഞ്ഞു. മരണക്കണക്കിനെ സംസ്ഥാന സർക്കാർ തമാശയാക്കുകയാണെന്ന് പശ്ചിമ ബംഗാൾ ബിജെപി അധ്യക്ഷൻ ദിലീപ് ഘോഷ് എംപി കുറ്റപ്പെടുത്തി. വേണ്ടത്ര സാംപിൾ പരിശോധനകൾ നടത്താത്തതിന് സംസ്ഥാന സർക്കാർ മാത്രമാണ് ഉത്തരവാദികളെന്നും അദ്ദേഹം.

ലോക്സഭയിലെ കോൺഗ്രസ് പാർട്ടി നേതാവ് അധീർ രഞ്ജൻ ചൗധരിയും ഇതേ നിലപാടു തന്നെ വിശദീകരിച്ചു. ഓഡിറ്റ് കമ്മിറ്റി കൊറോണ മരണമെന്നും അല്ലാത്തതെന്നും തിരിക്കുന്നത് യാഥാർഥ്യം ഒളിച്ചുവയ്ക്കാനാണെന്ന് ചൗധരി. സത്യം അടിച്ചമർത്തുന്ന മെക്കാനിസമാണ് ഓഡിറ്റ് പാനലെന്ന് അദ്ദേഹം.

അതേസമയം, സംസ്ഥാന സർക്കാരിന്റെ കഠിനാധ്വാനം മൂലമാണ് പശ്ചിമ ബംഗാളിൽ കൊവിഡ് രോഗികൾ കുറഞ്ഞിരിക്കുന്നതെന്നാണ് ടിഎംസി നേതാവ് ഡെറിക് ഒബ്രയൻ അവകാശപ്പെട്ടത്. രോഗവ്യാപനം തടയുന്നതിന് സർക്കാർ ഊർജിതമായി പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മുന്നിലുള്ള ദൗത്യം മികച്ച രീതിയിൽ ഏറ്റെടുത്താണു സർക്കാർ മുന്നോട്ടുപോകുന്നത്. വളരെ നേരത്തേ തന്നെ സർക്കാർ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയെന്നും ഒബ്രയൻ ചൂണ്ടിക്കാട്ടി. ഞങ്ങൾ കൊറോണയോടു പൊരുതുമ്പോൾ പ്രതിപക്ഷം തൃണമൂലിനോടു പൊരുതുകയാണ്. ആരോഗ്യ അടിയന്തരാവസ്ഥയിൽ രാഷ്ട്രീയം കൊണ്ടുവരുന്നത് ലജ്ജാകരം- അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതിനിടെ, യാഥാർഥ്യം ഒളിച്ചുവയ്ക്കുന്നത് സ്ഥിതിഗതികൾ ഗുരുതരമാക്കുമെന്ന് കോൽക്കത്തയിലുള്ള സീനിയർ ഡോക്റ്റർമാർ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. വ്യാപകവും ഊർജിതവുമായ പരിശോധന മാത്രമാണ് രോഗത്തെ അടക്കാനുള്ള വഴിയെന്നും അവർ നിർദേശിക്കുന്നു.

രോഗവ്യാപനം എത്രമാത്രമെന്ന് അറിയണമെങ്കിൽ ഉടൻ വ്യാപകമായി പരിശോധന ആരംഭിക്കണം. വൈറസ്ബാധയുള്ള പലരിലും ലക്ഷണങ്ങൾ പുറത്തുകാണില്ലെന്നത് കൂടുതൽ അപകടകരമായ സാഹചര്യമാണ്- അവർ പറയുന്നു. കഴിഞ്ഞയാഴ്ച വരെ സംസ്ഥാനത്തു ദിവസം 20 പരിശോധനകൾ പോലും നടത്തിയിട്ടില്ലെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു. ഇപ്പോഴാണു കുറച്ചെങ്കിലും സജീവമായത്.

പരിശോധനയ്ക്കു വേണ്ടത്ര ലാബുകളില്ലാത്തതിന്റെ പരിമിതിയുണ്ടെന്നാണ് ചീഫ് സെക്രട്ടറി രാജീവ സിൻഹ പറയുന്നത്. ലാബുകൾക്ക് ഐസിഎംആറിന്റെ അനുമതി കിട്ടണമെന്നതു കടമ്പയാണെന്നും അദ്ദേഹം. ഇപ്പോൾ എട്ടു ലാബുകളിലാണ് സംസ്ഥാനത്തു പരിശോധന നടക്കുന്നത്. നാലു മെഡിക്കൽ കോളെജുകളിൽ കൂടി പരിശോധന അനുവദിക്കണമെന്ന് ഐസിഎംആറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇറ്റലിയിൽ നിന്ന്, പുനർജന്മം നേടി ഈ നാൽവർ...

സുധീർനാഥ്

ന്യൂഡൽഹി: കൊവിഡ് കാലത്ത് ഇറ്റലിയിൽ നിന്ന് ലഭിക്കുന്ന വാർത്തകൾ ഒട്ടും ആശാവഹമല്ല. അവിടെ ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന ആയിരക്കണക്കിന് മലയാളികളുണ്ട്. പലർക്കും ജോലിയുടെ ഭാഗമായി കൊവിഡ് രോഗികളുമായി ഇടപെട്ട് രോഗം ബാധിച്ചു. എല്ലാവരും ഇതിനോടകം രോഗമുക്തി നേടി എന്നത് ആശ്വാസകരം.

കൊവിഡിന്റെ പിടിയിൽ നിന്ന് രക്ഷപെട്ട് വീണ്ടും ജോലിക്ക് കയറി ഇപ്പോഴും കൊവിഡ് രോഗികളെ പരിചരിക്കുന്ന മലയാളി ദമ്പതികൾ അവരുടെ അനുഭവം പങ്കുവയ്ക്കുകയാണിവിടെ. പത്തുവർഷമായി ഇറ്റലിയിൽ താമസിക്കുന്ന തൊടുപുഴ സ്വദേശി ഡിജോ ജോയും ഭാര്യ കൂത്താട്ടുകുളം സ്വദേശി സൗമ്യയും.

ചോദ്യം: ചൈനയിലെ വുഹാനിൽ കൊറോണ വൈറസ് ജനങ്ങളെ കൊന്നൊടുക്കുന്നുവെന്നും അത് പടരുന്നുവെന്നുമുള്ള വാർത്ത ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന നിങ്ങൾ ശ്രദ്ധിച്ചിരുന്നോ?

ഉത്തരം: വുഹാൻ എന്റെ മനസിനെ ഒരുപാട് ഭയപ്പെടുത്തിയ പേരാണ്. ആളനക്കങ്ങളില്ലാത്ത, വിജനമായ, ഒരു നിശ്വാസം പോലും പേടിപ്പെടുത്തുന്ന ഭയാനകമായ സിറ്റി. തിരക്കുപിടിച്ച ഒരു നഗരത്തിന് ഇങ്ങനെയൊക്കെ ഒരു ഭാവമാറ്റം ഉണ്ടാകുമോ എന്ന് അത്ഭുതപ്പെട്ട നാളുകൾ. വുഹാനിലെ വൈറസ് വാർത്തകൾ ശ്രദ്ധിച്ചിരുന്നു. പക്ഷേ അത് ലോകം മുഴുവൻ ഇതുപോലെ ഭീഷണിയാകുമെന്ന് സ്വപ്നത്തിൽ പോലും കരുതിയില്ല.

ചോദ്യം: എപ്പോഴാണ് നിങ്ങൾ താമസിക്കുന്ന ഇറ്റലിയുടെ പ്രദേശത്തേയ്ക്ക് കൊറോണ വൈറസ് എത്തിയത്...? ആദ്യ മരണം എന്നായിരുന്നു, അത് ഭയപ്പെടുത്തിയിരുന്നോ?

ഉത്തരം: ഫെബ്രുവരി 21- എന്നത്തേയും പോലെ സാധാരണ ദിവസം. രാത്രി ജോലിക്കു തയാറെടുക്കമ്പോൾ വാർത്ത കേട്ടു. കൊവിഡ്19 വൈറസ് മൂലം ഇറ്റലിയിൽ ആദ്യ മരണം. പ്രത്യേകിച്ചൊന്നും തോന്നിയില്ല. ഒരു മരണമല്ലേ, സ്വാഭാവികം. തന്നെയുമല്ല, താമസിക്കുന്ന സ്ഥലത്തു നിന്ന് ഏതാണ്ട് 100 കിലോമീറ്റർ വ്യത്യാസവും. ജോലി കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ മറ്റൊരു വാർത്ത- കൊറോണ രോഗികളുടെ എണ്ണം നാലിന് മീതെ. രോഗം സ്ഥിരീകരിച്ചത് 40 കിലോമീറ്റർ അകലെ മാത്രം...! അന്നും നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിയെത്തി. അപ്പോൾ വാർത്തകളിൽ മുഴുവൻ കൊറോണ മാത്രം.

രണ്ടുദിവസം ഓഫാണ്. വാർത്തകളിൽ മരണ സംഖ്യയും രോഗം പിടിപെട്ടവരുടെ എണ്ണവും വേഗത്തിൽ കൂടിക്കൊണ്ടിരുന്നു. ഒരാഴ്ച ഇറ്റലിയിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചു. സ്കൂളുകളും മാളുകളും കടകളുമെല്ലാം അടച്ചു. മാതാപിതാക്കൾക്കാണ് ഏറ്റവും കൂടുതൽ ടെൻഷനുണ്ടായത്- കോറോണയെപ്പറ്റിയല്ല, മക്കളെപ്പറ്റി. ഇറ്റലിയിൽ ഞങ്ങളടക്കം എല്ലാ ദമ്പതികൾക്കും ജോലിയുണ്ട്. അവിടത്തെ നിയമമനുസരിച്ച് പ്രായപൂർത്തിയാകും വരെ കുട്ടികളെ വീടുകളിൽ തനിച്ചാക്കാൻ കഴിയില്ല. അറിഞ്ഞാൽ ജയിൽവാസം വരെ കിട്ടാവുന്ന കുറ്റം. വീട്ടിൽ ഞങ്ങൾക്കും രണ്ടു മക്കളുണ്ട്. ചെറിയ മകൻ സ്കൂളിൽ പോകാറായിട്ടില്ല. ഒരാഴ്ച സഹിച്ചാൽ മതിയല്ലോ എന്നു വിചാരിച്ചപ്പോഴേക്കു ലോക്ക് ഡൗൺ നീട്ടി. നഴ്സിങ്ങ് ജോലി ചെയ്യുന്ന ഞങ്ങൾ രണ്ടുപേരും അഡ്ജസ്റ്റ് ചെയ്ത് ജോലിക്കു പോയി. കൊറോണ ഇറ്റലിയിൽ മാത്രമല്ല, ലോകമാകെ ഇപ്പോഴും സംഹാര താണ്ഡവമാടുകയല്ലേ...

ചോദ്യം: കൊവിഡ് കാലത്ത് അവശ്യ സാധനങ്ങൾ വാങ്ങാൻ നിങ്ങൾ ബുദ്ധിമുട്ടിയോ?

ഉത്തരം: ലോക്ക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ മാളുകളെല്ലാം അടച്ചു. സൂപ്പർ മാർക്കറ്റുകൾ നിശ്ചിത സമയത്തേക്കു മാത്രം തുറന്നു. ഭക്ഷ്യസാധനങ്ങളുടെ ക്ഷാമം വരുമെന്നു ഭയന്ന് ആളുകൾ സാധനങ്ങൾ ധാരാളമായി വാങ്ങിക്കൂട്ടി. സൂപ്പർ മാർക്കറ്റുകൾ കാലിയാകാൻ തുടങ്ങി. ഒരു കെയ്സ് കുടിവെള്ളം വാങ്ങി സൂക്ഷിക്കാൻ മൂന്നു സൂപ്പർമാർക്കറ്റിൽ ഞങ്ങൾക്കു കയറിയിറങ്ങേണ്ടിവന്നു. സർക്കാർ ഇടപെടൽ കൊണ്ട് ഇപ്പോൾ അവസ്ഥ മാറി, ഭക്ഷ്യസാധനങ്ങൾ ആവശ്യത്തിന് ലഭ്യമാണ്.

ചോദ്യം: ഇറ്റലിയിൽ സർക്കാർ ജനങ്ങളോട് വീടുകളിൽ തന്നെ കഴിയണമെന്നും, മുഖാവരണമണിഞ്ഞ് അത്യാവശ്യത്തിന് മാത്രം സുരക്ഷിതമായി പുറത്തിറങ്ങണമെന്നും, കൈകൾ സാനിറ്റെസർ ഉപയോഗിച്ച് കഴുകണമെന്നും പറഞ്ഞിരുന്നോ?

ഉത്തരം: എല്ലാവരും കഴിവതും വീടുകളിൽ തന്നെ ഇരിക്കാൻ പറഞ്ഞിരുന്നു. ജനങ്ങൾ എല്ലാ മുൻകരുതലുമെടുക്കാൻ നിർദേശിച്ചിരുന്നു. ഇതൊക്കെ ജനങ്ങൾ അനുസരിച്ചിട്ടും സർക്കാരിന്റെ കൈവിട്ടുപോയി. സ്ഥിതി മോശമായി. മരണസംഖ്യ കൂടിക്കൂടി വന്നു. കേരളത്തിൽ സർക്കാർ എല്ലാ മുൻകരുതലും എടുത്തിട്ടും ജനങ്ങൾ അനുസരിക്കാതെ റോഡിലിറങ്ങി നടക്കുന്നത് കണ്ടപ്പോൾ സങ്കടം തോന്നി. ഇറ്റലിയുടെ അവസ്ഥ ഞങ്ങളൊരു വിഡിയോയിലൂടെ മലയാളത്തിൽ തയാറാക്കി സാമൂഹ്യമാധ്യമങ്ങളിൽ പങ്കുവച്ചു. അതു കേട്ടെങ്കിലും പത്തുപേർ വീട്ടിൽ തന്നെ കഴിയട്ടെ എന്ന് ആശിച്ചു.

ചോദ്യം: നിങ്ങൾ താമസിക്കുന്ന പ്രദേശം റെഡ് സോണായി എന്ന് കേട്ടിരുന്നു. നിങ്ങൾ ജോലി ചെയ്യുന്ന ആശുപത്രിയിൽ കൊവിഡ് രോഗികളെ കൊണ്ട് നിറഞ്ഞു എന്നും അറിഞ്ഞു. ഇപ്പോൾ സ്ഥിതി എങ്ങനെ?

ഡിജോ ജോ, ഭാര്യ സൗമ്യ, മക്കളായ ആബേൽ, ഇമാനുവേൽ.

ഉത്തരം: ഞങ്ങൾ താമസിക്കുന്ന ലോംബാർഡിയ എന്ന പ്രദേശം റെഡ് സോണായി സർക്കാർ പ്രഖ്യാപിച്ചു. ഇവിടെ നിന്ന് ആർക്കും അകത്തേക്കോ പുറത്തേക്കോ പോകാൻ കഴിയില്ല. നേഴ്സിങ് രംഗത്ത് പ്രവർത്തിക്കുന്നതായതിനാൽ ഞങ്ങൾക്കു ജോലിക്കു പോകേണ്ടിയിരുന്നു. ആശപത്രിയിൽ കൊവിഡ് രോഗികളെ കൊണ്ട് നിറഞ്ഞ ദിവസങ്ങൾ. ഡോക്റ്റർമാരും നഴ്സുമാരും മറ്റ് ആരോഗ്യ പ്രവർത്തകരും 24 മണിക്കൂറും വിശ്രമമില്ലാതെ ജോലിചെയ്യുന്നു. ചികിത്സിക്കുന്ന ഡോക്റ്റർക്കും നഴ്സിനും ആരോഗ്യപ്രവർത്തകർക്കും കൊവിഡ് പോസിറ്റീവ് ഫലം വന്നത് തളർത്തിക്കളഞ്ഞു. കാര്യങ്ങളെല്ലാം കൈവിട്ടുപോവുകയാണെന്ന് മനസ് മന്ത്രിച്ചു. ഓരോ ദിവസവും ഞങ്ങൾ രണ്ടുപേരും പരസ്പരം സുരക്ഷാ കരുതലുകൾ ഓർമിപ്പിക്കും.

ചോദ്യം: എന്നാണു വീട്ടിലേക്ക് കൊറോണ വൈറസ് എത്തിയത് ?

ഉത്തരം: ഡിജോ ആശുപത്രിയിൽ നിന്നു വന്ന് ക്ഷീണമാണെന്ന് പറഞ്ഞു. കഠിനമായ ജോലി മൂലമാകുമെന്നാണ് ആദ്യം കരുതിയത്. ദൈവമേ കുഴപ്പമൊന്നും ഉണ്ടാവല്ലേ, എന്നത്തേയും പോലെ ടിവിയുടെ മുന്നിൽ ഇരിക്കാനുള്ള അടവായിരിക്കണേ എന്ന് മൗനമായി പ്രാർഥിച്ചു. വൈകുന്നേരം ചെറുതായി പനിച്ചു. പിറ്റേദിവസം സ്ഥിതി കുറച്ചുകൂടി വഷളായി. ഫാമിലി ഡോക്റ്ററെ വിളിച്ച് ഉപദേശം തേടി. അങ്ങനെ ചെയ്യാനേ സാധിക്കുമായിരുന്നുള്ളൂ. ആശുപത്രിയിൽ പോകാതെ വീട്ടിൽത്തന്നെ മരുന്നും മറ്റും നൽകി ശുശ്രൂഷിക്കാൻ ഉപദേശം കിട്ടി. രണ്ടു കുഞ്ഞുകുട്ടികളുള്ള വീട്ടിൽ ഐസൊലേഷൻ എത്രമാത്രം സാധ്യമാണെന്ന് ഊഹിക്കാമല്ലോ. കുഞ്ഞുങ്ങൾക്കും പനി തുടങ്ങിയത് ഞങ്ങൾ രണ്ടു പേരേയും തളർത്തിക്കളഞ്ഞു. ഞാൻ തോറ്റുപോകുമോ എന്നു തോന്നിപ്പോയ ദിവസങ്ങൾ. പനിക്ക് കൂട്ടായി ചുമയും ചെറിയ ശ്വാസതടസവും പുള്ളിയെ വല്ലാതെ തളർത്തിയിരുന്നു.

ചോദ്യം: നിങ്ങൾ ആശുപത്രിയിലല്ലേ ജോലി ചെയ്യുന്നത്? ആ ആശുപത്രിയെ ആശ്രയിച്ചില്ലേ?

ഉത്തരം: ജോലി ചെയ്യുന്ന ആശുപത്രിയിലെ അവസ്ഥ നന്നായി അറിയാം, അവിടെ വളരെ കഷ്ടമാണ്. അതുകൊണ്ടുതന്നെ ആശുപത്രിയിൽ നൽകുന്ന ചികിത്സ വീട്ടിൽ തന്നെ നൽകി. ഡോക്റ്റർമാരുടെ ഫോണിലൂടെയുള്ള ഉപദേശവും ലഭിച്ചിരുന്നു. ആശുപത്രിയിൽ സ്ഥലമില്ലാത്തതു കൊണ്ട് പുറത്തു ടെന്റ് കെട്ടി ടെസ്റ്റ് ചെയ്ത് പോസിറ്റീവ് ആകുന്നവരെ ഹോട്ടൽ മുറികളിലും മറ്റും ക്വാറന്റൈനിലാക്കി ചികിത്സ നൽകുകയായിരുന്നു. ചിലരെ ടെന്റിൽ തന്നെ ചികിത്സിച്ചു. വളരെ കൂടുതൽ ബുദ്ധിമുട്ടുള്ളവരെ ആശപത്രിയിൽ ഒഴിവു വരുന്ന മുറയ്ക്ക് എത്തിക്കും.

പ്രായം നോക്കി ചികിത്സ നൽകേണ്ട സാഹചര്യം ഇറ്റലിയിൽ ഉണ്ടായതായി വാർത്തകളിൽ കണ്ടു. പോസിറ്റീവ് ആണെന്ന് നൂറുശതമാനം ഉറപ്പുണ്ടായിട്ടും ഒരു ടെസ്റ്റ് ചെയ്തു നോക്കാൻ പോലും സാഹചര്യമില്ലാത്ത ആയിരങ്ങൾ ഇറ്റലിയിൽ ഉണ്ട്. അവരിൽ എത്രപേർ ചികിത്സ തേടി, എത്ര പേർ രക്ഷപെട്ടു എന്നറിയില്ല. ഹോസ്പിറ്റലുകളിൽ അവസാന ശ്വാസമെടുക്കും മുൻപ് വേണ്ടപ്പെട്ടവരെ വിഡിയോ കോളിലൂടെ കാണുന്ന എത്രയോപേരെ നേരിൽ കണ്ടു. മരണാനന്തര ചടങ്ങുകളില്ലാതെ യന്ത്രസഹായത്താൽ ആയിരങ്ങളെ സംസ്കരിക്കുന്ന കാഴ്ചകൾ ഇറ്റലിയിൽ മാത്രമല്ല ലോകം മുഴുവനുമുണ്ടായില്ലേ...

ചോദ്യം: വീട്ടിലെ ചികിത്സ ഫലം കണ്ടു. സൗമ്യയ്ക്കും രോഗലക്ഷണം തുടങ്ങിയപ്പോഴേ ചികിത്സിച്ചതിലൂടെ കുടുംബം മുഴുവൻ വൈറസിന്റെ പിടിയിൽ നിന്ന് കുതറി രക്ഷപെട്ടു എന്നു പറയട്ടെ?

ഉത്തരം: തീർച്ചയായും. ഞങ്ങൾ നാലു പേരും കൊറോണ വൈറസിൽ നിന്ന് രക്ഷപ്പെട്ടു. കൊവിഡ് രോഗലക്ഷണങ്ങളും മറ്റും നന്നായി അറിയാവുന്നതും ചികിത്സാരീതികൾ അറിയാവുന്നതും രക്ഷയായി. എനിക്കറിയാവുന്നവരിൽ പകുതിയിൽ കൂടുതൽ പേരും ഞങ്ങളെപ്പോലെ ഹോം ഐസൊലേഷനിലിരുന്ന് അസുഖം മാറ്റിയവരാണ്. ചിലർക്ക് നന്നായി കൊവിഡ് വൈറസിന്റെ ആക്രമണമുണ്ടായി, അവരെ ആശുപത്രിയിലാക്കി. എല്ലാവരും രക്ഷപെട്ടു. വീട്ടിൽത്തന്നെ ജീവനും ചേർത്തുപിടിച്ച് ഇരുന്നവരാണ് ഒട്ടുമുക്കാൽ പേരും. കാരണം ഇവിടുത്തെ അവസ്ഥ അതായിരുന്നു. ഹോസ്പിറ്റലിൽ പോയി ചികിത്സിക്കാനുള്ള സാഹചര്യങ്ങളില്ലായിരുന്നു.

ചോദ്യം: ഇറ്റലിക്കാരുടെ ജീവിതരീതി എങ്ങിനെയാണ്? കൊവിഡ് കാലത്തിന് ശേഷം അതിൽ മാറ്റമുണ്ടാകുമെന്ന് തോന്നുന്നുണ്ടോ?

ഉത്തരം: ജീവിതത്തിന്റെ ഓരോ നിമിഷവും ആസ്വദിക്കുന്നവരാണ് ഇവിടുള്ളവർ. ആളും ബഹളവുമായി നിറഞ്ഞു നിന്ന തെരുവുകളായിരുന്നു ഇറ്റലിയിലേത്. കുട്ടികൾ ആർപ്പുവിളികളോടെ ഒത്തുകൂടിയിരുന്ന പാർക്കുകളും മാളുകളും ഇന്ന് ഒച്ചയനക്കങ്ങളില്ലാതെ കിടക്കുന്നു. ആളുകൾക്ക് പരസ്പരം ചിരിക്കാൻ പേലും ഭയമാണ്. എല്ലാ വീടുകളിലുമുണ്ട് പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവർ... വല്ലാത്ത അവസ്ഥ. തണുത്തുറഞ്ഞ മരണം അടുത്തെവിടെയോ ഉണ്ടെന്ന ഭീതിയിൽ ജീവിക്കുന്ന കുറെ മനുഷ്യജന്മങ്ങൾ... ജന്മം തന്ന നാട്ടിലേക്കു പോകാനും വയ്യ, അന്നം തരുന്ന നാടിനെ ഉപേക്ഷിക്കാനും വയ്യ. ഇവിടിരുന്നു ചിന്തിക്കുമ്പോൾ ആരെയും കുറ്റപ്പെടുത്താനും കഴിയുന്നില്ല. നാട്ടിലെ കൂടപ്പിറപ്പുകൾ അവിടെ സന്തോഷത്തോടെ, സമാധാനത്തോടെ ഇരുന്നോട്ടെ എന്നു കരുതിയാണ് ഞങ്ങളൊക്കെ ഇവിടെത്തന്നെ കഴിയുന്നത്. സ്നേഹമുള്ളതു കൊണ്ടാണ് അകന്നിരിക്കുന്നത്.

ചോദ്യം: പ്രവാസികളായ നിങ്ങൾ നാട്ടിൽ വരുന്നതിനെ എതിർക്കുന്നത് കാണുന്നില്ലേ? അവരോട് എന്താണ് പറയാനുള്ളത്?

ഉത്തരം: സോഷ്യൽ മീഡിയയിലൂടെ ഇറ്റലിക്കാരടക്കമുള്ളവരെ കുറ്റപ്പെടുത്തുന്നവരുടെ വികാരങ്ങളെ മാനിച്ചു കൊണ്ടുതന്നെ പറയട്ടെ, രണ്ടുകൈയും നീട്ടി സ്വീകരിച്ചുകൂടേ? വൈദ്യശാസ്ത്രം പുരോഗതി നേടിയിട്ടുണ്ട്. വൈറസിന് ജാതിയും മതവും, പണക്കാരനെന്നും പാവപ്പെട്ടവനെന്നും ഒന്നുമില്ല എന്ന് ലോകം മനസിലാക്കിയിരിക്കുന്നു. പ്രവാസികൾ രോഗവാഹകരാണെന്ന തെറ്റായ വിശ്വാസം ഈ ആധുനിക കാലത്തും വേണോ? ജീവനും കൈയിൽ പിടിച്ച്, കണ്ണുകളിൽ ഭയത്തിന്റെ നിഴലുമായി, സ്വന്തം മണ്ണിൽ സുരക്ഷിതമാണെന്ന ആത്മവിശ്വാസത്തോടെ ഓടിവരുന്നവരെ ഒരിക്കലും പടിയടച്ച് മാറ്റിനിർത്തരുത്.

പ്രാർഥന വീട്ടിലിരുന്നാകാം: സൗദി ഗ്രാൻഡ് മുഫ്തി

റിയാദ്: കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിലുള്ള ലോക് ഡൗൺ നിലനിൽക്കുന്നതിനാൽ റംസാൻ കാലത്തും ഈദുൽ ഫിത്വർ ആഘോഷത്തിനും വീട്ടിലിരുന്നു പ്രാർഥനകൾ നടത്തിയാൽ മതിയാകുമെന്ന് സൗദി അറേബ്യയിലെ ഗ്രാൻഡ് മുഫ്തി ഷെയ്ഖ് അബ്ദുൾഅസീസ് അൽ ഷെയ്ഖ്.

പള്ളികളിൽ സന്ധ്യയ്ക്ക് റംസാനുമായി ബന്ധപ്പെട്ട സമൂഹ പ്രാർഥനയ്ക്ക് അവസരമില്ലാത്ത സാഹചര്യത്തിൽ വിശ്വാസികൾ അവരവരുടെ വീടുകളിൽ തന്നെ പ്രാർഥന നടത്തുന്നതാണ് ഉചിതമെന്ന് അദ്ദേഹം ഒരു മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ ചൂണ്ടിക്കാട്ടി. ഈദ് ആഘോഷത്തിനും ഇതു ബാധകമാണ്- കൊവിഡ് രോഗം പടരുന്നതു തടയാൻ പള്ളികളിൽ വിശ്വാസികൾക്കു പ്രവേശനം നിഷേധിച്ചിരിക്കുന്ന സാഹചര്യത്തിലാണ് രാജ്യത്തെ ഏറ്റവും ഉന്നത മത അധികാരി നിലപാടു വ്യക്തമാക്കിയത്. ഇത്തവണത്തെ റംസാൻ നോമ്പുകാലം 24ന് ആരംഭിക്കാനിരിക്കുകയാണ്.

മാർച്ച് മധ്യത്തിൽ തന്നെ സൗദി അറേബ്യയിലെ പള്ളികളിൽ നിത്യേനയുള്ള അഞ്ചുനേരം നിസ്കാരവും വെള്ളിയാഴ്ച ഉച്ചയ്ക്കുള്ള പ്രാർഥനയും നിർത്തിവച്ചിരിക്കുകയാണ്. റംസാൻ കാലത്ത് നോമ്പുമുറിക്കാനായി നിത്യേന നടത്തിയിരുന്ന സായാഹ്ന ഭക്ഷണവിതരണ ചടങ്ങുകൾ ഇത്തവണ വേണ്ടെന്നുവയ്ക്കുകയാണെന്ന് പ്രവാചകൻ മുഹമ്മദ് നബിയുടെ പള്ളിയായ മദീന പള്ളിയുടെ അധികൃതർ വ്യാഴാഴ്ച അറിയിച്ചിരുന്നു.

8,300ലേറെ പേർക്കാണ് രാജ്യത്തിപ്പോൾ രോഗബാധിച്ചിരിക്കുന്നത്. ഇതിനോടകം നൂറോളം പേർ മരിച്ചു. ഇന്നലെ മാത്രം 1,200ഓളം പേർക്കാണു പുതുതായി രോഗബാധ കണ്ടെത്തിയത്. ഈ സാഹചര്യത്തിൽ തലസ്ഥാന നഗരമായ റിയാദിലും മറ്റു നഗരങ്ങളിലും കർഫ്യൂ അനിശ്ചിതകാലത്തേക്ക് നീട്ടിയിരിക്കുകയാണിപ്പോൾ. നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കു കനത്ത പിഴയും ജയിൽവാസവുമാണു ശിക്ഷ.

റംസാൻ കാലത്ത് പൊതുസ്ഥലങ്ങളിലും പള്ളികളിലും വിശ്വാസികളെത്തി പ്രാർഥനകൾ നടത്തുന്നതു നിരുത്സാഹപ്പെടുത്തണമെന്നും വീടുകളിലിരുന്നു പ്രാർഥിക്കാൻ അവരോട് ആവശ്യപ്പെടണമെന്നും ഇന്ത്യൻ ന്യൂനപക്ഷക്ഷേമകാര്യ മന്ത്രി മുക്താർ അബ്ബാസ് നഖ്വി കഴിഞ്ഞദിവസം മതനേതാക്കളോടും സമുദായ സംഘടനാ നേതാക്കളോടും അഭ്യർഥിച്ചിരുന്നു. ഒട്ടേറെ മുസ്ലിം മത- സംഘടനാ നേതാക്കൾ ഇതിനോടകം ഈ ആഹ്വാനം നടത്തുകയും ചെയ്തു.

രോഗം പടർന്നത് പരീക്ഷണത്തിനിടെയല്ല: ലാബ് ഡയറക്റ്റർ

ബീജിങ്: കൊവിഡ് 19 വൈറസ് ലാബിൽ നിന്നു ഗവേഷകരിലേക്കു പകർന്നതല്ലെന്ന് വുഹാൻ ലാബ് ഡയറക്റ്റർ യുവാൻ ഷിമിങ്. ലാബിൽ എല്ലാ സുരക്ഷാ സംവിധാനങ്ങളുമുണ്ട്. വൈറസ് അവിടെ നിന്നു പകരുക അസാധ്യമാണ്. അതിനൊരു സാധ്യതയുമില്ല- യുവാൻ പറഞ്ഞു.

വുഹാൻ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ പി4 ലാബിൽ നിന്നാണു വൈറസ് പടർന്നതെന്ന റിപ്പോർട്ടുകൾക്കിടെയാണു യുവാന്റെ ലാബ് ഡയറക്റ്ററുടെ നിഷേധക്കുറിപ്പ്. വുഹാനിലെ വെറ്റ് മാർക്കറ്റിൽ വിൽപ്പനയ്ക്കു വച്ച ഏതോ വന്യജീവിയുടെ മാംസത്തിൽ നിന്നാണു വൈറസ് മനുഷ്യരിലെത്തിയതെന്ന് യുവാനും ആവർത്തിച്ചു. ലാബിൽ നിന്നാണു വൈറസ് പുറത്തുപോയതെന്ന ആരോപണം ലോകാരോഗ്യ സംഘടനയും തള്ളിയിട്ടുണ്ടെന്ന് ചൈനീസ് വിദേശകാര്യ വക്താവ് ഷാവോ ലിജിയൻ പറഞ്ഞു. ലാബിലെ ഒരു ജീവനക്കാരനു പോലും രോഗം

പെൻഷൻ കുറയ്ക്കില്ല: ധനമന്ത്രാലയം

ന്യൂഡൽഹി: കേന്ദ്ര സർക്കാർ ജീവനക്കാരുടെ പെൻഷൻ കുറയ്ക്കില്ലെന്ന് ധനമന്ത്രാലയം വ്യക്തമാക്കി. പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പെൻഷനിൽ 20 ശതമാനം വെട്ടിക്കുറവു വരുത്താൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നു എന്ന റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിലാണ് ഈ വിശദീകരണം. മന്ത്രാലയത്തിന്റെ ടീറ്റ് ധനമന്ത്രി നിർമല സീതാരാമൻ ഷെയർ ചെയ്തിട്ടുമുണ്ട്.

ചൈന പറയുന്നതു കളവെങ്കിൽ പ്രത്യാഘാതം ഗുരുതരം: ട്രംപ്

വാഷിങ്ടൺ: കൊവിഡ് 19 സംബന്ധിച്ച തർക്കത്തിൽ യുഎസ് - ചൈന ബന്ധം കൂടുതൽ വഷളാകുന്നു. ചൈനയെ സംശയത്തിന്റെ നിഴലിൽ നിർത്തി പ്രസിഡന്റ് ഡോണൾഡ് ട്രംപ് നടത്തുന്ന വിമർശനങ്ങൾക്ക് ഓസ്ട്രേലിയ, ജപ്പാൻ, ജർമനി, ഇറ്റലി തുടങ്ങി പല രാജ്യങ്ങളുടെയും പരോക്ഷമായ പിന്തുണയും കിട്ടുന്നു.

വുഹാനിൽ കൊവിഡ് പൊട്ടിപ്പുറപ്പെട്ട രീതിയിലും ചൈന പുറത്തുവിടുന്ന കണക്കുകളിലുമാണു ട്രംപിന്റെ സംശയങ്ങൾ. ശരിയായ വിവരങ്ങളല്ല ചൈന പുറത്തുവിടുന്നതെന്നു പറഞ്ഞ ട്രംപ്, അതിനു തെളിവു ലഭിച്ചാൽ പ്രത്യാഘാതം അതീവ ഗുരുതരമായിരിക്കുമെന്ന മുന്നറിയിപ്പും നൽകി.

ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങളിലും മറ്റും യുകെ, ഇറ്റലി, സ്പെയ്ൻ തുടങ്ങിയ രാജ്യങ്ങളെല്ലാം ചൈനയെക്കാൾ വളരെ മുന്നിലാണ്. പക്ഷേ, അവിടെയെല്ലാം മരണ നിരക്ക് ചൈനയെക്കാൾ വളരെ കൂടുതലാണ്. ചൈനയിൽ 0.33 ശതമാനം മാത്രം. അതു വിശ്വസനീയമല്ല. ലോകത്തിന്റെ കണക്കിൽ യുഎസ് ഒന്നാമതാണ്. പക്ഷേ, എനിക്ക് ഉറപ്പുണ്ട്. നമ്മളല്ല, ചൈനയാണു മുന്നിൽ. രോഗികളുടെ എണ്ണത്തിലും മരണനിരക്കിലും മരണത്തിന്റെ എണ്ണത്തിലും. പക്ഷേ, അവർ സത്യം പറയുന്നില്ല.

വൈറ്റ് ഹൗസിൽ പതിവുള്ള പത്രസമ്മേളനത്തിലാണ് ട്രംപ് ചൈനയ്ക്കെതിരേ തുറന്നടിച്ചത്.

''നിങ്ങൾക്കും എനിക്കും അവർക്കുമറിയാം അവർ പറയുന്നതൊന്നും ശരിയല്ലെന്ന്. അറിയാതെ പറയുന്നതാണെങ്കിൽപ്പോലും അതു തെറ്റു തന്നെയാണ്. എന്നാൽ അറിഞ്ഞുകൊണ്ടു തന്നെയാണ് അവരതു ചെയ്യുന്നതെങ്കിൽ പ്രത്യാഘാതം അതീവ ഗുരുതരമായിരിക്കും.'' ട്രംപ് മുന്നറിയിപ്പു നൽകി.

''കൊവിഡ് 19 വൈറസുകൾ ആദ്യം പൊട്ടിപ്പുറപ്പെട്ടത് ചൈനയിലാണ്. അവർക്കതിനെ നിയന്ത്രിക്കാൻ കഴിയുമായിരുന്നു. അല്ലെങ്കിൽ ലോകാരോഗ്യ സംഘടനയെ അറിയിച്ച് പ്രതിവിധി സ്വീകരിക്കാമായിരുന്നു. എന്നാൽ അതൊന്നുമുണ്ടായില്ല. വുഹാനിൽ പെട്ടെന്നു വ്യാപകമായ കൊവിഡ് 19ന്റെ വ്യാപനത്തെക്കുറിച്ചും അപകടത്തെക്കുറിച്ചും ശരിയായ വിവരമല്ല ചൈന യുഎന്നിനു പോലും കൊടുത്തത്. ലോകം മുഴുവൻ അതിന്റെ അപകടം അനുഭവിക്കുകയാണിപ്പോൾ. എന്നാൽ ചൈന വളരെ വേഗം പ്രതിസന്ധി അതിജീവിക്കുകയും ചെയ്തെന്ന് അവകാശപ്പെടുന്നു. അതിൽ അസ്വാഭാവികതയുണ്ട്. ഇതെങ്ങനെ സംഭവിച്ചു എന്നതിനെക്കുറിച്ച് അന്വേഷിച്ചുവരികയാണ്. തെറ്റ് പറ്റുക സ്വാഭാവികമാണ്. തെറ്റ് പറ്റിയാൽപ്പോലും തെറ്റ് തെറ്റു തന്നെയാണ്. പക്ഷേ, അതു മനഃപൂർവമാണെങ്കിൽ മറുപടിയും കഠിനം തന്നെയാകും.''- എന്നാൽ എന്തു പ്രത്യാഘാതമാണു ചൈനയ്ക്കു വേണ്ടി കരുതുന്നതെന്നു ട്രംപ് പറഞ്ഞില്ല.

അതിനിടെ, ചൈനയുടെ കണക്കുകളിൽ ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി മാരിസ് പെയനും സംശയം പ്രകടിപ്പിച്ചു. ചൈനയിലെ കാര്യങ്ങളെക്കുറിച്ചു സ്വതന്ത്രവും നിഷ്പക്ഷവുമായ വിലയിരുത്തൽ വേണമെന്നും അവർ ആവശ്യപ്പെട്ടു. ജപ്പാനിലും സ്ഥിതി വഷളാകുകയാണ്. രോഗികളുടെ എണ്ണം പതിനായിരം കടന്നു. രോഗവ്യാപനം ഈ നിലയ്ക്കു തുടർന്നാൽ ബദൽ നടപടികൾക്ക് വേണ്ടതൊന്നും തയാറല്ലെന്ന് ആരോഗ്യവകുപ്പ് വൃത്തങ്ങൾ പറഞ്ഞു. ലോക്ഡൗണും സോഷ്യൽ ഡിസ്റ്റൻസിങ്ങും വഴി രോഗവ്യാപനം പരമാവധി കുറയ്ക്കാനാണ് അവരുടെ ശ്രമം.

വൈറസിന്റെ ഉറവിടം വുഹാൻ ലാബ്: നൊബേൽ ജേതാവ്

പാരിസ്: കൊവിഡ് 19നു കാരണമായ സാർസ് കോവ് 2 വൈറസ് വുഹാൻ ലാബിന്റെ ‘സന്തതി’ തന്നെയെന്ന് നൊബേൽ സമ്മാന ജേതാവായ ശാസ്ത്രജ്ഞൻ. എയ്ഡ്സ് വൈറസിനെതിരായ വാക്സിൻ വികസിപ്പിക്കാനുള്ള ശ്രമത്തിനിടെയാണ് കൊവിഡ് 19 വൈറസ് മനുഷ്യരിലേക്കു പടർന്നതെന്നും അദ്ദേഹം. ഫ്രഞ്ച് ശാസ്ത്രജ്ഞൻ ലുക് മോണ്ടഗ്നിറാണ്, കൊറോണ വൈറസ് മനുഷ്യരിലേക്കു പടർന്നതു മൃഗങ്ങളിൽ നിന്നാണെന്ന ചൈനയുടെ വാദങ്ങളെ പൂർണമായി തള്ളി രംഗത്തെത്തിയത്.

സാർസ് കോവ് 2 വൈറസിന്റെ ജനിതക ഘടന ഇതിനു വ്യക്തമായ തെളിവാണെന്നും മോണ്ടഗ്നിർ ഫ്രഞ്ച് ടിവി ചാനൽ സി ന്യൂസിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു. ഹ്യൂമൻ ഇമ്യൂണോഡെഫിഷ്യൻസി വൈറസി(എച്ച്ഐവി)ന്റെ ജനിതകഘടനയ്ക്കു സമാനമായ ഘടകങ്ങൾ സാർസ് കോവ് 2 വൈറസിലുണ്ട്. മലേറിയയ്ക്കു കാരണമായ രോഗാണുവിനു സമാനമായ ഘടകങ്ങളും ഈ വൈറസിലുണ്ട്. വുഹാൻ വൈറോളജി ലാബ് വൈറസ് വേഷണത്തിനു വേണ്ടി മാത്രമുള്ളതാണെന്നതും കൊറോണ വൈറസുകളുടെ ഗവേഷണത്തിലാണ് ഈ ലാബിന് വൈദഗ്ധ്യമെന്നതും കൂടി ചേർത്തു വായിച്ചാൽ ഇക്കാര്യം വ്യക്തമാകുമെന്നും മോണ്ടഗ്നിർ.

ഫ്രഞ്ച് വൈറോളജിസ്റ്റ് ഫ്രാങ്കോയിസ് ബരേ സിനൂസിയുമായി ചേർന്ന് എച്ച്ഐവി കണ്ടെത്തിയ ഗവേഷകനാണ് മോണ്ടഗ്നിർ. അതുകൊണ്ടു തന്നെ മോണ്ടഗ്നിറിന്റെ നിഗമനത്തിന് ശാസ്ത്രലോകത്ത് വലിയ പ്രാധാന്യമുണ്ട്. എന്നാൽ, ഈ വാദത്തെ തള്ളി ചില ശാസ്ത്രജ്ഞരും രംഗത്തുണ്ട്.

കൊവിഡ് വൈറസ് വുഹാൻ ലാബിൽ നിന്നു മനുഷ്യരിലേക്കു പടർന്നതാണെന്നു നേരത്തേ ഫോക്സ് ന്യൂസ് റിപ്പോർട്ട് ചെയ്തിരുന്നു. വവ്വാലുകളിൽ നിന്നു ലാബിലെ ഗവേഷകയിലേക്കും പിന്നീട് അവരുടെ ആൺ സുഹൃത്തു വഴി സമൂഹത്തിലേക്കും പടർന്നെന്നായിരുന്നു റിപ്പോർട്ട്. ഇതിനു പിന്നാലെ ചൈനയ്ക്കു മുന്നറിയിപ്പുമായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് രംഗത്തെത്തി. ചൈന അറിഞ്ഞുകൊണ്ടാണു ദുരന്തം വരുത്തിവച്ചതെങ്കിൽ കടുത്ത പ്രത്യാഘാതമുണ്ടാകുമെന്നായിരുന്നു ട്രംപിന്റെ താക്കീത്. യൂറോപ്യൻ രാജ്യങ്ങളും ഓസ്ട്രേലിയയും സമാന സൂചനകൾ നൽകിയിട്ടുണ്ട്.

രോഗം പടർന്നശേഷം ആഗോള സമ്പദ് വ്യവസ്ഥ കൈപ്പിടിയിലാക്കാൻ ചൈന നടത്തിയ ശ്രമങ്ങളും രോഗത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമാക്കിവച്ചതുമാണ് കമ്യൂണിസ്റ്റ് രാഷ്ട്രത്തിനെതിരേ ലോകരാജ്യങ്ങളുടെ സംശയമുന നീളാൻ കാരണം.

2003ലെ സാർസ് രോഗത്തെത്തുടർന്നു വൈറസുകളെക്കുറിച്ചുള്ള പഠനത്തിനുവേണ്ടി ചൈന സ്ഥാപിച്ചതാണു വുഹാനിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്. വന്യജീവികളുടെ മാംസം വിൽക്കുന്ന മാർക്കറ്റിനു സമീപത്തെ ലാബിൽ രാജ്യാന്തര നിലവാരത്തിലുള്ള സുരക്ഷകൾ പാലിക്കുന്നില്ലെന്നും ഗവേഷകരിലേക്കു വൈറസ് പടരാൻ എല്ലാ സാധ്യതകളുമുണ്ടെന്നും അന്നു തന്നെ യുഎസ് ഉൾപ്പെടെ രാജ്യങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ, അന്ന് ഇതു നിഷേധിക്കുകയായിരുന്നു ചൈന.

വൈറസ് പകർന്നത് എയ്ഡ്സ് വാക്സിൻ വികസിപ്പിക്കാനുള്ള ശ്രമത്തിനിടെയെന്ന് ഫ്രഞ്ച് ഗവേഷകൻ

ആരറിയുന്നു, ഈ അലച്ചിൽ?

ലോക് ഡൗൺ മൂലം വിനോദസഞ്ചാരികളുടെയും മറ്റു യാത്രക്കാരുടേയും വരവു നിലച്ചതോടെ റോഡിൽ നിന്നു ഭക്ഷണം ലഭിക്കാതായ കുരങ്ങുകൾ കാടുകയറിത്തുടങ്ങി. കുഞ്ഞിനെ മാറിലെടുത്ത് റോഡിലൂടെ അലയുന്ന അമ്മക്കുരങ്ങ്. കോഴിക്കോട് താമരശേരി ചുരം റോഡിലെ കാഴ്ച.

റാപ്പിഡ് ടെസ്റ്റുകളുമായി ഡൽഹി

ന്യൂഡൽഹി: ഡൽഹിയിലെ കൊവിഡ് ഹോട്ട്സ്പോട്ടുകളിൽ വ്യാപകമായി റാപ്പിഡ് ആന്റിബോഡി ടെസ്റ്റുകൾ ആരംഭിച്ചു. 42,000 കിറ്റുകൾ ഇതിനു വേണ്ടി സമാഹരിച്ചിട്ടുണ്ടെന്ന് സംസ്ഥാന ആരോഗ്യ മന്ത്രി സത്യേന്ദർ ജയിൻ പറഞ്ഞു. ഇന്നലെയാണ് റാപ്പിഡ് ടെസ്റ്റുകൾക്കു തുടക്കമിട്ടത്.

ആകെ 76 ഹോട്ട്സ്പോട്ടുകളാണ് ഡൽഹിയിലുള്ളത്. എട്ടു പുതിയ സോണുകൾ കഴിഞ്ഞദിവസം കൂട്ടിച്ചേർത്തതാണ്. സംസ്ഥാനത്തു മൊത്തം രോഗികളുടെ എണ്ണം രണ്ടായിരത്തോട് അടുക്കുകയാണ്. പിസിആർ ടെസ്റ്റിന്റെ കൃത്യതയില്ലെങ്കിലും സമൂഹത്തിൽ രോഗവ്യാപനത്തിന്റെ തീവ്രത അതിവേഗമറിയാൻ റാപ്പിഡ് ടെസ്റ്റുകൾ സഹായിക്കും. പിസിആർ ടെസ്റ്റുകളെ അപേക്ഷിച്ച് ചെലവും സമയവും വളരെ കുറവാണ് റാപ്പിഡ് ടെസ്റ്റുകൾക്ക്. 20-30 മിനിറ്റിനുള്ളിൽ ഫലമറിയാമെന്ന് വിദഗ്ധർ.

ഹോട്ട് സ്പോട്ടുകളിൽ രോഗവ്യാപനം തടയുന്നതിനുള്ള തീവ്രപരിശ്രമത്തിലാണു സർക്കാർ. വീടുകയറിയുള്ള നിരീക്ഷണവും പരിശോധനകളും നടക്കുന്നു. നോർത്ത് ഡൽഹിയിലെ ജഹാംഗീർപുരിയിൽ ഒരു വിശാല കുടുംബത്തിലെ 31 അംഗങ്ങൾക്ക് കഴിഞ്ഞദിവസം കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്.

രോഗവ്യാപന സാഹചര്യത്തിൽ ഡൽഹിയിലെ ലോക് ഡൗണിൽ ഇളവുകൾ അനുവദിക്കാനാവില്ലെന്ന് മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ ഇന്നലെ വ്യക്തമാക്കി. ചുരുങ്ങിയത് ഒരാഴ്ചയെങ്കിലും കർശന നിയന്ത്രണം വേണ്ടിവരുമെന്നും അദ്ദേഹം. വൈറസ് വ്യാപനത്തിനു വേഗമാർജിച്ചതായാണു കാണുന്നത്. ജീവനുകൾ രക്ഷിക്കാൻ ലോക് ഡൗൺ കർശനമായി പാലിച്ചേ തീരൂ- അദ്ദേഹം പറഞ്ഞു.

രോഗലക്ഷണങ്ങളില്ലാത്ത ആളുകൾക്ക് രോഗം സ്ഥിരീകരിക്കുന്നുണ്ട്. അടുത്തിടെ ശേഖരിച്ച 736 സാംപിളുകളിൽ 186ലും കൊവിഡ് സ്ഥിരീകരിച്ചു. ഇവർക്കൊന്നും കൊവിഡ് ലക്ഷണങ്ങളില്ലായിരുന്നു. ഇതിൽ ഒരാളോടു സംസാരിച്ചപ്പോൾ സർക്കാർ നടത്തുന്ന കേന്ദ്രത്തിൽ ഭക്ഷണ വിതരണത്തിൽ ഏർപ്പെട്ടിരുന്നയാളാണ്. അതുകൊണ്ടു തന്നെ ഈ ഭക്ഷണ വിതരണ കേന്ദ്രത്തിലെത്തിയവരുടെയെല്ലാം റാപ്പിഡ് ടെസ്റ്റ് നടത്താൻ നിർദേശിച്ചിട്ടുണ്ട്- കെജരിവാൾ പറഞ്ഞു. ദിവസം പത്തു ലക്ഷത്തോളം പേർക്കാണു ഡൽഹി സർക്കാർ ഭക്ഷണം വിതരണം ചെയ്യുന്നതെന്നും മുഖ്യമന്ത്രി. ലോക് ഡൗണിൽ ഇളവ് അനുവദിക്കുന്നതു സംബന്ധിച്ച് ഏപ്രിൽ 27ന് പരിശോധിക്കുമെന്ന് ചീഫ് സെക്രട്ടറി വിജയ് ദേവ് ഉത്തരവിറക്കിയിട്ടുണ്ട്.

ഡൽഹിയിലെ കൊവിഡ് ഐസൊലേഷൻ യൂണിറ്റ് സൈന്യം ഏറ്റെടുത്തു

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് 19 ബാധിതർക്കു വേണ്ടി സജ്ജമാക്കിയ ഏറ്റവും വലിയ ഐസൊലേഷൻ യൂണിറ്റിന്റെ നിയന്ത്രണം സൈന്യം ഏറ്റെടുത്തു. ഡൽഹി നരേലയിലെ കേന്ദ്രത്തിലാണു സൈന്യത്തിന്റെ മെഡിക്കൽ സംഘത്തെ നിയോഗിച്ചത്. ആറു മെഡിക്കൽ ഓഫിസർമാരും 18 പാരാമെഡിക്കൽ ജീവനക്കാരുമുൾപ്പെടെ 40 പേരടങ്ങുന്ന സൈനിക സംഘം രാവിലെ എട്ടു മുതൽ രാത്രി എട്ടു വരെ ഇവിടെ പാർപ്പിച്ചിട്ടുള്ളരുടെ പരിചരണം നിർവഹിക്കും. രാത്രി ഡൽഹി സർക്കാരിനു കീഴിലുള്ള മെഡിക്കൽ സംഘത്തിനാകും ചുമതല. എന്നാൽ, സൈന്യത്തിന്റെ സംഘം ആശുപത്രിയിലുണ്ടാകും.

ഏറ്റെടുത്തത് തബ്‌ലീഗ് അംഗങ്ങളെ പാർപ്പിച്ചിട്ടുള്ള നരേല കേന്ദ്രം

നിസാമുദ്ദീൻ മർക്കസിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത 932 പേരാണ് നരേല കേന്ദ്രത്തിലുള്ളത്. ഇവരിൽ 250 പേർ വിദേശികളാണ്. 362 പർ രോഗബാധിതർ. സൈന്യത്തിന്റെ പ്രൊഫഷനൽ സമീപനം കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കുമെന്നു ഡൽഹി ആശുപത്രിയിലെ ഡോക്റ്റർമാർ. ഡൽഹി സർക്കാർ സംവിധാനങ്ങളുമായി ചേർന്നു പ്രവർത്തിക്കുമെന്നു സൈന്യം അറിയിച്ചു.

രാജ്യത്താകെ 15000ലേറെ രോഗബാധിതരിൽ 4000ലേറെ പേർ നിസാമുദ്ദീൻ സമ്മേളനത്തിൽ പങ്കെടുത്തവരാണ്. നരേലെ കേന്ദ്രത്തിൽ പാർപ്പിച്ചിട്ടുള്ള തബ്‌ലീഗ് അംഗങ്ങൾ ചികിത്സാ സംവിധാനത്തോട് പൂർണമായി സഹകരിക്കുന്നുണ്ടെന്നു സൈന്യം അറിയിച്ചു. നേരത്തേ, ഉത്തർപ്രദേശിലെ മീററ്റിലടക്കം ആശുപത്രികളിൽ തബ്‌ലീഗ് അംഗങ്ങൾ ജീവനക്കാരോട് മോശമായി പെരുമാറിയിരുന്നു. വനിതാ നഴ്സുമാർക്കു മുന്നിൽ വിവസ്ത്രരായി നടക്കുകയും അശ്ലീലം പറയുകയും കിടക്കയിലടക്കം തുപ്പുകയും ചെയ്തതിനെത്തുടർന്ന് ഇവരെ പാർപ്പിച്ചിരുന്ന കേന്ദ്രങ്ങളിൽ നിന്നു വനിത ജീവനക്കാരെ പിൻവലിച്ചിരുന്നു. നിരവധി പേർക്കെതിരേ ദേശസുരക്ഷാ നിയമപ്രകാരം കേസെടുക്കുകയും ചെയ്തു.

ഓൺലൈൻ മദ്യവ്യാപാരം: വ്യാജവാർത്തയിൽ കേസെടുത്തു

കൊച്ചി: കൺസ്യൂമർഫെഡിന്റെ എറണാകുളം ഗാന്ധിനഗറിൽ പ്രവർത്തിക്കുന്ന വിദേശമദ്യ ഷോപ്പിൽ നിന്ന് ഓൺലൈനായി മദ്യം ഹോം ഡെലിവറി നടത്തുമെന്നു സമൂഹമാധ്യമത്തിൽ നടക്കുന്ന വ്യാജ പ്രചരണത്തിൽ പൊലീസ് കേസെടുത്തു. കൺസ്യൂമർ ഫെഡിന്റെം പടം സഹിതമായിരുന്നു പോസ്റ്റ്. ഓൺലൈനായി പണം അടയ്ക്കാമെന്നും പോസ്റ്റിലുണ്ട്.

കൺസ്യൂമർഫെഡ് മാനെജിങ് ഡയറക്റ്ററുടെ പരാതിയിൽ കടവന്ത്ര പോലീസാണ് കേസെടുത്തത്. പരസ്യവുമായി തങ്ങൾക്കു ബന്ധമില്ലെന്നും വിദേശമദ്യം ഹോം ഡെലിവറി നടത്തുന്ന സംവിധാനം ആരംഭിച്ചിട്ടില്ലെന്നും പണാപഹരണം നടത്തുകയാണ് പ്രചരണത്തിനു പിന്നിലെ ഉദ്ദേശമെന്നും മാനെജിങ് ഡയറക്റ്റർ അറിയിച്ചു. വ്യാജപ്രചരണത്തിൽ വഞ്ചിതരായി പണം നഷ്ടപ്പെടാതിരിക്കാൻ ഉപഭോക്താക്കൾ ശ്രദ്ധിക്കണം. വ്യാജ വാർത്തയോടനുബന്ധിച്ച് നൽകിയിട്ടുള്ള ഫോൺ നമ്പർ കൺസ്യൂമർഫെഡിന്റെ ഔദ്യോഗിക നമ്പറോ സ്ഥാപനവുമായി ബന്ധപ്പെട്ടതോ അല്ല.

ലോക് ഡൗൺ മാറിയാലും ജാഗ്രത തുടരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ലോക് ഡൗൺ ഇളവു വരുത്തിയ സാഹചര്യത്തിലും എല്ലാവരും കൊവിഡ് 19നെ ഫലപ്രദമായി പ്രതിരോധിക്കാൻ ജാഗ്രത തുടരണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ. എല്ലാവരും ആരോഗ്യ വകുപ്പ് നൽകുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കണം.

പനി, ചുമ, തൊണ്ടവേദന തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർ ഒരു കാരണവശാലും പുറത്തിറങ്ങരുത്. പൊതുസ്ഥലത്തേക്കിറങ്ങുന്ന എല്ലാവരും മാസ്ക് ധരിക്കുന്നത് ഉത്തമമാണ്. രണ്ടുവ്യക്തികൾ തമ്മിൽ ഒരു മീറ്റർ സാമൂഹിക അകലം പാലിക്കണം. യാത്രയ്ക്കു മുമ്പും ശേഷവും കൈകൾ നന്നായി കഴുകണം. കൈകൾ കണ്ണിലോ മൂക്കിലോ വായിലോ സ്പർശിക്കരുത്.

വൈറസ് പ്രധാനമായും ശ്വാസകോശത്തേയാണ് ഗുരുതരമായി ബാധിക്കുന്നത്. അതിനാൽ മൂക്കിനും വായയ്ക്കും സംരക്ഷണം നൽകേണ്ടതുണ്ട്. അതിനാണ് മാസ്കുകൾ ഉപയോഗിക്കുന്നത്. തുണികൊണ്ടുള്ള മാസ്ക്, സർജിക്കൽ മാസ്ക്, ട്രിപ്പിൾ ലെയർ മാസ്ക്, എൻ. 95 മാസ്ക് എന്നിങ്ങനെ പലതരം മാസ്കുകളാണുള്ളത്. റിസ്ക് അനുസരിച്ചാണ് ഓരോ മാസ്കും തെരഞ്ഞെടുക്കേണ്ട്. ട്രിപ്പിൾ ലെയർ മാസ്ക്, എൻ. 95 മാസ്ക് എന്നിവ ആശുപത്രി അനുബന്ധ ജീവനക്കാർ മാത്രമേ ഉപയോഗിക്കേണ്ടതുള്ളൂ.

അൾട്രാ വയലറ്റ് അണുനാശിനിയൊരുക്കി നാവിക സേന

മട്ടാഞ്ചേരി: കൊറോണ രോഗപ്രതിരോധത്തിൽ അൾട്രാ വയലറ്റ് അണുനാശിനിയൊരുക്കി കൊച്ചി ദക്ഷിണ നാവിക കമാൻഡ്. കൊറോണ വൈറസ് രോഗഭീതിയിൽ വിവിധയിടങ്ങളും മുറികളും രോഗാണു മുക്തമാക്കുന്ന പുതിയ സംവിധാനമാണ് യുവി യൂണിറ്റ്.

ലോഹകവചത്തിൽ രണ്ട് അൾട്രാ വയലറ്റ് ബൾബുകളുമായുള്ളതാണ് യൂണിറ്റ്. ഇവ സ്ഥാപിക്കുന്ന മുറി സമ്പൂർണ അണുവിമുക്തമാക്കുന്നതോടൊപ്പം സുരക്ഷിത അന്തരീക്ഷമൊരുക്കുമെന്നതാണ് നേട്ടം. ദക്ഷിണ നാവിക കമാൻഡിന്റെ നേവൽ ഷിപ്പ് റിപ്പയർ യാർഡ് നിർമിച്ച യൂണിറ്റിന് 5,000 രൂപയാണ് ചെലവ്.

നോട്ടുകൾ, കാർഡുകൾ, കവറുകൾ, ഡയറി, മൊബൈൽ, പേനകൾ, ഫോണുകൾ, താക്കോലുകൾ, ഇതര സർജിക്കൽ ഉപകരണങ്ങൾ എന്നിവ അണുവിമുക്തമാക്കാൻ കഴിയുന്ന യൂണിറ്റാണിത്. മാർച്ച് 31ന് മുംബൈ ഐഐടിയിൽ അവതരിപ്പിച്ച പ്രബന്ധം അടിസ്ഥാനമാക്കിയാണ് ഈ അൾട്രാ വയലറ്റ് അണുനാശിനി യൂണിറ്റ് നിർമിച്ചത്.

കൊച്ചി നാവിക സേന യാർഡ് നിർമിച്ച അൾട്രാവയലറ്റ് അണുനാശിനി യൂണിറ്റ്.

ഇനി വരും, കരുതലുള്ള സമൂഹം

സന്ദീപ് ഭണ്ഡാരി

ഇതുപോലൊരു സാഹചര്യം എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. എനിക്ക് 55 വയസായി. പല പ്രതിസന്ധി സാഹചര്യങ്ങളിലൂടെയും കടന്നുപോയിട്ടുണ്ട്. അതിലൊന്ന് 1974ലാണ്. 1991ൽ ഔദ്യോഗിക ജീവിതം ആരംഭിച്ച ഞാൻ 1997ലെ ഏഷ്യൻ പ്രതിസന്ധി കാലത്ത് അതിന്റെ നടുവിലായി. പിന്നീട് സാഴ്സ് (അന്നു ഞാൻ സിംഗപ്പൂരിലാണ്), ഡോട്ട്കോം ബബിൾ, 2008ലെ ആഗോള മാന്ദ്യം, എച്ച്1 എൻ1... എന്നാൽ ആഗോളതലത്തിൽ കൊവിഡ് 19 സൃഷ്ടിക്കുന്ന ആഘാതത്തിനൊപ്പം വരില്ല ഇവയൊന്നും.

എന്തുകൊണ്ടാണത്?

1. ആഗോള സാമ്പത്തിക വ്യവസ്ഥയുടെ ഒരു ഭാഗത്തെ മാത്രം ബാധിച്ചതോ അല്ലെങ്കിൽ സാമ്പത്തിക പ്രതിസന്ധി മാത്രമോ ആയിരുന്നു അവ. ഇക്കുറി ആഗോള പ്രത്യാഘാതമാണുണ്ടാക്കുന്നത്. നൂറിലേറെ രാജ്യങ്ങളുടെ (വലിയവയടക്കം) യഥാർഥ ഇക്കോണമിയെ (വാണിജ്യം, വ്യവസായം, സേവനം, നിർമാണം) ഗുരുതരമായി ബാധിക്കുന്നു. ധനമേഖലയെ തകർക്കുന്നു (ഓഹരി വിപണികൾ തകരുകയാണ്). ഇതൊരു ധനകാര്യ പ്രതിസന്ധി മാത്രമല്ല. അതിനും മുകളിൽ ഒരു ഭീതി, അനിശ്ചിതത്വം... അത് ബിസിനസിന്റെ തുടർച്ചയ്ക്കുള്ള ആത്മവിശ്വാസത്തെ ബാധിക്കുന്നു.

2. മുൻപ് പ്രശ്നങ്ങളുണ്ടായപ്പോൾ- ഉദാഹരണത്തിന് 2008ലെ സാമ്പത്തിക പ്രതിസന്ധി- വളരെ ഉയർന്ന ഏകോപനത്തോടെ ശക്തമായി പ്രവർത്തിച്ചു. പക്ഷേ, ഇക്കുറി പതുക്കെയാണു തുടങ്ങിയത്, പക്ഷേ, അവസാനം ഊർജിതമായിട്ടുണ്ട്. ഏതായാലും കഴിഞ്ഞ പ്രതിസന്ധികാലത്ത് പ്രമുഖ സാമ്പത്തിക വ്യവസ്ഥകളുടെയൊക്കെ പലിശ നിരക്കുകൾ 5-7 ശതമാനം റേഞ്ചിലായിരുന്നു. 2008ൽ അത് രണ്ടു ശതമാനം റേഞ്ചിലേക്ക് കുത്തനെ കുറയ്ക്കാനായി. സാമ്പത്തിക വ്യവസ്ഥയിലും ജനങ്ങളുടെ പോക്കറ്റിലും അതിന്റെ പ്രതിഫലനമുണ്ടായി. ഇന്ന് ഈ ടൂൾ വളരെ ദുർബലമാണ്. ശരാശരി രണ്ടു ശതമാനം നിരക്കിൽ നിന്ന് കൂടുതലൊന്നും കുറയ്ക്കാനില്ലല്ലോ. നെഗറ്റീവ് നിരക്കുകളായാൽ നിക്ഷേപകരിലുണ്ടാക്കുന്ന പ്രത്യാഘാതം വലുതാണ്, പെൻഷൻകാരെ മറക്കാനാവില്ല. ഡിവിഡന്റ് കട്ടുകൾ അതിന്റെ ആശ്രയിച്ചുനിൽക്കുന്നവരെയും ബാധിക്കും.

3. 2008ലെ മാന്ദ്യത്തെത്തുടർന്നുള്ള ബെൽറ്റ് മുറുക്കലിന്റെ പ്രത്യാഘാതത്തിൽ നിന്നു പല സാമ്പത്തിക വ്യവസ്ഥകളും ഇനിയും മോചിതമായിട്ടില്ല. ഇപ്പോഴത്തെ ധനനയം ചെലവഴിക്കലുകളുടേതാണ്. എന്റെ ജീവിതകാലത്ത് മുൻപൊരിക്കലും സർക്കാരുകൾ ഇത്രയേറെ ചെലവഴിച്ചിട്ടില്ല. അതു വളരെ അത്യാവശ്യവും ശരിയായ തീരുമാനവുമാണ്. എന്നാൽ, വരും വർഷങ്ങളിലും ഏതെങ്കിലും തരത്തിലുള്ള ബെൽറ്റ് മുറുക്കലുകൾ വേണ്ടിവരും.

4. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം ശരിയായാലും തെറ്റായാലും നേതൃത്വത്തിനു ലോകം ഉറ്റുനോക്കിക്കൊണ്ടിരുന്നത് സമ്പന്ന രാജ്യമായ അമെരിക്കയിലേക്കാണ്. രാഷ്ട്രീയമായായാലും കേന്ദ്ര ബാങ്ക് നടപടികളിലായാലും അതു ബാധകം. ഒരുപരിധി വരെയെങ്കിലും ഇപ്പോൾ അതിന്റെ കുറവുണ്ട്. അതുകൊണ്ടുതന്നെ

പല രാജ്യങ്ങളുടെയും പല നടപടികളും തമ്മിലൊരു യോജിപ്പില്ല. ആത്മവിശ്വാസം പുനരെടുക്കാൻ വണ്ണം കൃത്യമായ ഏകോപനമില്ല. ഇതു സാധാരണ സമയവുമല്ല.

ഇന്നു കാണുന്നതിന്റെ പ്രത്യാഘാതങ്ങൾ

പാവപ്പെട്ടതും അവികസിതവുമായ രാജ്യങ്ങൾ കൂടുതൽ ഞെരുങ്ങും. അവരുടെ ഞെരുക്കം പുതിയ കാര്യമല്ലെങ്കിലും ദുഃഖകരമാണ്. ആഗോളതലത്തിൽ ദാരിദ്ര്യാവസ്ഥയ്ക്ക് പോസിറ്റീവ് മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴാണല്ലോ ഈ തകർച്ച. ഇപ്പോൾ നാം കാണുന്നത് വളരെ വലിയൊരു തിരിച്ചടിയാണ്. മാർക്കറ്റുകൾ തിരിച്ചുവരാൻ അഞ്ചിലേറെ വർഷമെടുത്തേക്കാം. ഇടത്തരക്കാരിൽ അതു വലിയ സാമ്പത്തിക പ്രത്യാഘാതമുണ്ടാക്കും. പെൻഷൻകാരുടെയും ജീവനക്കാരുടെയും വരുമാന വർധന സ്തംഭിക്കും. തൊഴിലിൽ അനിശ്ചിതത്വം കൂടുന്നത് യുവാക്കളെ സമ്മർദത്തിലാക്കും. ബാങ്കുകളും കോർപ്പറേറ്റുകളും രംഗത്തിറങ്ങേണ്ട സമയമാണിത്. പക്ഷേ, അവയ്ക്കും നേരിടാൻ നെഗറ്റീവ് ഘടകങ്ങളുണ്ട്.

എന്തിലൊക്കെ പ്രതീക്ഷ വയ്ക്കാം?

1. ജനങ്ങൾ തെരുവുകളിലേക്കു മടങ്ങിയെത്തുന്നതും സമൂഹങ്ങൾ ഒന്നിച്ചുചേരുന്നതും നമുക്കിനിയും കാണാനാവും. നമുക്കെല്ലാം ഭൂമിയോടു കരുതലുണ്ടാകും.

2. നിർഭാഗ്യവാന്മാരെ സഹായിക്കാൻ തയാറാവുന്ന, കൂടുതൽ കരുതലുള്ള ഒരു സമൂഹമുണ്ടാവാം. ഞാൻ എന്നതിനെക്കാൾ നമ്മൾ എന്നതിനു പ്രാമുഖ്യം കിട്ടാം.

3. അത്യാർത്തിയുടെയും താഴെത്തട്ടു മുതൽ മുകളിൽ വരെ പൊരുത്തമില്ലാത്ത ശമ്പള വ്യത്യാസങ്ങളുടേതുമായ സംസ്കാരത്തിന് അന്ത്യമാകാം. അത്യാവശ്യങ്ങൾക്ക് ജനങ്ങൾ കൂടുതൽ ശ്രദ്ധ നൽകുകയും ആഡംബരങ്ങൾക്കു പിന്നാലെ പോകുന്നതു കുറയുകയും ചെയ്യും. കുറച്ചാണെങ്കിൽ പോലും കഴിയുന്നത്ര ദീർഘകാലത്തേക്കു സമ്പാദിക്കാൻ നോക്കും.

4. ലാഭം മാത്രമല്ല ജീവനക്കാരെയും വിലമതിക്കുന്ന തൊഴിലുടമ സമൂഹങ്ങളുമായി യഥാർഥ ബന്ധം കെട്ടിപ്പടുക്കും. വാക്കുകളിൽ മാത്രമല്ലാതെ പ്രവൃത്തികളിലും നേതൃത്വം കാണിക്കുന്ന എക്സിക്യൂട്ടിവുകൾ റോൾ മോഡലുകളാവാൻ ശ്രമിക്കുകയും ദീർഘകാലാടിസ്ഥാനത്തിൽ ചിന്തിക്കുകയും ചെയ്യും.

5. കൂടുതൽ സഹിഷ്ണുതയുള്ള സമൂഹവും നേതൃത്വങ്ങളുടെ ആവിർഭാവവും ഉണ്ടാകാം. രാഷ്ട്രീയത്തിൽ രാജ്യതന്ത്രജ്ഞന്റെ ഉദയം ചില കേസുകളിൽ നിർണായകമാവും.

ആഗോളതലത്തിൽ അതിശയകരമായ ചില സംഭവങ്ങൾ നാം ഇപ്പോൾ കാണുന്നു. പ്രായമായവരെയും ഭവനരഹിതരെയും ദുർബലരെയും സഹായിക്കാൻ സമൂഹങ്ങൾ അണിനിരക്കുന്നു. കരുണയൊന്നും നശിച്ചിട്ടില്ലെന്നർഥം.

പക്ഷേ, എന്താണു തൂങ്ങിനിൽക്കുന്ന പേടി? പതിവു ജീവിതത്തിലേക്കുള്ള തിരിച്ചുവരവ്, ആഗോള മാന്ദ്യം. 1929ലെ യുഎസിലെ മാന്ദ്യത്തിലേക്കു ഞാനൊന്നു നോക്കി. ജനങ്ങളുടെ ജീവിതം, മരണം, ഭയം, ദാരിദ്ര്യം- പ്രത്യാഘാതം പാരമ്യത്തിലായിരുന്നു.

പഞ്ചാബ് നാഷണൽ ബാങ്ക് ഇന്റർനാഷണൽ ലിമിറ്റഡ് (പിഎൻബി ഐഎൽ- യുകെ) സ്വതന്ത്ര നോൺ എക്സിക്യൂട്ടിവ് ഡയറക്റ്ററാണ് ലേഖകൻ. ബോർഡിന്റെ റിസ്ക് കമ്മിറ്റി അധ്യക്ഷൻ. വടക്കൻ അയർലണ്ടിൽ ജനിച്ചു. ലണ്ടനിൽ താമസം.

അഹമ്മദാബാദിൽ വ്യാപക പരിശോധന, 1000 കടന്ന് രോഗബാധിതർ

അഹമ്മദാബാദ്: ഗുജറാത്തിൽ ഇന്നലെ കൊവിഡ് സ്ഥിരീകരിച്ചത് 228 പേർക്ക്. ഇതോടെ സംസ്ഥാനത്തെ മൊത്തം കൊവിഡ് രോഗികൾ 1604 ആയി ഉയർന്നു. അഞ്ചു പേർ കൂടി മരിച്ചതോടെ മൊത്തം മരണം 58 ആയി. പുതുതായി രോഗം സ്ഥിരീകരിച്ചവരിൽ 140 പേരും അഹമ്മദാബാദിലാണ്. ഇതോടെ ജില്ലയിലെ രോഗബാധിതർ 1002 ആയെന്ന് ആരോഗ്യ മന്ത്രാലയം പ്രിൻസിപ്പൽ സെക്രട്ടറി ജയന്തി രവി പറഞ്ഞു. അഹമ്മദാബാദിൽ മാത്രം രോഗം ബാധിച്ച് 29 പേർ ഇതുവരെ മരിച്ചിട്ടുണ്ട്. വ്യാപക പരിശോധന മൂലമാണ് അഹമ്മദാബാദിലെ രോഗികളുടെ എണ്ണത്തിൽ വർധനയുണ്ടാകുന്നതെന്ന് മുനിസിപ്പൽ കോർപ്പറേഷൻ കമ്മിഷണർ വിജയ് നെഹ്റ പറഞ്ഞു.

സൂറത്തിൽ 67 പുതിയ കേസുകൾ സ്ഥിരീകരിച്ചു. ഇതോടെ അവിടെ മൊത്തം രോഗികൾ 220 ആയിട്ടുണ്ട്. വഡോദരയിൽ മൊത്തം 166 പേർക്കാണു രോഗം. രാജ്കോട്ടിൽ മുപ്പത്തഞ്ചും ഭാവ്നഗറിൽ മുപ്പത്തിരണ്ടും പേർക്ക് ഇതുവരെ കൊവിഡ് സ്ഥിരീകരിച്ചു. ആനന്ദ്- 28, ബറൂച്ച്- 22, ഗാന്ധിനഗർ- 17, പത്താൻ- 15 വീതം രോഗികളുണ്ട്. വ്യാപക പരിശോധനയാണു സംസ്ഥാനത്തു നടക്കുന്നതെന്ന് സംസ്ഥാന സർക്കാരും പറയുന്നു. ഇതുവരെ 28,212 സാംപിളുകൾ പരിശോധിച്ചു. അഹമ്മദാബാദിൽ അതിസൂക്ഷ്മതയോടെയുള്ള നിരീക്ഷണവും പരിശോധനകളും നടക്കുന്നുവെന്ന് സർക്കാർ. ഇന്നലെ രോഗം സ്ഥിരീകരിച്ചവരിൽ നിരവധി പേർ രോഗലക്ഷണങ്ങളില്ലാത്തവരായിരുന്നു. അഹമ്മദാബാദ് മുനിസിപ്പൽ പ്രദേശത്തുനിന്നു തന്നെ 14,000 സാംപിളുകൾ പരിശോധിച്ചു. 80 ലക്ഷത്തോളം ആളുകളുള്ള നഗരത്തിലെ കൊവിഡ് ഹോട്ട്സ്പോട്ടുകളിൽ നിന്നാണ് ഏറെ സാംപിളുകളും പരിശോധിച്ചത്. ഡൽഹിയുമായി താരതമ്യം ചെയ്യുമ്പോൾ രണ്ടരയിരട്ടി സാംപിളുകൾ അഹമ്മദാബാദിൽ പരിശോധിച്ചുവെന്നാണ് മുനിസിപ്പൽ കോർപ്പറേഷൻ അവകാശപ്പെട്ടത്.

ഗുജറാത്തിൽ രോഗികളുടെ എണ്ണത്തിൽ കുതിപ്പ്

ക്ലസ്റ്റർ ഏരിയകളിൽ ആരോഗ്യ പ്രവർത്തകർ ചെക്കപ്പ് നടത്തുന്നു. സംശയമുള്ളവരുടെ സാംപിളുകൾ എടുക്കുന്നു. രോഗലക്ഷണം പുറത്തുകാണിക്കാത്തവരിലും രോഗം സ്ഥിരീകരിക്കാൻ ഇത് ഉപകരിക്കുന്നു. അതുകൊണ്ടു തന്നെ ഞങ്ങൾക്ക് അതിവേഗം കൊവിഡിനെ കീഴടക്കാനാവും- വിജയ് നെഹ്റ അവകാശപ്പെട്ടു. നഗരത്തിൽ 70 ശതമാനം കേസുകളും കണ്ടെത്തിയത് സജീവ നിരീക്ഷണ- പരിശോധനാ സ്ട്രാറ്റജി മൂലമാണെന്നും നെഹ്റ പറഞ്ഞു. മറ്റു നഗരങ്ങളും ഇതേ സ്ട്രാറ്റജി പിന്തുടരണമെന്നും അദ്ദേഹം. അസുഖബാധിതരായി ഡോക്റ്റർമാരെ സമീപിച്ചവർക്ക് കൊവിഡ് പരിശോധന നടത്തി രോഗം സ്ഥിരീകരിച്ച 203 കേസുകൾ നഗരത്തിലുണ്ടെന്നും നെഹ്റ. നഗരത്തിൽ ചികിത്സയിലുള്ള രോഗികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്മ തെറാപ്പി ആരംഭിക്കുകയാണെന്നും അദ്ദേഹം.

തൃശൂർ അശ്വിനി ആശുപത്രി സ്ഥാപകൻ ശങ്കരൻ നമ്പൂതിരി

തൃശൂർ: അശ്വിനി ആശുപത്രി സ്ഥാപകനും കുട്ടനെല്ലൂർ ഭഗവതി ക്ഷേത്രം മൂർക്കാട്ട് മൂപ്പീന്നും (ക്ഷേത്ര ഊരാളൻമാരിലെ ഏറ്റവും പ്രായം കൂടിയ ആൾ) ആയ ചെറുകുളങ്ങര ശങ്കരൻ നമ്പൂതിരി (95) ബാംഗ്ലൂരിൽ അന്തരിച്ചു.കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്റ്റർ, എസ്ബിഐ ഉദ്യോഗസ്ഥൻ, കുന്നംകുളം ഗവ. സ്കൂൾ അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രവത്തിച്ചിരുന്നു.നടത്തറ ലാൻഡ് മാർക്ക് റബർ പ്രൊഡക്റ്റ്സ് സ്ഥാപകൻ കൂടിയായിരുന്നു.നിരവധി വർഷം കുട്ടനെല്ലൂർ ഭഗവതി ക്ഷേത്രത്തിന്റെ ഭരണം നിർവ്വഹിച്ചിരുന്നു.
ഭാര്യ: കീഴ്മുണ്ടയൂർ മഹൾ ശ്രീദേവി അന്തർജനം. മക്കൾ:സി.എസ്.നാരായണൻ നമ്പൂതിരി, സി.എസ്. ശങ്കരൻ നമ്പൂതിരി, സി.എസ്. വല്ലഭൻ, സി.എസ്. കുഞ്ഞുകുട്ടൻ. മരുമക്കൾ: അഡ്വ.കെ.പി.വൃന്ദ, സന്ധ്യ വർമ്മ, സുനിത, നീതു. സഹോദരങ്ങൾ:പരേതനായ സി.എൻ. വല്ലഭൻ നമ്പൂതിരി, സി.എൻ നാരായണൻ, ഡോ.സി.എൻ പരമേശ്വരൻ, ഡോ.സി.എൻ രാമൻ ഡോ.സി.എൻ കൃഷ്ണൻ. സംസ്കാരം ബാംഗളൂരുവിൽ നടത്തി.

പത്മാവതി

മലയിൻകീഴ് : മലയിൻകീഴ് ശങ്കരവിലാസത്തിൽ പരേതനായ തങ്കപ്പൻ പണിക്കരുടെ ഭാര്യ പത്മാവതി (85) അന്തരിച്ചു. മക്കൾ : പി. ആനന്ദവല്ലി, പരേതയായ വാസന്തി, പി.ശൈലൺ, പി. ഉഷ, പി. ലത, പി. അജിതകുമാരി. മരുമക്കൾ: പി. വേലായുധൻ, പരേതനായ ചന്ദ്രൻ, കരുണാകരൻ, വിജയാനന്ദൻ, സുധാകരൻ, ബാബു.

ഒ.സുധാകരൻ

കറ്റാനം: കട്ടച്ചിറ തറമേൽ തറയിൽ ഒ.സുധാകരൻ (88) അന്തരിച്ചു. ഭാര്യ: ശാരദ.

കെ.കെ.സി. അബൂബക്കർ

കുന്ദമംഗലം: മർക്കസു സഖാഫത്തി സുന്നിയ്യയുടെ ദീർഘകാല ഓർഗനൈസർ പടനിലം കൊല്ലരു കണ്ടിയിൽ കെ.കെ.സി. അബൂബക്കർ (57) അന്തരിച്ചു. പിതാവ് പരേതനായ മാമുക്കോയ, മാതാവ് ഇബിച്ചാമിന. ഭാര്യ: സൗദ. മക്കൾ: പരേതയായ തസ്നി, റസ്നബിവി, സുമയ്യ ഫർവിൻ. മരുമക്കൾ: ജസീം പുത്തൂർ, അഹ്സൻ കരുവാരക്കുണ്ട് സഹോദരൻ. കെ.സി അബ്ദുസലാം (പടനിലം എൽ പി സ്ക്കൂൾ അധ്യാപകൻ). പടനിലം വെളുത്ത പറമ്പത്ത് ജമുഅത്ത്പള്ളി ഖബർ സ്ഥാനിൽ ഖബറടക്കം നടത്തി.

തോമസ്

പോട്ട: പോട്ട ചെറുകാനയിൽ വർഗീസ് മകൻ തോമസ് (69) ഇന്നലെ വെളുപ്പിന് മൂന്ന് മണിക്ക് അന്തരിച്ചു. സംസ്കാരം നടത്തി. മേലൂർ കിഴക്കിനേടത്ത് കുടുംബാംഗം വത്സയാണ് ഭാര്യ. മക്കൾ: അനീഷ്, ആശ. മരുമകൻ: ജോസിൻ.

ഷൈജ

നടത്തറ. മൂർക്കിനിക്കര തെക്കുട്ട് പാറക്കൽ ഗോവിന്ദൻകുട്ടിയുടെ ഭാര്യ ഷൈജ (37) അന്തരിച്ചു. നടത്തറ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റാണ്. മക്കൾ: സിദ്ധാർത്ഥ്, സഞ്ജു.

രാജൻ

മരട്: ടി.വി. ജംഗ്ഷനു സമീപം അയ്യനക്കേരി പറമ്പിൽ രാജൻ (73) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: സുഭദ്ര. മകൻ: റനീഷ്. മരുമകൾ: നിഷ.



മധുസൂദനൻ

പാറശാല: ചൂഴാൽ പിരാകോട് എസ്ഡിഎസ് നിവാസിൽ മധുസൂദനൻ (റിട്ട. വില്ലേജ് ഓഫീസർ- 69) അന്തരിച്ചു. ഭാര്യ: ജയകുമാരി. മക്കൾ: ആദർശ്, അഞ്ചു, ആര്യ. മരുമക്കൾ സുരേഷ്കുമാർ, സൂര്യ കൃഷ്ണ, ഹിരോഷ്.

പ്രേമ

വടകര: ചോമ്പാല വലിയപറമ്പത്ത് കുനിയിൽ പ്രേമ (62) അന്തരിച്ചു. ഭർത്താവ്: പരേതനായ സുരൻ. മക്കൾ: സനീഷ്, സവിത. മരുമക്കൾ: ശ്രീജില, മഹേഷ് (കൈനാട്ടി).

കുഞ്ഞില

ഒല്ലൂർ: തൈക്കാട്ടുശ്ശേരി മുക്കൻ ലൂയിസ് ഭാര്യ കുഞ്ഞില (92) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: ബേബി മുക്കൻ, ജെസ്സി, സിസ്റ്റർ ലത ലൂയിസ്, ജോസ് മുക്കൻ, ജോണി, സിസ്റ്റർ നിത ലൂയിസ്, ഫാ.ജോയ്മുക്കൻ, ലിനി. മരുമക്കൾ: സിസിലി,പരേതനായ സെബി കടവി, ജെന്നി, ജോസ്.

അലിയാരുകുഞ്ഞ്

കല്ലമ്പലം: പുതുശ്ശേരിമുക്ക് വണ്ടിത്തടം സജി മൻസിലിൽ അലിയാരുകുഞ്ഞ് (86) അന്തരിച്ചു. ഭാര്യ: സൈനബാബീവി. മക്കൾ: സലിം, നൗഷാദ്, ലൈല, റജില, സജി. മരുമക്കൾ: നദീറ, സിനി, ഷിഹാബുദ്ദീൻ, അബ്ദുൽലത്തീഫ്, ഹസീന.

ശിവശങ്കരപിള്ള

കൊട്ടാരക്കര: നെടുവത്തൂർ കുറുമ്പാലൂർ അനീഷ് നിവാസിൽ ശിവശങ്കരപിള്ള (68) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: രത്നമ്മ.

വിജയകുമാരി

നെയ്യാറ്റിൻകര: പെരുമ്പഴുതൂർ അയണിയറത്തല വി.വി സദനത്തിൽ വിജയകുമാരി (60) അന്തരിച്ചു. മക്കൾ: വിനോദ്, ബിനു, വിജിതകുമാരി. മരുമക്കൾ: രജനി, സോണിയ, സജീവ് (തദ്ദേശ ഭരണ വകുപ്പ് കണ്ണൂർ).

ചന്തുക്കുട്ടി

കാരപറമ്പ്: വൈശാഖിൽ ചന്തുക്കുട്ടി (85) (റിട്ട: കോർപ്പറേഷൻ സ്റ്റാഫ്) അന്തരിച്ചു. ഭാര്യ: പരേതയായ ശാരദ (റിട്ട: റവന്യു വകുപ്പ്) മക്കൾ: ബിജി (ക്യാനഡ), ബിജുല (സർവേ ഡയറക്റ്ററേറ്റ് സിവിൽ), ബിജു
മരുമക്കൾ: സലിം, അജിത് കുമാർ, ഷിമിത.

മറിയം ഹജ്ജുമ്മ

തേഞ്ഞിപ്പലം: പള്ളിക്കൽ പരേതനായ കുന്നുമ്മൽ മുസ ഹാജിയുടെ ഭാര്യ മറിയം ഹജ്ജുമ്മ (72) അന്തരിച്ചു. മക്കൾ: കെ. യൂസഫ് (ഇന്ത്യൻ എംബസി റിയാദ്) മുഹമ്മദ് ഷാ, അബ്ദുൽ നാസർ, അബ്ദുൽ നസീർ, അബ്ദുൽ കരീം. മരുമക്കൾ: ഖൗലത്ത്, റുഖിയ, ജസീന, ബുഷ്റ, ഷാക്കിറ, നുസ്റത്ത്.

ജമീലാബീവി

കല്ലമ്പലം: സിപിഎം ജില്ലാ കമ്മിറ്റിയംഗവും, ജില്ലാ പഞ്ചായത്ത് അംഗവുമായ അഡ്വ.എസ്. ഷാജഹാന്റെ മാതാവ് ജമീലാബീവി (84) അന്തരിച്ചു. മക്കൾ: ഷാജഹാൻ, ഷാനവാസ്, സുൽഫത്ത്, സീനത്ത്. മരുമക്കൾ: അനീസ, പരേതനായ ഷാജഹാൻ, നിസ, താഹ (ഇർഫാൻ ഓഡിറ്റോറിയം). നാവായിക്കുളം വലിയപള്ളി മുസ്ളിം ജമാഅത്ത് കബർസ്ഥാനിൽ ഖബറടക്കി.

ഇ.കെ. അഗസ്റ്റിൻ

ചേർത്തല: തങ്കി കിത്തോതറ വീട്ടിൽ ഇ.കെ. അഗസ്റ്റിൻ (79) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: ബർബര.
മക്കൾ: ജെസി, ജോസഫ്, ജോണി, ആന്റണി, ജോഷി. മരുമക്കൾ: ജോസി, എൽസി, ഷിനി, അമ്പിളി.

മണികണ്ഠൻ നായർ

വെള്ളറട: നിലമാമൂട് മണികണ്ഠവിലാസത്തിൽ മണികണ്ഠൻ നായർ (82) അന്തരിച്ചു. ഭാര്യ: എം. സതീഭായി. മക്കൾ: സുദർശന, ജലജ, ഗിരിജ, സുനിൽകുമാർ (ഖത്തർ). മരുമക്കൾ: എം. അശോക് കുമാർ (റിട്ട. കെഎസ്ആർടിസി), ഗിരീഷ്കുമാർ (ഫോറസ്റ്റ്), പ്രിയ, പരേതനായ എൻ. സന്തോഷ്കുമാർ.

ആന്റോ

ഒല്ലൂർ: എളംതുരുത്തി നടുപറമ്പിൽ പരേതനായ ഔസേപ്പിന്റ മകൻ ആന്റോ(53) അന്തരിച്ചു. അമ്മ: മേരി. ഭാര്യ: ആലീസ്. മക്കൾ: ലിന്റോ, ലിറ്റി. മരുമകൻ: റെസിൻ.

സുനിൽ

വലപ്പാട്: പുത്തൻപീടിക മുറ്റിച്ചൂർ റോഡ് സെന്ററിൽ താമസിച്ചിരുന്ന വടശ്ശേരി സുനിൽ (56) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഷിജി. മക്കൾ: നിവേദ്യ, നിൽദത്ത്. മരുമകൻ: കിരൺ.

വി.ജി. സുകുമാരൻ

മുഹമ്മ: പഞ്ചായത്ത് മൂന്നാം വാർഡിൽ പൂജവെളി ചെറുകാത്തറ വെളിവീട്ടിൽ വി.ജി. സുകുമാരൻ (90) അന്തരിച്ചു. ഭാര്യ: മഹിളാമണി. മക്കൾ: അശോകൻ, സത്യപ്പൻ, കനകമ്മ, രാജമ്മ, തിലകൻ, ഷാജി. മരുമക്കൾ: വത്സല, ലീന, മഹീധരൻ, കുഞ്ഞുമോൻ, മഞ്ജുള, മഞ്ജു.

കുട്ടപ്പൻ

കിളികൊല്ലൂർ:പാൽക്കുളങ്ങര കെപി നഗർ-83 ഷാജി മന്ദിരത്തിൽ കുട്ടപ്പൻ (87) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സത്യഭാമ. മക്കൾ: നാഗരാജൻ, ഷീബ, ഷാജി, ഷനു.

ശാരദാമ്മ

വെള്ളറട: മുള്ളിലവുവിള ഉളിക്കോട് ഭദ്രയിൽ പരേതനായ ചെല്ലപ്പൻപിള്ളയുടെ ഭാര്യ ശാരദാമ്മ (82) അന്തരിച്ചു. മക്കൾ: വിജയകുമാർ, ചന്ദ്രകുമാരി. മരുമക്കൾ: സജിത, രാമചന്ദ്രൻ.

സുധൻ

പോത്തൻകോട്: അരിയോട്ടുകോണം, പട്ടാരിയിൽ, സുജാ ഭവനിൽ സുധൻ (60) അന്തരിച്ചു. ഭാര്യ: വസന്ത. മക്കൾ: സുജ, സുബിൻ. മരുമകൾ: ധന്യ.



ശ്രീധരൻ

പൂവത്തൂർ: നമ്പിയത്ത് ശ്രീധരൻ (84) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: രുഗ്മണി. മക്കൾ: പ്രദീപ്, പ്രമോദ്, ലതിക. മരുമക്കൾ: ജൂബി, രഞ്ജിമ, ഉണ്ണി.

ശിവശങ്കരപിള്ള

വെള്ളറട: ചെറിയ കൊല്ല വീണാ ഭവനിൽ ശിവശങ്കരപിള്ള (62) അന്തരിച്ചു. ഭാര്യ: ജയകുമാരി. മക്കൾ: വിഷ്ണുശങ്കർ, വീണാ ശങ്കർ. മരുമക്കൾ: ഇന്ദുജ, മണികണ്ഠൻ.

വിക്രമൻനായർ

വെള്ളറട: കുന്നത്തുകാൽ നെല്ലിക്കര പുത്തെൻവീട്ടിൽ ആധാരം എഴുത്തുകാരൻ വിക്രമൻ നായർ (66) അന്തരിച്ചു. ഭാര്യ: ശാന്തകുമാരിയമ്മ. മക്കൾ: സുചിത്ര, സുരേഷ്. മരുമക്കൾ: ജയൻ. ജിനു.



കെ. ഗണേഷ്കുമാർ

വെള്ളറട: പൂഴനാട് ഇടയില കടമ്പറ മകയിരത്തിൽ കരുണാകരൻ നായരുടെയും പരേതയായ മേധാവി അമ്മയുടെയും മകൻ കെ. ഗണേഷ്കുമാർ (വേലപ്പൻ 49) അന്തരിച്ചു. ഭാര്യ: അമ്പിളി. മക്കൾ: ഹരിഷ്മ, രാഹുൽ. മരുമകൻ: ശരത്കുമാർ.

മുഹമ്മദ് മുസ്തഫ

പെരുമാതുറ: പെരുമാതുറ, വാറുവിളാകം, തെരുവിൽ വീട്ടിൽ ദാവൂദിന്റെ മകൻ മുഹമ്മദ് മുസ്തഫ (85) അന്തരിച്ചു. പെരുമാതുറ സെൻട്രൽ ജുമാമസ്ജിദ് ഖബർ സ്ഥാനിൽ കബറടക്കി. ഭാര്യ: പരേതയായ റസിയ ബീവി. മക്കൾ: നാസിമുദ്ധീൻ (പരേതൻ), ജുബൈരിയ, മാജിലത്ത്, മൈമൂനത്ത്, റജുല, അബ്സത്ത്, നാദിർഷ, ജിൽഷാദ്. മരുമക്കൾ: ഖദീജ, സലീം, ഷിഹാബ് (പരേതൻ), അബ്ദുസമദ്, നാസർ, സുൽഫി, സുലൈഹ ബീവി, സുലൈഹ.

ഗിരിജാമണി അമ്മ

ഇരിങ്ങാലക്കുട: നടവരമ്പ് മുല്ലോത്ത് വേലായുധൻ മേനോൻ ഭാര്യ ഗിരിജാമണി അമ്മ (87) അന്തരിച്ചു. മക്കൾ: ലളിതാംബിക, പത്മ, ശ്യാം (മുല്ലോത്ത് സിൽക്സ് & സാരീസ്), ശ്യാമള. മരുമക്കൾ: പ്രസാദ്, ഡോ.മദൻ മോഹൻ, ബിനില, ജയപ്രകാശ്. സംസ്കാരം നടത്തി

വാസു

പെരുവല്ലൂർ: കോട്ടപ്പാടം എങ്ങടിവീട്ടിൽ വാസു (63) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ജാനകി. മക്കൾ: വിജീഷ്, ഷൈനി, സനൂപ്. മരുമക്കൾ: സജിത, ഗിരീഷ്, ഷേഹ.



ഡി.ജോൺ തങ്കരാജ്

വെള്ളറട: പെരുങ്കടവിള പുലിക്കോട്ടുകോണം വീട്ടിൽ ഡി.ജോൺ തങ്കരാജ് (റിട്ട.ഹെഡ്മാസ്റ്റർ 96) അന്തരിച്ചു. ഭാര്യ: പരേതയായ ലിസി. മക്കൾ: ക്രിസ്റ്റാബെൽ, സാംരാജ് (സുവിശേഷ പ്രവർത്തകൻ). മരുമകൾ: നിഷ.

സരോജിനി

തലശേരി: പള്ളൂർ തുണ്ടിയിൽ ഹൗസിൽ പരേതനായ കുഞ്ഞിക്കണ്ണന്റെ മകൾ സരോജിനി (65) അന്തരിച്ചു. സഹോദരങ്ങൾ: രാജി (മാടപ്പീടിക), ചന്ദ്രിക (ചൊക്ലി), രാഘവൻ, നാരായണൻ, പത്മനാഭൻ.

ആനി

മരട്: നിരവത്ത് റോഡ് തെക്കുംപുറത്ത് വീട്ടിൽ പരേതനായ ടി.പി. തോമസിന്റെ ഭാര്യ ആനി (മൂത്തേടത്ത് പറമ്പിൽ നെടുനിലത്ത് കുടുംബാംഗം) (81) അന്തരിച്ചു. സംസ്കാരംനടത്തി. സഹോദരങ്ങൾ: പരേതനായ എഡ്വിൻ, ക്ലിഫോർഡ്, ടോമി.

വിജയലക്ഷ്മി

അമ്പലക്കര: തച്ചന്റഴികത്ത് പി.യശോധരന്റെ ഭാര്യ വിജയലക്ഷ്മി (73) അന്തരിച്ചു.

എൻ. ഗോപിനാഥൻ ഉണ്ണിത്താൻ

കല്ലമ്പലം: ചേന്നൻകോട് നെല്ലിക്കോട് കടയിൽ വീട്ടിൽ എൻ.ഗോപിനാഥൻ ഉണ്ണിത്താൻ (85) അന്തരിച്ചു. ഭാര്യ: ശാന്ത. മക്കൾ: ഷീല, ഷീബ, ഷാജി, ഷീജ. മരുമക്കൾ : പ്രേമൻ, തുളസി, ബിന്ദു, ചന്ദ്രബാബു.

രാധാമണിയമ്മ

ചേർത്തല: തണ്ണീർമുക്കം പഞ്ചായത്ത്, 21-ാം വാർഡ് കൊക്കോതമംഗലം ചിറയിൽ വീട്ടിൽ കൃഷ്ണൻകുട്ടി നായരുടെ ഭാര്യ രാധാമണിയമ്മ (84) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: വിജയകുമാരി, ഇന്ദിരാദേവി
(അദ്ധ്യാപിക, വിശ്വദീപ്തി വിദ്യാലയ, ചിറയം). മരുമകൻ: മോഹൻ കുമാർ.



നാരായണൻ

ചിറയ്ക്കൽ: ഹെർബർട്ട് കനാലിന് സമീപം ഒറ്റാലി നാരായണൻ (78) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പത്മിനി. മക്കൾ: കൃഷ്ണകുമാർ, ലത, ഷീബ, ബിന്ദു, പരേതനായ രാജൻ. മരുമക്കൾ: മിനി, ശ്രീദേവി, ഷൺമുഖൻ, മോഹനൻ, രമേഷ്.

ഹാജിറാ ബീവി

കല്ലമ്പലം : മടവൂർ നൗഷാദ് മൻസിലിൽ മുഹമ്മദ് ഹനീഫയുടെ ഭാര്യ ഹാജിറാ ബീവി (62) അന്തരിച്ചു. മക്കൾ: നൗഷാദ്, റാഷിദ്, റസാക്ക്. മരുമക്കൾ: സജിന, ഷൈന, സുമിന. മടവൂർ ജുമാ മസ്ജിദിൽ ഖബറടക്കി.

ഫ്രാൻസീസ്

ചാഴൂർ: തട്ടിൽ ഔസേപ്പ് മകൻ ഫ്രാൻസീസ് (49) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 8 ന് ചാഴൂർ സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ. ഭാര്യ: ഷൈജി. മകൾ: സൗമ്യ.

പാലക്കൽ കോയട്ടി

കോഴിക്കോട്: പാലക്കൽ കോയട്ടി(68 റിട്ടേർഡ് മിൽമ) നടുവട്ടം തോണിച്ചിറ റോഡിൽ ബർജീസ് വീട്ടിൽ അന്തരിച്ചു.
ഭാര്യ: മാനാംകുളം റംല. മകൾ: ബ്രോസില (ഖുബ സ്കൂൾ ടീച്ചർ). മരുമകൻ: പുതിയപുരയിൽ ഇല്യാസ് ബക്കർ (ബക്കേഴ്സ് ഡിസൈൻ,കല്ലായ്) സഹോദരങ്ങൾ: കദീശബി, ജമീല, സുഹറാബി, പരേതരായ അഹമദ് കോയ (ആമു) ആലിക്കോയ, കാദിരികോയ, ഉസ്മാൻകോയ, അൻവർ, ബിച്ചിബി, ആയിശബി, സൈനബി. ഖബറടക്കം മാത്തോട്ടം ഖബർസ്ഥാനിൽ നടന്നു.

പശുവിന്റെ കുത്തേറ്റ് ഒന്നര വയസുകാരിക്ക് ദാരുണാന്ത്യം

സൈറ

പാറശ്ശാല: പശുവിന്റെ കുത്തേറ്റ് ഒന്നര വയസുകാരിക്ക് ദാരുണാന്ത്യം. അയിര വെളിയംകോട്ടുകോണം മേക്കെത്തട്ടു വീട്ടിൽ രാജേഷ് ഷൈനി - ദമ്പതികളുടെ മകൾ സൈറ (ഒന്നര വയസ്)യാണ് മരിച്ചത്. സമീപത്തെ ബന്ധുവിന്റെ വീട്ടിൽ വച്ച് ഇന്നലെ ഉച്ചയോടെയായിരുന്നു സംഭവം. വീട്ടിനു മുന്നിൽ കെട്ടിയിട്ടിരിക്കുകയായിരുന്ന പശു സൈറയെ ഇടിച്ചു വീഴ്ത്തുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഗുരുതര പരുക്കേറ്റ സൈറയെ വീട്ടുകാർ ഉടൻ തന്നെ പാറശ്ശാല സർക്കാർ താലൂക്ക് ആശുപത്രിയിലും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലും എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മെഡിക്കൽ കോളെജ് മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം ഇന്ന് പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾ ഏറ്റുവാങ്ങും.

ജനറൽ വാർത്തകൾ

വെടിയുണ്ട ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി; പൊലീസിന്റെ തോക്കിൽ ഉപയോഗിക്കുന്നതാണെന്ന് സ്ഥിരീകരിച്ചു

തിരുവനന്തപുരം: നേമത്തിന് സമീപം കരുമത്ത് റോഡരികിൽ വെടിയുണ്ട ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. വെടിയുണ്ട പൊലീസിന്റെ തോക്കിൽ ഉപയോഗിക്കുന്നതാണെന്ന് സ്ഥിരീകരിച്ചു. സംഭവത്തിൽ നേമം പൊലീസ് അന്വേഷണം ആരംഭിച്ചു. പൊലീസ് ഉപയോഗിക്കുന്ന 303 റൈഫിൾ വിഭാഗത്തിൽപ്പെടുന്ന തോക്കിൽ ഉപയോഗിക്കുന്ന വെടിയുണ്ട ആണിതെന്നാണ് പ്രാഥമിക നിഗമനം. ഇന്നലെ രാവിലെ ഒമ്പത് മണിയോടെയാണ് കാരക്കാമണ്ഡപം റോഡിൽ വഴിയരികിൽ കിടന്ന വെടിയുണ്ട നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്. ഉടൻ തന്നെ പൊലീസിനെ വിവരമറിയിക്കുകയായിരുന്നു.

ഉപയോഗിച്ച വെടിയുണ്ട അല്ല ഇതെന്ന് പൊലീസ് വ്യക്തമാക്കി. വെടിയുണ്ട എങ്ങനെ എത്തിയെന്ന കാര്യത്തിൽ സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെ പരിശോധിച്ച് സമഗ്ര അന്വേഷണം നടത്തുമെന്നും പൊലീസ്. അതേസമയം പൊലീസിന്റെ തോക്കിൽ ഉപയോഗിക്കുന്ന വെടിയുണ്ട എങ്ങനെ വഴിയരികിലെത്തിയെന്നതാണ് പൊലീസിനെ കുഴപ്പിക്കുന്ന ചോദ്യം. എആർ ക്യാമ്പിൽ വെടിയുണ്ട നഷ്ടപ്പെട്ട സംഭവത്തിൽ അന്വേഷണം തുടരുന്ന സാഹചര്യത്തിലാണ് തിരുവനന്തപുരത്ത് നിന്ന് വെടിയുണ്ട കണ്ടെത്തിരിക്കുന്നത്. കൊല്ലം കുളത്തൂർപ്പുഴയിൽ നിന്ന് ഉപേക്ഷിക്കപ്പെട്ട നിലയിൽ വെടിയുണ്ട കണ്ടെത്തിയ സംഭവത്തിലും അന്വേഷണം തുടരുകയാണ്.

ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത

തിരുവനന്തപുരം: 19,22,24 തീയ്യതികളിൽ കേരളത്തിൽ ചിലയിടങ്ങളിൽ ഇടിയോട് കൂടിയ മഴക്കും മണിക്കൂറിൽ 30 മുതൽ 40 കിമി വേഗതയിൽ ശക്തമായ കാറ്റിനും 20 ,21 തീയ്യതികളിൽ മിന്നലിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

കേരളത്തിൽ ഇപ്പോൾ ലഭിക്കുന്ന മഴയോടനുബന്ധിച്ച് ഉച്ചക്ക് 2 മുതൽ രാത്രി 10 മണിവരെയുള്ള സമയത്ത് ഇടിമിന്നലിനുള്ള സാധ്യത ഉണ്ട് (ചില സമയങ്ങളിൽ രാത്രി വകൈിയും ഇത് തുടർന്നേക്കാം). ഇത്തരം ഇടിമിന്നൽ അപകടകാരികൾ ആണ്.

അവ മനുഷ്യ ജീവനും വൈദ്യുത ചാലകങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള വീട്ടുപകരണങ്ങൾക്കും വലിയ നാശനഷ്ടം സൃഷ്ടിക്കുന്നുണ്ട്. കേരള തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ലെന്നും അധികൃതർ.

വിലകുറച്ചു വൈദ്യുതി നൽകാമെന്ന് കെഎസ്ഇബിയോട്
കായംകുളം താപവൈദ്യുത നിലയം

ഹരിപ്പാട്: സ്ഥിരം വിലയുടെ കാര്യത്തിൽ എൻടിപിസിയും (കായംകുളം താപ വൈദ്യുത നിലയം)കെഎസ്ഇബിയും തമ്മിലുള്ള പ്രശ്നത്തിനു പരിഹാരമാകുന്നു. എൻടിപിസിയുടെ വൈദ്യുതി വില കൂടുതലായതിനാൽ ചില അടിയന്തര ഘട്ടത്തിൽ അല്ലാതെ സംസ്ഥാനം ഇവിടെ നിന്നും വൈദ്യുതി വാങ്ങിയിരുന്നില്ല. കൊറോണയുടെ പശ്ചാത്തലത്തിൽ പെട്രോളിയം ഉത്പന്നങ്ങളുടെ വില കുത്തനെ കുറഞ്ഞത് നാഫ്തയുടെ അന്താരാഷ്ട്ര വിലയേയും ബാധിച്ചു. ഇതോടെകായംകുളം താപനിലയത്തിൽ യൂണിറ്റിന് 2.94 രൂപയ്ക്ക് വൈദ്യുതി ഉത്പാദിപ്പിക്കാമെന്ന് എൻടിപിസി ബോർഡിനെ അറിയിക്കുകയായിരുന്നു.

വൈദ്യുതി യൂണിറ്റിന് 15 രൂപ വരെ എത്തിയതിനാൽ അഞ്ചുവർഷത്തിലധികമായി കായംകുളത്തു നിന്നുള്ള വൈദ്യുതി കെഎസ്ഇബി വാങ്ങിയിരുന്നില്ല. ഇതേത്തുടർന്ന് അടച്ചിട്ടിരിക്കുന്ന നിലയം വീണ്ടും ഉപയോഗപ്പെടുത്താനുള്ള വഴിയാണ് തെളിയുന്നത്. വിലക്കുറവിനെപ്പറ്റി എൻടിപിസി അധികൃതർ കെഎസ്ഇബിയെ അറിയിച്ചിട്ടുണ്ട്. നിലവിൽ മെട്രിക് ടണ്ണിന് 12,325 രൂപയാണ് നാഫ്ത വില. 2004-നുശേഷം വില ഈ നിലവാരത്തിലെത്തുന്നത് ആദ്യമാണ്. 2014-ൽ 76,000 രൂപയായിരുന്നു മെട്രിക് ടണ്ണിന്റെ വില. അന്ന് കായംകുളം വൈദ്യുതിയുടെ വില യൂണിറ്റിന് 15 രൂപയ്ക്കടുത്തായിരുന്നു. ഈ ഘട്ടത്തിലാണ് കെഎസ്ഇബി കായംകുളം വൈദ്യുതി വാങ്ങേണ്ടതില്ലെന്ന് തീരുമാനിച്ചത്.

അടച്ചിടലിനെത്തുടർന്ന് സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗത്തിൽ 30 ശതമാനത്തിലധികം കുറവുണ്ട്. ഇതിന് അനുപാതികമായി സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ അളവും കുറച്ചിട്ടുണ്ട്. എങ്കിലും, ഇപ്പോഴും നാലുരൂപയ്ക്കടുത്ത് വിലയിൽ വൈദ്യുതി സംസ്ഥാനം വാങ്ങുന്നുണ്ട്. കായംകുളം നിലയം ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ വൈദ്യുതി വിലയിലെ കുറവിനൊപ്പം പ്രസരണനഷ്ടവും കുറയ്ക്കാം. വീലിങ് ചാർജ് (വൈദ്യുതിലൈൻ ഉപയോഗിക്കുന്നതിനുള്ള കൂലി) ഇനത്തിൽ വലിയ ലാഭമുണ്ടാകുമെന്ന മെച്ചവുമുണ്ട്.

നാഫ്തയുടെ വിലയിലെ കുറവ് താപവൈദ്യുതിയുടെ വില സൗരനിലയങ്ങളേക്കാൾ താഴെയെത്തിച്ചിരിക്കുകയാണ്. രാജ്യത്ത് സൗരവൈദ്യുതിയുടെ ശരാശരി വില യൂണിറ്റിന് മൂന്നുരൂപയാണ്. കായംകുളം താപനിലയത്തിന് അനുബന്ധമായി സ്ഥാപിക്കുന്ന 92 മെഗാവാട്ട് സൗരനിലയത്തിൽനിന്ന് 3.16 രൂപയ്ക്ക് വൈദ്യുതി വാങ്ങാനാണ് കെഎസ്ഇബി കരാറായിരിക്കുന്നത്. നാഫ്തയുടെ ഇപ്പോഴത്തെ അന്താരാഷ്ട്രവില പരിഗണിച്ചാൽ കായംകുളം താപനിലയത്തിൽനിന്ന് യൂണിറ്റിന് 2.94 രൂപയ്ക്ക് വൈദ്യുതി ഉത്പാദിപ്പിക്കാം. കായംകുളത്ത് നാഫ്ത അധിഷ്ഠിത താപനിലയം സ്ഥാപിക്കാൻ 1998-ലാണ് ധാരണയായത്. അന്ന് നാഫ്തയുടെ അന്താരാഷ്ട്ര വില മെടിക് ടണ്ണിന് ആറായിരം രൂപയായിരുന്നു. അതനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ വില 1.2 രൂപയാണ് കണക്കാക്കിയിരുന്നത്. എന്നാൽ, 1999 ഡിസംബറിൽ പദ്ധതി കമ്മിഷൻ ചെയ്തപ്പോഴേക്കും നാഫ്തവില ഉയർന്നു. അപ്പോഴേക്കും വില രണ്ടുരൂപയിലധികമായി. പിന്നീട് പല ഘട്ടങ്ങളിലായി ഇന്ധനവില കൂടിയാണ് ഒരു യൂണിറ്റിന് 15 രൂപവരെ എത്തിയത്.

ഇപ്പോൾ വൈദ്യുതിയുടെ ആവശ്യം കുറവായതിനാലും ആവശ്യമെങ്കിൽ രണ്ടു രൂപയിൽ താഴെയുള്ള വില ക്ക്

വൈദ്യുതി ലഭിക്കാൻ സാധ്യതയുള്ള തിനാലും എൻടിപിസിയുടെ ആവശ്യം വിശദമായി പഠിച്ച ശേഷമെ ബോർഡ് തീരുമാനമെടുക്കുകയുള്ളു എന്നാണറിവ്.

ചെറിയ ബോട്ടുകൾക്ക് ഇന്ന് മുതൽ കടലിൽ പോകാം: മേഴ്സിക്കുട്ടിയമ്മ

തിരുവനന്തപുരം: കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിയന്ത്രണങ്ങളിൽ നിന്നും മത്സ്യബന്ധന മേഖലയിൽ ഭാഗികമായ ഇളവുകൾ നൽകുമെന്ന് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ അറിയിച്ചു. ഇന്ന് മുതൽ മുതൽ ചെറിയ ബോട്ടുകൾക്ക് കടലിൽ പോകാൻ അനുമതി നൽകും. 25 എച്ച് പി വരെയുള്ള എൻജിനുകൾ ഉപയോഗിക്കുന്ന വള്ളങ്ങൾക്കും 32 അടിയിൽ താഴെ നീളവുമുള്ള ബോട്ടുകൾക്കുമാണ് ആദ്യ ഘട്ടത്തിൽ മത്സ്യബന്ധനത്തിനുള്ള അനുമതി നൽകുക.

> 25 എച്ച് പി വരെയുള്ള എൻജിനുകൾ ഉപയോഗിക്കുന്ന വള്ളങ്ങൾക്കും 32 അടിയിൽ താഴെ നീളവുമുള്ള ബോട്ടുകൾക്കുമാണ് ആദ്യഘട്ടത്തിൽ മത്സ്യബന്ധനത്തിനുള്ള അനുമതി നൽകുക.

ലേലം ഒഴിവാക്കിയ സാഹചര്യത്തിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ നിശ്ചയിക്കുന്ന അടിസ്ഥാന വിലയിൽ മത്സ്യം തൂക്കി വില്ക്കുന്ന നടപടി തുടരും. മത്സ്യം വാങ്ങാൻ എത്തുന്ന വാഹനങ്ങൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. കൂടാതെ മത്സ്യബന്ധനത്തിനായി പോകുന്ന പോകുന്ന ബോട്ടുകൾ ഫിഷറീസ് വകുപ്പിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതുമാണ്. തലച്ചുമടായി വില്പ്പന നടത്തുന്ന സ്ത്രീകൾക്ക് മത്സ്യം ലഭിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സാമൂഹ്യ അകലം പാലിച്ച്കൊണ്ടും മത്സ്യബന്ധനം നടത്തുന്നതിന് എല്ലാ സൗകര്യവും ഒരുക്കുമെന്ന് മന്ത്രി പറഞ്ഞു.

നൃത്തച്ചുവടുകളുമായി ശോഭന

രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന ഈ സമയത്ത് സർക്കാരും ആരോഗ്യ പ്രവർത്തകരും പറയുന്നതനുസരിച്ച് ജാഗ്രതയോടെ വീട്ടിൽ ഇരിക്കുക എന്നതാണ് ലോകത്തിനായി നമുക്ക് ചെയ്യാവുന്ന ഏറ്റവും വലിയ കാര്യം. എന്നാൽ ഈ വീട്ടിലിരിപ്പ് നീണ്ടു പോകുന്നത് പലർക്കും വലിയ ബോറടിയായി തുടങ്ങി. ഈ അവസരത്തിലാണ് ബോറടി മാറ്റി ദിവസങ്ങളെ കൂടുതൽ ക്രിയാത്മകമാക്കുക എന്ന സന്ദേശവുമായാണ് നർത്തകിയും അഭിനേത്രിയുമായ ശോഭന പുതിയ നൃത്താവിഷ്കാരവുമായി രംഗത്തെത്തിയിരിക്കുന്നത്.

ശോഭനയ്ക്കൊപ്പം തന്റെ നൃത്ത വിദ്യാലയമായ കലാർപ്പണയിലെ വിദ്യാർഥികളും അണിചേരുന്നു. ശോഭനയോടൊപ്പം കലാർപണയിലെ വിദ്യാർഥികൾ അവരുടെ വീടുകളിൽ നിന്നും സാധാരണ മൊബൈൽഫോൺ ക്യാമറ ഉപയോഗിച്ചാണ് നൃത്തം ചിത്രീകരിച്ചിരിക്കുന്നത്.

വീട്ടിൽ ഇരുന്നുകൊണ്ട് നൃത്തം അഭ്യസിക്കാം തുടങ്ങി ലോക്ക്ഡൗൺ കാലയളവ് കൂടുതൽ ഫലപ്രദമാക്കണമെന്ന് ശോഭന തന്നെ നൃത്തരൂപത്തിലൂടെ കാണിച്ചു തരുന്നു.

വലിയ ഇടവേളയ്ക്ക് ശേഷം സത്യൻ അന്തിക്കാടിന്റെ മകൻ അനൂപ് സത്യൻ സംവിധാനം ചെയ്ത വരനെ ആവശ്യമുണ്ട് എന്ന ചിത്രത്തിലൂടെയാണ് ശോഭന അഭിനയ രംഗത്തേക്ക് മടങ്ങിയെത്തിയത്.

സുരേഷ് ഗോപി നായകനായ ചിത്രത്തിൽ ദുൽഖർ സൽമാൻ, കല്യാണി പ്രിയർദർശൻ, കെപിഎസി ലളിത എന്നിവരും പ്രധാന വേഷങ്ങളിൽ എത്തിയിരുന്നു.

'എന്റെ ഹീറോ' രാം ചരണനെ കുറിച്ച് ഉപാസന

തെന്നിന്ത്യയിൽ നിറയെ ആരാധകരുള്ള താരമാണ് രാം ചരൺ. ഇപ്പോഴിത രാം ചരൺ തേജയുടെ ലോക്ക് ഡൗൺ കാലത്തെ കുറിച്ച് ഭാര്യ ഉപാസനയുടെ കുറിപ്പ് സോഷ്യൽ മീഡിയയിൽ വൈറലാവുകയാണ്, ഭർത്താവിന്റെ പാചക പരീക്ഷണത്തെ കുറിച്ച് തന്നെയാണ് ഉപാസനക്കും പറയാനുള്ളത്.

അടുക്കള പണി സ്വയം ഏറ്റെടുത്തിരിക്കുകയാണ് താരം. രാം ചരണിന്റെ കിച്ചൺ ഭരണത്തെ കുറിച്ച് ഉപാസന പറയുന്നത് ഇങ്ങനെയാണ്.

'അദ്ദേഹം പാചകം ചെയ്യുക മാത്രമല്ല അതുകഴിഞ്ഞ് അടുക്കള വൃത്തിയാക്കുകയും ചെയ്തു. അതാണ് അദ്ദേഹത്തെ എന്റെ ഹീറോ ആക്കുന്നതും' എന്നാണ് ടിറ്ററിൽ വിഡിയോ പങ്കുവെച്ച് ഉപാസന കുറിച്ചിരിക്കുന്നത്. ലോക്ക് ഡൗൺ കാലം താരങ്ങളുടെ അടുക്കള കാലം കൂടിയാണ്.

ഇത്രയും കാലം അടുക്കള കാണാത്ത പല ഭർത്താക്കന്മാരും ഇപ്പോൾ അടുക്കള കൈയേറിക്കഴിഞ്ഞു. അങ്ങനെ ഭാര്യമാരെ കിടിലൻ റെസിപ്പികളുമായി ഞെട്ടിപ്പിക്കുന്ന ഭർത്താക്കന്മാരും ഇക്കൂട്ടത്തിലുണ്ട്.

അഭിനയം മാത്രമല്ല പാചകം തങ്ങളെ കൊണ്ട് നിസ്സാരമായി കഴിയുമെന്ന് തെളിയിച്ചിരിക്കുകയാണ് ഇവർ. ഇതിനും മുൻപ് ബോളിവുഡ് താരം ഷാഹിദ് കപൂർ ഭാര്യയ്ക്ക് വേണ്ടി ഭക്ഷണം ഉണ്ടാക്കി നൽകിയത് വാർത്തകളിൽ ഇടം പിടിച്ചിരുന്നു. മിറ തന്നെയായിരുന്നു ഇത് പങ്കുവെച്ചതും.

പരസ്യങ്ങളിൽ താരമായി മാളവിക

അഭിനയരംഗത്തേക്ക് കടന്നിട്ടില്ലെങ്കിലും നടൻ ജയറാമിന്റെ മകൾ മാളവിക ജയറാം മോഡലിംഗ് രംഗത്ത് സജീവമാണ്. മാളവികയുടെ ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ പലപ്പോഴും വൈറലാകാറുമുണ്ട്. മാളവിക ഷെയർ ചെയ്ത ഒരു ഫോട്ടൊയും അതിനിട്ട അടിക്കുറിപ്പുമാണ് ഇപ്പോൾ സോഷ്യൽ മീഡിയയിലെ ചർച്ച. എന്റെ ചക്കിയാ, നിങ്ങളുടെ മാളവിക എന്ന് ജയറാം പറഞ്ഞുതുടങ്ങുന്ന പരസ്യം അടുത്തിടെ ഏറെ ഹിറ്റായിരുന്നു.

മാളവികയുടെ വിവാഹം സ്വപ്നം കാണുന്ന ജയറാമായിരുന്നു പരസ്യത്തിൽ. പരസ്യം ഒരുപാട് ട്രോളുകൾക്കും കാരണമായിരുന്നു. ഇപ്പോഴിതാ മറ്റൊരു വിവാഹ പരസ്യത്തിന്റെ ഫോട്ടൊയാണ് മാളവിക പങ്കുവച്ചിരിക്കുന്നത്. വിവാഹിതയാകാൻ പോകുകയാണോയെന്ന ആരാധകരുടെ ചോദ്യത്തിന് ഉത്തരമെന്നപോലെ ഞാൻ വിവാഹം കഴിക്കാൻ പോകുന്നില്ല, നിങ്ങൾ വിവാഹം ആലോചിക്കുന്നുണ്ടെങ്കിൽ നോക്കൂവെന്ന് പറഞ്ഞാണ് ഒരു പരസ്യ ചിത്രം പങ്കുവച്ച് മാളവിക കുറിച്ചിരിക്കുന്നത്. ഇപ്പോഴത്തെ മഹാമാരിയൊക്കെ മാറിയിട്ട് മതി വിവാഹമെന്നും മാളവിക പറയുന്നു.

രാജമൗലി ചിത്രത്തിൽ മഹേഷ് ബാബു

രൗദ്രം രണം രുദിരം എന്ന ബ്രഹ്മാണ്ഡ ചിത്രത്തിന്റെ അണിയറയിലാണ് എസ്.എസ് രാജമൗലി. അടുത്ത ചിത്രം നടൻ മഹേഷ്ബാബുവിന് ഒപ്പമാകും എന്ന റിപ്പോർട്ടുകൾ സ്ഥിരീകരിച്ചിരിക്കുകയാണ് സംവിധായകൻ രാജമൗലി.

മഹേഷ് ബാബുവിനൊപ്പം ഞാൻ പ്രവർത്തിക്കുമെന്ന അഭ്യൂഹം അസത്യമല്ല. ഞാൻ മുമ്പും പറഞ്ഞിട്ടുണ്ട്. 'ആർആർആറി' ന് ശേഷം നിർമ്മാതാവ് കെഎൽ നാരായണനായി ഞാൻ മഹേഷിനെ നായകനാക്കി സിനിമ ഒരുക്കും' എന്ന് ഒരു അഭിമുഖത്തിനിടെ രാജമൗലി പറയുകയുണ്ടായി.

ജൂനിയർ എൻടിആർ, രാം ചരൺ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ഒരുക്കുന്ന ആർആർആർ അടുത്ത വർഷം ജനുവരിയിൽ തിയേറ്ററുകളിലെത്തും. ബോളിവുഡ് താരം ആലിയ ഭട്ടാണ് നായിക. നടൻ അജയ് ദേവ്ഗണും പ്രധാന വേഷത്തിലെത്തും.

ട്വിറ്റർ അടച്ച് പൂട്ടണം: കങ്കണ

ബോളിവുഡ് താരം കങ്കണയുടെ സഹോദരി രംഗോലിയുടെ ടിറ്റർ അക്കൗണ്ട് സസ്പെന്റ് ചെയ്തത് കഴിഞ്ഞ ദിവസമായിരുന്നു. ടീറ്റിലുടെ വിദ്വേഷ പ്രചരണം നടത്തിയതിനായിരുന്നു നടപടി. സൂസൻ ഖാന്റെ സഹോദരിയും ജ്വല്ലറി ഡിസൈനറുമായ ഫറ ഖാൻ അലി, റീമ കഗ്ട്ടി എന്നിവരുടെ പരാതിയെ തുടർന്നായിരുന്നു നടപടി.

പിന്നാലെ പ്രതികരണവുമായി എത്തിയിരിക്കുകയാണ് നടി കങ്കണ. ടിറ്റർ അടച്ച് പൂട്ടണമെന്നാണ് കങ്കണ പറയുന്നത്. ഇൻസ്റ്റഗ്രാമിലൂടെയായിരുന്നു കങ്കണയുടെ പ്രതികരണം. പിന്നാലെ കങ്കണയ്ക്ക് മറുപടിയുമായി ഫറ ഖാൻ അലിയും രംഗത്തെത്തിയിട്ടുണ്ട്. സഹോദരിക്കെതിരേ വ്യാജപരാതി നൽകുകയായിരുന്നുവെന്ന് കങ്കണ.

ഒരു സമുദായത്തെ ലക്ഷ്യംവച്ചുള്ള ഒരു ടീറ്റെങ്കിലും ഉണ്ടെങ്കിൽ താനും സഹോദരിയും മാപ്പ് ചോദിക്കാൻ തയാറാണെന്ന് കങ്കണ പറയുന്നു. സഹോദരിക്കെതിരേ വ്യാജ പ്രചരണം നടത്തിയത് പരാതിക്കാരാണെന്നും ടിറ്റർ അടക്കമുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ അടച്ച് പൂട്ടണമെന്നും സർക്കാർ മറ്റൊരു ബദൽ പ്ലാറ്റ്ഫോം ആരംഭിക്കണമെന്നും കങ്കണ പറഞ്ഞു.

പിന്നാലെ കങ്കണയ്ക്ക് മറുപടിയുമായി ഫറ രംഗത്ത് എത്തുകയായിരുന്നു. കങ്കണയിലെ നടിയെ താൻ ആരാധിക്കുന്നതായും കങ്കണയോടോ സഹോദരിയോടോ തനിക്ക് യാതൊരു വ്യക്തിവിദ്വേഷമില്ലെന്നും പക്ഷെ രംഗോലി നടത്തിയ പരാമർശമാണ് പരാതിപ്പെടാൻ കാരണമെന്നും ഫറ പറയുന്നു.

തന്നെ നാസിയെന്ന് വിളിക്കുന്നതിൽ കുഴപ്പമില്ലെന്ന് രംഗോലി പറഞ്ഞിരുന്നു. നാസിയെന്ന പ്രയോഗം തന്നെ ശരിയല്ലെന്നും ഫറ പറഞ്ഞു. ആസിഡ് ആക്രമണത്തെ അതിജീവിച്ചവരാണ് രംഗോലി, സാമൂഹിക പ്രവർത്തകയുമാണ്. അങ്ങനെയുള്ളവർ കുറേക്കൂടി ഉത്തരവാദിത്തം കാണിക്കണം. പ്രതീക്ഷ നഷ്ടപ്പെട്ടവർക്ക് പ്രചോദനമാവുകയാണ് വേണ്ടതെന്നും ഫറ പറയുന്നു. കുറച്ചുപേരുടെ പ്രവർത്തിയുടെ പേരിൽ ഒരു വിഭാഗത്തെ ആക്രമിക്കാൻ ആഹ്വാനം ചെയ്യുന്നത് അംഗീകരിക്കാനാകില്ല. തന്റെ തെറ്റ് രംഗോലിക്ക് മനസിലാക്കാനും തന്റെ ഉത്തരവാദിത്തം തിരിച്ചറിയുകയും ചെയ്യട്ടെ. നിങ്ങളുടെ സഹോദരി മാത്രമല്ല അവരെന്നും ഫറ പറയുന്നു. അതേസമയം, തന്റെ അക്കൗണ്ട് തിരികെ ലഭിക്കാൻ താൻ ഒന്നും ചെയ്യില്ലെന്നായിരുന്നു രംഗോലിയുടെ പ്രതികരണം.

നയൻതാരയ്ക്കെതിരേ പ്രഭുദേവയുടെ മുൻ ഭാര്യ

ലേഡി സൂപ്പർ സ്റ്റാർ നയൻതാരയ്ക്കെതിരേ രൂക്ഷവിമർശനവുമായി നടൻ പ്രഭുദേവയുടെ മുൻ ഭാര്യ റംലത്ത്. പ്രഭുദേവ - നയൻതാര പ്രണയം മുൻനിർത്തിയാണ് ആരോപണങ്ങൾ. തന്റെ ഭർത്താവിനെ തട്ടിയെടുത്തവൾ എന്നാണ് റംലത് നയൻതാരയെ വിശേഷിപ്പിച്ചത്. മറ്റൊരാളുടെ ഭർത്താവിനെ തട്ടിയെടുക്കുന്നവൾ എന്തായാലും ശിക്ഷിക്കപ്പെടണമെന്ന് റംലത് പറഞ്ഞു.

എന്റെ കുടുംബം തകർക്കുകയും ഭർത്താവിനെ തട്ടിയെടുക്കുകയും ചെയ്ത അവളെ അറസ്റ്റ് ചെയ്യാൻ പൊലീസിനെയും കോടതിയെയും സമീപിച്ചു കഴിഞ്ഞു. ഒരു മോശം സ്ത്രീ എന്നതിന് വലിയ ഉദാഹരണമാണ് അവൾ. അവളെ എവിടെവച്ചു കണ്ടാലും ഞാൻ തല്ലും. പ്രഭുദേവ ഒരു നല്ല ഭർത്താവാണ്. ഞങ്ങളെ 15 വർഷം നന്നായി സംരക്ഷിച്ചു. ഒരു വീടും വച്ചു. ഇപ്പോൾ എല്ലാം മാറിമറിഞ്ഞു.

അദ്ദേഹത്തിന്റെ ഇപ്പോഴുള്ള പെരുമാറ്റം അക്ഷരാർഥത്തിൽ ഞെട്ടിക്കുന്നതാണ്, ഒരു സിനിമ വെബ്സൈറ്റിന് നൽകിയ അഭിമുഖത്തിലായിരുന്നു പ്രതികരണം. 1995ലാണ് പ്രഭുദേവയും റംലത്തും വിവാഹിതരായത്. വിവാഹത്തിനായി ഇസ്ലാം മതവിശ്വാസിയായിരുന്ന റംലത് ഹിന്ദു മതം സ്വീകരിച്ചു. ലത എന്ന് പേരും മാറ്റിയിരുന്നു. 2011ലാണ് ഇവർ വിവാഹമോചിതരായത്. വിവാഹമോചനത്തിന് ശേഷമാണ് പ്രഭുദേവ-നയൻതാര വിവാഹവാർത്ത പ്രചരിച്ചത്. എന്നാൽ ഇരുവരും പിന്നീട് വേർപിരിയുകയായിരുന്നു. അതിനുശേഷമാണ് സംവിധായകൻ വിഘ്നേഷ് ശിവനുമായി നയൻതാര അടുപ്പത്തിലായത്.

ചാമ്പ്യൻസ് ലീഗ് ഫുട്ബോൾ ഓഗസ്റ്റിൽ

ലണ്ടൻ: ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ ബാക്കിയുള്ള മത്സരങ്ങൾ ഓഗസ്റ്റിൽ നടക്കും എന്ന് സ്കൈ ഇറ്റാലിയ റിപ്പോർട്ട് ചെയ്യുന്നു. ഓഗസ്റ്റ് ഏഴു മുതൽ ഓഗസ്റ്റ് 31 വരെ മത്സരങ്ങൾ നടത്തി ടൂർണമെന്റ് പൂർത്തിയാക്കാൻ ആണ് യുവേഫ ആലോചിക്കുന്നത്. യുറോപ്പ ലീഗ് മത്സരങ്ങളും സമാനമായ രീതിയിൽ ആകും നടക്കുക. ഒരോ മൂന്ന് ദിവസത്തെ ഇടവേളകളിലും മത്സരം നടത്താൻ ആണ് യുവേഫ ഉദ്ദേശിക്കുന്നത്.

ഓഗസ്റ്റ് 7നു മുമ്പ് യൂറോപ്പിലെ എല്ലാ ലീഗ് മത്സരങ്ങളും അവസാനിക്കും എന്നും യുവേഫ വിശ്വസിക്കുന്നു. ലീഗ് മത്സരങ്ങൾ അവസാനിച്ച ശേഷം മതി യൂറോപ്പ ലീഗുൻ ചാമ്പ്യൻസ് ലീഗും എന്ന് നേരത്തെ തന്നെ യുവേഫ നടപടി എടുത്തിരുന്നു. ചാമ്പ്യൻസ് ലീഗിൽ പ്രീക്വാർട്ടർ പോരാട്ടങ്ങളുടെ രണ്ടാം പാദം നടക്കുന്നതിന് ഇടയിലായിരുന്നു കൊറോണ വില്ലനായി എത്തിയത്. അതേസമയം, സ്പാനിഷ് ലാ ലിഗ, ഇറ്റാലിയൻ സീരീ എ എന്നിവ നടക്കാനുള്ള സാധ്യത കുറവാണെന്നാണു റിപ്പോർട്ട്. അതേസമയം, ഇംഗ്ലീഷ് പ്രീമിയർ ലീഗ് ജൂൺ മാസത്തിൽ പുനരാരംഭിക്കുമെന്ന് ഇംഗ്ലീഷ് ഫുട്ബോൾ ഫെഡറേഷൻ വ്യക്തമാക്കിയിട്ടുണ്ട്.

മനംനിറച്ച് അർജന്റീന ആരാധകരും ഫ്രീ കിക്ക് തമ്പുരാനും

അർജന്റീന ആരാധകരെ മെട്രോയിൽ കണ്ടപ്പോൾ..

റോബർട്ടോ കാർലോസ്

സി.കെ.രാജേഷ്കുമാർ

ലോകകപ്പ് അതിന്റെ അവസാന പോരാട്ടങ്ങളിലേക്ക് അടുക്കുന്നതിന്റെ ആവേശത്തിലായിരുന്നു. സംപൗളോയിലെ സന്താന സ്റ്റേഷനിൽനിന്ന് മെട്രോയിലേറി കൊറിന്ത്യൻസ് അരീനയിലേക്ക്. ഈ സ്റ്റേഡിയത്തിലേക്കുള്ള അവസാന യാത്ര. ഇവിടെ നടക്കുന്ന അവസാന ലോകകപ്പ് മത്സരത്തിൽ അർജന്റീന, ഹോളണ്ടിനെ നേരിടുകയാണ്. ട്രെയിനിൽ നിരവധി അർജന്റീന ഫാൻസുണ്ടായിരുന്നു. അവർ ആടിയും പാടിയും കളിയാവേശത്തിന്റെ ലഹരി നുണയുമ്പോൾ കേരളമെന്ന ചെറിയ സംസ്ഥാനത്തെ വലിയ ആരാധകരെക്കുറിച്ച് അവർ അറിഞ്ഞിട്ടുണ്ടാവില്ല. അവരുടെ നാട്ടിൽ എങ്ങനെയാണ് ആരാധകർ സ്വന്തം ടീമിക്കുന്നത് എന്നപോലെയാണ് കേരളത്തിലെ ആരാധകരും അർജന്റീനയെ നെഞ്ചിലേറ്റുന്നത് എന്നത് ഇതുവരെ അറിയാത്തവരായിരുന്നു ട്രെയിനിലുണ്ടായിരുന്നവർ. മാർട്ടിനോ മാർഷൽസ് എന്ന ആരാധകൻ വളരെ കൗതുകത്തോടെ കേരളത്തിലെ ആരാധകരെക്കുറിച്ചു കേട്ടിരുന്നു. ടിക്കറ്റ് പോലും ഇല്ലാത്ത 10 അംഗ സംഘത്തിലെ നേതാവായിരുന്നു അദ്ദേഹം. ഈ ലോകകപ്പ് അർജന്റീന നേടുമെന്നതിൽ അവർക്ക് യാതൊരു സംശയവുമുണ്ടായിരുന്നില്ല.

സ്റ്റേഡിയത്തിലെത്തുന്നതുവരെ അർജന്റീനയുടെ ആരാധകരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും കേട്ടിരുന്നു.

മീഡിയാ സെന്ററിലേക്ക്. ഉച്ചകഴിഞ്ഞ സമയം, ഏവരും വിശ്രമത്തിന്റെ വഴിയിൽ. നിരവധി കാൽപ്പെരുമാറ്റങ്ങൾ കേട്ട് തിരിഞ്ഞുനോക്കിയപ്പോൾ തൊട്ടുപിന്നിൽ അതാ വളരെ പരിചയമുള്ള ഒരാൾ. ഒരു കാലത്ത് ലോകത്തെ ഏറ്റവും വിലയേറിയ കാലുകൾക്ക് ഉടമയായിരുന്ന സാക്ഷാൽ റോബർട്ടോ കാർലോസ്. വെള്ള ഷർട്ടും നീല പാന്റും ധരിച്ചു നിൽക്കുന്നു. ആദ്യ അദ്ഭുതമാണ് തോന്നിയത്. ബ്രസീലിലെയും റയൽ മാഡ്രിഡിലെയും ആരാധകരെ പുളകം കൊള്ളിച്ച ലോകത്തിന്റെ പ്രിയപ്പെട്ട ലെഫ്റ്റ് ബാക്ക്. 2002 ലോകകപ്പ് ബ്രസീലുയർത്തുമ്പോൾ അതിൽ നിർണായക പദമലങ്കരിച്ച റോബർട്ടോ കാർലോസ്. ഫ്രീ കിക്കുകളുടെ തമ്പുരാൻ. വിശേഷണങ്ങൾ അവസാനിക്കില്ല.

1997ൽ ഫ്രാൻസിനെതിരേ നടന്ന മത്സരത്തിൽ റോബർട്ടോ കാർലോസ് നേടിയ ഫ്രീ കിക്ക് ഗോൾ ഇന്നും ആരാധകരുടെ ഹരമാണ്. ബനാന ഷോട്ട് എന്നു പേരുള്ള ഷോട്ട് ആരാണ് മറക്കുന്നത്. മത്സരത്തിൽ സൂപ്പർ താരം റൊണാൾഡോയെ ഫൗൾ ചെയ്തതിനു ലഭിച്ച ഫ്രീ കിക്കായിരുന്നു അത്. ഗോൾ പോസ്റ്റിനുമുന്നിൽ 20 അടി അകലെനിന്ന് തൊടുത്ത് കിക്ക് പോസ്റ്റിന്റെ വലതു പാർശ്വത്തിലൂടെ വലയ്ക്കു പുറത്തേക്കുപോകുമെന്നായിരുന്നു ഏവരും കരുതിയത്. എന്നാൽ, പന്ത് വലയിലേക്കു വളഞ്ഞിറങ്ങി. തെല്ലു നാണത്തോടെ. ഇതു കണ്ട് ലോകംതന്നെ തരിച്ചുപോയി. അത്രയ്ക്കു മനോഹരവും അദ്ഭുതകരവുമായിരുന്നു ആ ഗോൾ. ഗോൾ കീപ്പറായിരുന്ന വിശ്വോത്തര താരം ഫാബിയൻ ബാർത്തസ് സംഭവിച്ചതെന്തെന്നറിയാതെ തരിച്ചിരുന്നു. മത്സരം 1-1 സമനിലയിൽ കലാശിച്ചു. അത്തരത്തിൽ ഫുട്ബോൾ ലോകം സ്തബ്ധമായ എത്രയെത്ര ഗോളുകൾ. റയൽ മാഡ്രിഡിനു വേണ്ടിയായിരുന്നു കാൽലോസിന്റെ മിന്നും പ്രകടനങ്ങൾ ഏറെയും. സിദാനും റൊണാൾഡോയും ഗൗളും ബക്കാമും ഫിഗോയുമൊക്കെയുള്ള റയലിലെ വിലയേറിയ താരം തന്നെയായിരുന്നു കാർലോസ്. 125 മത്സരങ്ങളിൽ ബ്രസീലിനുവേണ്ടി കളിച്ച കാർലോസിന്റെ 11 ഗോളുകൾ ഒന്നിനൊന്ന് മെച്ചമായിരുന്നു.

കാർലോസ് എത്തിയതോടെ മാധ്യമങ്ങൾ അദ്ദേഹത്തെ വളഞ്ഞു. ചോദ്യ ശരങ്ങൾക്കു വ്യക്തമായി മറുപടി പറഞ്ഞ കാർലോസിന് ബ്രസീലിന്റെ പരാജയം നിർഭാഗ്യകരമെന്നാണ് വിശേഷിപ്പിച്ചത്. ബ്രസീലുകാർ ഒരിക്കലും ആഗ്രഹിക്കാത്ത മുഹൂർത്തമായിരുന്നു അത്. തന്ത്രങ്ങൾ പാളിയത് വലിയ തിരിച്ചടിയായെന്നു വിലയിരുത്തിയ കാർലോസ് നെയ്മറുടെയും സിൽവയുടെയും അഭാവവും തോൽവിക്കു കാരണമായി വിലയിരുത്തി.

കോളംബിയൻ താരം ഹാമിഷ് റോഡ്രിഗസാണ് ഈ ലോകകപ്പിന്റെ താരമെന്നും ജർമനി ലോകകപ്പ് ജയിക്കുമെന്നാണ് താൻ കരുതുന്നതെന്നും കാർലോസ് വ്യക്തമാക്കി.

ഇന്ത്യയെയും ഇവിടുത്തെ ജനങ്ങളെയും വളരെ ആദരിക്കുന്നുവെന്നു കാർലോസ് പറഞ്ഞു. ഇന്ത്യയിൽ വരാനുള്ള ആഗ്രഹവും കാർലോസ് പ്രകടിപ്പിച്ചു. സംപൗളോയിലെ ഗാർസയിലാണ് കാർലോസിന്റെ വീട്. ബ്രസീലിലെ പ്രശസ്തമായ ഗ്ലോബോ ചാനലിന്റെ പ്രധാനപ്പെട്ട കമന്റേറ്റർമാരിൽ ഒരാളാണ് കാർലോസ് ഇപ്പോൾ.

കാർലോസിനുമുന്നിൽ പത്രക്കാരുടെ ചോദ്യശരങ്ങൾ കൂടുതലായപ്പോൾ സുരക്ഷാ ഉദ്യോഗസ്ഥൻ അദ്ദേഹത്തെ കൊണ്ടുപോവുകയായിരുന്നു. എങ്കിലും റോബർട്ടോ കാർലോസ് എന്ന അതികായനെ ആരാധിച്ച ഒരാൾക്കു കിട്ടുന്ന ഏറ്റവും മഹത്തായ മുഹൂർത്തമായിരുന്നു ആ കൂടിക്കാഴ്ച.

റോബർട്ടോ കാർലോസ് മീഡിയ സെന്ററിലെത്തിയപ്പൾ- -രാജേഷ്കുമാർ

ബഗാൻ തന്നെ ചാമ്പ്യൻ

ഐലീഗ് റദ്ദാക്കി; അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ യോഗത്തിൽ തീരുമാനം

ന്യൂഡൽഹി: ഐ ലീഗ് ഫുട്ബോളിൽ അവശേഷിക്കുന്ന മത്സരങ്ങൾ ഉപേക്ഷിക്കും. കോൽക്കത്ത ക്ലബ്ബ് മോഹൻ ബഗാനെ ചാമ്പ്യൻമാരായി പ്രഖ്യാപിച്ചു. ഇത്തവണ തരംതാഴ്ത്തലുണ്ടാകില്ല. ഇതു സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം ഇന്നലെയായിരുന്നു. ദേശീയ ലീഗ്-ഐലീഗുകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാകും സീസൺ പൂർത്തിയാക്കാൻ സാധിക്കാതെ പോകുന്നത്. ലോക്ഡൗൺ നീട്ടിയതോടെയാണ് ലീഗ് ഉപേക്ഷിക്കാൻ അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ തീരുമാനിച്ചത്.സമ്മാനത്തുകയായി ഒരു കോടി രൂപ ബഗാനു ലഭിക്കും. രണ്ടു മുതൽ നാലു വരെ സ്ഥാനക്കാർക്കു ലഭിക്കേണ്ടിയിരുന്ന സമ്മാനത്തുക ലീഗിലെ ശേഷിക്കുന്ന 10 ക്ലബ്ബുകൾക്കായി വീതിച്ചു നൽകാൻ അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷനു (എഐഎഫ്എഫ്) നൽകിയ ശുപാർശയിൽ ഐ ലീഗ് കമ്മിറ്റി നിർദേശിച്ചു

ക്ലബ്ബ് അധികൃതരുമായി ഫെഡറേഷൻ മേലധികാരികൾ സംസാരിച്ചിരുന്നു. ഭൂരിഭാഗം ക്ലബ്ബ് മാനേജ്മെന്റുകളും മത്സരം നടത്തേണ്ടതില്ലെന്ന തീരുമാനമാണ് അറിയിച്ചത്. ലീഗ് വീണ്ടും നടത്തുകയാണെങ്കിൽ ക്ലബ്ബുകൾക്ക് കളിക്കാരുടെ കരാർ നീട്ടേണ്ടതായി വരും. രണ്ടാഴ്ചത്തെ പരിശീലനമില്ലാതെ മത്സരത്തിനിറങ്ങാൻ സാധിക്കില്ല. അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാൽ ക്ലബ്ബുകളെല്ലാം ലീഗ് പൂർത്തിയാക്കേണ്ടെന്ന നിലപാടിനോട് യോജിച്ചു.ബഗാൻ ചാമ്പ്യൻമാരാകുമ്പോൾ മറ്റ്ടീമുകൾക്ക് പോയിന്റുകൾ തുല്യമായി വീതിച്ചു നൽകും. സമ്മാനത്തുകയും സമാനരീതിയിൽ പങ്കുവയ്ക്കും.

പതിനാറ് മത്സരങ്ങളിൽ നിന്ന് 39 പോയിന്റ് നേടിയാണ് ബഗാൻ മുന്നിലെത്തിയത്. ഒരു കോടി രൂപ ടീമിന് ലഭിക്കും. രണ്ട് മുതൽ പതിനൊന്ന് വരെ സ്ഥാനങ്ങളുണ്ടാകില്ല. രണ്ടാം സ്ഥാനത്തിന് അറുപത് ലക്ഷവും മൂന്നാം സ്ഥാനത്തിന് നാൽപത് ലക്ഷവും നാലാം സ്ഥാനത്തിന് ഇരുപത്തഞ്ച് ലക്ഷവുമാണ് സമ്മാനത്തുക. ഇതെല്ലാം ചേർത്തുള്ള 1.25 കോടി രൂപ ബാക്കി പത്ത് ടീമുകൾക്കുമായി വീതിച്ചു നൽകും. 28 കളികളാണ് ലീഗിൽ അവശേഷിക്കുന്നത്. ഓരോ ടീമിനും ഓരോ പോയിന്റ് നൽകും. റെലഗേഷനിലുള്ള ഐസ്വാൾ എഫ് സിയെ ലീഗിൽ നിലനിർത്തും.

ബഗാനെ ചാമ്പ്യൻമാരാക്കുന്നതോടെ രണ്ടാം സ്ഥാനം ഈസ്റ്റ്ബംഗാളാവശ്യപ്പെട്ടു. ഇത് വിവാദത്തിന് വഴി വെക്കുമെന്നായപ്പോൾ എല്ലാവർക്കും ഓരോ പോയിന്റ് നൽകാൻ തീരുമാനിച്ചു. 16 മത്സരങ്ങളിൽ നിന്ന് ഈസ്റ്റ്ബംഗാളിനും പഞ്ചാബ് എഫ് സിക്കും 23 പോയിന്റ് വീതമാണ്. കേരള ടീം ഗോകുലം 15 കളിയിൽ നിന്ന് 22 പോയിന്റുണ്ട്. ഒപ്പം തന്നെയാണ് റയൽ കശ്മീരുമുള്ളത്.

കേമൻ മെസി: ബെക്കാം



ബാഴ്സലോണ: ക്രിസ്റ്റ്യാനോ റൊണാൾഡോയാണോ ലയണൽ മെസിയാണോ മികച്ച താരമെന്നത് സംബന്ധിച്ച് ദീർഘനാളുകളായുള്ള തർക്കം ഇപ്പോഴും തുടരുകയാണ്. മെസിയുടെയും റൊണാൾഡോയുടെയും ആരാധകർ ഗോട്ടാരെന്ന തർക്കത്തിൽ പരസ്പരം കൊമ്പുകോർക്കവെ ഇക്കാര്യത്തിൽ പ്രതികരണവുമായി മുൻ ഇംഗ്ലണ്ട് സൂപ്പർ താരം ഡേവിഡ് ബെക്കാം രംഗത്തെത്തി. മികവിൽ മെസ്സിയാണ് റൊണാൾഡോയേക്കാൾ കേമനെന്നാണ് ബെക്കാം അഭിപ്രായപ്പെടുന്നത്. കളിക്കാരനെന്ന നിലയിൽ വ്യത്യസ്തനായ പ്രതിഭയാണ് മെസി.അദ്ദേഹത്തെപ്പോലെ മറ്റാരും ഇല്ല. റൊണാൾഡോ മെസ്സിയുടെ അത്ര മികച്ചവനല്ല. 2013ൽ പിഎസ്ജിക്കുവേണ്ടികളിക്കവെ മെസി

യെ നേരിട്ട അനുഭവവും ബെക്കാം പങ്കുവെച്ചു. മെസ്സി കളത്തിലെത്തുന്നതിന് മുമ്പ് ഞങ്ങളായിരുന്നു മുന്നിട്ട് നിന്നത്. എന്നാൽ മെസ്സിയെത്തിയതോടെ ബാഴ്സലോണ ഗോൾ നേടി. മെസിയെപ്പോലൊരു മികച്ച താരത്തിനൊപ്പം കളിച്ചതിനെ ആസ്വദിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു.

മുൻ ഇംഗ്ലണ്ട് താരമായ ബെക്കാം നിരവധി ക്ലബ്ബുകൾക്കൊപ്പം കളിച്ച പരിചയസമ്പത്തുള്ള താരം കൂടിയാണ്. മാഞ്ചസ്റ്റർ യുണൈറ്റഡിനായി 265 മത്സരത്തിൽ നിന്ന് 62 ഗോളും റയൽ മാഡ്രിഡിനൊപ്പം 116 മത്സരത്തിൽ നിന്ന് 13 ഗോളും എൽ എ ഗാലക്സിക്കുവേണ്ടി 98മത്സരത്തിൽ നിന്ന് 18 ഗോളും അദ്ദേഹം നേടിയിട്ടുണ്ട്. മിലാനും വേണ്ടിയും കളിച്ചിട്ടുള്ള താരം പിഎസ്ജിയിലൂടെയാണ്ക്ലബ്ബ് കരിയർ അവസാനിപ്പിച്ചത്. നിലവിൽ അമേരിക്കൻ ലീഗിൽ ഇന്റർ മിയാമി എന്ന പേരിൽ സ്വന്തമായൊരു ക്ലബ്ബിനുടമയാൺബെക്കാം. ലൂയിസ് സുവാരസ് അടക്കമുള്ള പല സൂപ്പർ താരങ്ങളെയും ടീമിലെത്തിക്കാൻ നേരത്തെ ബെക്കാം തയ്യാറെടുത്തിരുന്നു.

രോഹിതോ, ധോണിയോ?

ഗംഭീറിന് ഉത്തരമുണ്ട്

ന്യൂഡൽഹി: ഐപിഎൽ 12 സീസണുകൾ സമാപിച്ചപ്പോൾ ഇതുവരെയുള്ള കണക്കുകൾ അനുസരിച്ച് മികച്ച ക്യാപ്റ്റനെ തെരഞ്ഞെടുത്തിരിക്കുകയാണ് മുൻ ഇന്ത്യൻ താരം ഗൗതം ഗംഭീർ. നാല് തവണ മുംബൈ ഇന്ത്യൻസിന് കിരീടം നേടിക്കൊടുത്ത രോഹിത് ശർമയാണ് മികച്ച ക്യാപ്റ്റനെന്നാണ് ഗംഭീറിന്റെ വിലയിരുത്തൽ. ഏഴു കിരീടങ്ങളെങ്കിലും രോഹിത് നേടുമെന്നും ഗംഭീർ പ്രവചിക്കുന്നു.

രോഹിത് ശർമ തന്നെയാണ് മികച്ച ക്യാപ്റ്റൻ. ഇതുവരെയായി നാല് കിരീടങ്ങൾ നേടി. കിരീടങ്ങൾ തന്നെയാണ് ക്യാപ്റ്റന്റെ അളവുകോലും. വിരമിക്കുമ്പോഴേക്കും ഏറ്റവും മികച്ച ഐപിഎൽ ക്യാപ്റ്റനെന്ന ബഹുമതി സ്വന്തമാക്കിയിരിക്കും. സമ്മർദ്ദത്തെ അതിജീവിക്കാൻ രോഹിത്തിന് കഴിയുന്നുണ്ട്. ധോണി രണ്ടാം സ്ഥാനത്തുണ്ടെങ്കിലും തീരുമാനങ്ങളെടുക്കുന്നതിൽ രോഹിത് മുന്നിട്ടുനിൽക്കുന്നെന്നും ഗംഭീർ വ്യക്തമാക്കി.

അതേസമയം, മുൻ ഇംഗ്ലണ്ട് താരം കെവിൻ പീറ്റേഴ്സൺ ചെന്നൈ സൂപ്പർ കിങ്സിന്റെ എംഎസ് ധോണിയെയാണ് തെരഞ്ഞെടുത്ത്. ധോണിയെ ഒഴിവാക്കിക്കൊണ്ട് ഒരു തെരഞ്ഞെടുപ്പ് ദുഷ്കരമാണെന്ന് പീറ്റേഴ്സൺ പറഞ്ഞു. ധോണിയുടെ ക്രിക്കറ്റ് കരിയർ നോക്കൂ. ഇന്ത്യൻ ക്യാപ്റ്റനായും സിഎസ്കെയുടെ ക്യാപ്റ്റനായും. രോഹിത് ശർമയുടെ നേട്ടത്തേയും ബഹുമാനിക്കുന്നു. എന്നാൽ, ധോണി തന്നെയാണ് മികച്ചവനെന്നതിൽ സംശയമില്ലെന്ന് പീറ്റേഴ്സൺ പറഞ്ഞു.

എംഎസ് ധോണിയെക്കുറിച്ചുതന്നെയാണ് മുൻ താരം ഡാനി മോറിസണിനും പറയാനുള്ളത്. ഇന്ത്യൻ ക്യാപ്റ്റനെന്ന നിലയിൽ ഏറ്റവും മികച്ച രീതിയിൽ ശോഭിച്ച താരമാണ് ധോണിയെന്ന് മോറിസൺ പറഞ്ഞു. ധോണിയുടെ ഭാഗത്താണ് താൻ. ധോണിയെ പോലെ സമ്മർദ്ദ ഘട്ടങ്ങൾ തരണം ചെയ്യുന്ന മറ്റൊരു ക്യാപ്റ്റനില്ലെന്നും അദ്ദേഹം വിലയിരുത്തി. എട്ടു തവണ സിഎസ്കെയെ ഫൈനലിലെത്തിച്ച ധോണി മൂന്നു തവണയാണ് ടീമിനെ കിരീടത്തിലേക്ക് നയിച്ചത്. എംഎസ് ധോണിയേയും രോഹിത് ശർമയേയും മികച്ച ക്യാപ്റ്റന്മാരായി സ്റ്റാർ സ്പോർട്സ് കഴിഞ്ഞദിവസം തെരഞ്ഞെടുത്തിരുന്നു.

പ്രഫുൽ പട്ടേൽ തലപ്പത്ത് തുരും

ന്യൂഡൽഹി: കൊറോണ കാരണം ഫുട്ബോൾ ലോക മുഴുവൻ പ്രതിസന്ധിയായ സാഹചര്യത്തിൽ ഫുട്ബോൾ ലോകത്തെ പല കാര്യങ്ങളും പ്രതിസന്ധിയിൽ ആയ സാഹചര്യത്തിൽ ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ (എ ഐ എഫ് എഫ്) പ്രവർത്തനത്തിലും മാറ്റമുണ്ടാകും. എ ഐ എഫ് എഫ് പ്രസിഡന്റായ പ്രഫുൽ പട്ടേൽ ഈ വർഷം അവസാനത്തോടെ സ്ഥാനം ഒഴിയേണ്ടതായിരുന്നു. എന്നാൽ പുതിയ സാഹചര്യത്തിൽ പ്രഫുൽ പട്ടേൽ ഒരു വർഷം കൂടെ എഐഎഫ്എഫ് തലപ്പത്തു തന്നെ തുടർന്നേക്കും.

ഈ വർഷം നടക്കേണ്ടിയിരുന്ന അണ്ടർ 17 ലോകകപ്പ് മാറ്റിവെക്കേണ്ടി വന്നതാണ് പ്രഫുൽ പട്ടേലിന്റെ തീരുമാനവും മാറാനുള്ള കാരണം. അടുത്ത വർഷം അണ്ടർ 17 ലോകകപ്പ് നടത്തിയ ശേഷം സ്ഥാനം ഒഴിയാനാണ് ഇപ്പോൾ അദ്ദേഹം ആലോചിക്കുന്നത്. 2012 മുതൽ എ ഐ എഫ് എഫ് തലപ്പത്തുള്ള ആളാണ് പ്രഫുൽ പട്ടേൽ.

ടി-20, ഏകദിന ലോകകപ്പുകൾ, ഗാംഗുലി: യുവി മനസു തുറക്കുന്നു

ന്യൂഡൽഹി· പ്രഥമ ടന്റി20 ലോകകപ്പിൽ ഇംഗ്ലിഷ് താരം സ്റ്റുവാർട്ട് ബ്രോഡിനെതിരെ ഒരു ഓവറിൽ ആറു സിക്സ് നേടിയ തന്റെ ബാറ്റിന്റെ കാര്യത്തിൽ വിവിധ ടീമുകൾക്ക് സംശയങ്ങളുണ്ടായിരുന്നതായി ഇന്ത്യൻ ക്രിക്കറ്റ് താരം യുവരാജ് സിങ്ങിന്റെ വെളിപ്പെടുത്തൽ. പിന്നീട് സെമിഫൈനലിൽ ഓസ്ട്രേലിയയ്ക്കെതിരെയും ഇതേ ബാറ്റുപയോഗിച്ച് മികച്ച പ്രകടനം കാഴ്ചവച്ചതോടെ സംശയം കൂടിയതായും യുവരാജ് സിങ് പറഞ്ഞു. 2007ൽ നടന്ന പ്രഥമ ടന്റി20 ലോകകപ്പിന്റെ ഗ്രൂപ്പ് ഘട്ടത്തിലാണ് ഇംഗ്ലിഷ് പേസ് ബോളർ സ്റ്റുവാർട്ട് ബ്രോഡിനെതിരെ യുവരാജ് സിങ് ഒരു ഓവറിൽ തുടർച്ചയായി ആറു സിക്സറുകൾ നേടിയത്. ഈ മത്സരത്തിൽ 12 പന്തുകളിൽനിന്ന് അർധസെഞ്ചുറി പൂർത്തിയാക്കി യുവരാജ് അതിവേഗ അർധസെഞ്ചുറിയുടെ റെക്കോർഡും സ്ഥാപിച്ചിരുന്നു.

അന്നത്തെ ഓസ്ട്രേലിയൻ ടീമിന്റെ പരിശീലകനായിരുന്നയാൾ തന്റെ അടുത്തുവന്ന് ബാറ്റിനു പിന്നിൽ ഫൈബർ വല്ലതുമുണ്ടോയെന്ന് അന്വേഷിച്ചിരുന്നതായി ചോദിച്ചിരുന്നുവെന്ന് യുവി പറഞ്ഞു. അങ്ങനെ ചെയ്യുന്നത് നിയമപരമാണോയെന്നും മാച്ച് റഫറി ബാറ്റ് പരിശോധിച്ചിരുന്നോ എന്നും അന്വേഷിച്ചു. ഇതോടെ ബാറ്റുകൊണ്ടുപോയി പരിശോധിച്ചുനോക്കാൻ ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അന്ന് ഓസീസ് വിക്കറ്റ് കീപ്പറായിരുന്ന ആദം ഗിൽക്രിസ്റ്റ് പോലും എവിടെനിന്നാണ് നിങ്ങളുടെ (ഇന്ത്യൻ താരങ്ങളുടെ) ബാറ്റ് നിർമിക്കുന്നതെന്ന് ചോദിച്ചു' - യുവരാജ് വെളിപ്പെടുത്തി.

'താരങ്ങൾക്ക് സംശയം കുടുങ്ങിയതോടെ മാച്ച് റഫറി എന്റെ ബാറ്റ് പരിശോധിച്ചു. സത്യത്തിൽ എനിക്കേറെ പ്രിയപ്പെട്ട ബാറ്റായിരുന്നു 2007ലെ ടന്റി20 ലോകകപ്പിൽ ഉപയോഗിച്ചിരുന്നത്. അതുപോലൊരു ബാറ്റുകൊണ്ട് പിന്നീട് ജീവിതത്തിലൊരിക്കലും കളിക്കാൻ എനിക്ക് ഭാഗ്യമുണ്ടായിട്ടില്ല. പിന്നീട് 2011 ലോകകപ്പിൽ ഉപയോഗിച്ചിരുന്ന ബാറ്റും എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്' - യുവരാജ് പറഞ്ഞു.

2007, 2011 ലോകകപ്പുകളിൽ യുവരാജ് സിങ്ങിന്റെ ഓൾറൗണ്ട് മികവിലാണ് ഇന്ത്യ കിരീടം ചൂടിയത്. 2011 ഏകദിന ലോകകപ്പിൽ ബാറ്റുകൊണ്ടും പന്തുകൊണ്ടും ടീമിന്റെ നട്ടെല്ലായിരുന്നു ഈ ഇടംകയ്യൻ ബാറ്റ്സ്മാൻ. 362 റൺസും 15 വിക്കറ്റുംഠ നടി യുവരാജ് കാഴ്ചവച്ച ഓൾറൗണ്ട് പ്രകടനമാണ് സ്വന്തം നാട്ടിൽ കിരീടമുയർത്താൻ ഇന്ത്യയെ പ്രാപ്തരാക്കിയത്. ഈ ലോകകപ്പിൽ നാലു മാൻ ഓഫ് ദ് മാച്ച് പുരസ്കാരങ്ങൾ നേടിയ യുവി, ലോകകപ്പിന്റെ താരമായും തിരഞ്ഞെടുക്കപ്പെട്ടു.

ധോണി നായകനായിരുന്ന കാലത്ത് സുരേഷ് റെയ്നയ്ക്ക് ശക്തമായ പിന്തുണ ലഭിച്ചിരുന്നു. എല്ലാ ക്യാപ്റ്റൻമാർക്കും ടീമിൽ ഒരു പ്രിയപ്പെട്ട താരം കാണും. റെയ്നയ്ക്ക് എക്കാലവും ധോണിയുടെ ഉറച്ച പിന്തുണ ലഭിച്ചിരുന്നു. യൂസഫ് പഠാനും ആ സമയത്ത് ഉജ്വല ഫോമിലായിരുന്നു. ഞാനും സ്വതവേ മികച്ച പ്രകടനമാണ് നടത്തിയത്. വിക്കറ്റുകളും വീഴ്ത്തിയിരുന്നു. പക്ഷേ, റെയ്ന അന്ന് അത്ര മികച്ച ഫോമിലായിരുന്നില്ല. അന്ന് ടീമിൽ ഇംടകയ്യൻ സ്പിന്നർമാരൊന്നുമില്ലായിരുന്നു. ഞാനാകട്ടെ മികച്ച ഫോമിലാണ് പന്തെറിഞ്ഞിരുന്നത്. ഇതോടെ എന്നെ ഉൾപ്പെടുത്താതെ നിർവാഹമില്ലെന്നായി' - യുവരാജ് പറഞ്ഞു.

മുൻ ഇന്ത്യൻ നായകനും ഇപ്പോൾ ബിസിസിഐ പ്രസിഡന്റുമായ സൗരവ് ഗാംഗുലിയെയും യുവരാജ് പുകഴ്ത്തി. തന്റെയുള്ളിലെ പ്രതിഭയെ ഊതിക്കാച്ചിയെടുത്തത് ഗാംഗുലിയാണെന്ന് യുവരാജ് പറഞ്ഞു.

'എക്കാലവും എന്റെ പ്രിയപ്പെട്ട ക്യാപ്റ്റൻ സൗരവ് ഗാംഗുലിയാണ്. എല്ലാ ക്യാപ്റ്റൻമാരിലുംവച്ച് എന്നെ ഏറ്റവുമധികം പിന്തുണച്ചത് അദ്ദേഹമാണ്. യുവതാരങ്ങളെ വളർത്തിയെടുക്കുന്നതിൽ അദ്ദേഹം പ്രത്യേക വൈഭവം പ്രകടിപ്പിച്ചിരുന്നു. മികച്ച ടീമിനെ വളർത്തിയെടുക്കാൻ തന്നെ സഹായിക്കാൻ കഴിയുന്ന അഞ്ചോ ആറോ യുവതാരങ്ങളുണ്ടെന്ന് അക്കാലത്ത് ഗാംഗുലി സ്ഥിരമായി പറഞ്ഞിരുന്നു. അവരെയെല്ലാം പിന്തുണയ്ക്കുകയും ചെയ്തു' - യുവരാജ് പറഞ്ഞു.

ടി-20 ലോകകപ്പിൽ തുടരേ രണ്ടു ബൗണ്ടറി വഴങ്ങിയ ആൻഡ്രൂ ഫ്ലിന്റോഫ് ക്രീസിൽ വന്നു നടത്തിയ കമന്റുകൾ തനിക്കു ശരിക്കും കൊണ്ടെന്നു യുവരാജ് പിന്നീടു പറഞ്ഞു. കണക്കിനു തിരിച്ചു കൊടുക്കണമെന്ന് അപ്പോഴേ മനസ്സിൽ കുറിക്കുകയും ചെയ്തു. "അത്തരം കമന്റുകൾ അറിയാതെതന്നെ നമ്മളെ ഒന്നു ചാർജ് ചെയ്യും. തിരിച്ചുകൊടുക്കാൻ മനസ്സും കൈയും തരിക്കും." - യുവരാജ് പറഞ്ഞു.

സൗജന്യ സിലിണ്ടറിനുള്ള തുക കൈമാറ്റം ചെയ്തു

കൊച്ചി: പ്രധാനമന്ത്രി ഉജ്വല യോജന ഗുണഭോക്താക്കൾക്ക് ഏപ്രിൽ ഒന്നാം തിയതി മുതൽ ജൂൺ 30 വരെയുള്ള മൂന്നുമാസ കാലത്തേക്കുള്ള സൗജന്യ പാചക വാതക സിലിണ്ടറുകൾ, പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന പദ്ധതിയുടെ കീഴിൽ ലഭ്യമാക്കി തുടങ്ങിയതായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചു.

റീഫിൽ സിലിണ്ടറിന്റെ ഏപ്രിൽ മാസത്തെ വില ഉജ്വല ഗുണഭോക്താക്കളുടെ പിഎംയുവൈ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആദ്യത്തെ സൗജന്യ സിലിണ്ടർ വാങ്ങാൻ മാത്രമേ പ്രസ്തുത തുക വിനിയോഗിക്കാൻ പാടുള്ളൂ. റീഫിൽ ബുക്കിങ് ഐവിആർഎസ്, രജിസ്റ്റേഡ് മൊബൈൽ ഫോൺ എന്നിവ വഴിയാണ് നടത്തേണ്ടത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ പങ്കാളികളല്ലാത്തവർക്കും കാലിയായ സിലിണ്ടറുകൾ ഉള്ളവർക്കും സ്കീമിൽ ചേരാൻ അവസരമുണ്ട്. ആദ്യ സിലിണ്ടറിന്റെ പണം അതിനുവേണ്ടി ഉപയോഗിക്കാത്തവർക്ക് രണ്ടാമത്തെ സൗജന്യ സിലിണ്ടറിനുള്ള പണം, ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതല്ല.

കൊവിഡ്: ഇൻഡസ്ഇൻഡ് ബാങ്കിന്റെ 30 കോടി

കൊച്ചി: കൊവിഡ് വൈറസിന് എതിരായ പോരാട്ടത്തിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും സർക്കാരുകളുമായി സഹകരിച്ച് ഇൻഡസ്ഇൻഡ് ബാങ്ക്. ഇതിന്റെ ഭാഗമായി ബാങ്ക് 30 കോടി രൂപ നൽകും. കൊറോണ വൈറസ് പകർച്ചവ്യാധിയെ പ്രതിരോധിക്കാൻ ബാങ്ക് ഇതിനകം ദുരിത ബാധിത പ്രദേശങ്ങളിലേക്ക് ഫെയ്സ് മാസ്കുകൾ, ഹാൻഡ് സാനിറ്റൈസറുകൾ, കൈയ്യുറകൾ എന്നിവ പോലുള്ള ദുരിതാശ്വാസ സാമഗ്രികൾ നൽകിയിട്ടുണ്ട്.

ഡ്യൂട്ടിയിലുള്ള മെഡിക്കൽ ഓഫിസർമാർക്ക് പേഴ്സണൽ പ്രൊട്ടക്റ്റീവ് എക്യുപ്മെന്റ് (പിപിഇ) ലഭ്യമാക്കുന്നതിനും ബാങ്ക് പ്രവർത്തിക്കുന്നു. പിഎം കെയേഴ്സ് ഫണ്ടിലേക്ക് സംഭാവനകളുടെ ശേഖരണത്തിനായി ഒരു അക്കൗണ്ട് തുറക്കുന്നതിനുള്ള അനുമതി ബാങ്കിന് ലഭിച്ചിട്ടുണ്ട്.

കാൽപന്ത് ലഹരിപോലെ ത്രില്ലടിപ്പിക്കുന്ന വ്യവസായ വിജയം

പി.ബി. ബാലു

ബോബി ചെമ്മണ്ണൂർ എന്ന പേര് അറിയാത്ത മലയാളികൾ ഉണ്ടാവില്ല. മറഡോണയെ കേരളത്തിലേക്ക് എത്തിച്ചത് ബോബി ചെമ്മണ്ണൂർ ആയിരുന്നു. രക്തദാനം പ്രോത്സാഹിപ്പിക്കാനും രക്തബാങ്ക് തുടങ്ങാനും ഒക്കെയായി കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഓടിയ ആളും ആണ് ബോബി ചെമ്മണ്ണൂർ. പക്ഷെ ഇതിനുമെല്ലാം മുകളിലാണ് ഈ വ്യവസായിയുടെ സ്വപ്നങ്ങൾ. ലോക്ഡൗണിൽ മറ്റുള്ളവർ ചിന്തിക്കുന്നതിൽ നിന്ന് വ്യത്യസ്തമായിട്ടാണ് അദ്ദേഹം ചിന്തിക്കുന്നത്. അതുകൊണ്ടുതന്നെ പുതിയ സംരഭങ്ങളുമായി എത്തുകയാണ് മലയാളിയുടെ പ്രിയപ്പെട്ട വ്യവസായി.

കുടുബ ബിസിനസിനെ വൈവിധ്യ വഴികളിലൂടെ ലോകത്തിലെ എല്ലാ ഉപഭോക്താവിലേക്കും എത്തിച്ച വിജയ കഥയാണ് ബോബി ചെമ്മണ്ണൂരിന്റേത്. 157 വർഷം പഴക്കമുള്ള കുടുംബ ബിസിനസിന്റെ അടിത്തറയിൽ നിന്നാണ് ചെമ്മണ്ണൂർ ഗ്രൂപ്പിന്റെ വിജയവഴി തുടങ്ങുന്നത്. അതിന്റെ തുടക്കമിടുന്നത് ചെമ്മണ്ണൂർ ഇന്റർനാഷണൽ ഗ്രൂപ്പിന്റെ സ്ഥാപകനും ചെയർമാനുമായിരുന്ന ബോബിയുടെ പിതാവ് വരന്തരപ്പിള്ളി ചെമ്മണ്ണൂർ ഈനാശു ദേവസിക്കുട്ടിയാണ്. 18ാം വയസിൽ എയർഫോഴ്സിൽ ചേർന്ന ഇദ്ദേഹം 15 വർഷത്തോളം അതിൽ സേവനമനുഷ്ഠിച്ചു. ശേഷം കുടുംബ ബിസിനസായ ജ്വല്ലറി മേഖലയിലേക്ക് കടന്നു. അത് അക്കാലത്ത് മികച്ച തുടക്കമായി. സാധാരണ ജ്വല്ലറി ഉടമകൾ ചിന്തിക്കുന്നതിൽ വ്യത്യസ്തമായി കാര്യങ്ങൾ നീക്കിയ അദ്ദേഹം മറ്റ് ഗ്രൂപ്പുകളെക്കാൾ വേഗത്തിൽ വിജയം ഉറപ്പിച്ചു.

തൃശൂലിരും, എറണാകുളത്തുമായി പഠനം പൂർത്തിയാക്കിയ ബോബി ചെമ്മണ്ണൂർ അച്ഛന്റെ പാതയിൽ ബിസിനസിലേക്ക് തിരികയുകയായിരുന്നു, ഒപ്പം അനുഭവത്തിന്റെ കരുത്തുമായി കുടുബവും. പിന്നെ അത് കേരളത്തിലെ ഏറ്റവും വലിയ നേട്ടം ആവുകയായിരുന്നു. ആ സ്പോടർസ്മാൻ സ്പിരിറ്റാണ് ഈ ബിസിനസുകാരന്റെ വിജയത്തിനു പിന്നിൽ. ഫുട്ബോൾ മത്സരത്തിൽ, പ്രതിരോധത്തിൽ കാലിടറാതെ ഉറച്ചു നിൽക്കുന്ന ഒരു കാവൽഭടൻ ഉണ്ടാകും എത്ര വലിയ സ്കോറർ ആണെങ്കിലും അയാളെ ഒന്ന് ഉലയ്ക്കാതെ മറുവശത്തെ വല ചലിപ്പിക്കാൻ ആവില്ല. വ്യവസായ ലോകത്തെ ഓരോ അടിയും ബോബി ചെമ്മണ്ണൂർ മുന്നോട്ടു വയ്ക്കുന്നത് ആ പ്രതിരോധഭടന്റെ മികവോടെയാണ്.

പുതിയ തുടക്കം ബോബി ബസാർ ഫുഡ്പാർക്ക്

അതു തന്നെയാണ് പുതിയ ചിന്തയുടെ പിന്നിലും, ലോകമാകെ സൗഹൃദവലമുള്ള ബോബി ലോക്കൗട്ട് പീരിയഡിലെ പുതിയ ചിന്തകൾക്ക് നിദനം. നേരത്തെ ഓക്സിജൻ സിറ്റി എന്ന രീതിയിൽ വിഭാവനം ചെയ്ത പ്രൊജക്റ്റുണ്ട്, അതിൽ ആകെ മാറ്റങ്ങൾ വരുത്തുകയാണ് ഇദ്ദേഹം.

നിലവിൽ അവിടെ മാൾ പണിയാൻ സർക്കാർ അനുമതി കിട്ടിയിട്ടുണ്ട്. അതിനു പിന്നാലെ ഒരു അമ്യൂസ്മെന്റ് പാർക്കാണ് ലക്ഷ്യമിട്ടിരുന്നത് പക്ഷെ അത് പല കാരണങ്ങളാലും നീളുകയാണ് അതുകൊണ്ടുതന്നെ പുതിയ സാഹചര്യത്തിന് അനുസരിച്ച് അവിടെ മറ്റൊരു പ്രൊജകറ്റ് തുടങ്ങുകയാണ് 'ബോബി ബസാർ ഫുഡ്പാർക്ക്'. ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണവും വിപണനവുമാണ് ലക്ഷ്യം. കേരളമാകെ കുറഞ്ഞവിലയിൽ സാധനങ്ങൾ ലഭ്യമാക്കുന്ന ബോബി സ്റ്റോറുകൾ വിദേശത്തുനിന്ന് മടങ്ങി എത്തുന്ന മലയാളികൾക്കാണ് ഫ്രാഞ്ചൈസി നൽകുക.

ആയിരം സ്ക്വയർഫീറ്റുള്ള കടമുറികളാണ് ഇതിനുവേണ്ടത്. വിപണനത്തിന് സഹായിക്കാൻ ഓൺലൈൻ സപ്പോർട്ടുമുണ്ട്. ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന, ജനപങ്കാളിത്തത്തോടെയുള്ള ലോകത്തിലെ ആദ്യത്തെ ഇ-കൊമേഴ്സ് കമ്പനിയായ ഫിജി കാർട്ടിൽ ബോബി ചെമ്മണ്ണൂർ ഗ്രൂപ്പ് മുതൽ മുടക്കിയിരുന്നു. വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന ഓൺലൈൻ ഷോപ്പിങ് വെബ് പോർട്ടൽ ആണ് ഇന്നത്. എല്ലാ ബ്രാൻഡുകളുടെയും ഉത്പന്നങ്ങൾ ബോബി ഫിജിയിലൂടെ ലഭ്യമാണ്. മൊബൈൽ ആപ്പ് വഴിയും വെബ്സൈറ്റിലൂടെയും ആവശ്യമുള്ള ഉത്പന്നങ്ങൾ ഓർഡർ ചെയ്ത് വാങ്ങാൻ സാധിക്കും. ഡിജിറ്റൽ ഷോപ്പിങിന്റെ ഈ കാലഘട്ടത്തിൽ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് ലോകോത്തര ബ്രാൻഡുകളുടെ ഉത്പന്നങ്ങൾ ഏറ്റവും കുറഞ്ഞ വിലയിൽ ലഭ്യമാക്കിക്കൊണ്ടാണ് ഇത് പ്രവർത്തിക്കുന്നത്. മൂന്നരലക്ഷം പേർ നിലവിൽ ഇതിലെ കസ്റ്റമേഴ്സാണ്. ഔട്ട്ലെറ്റ് എത്തുന്നതോടെ ഇതിന്റെ പത്തിരട്ടിയാവും വ്യാപാരമെന്നും ബോബി പറയുന്നു.

നാടിനെ അറിഞ്ഞ്

നാടിന്റെ സാഹചര്യങ്ങൾ അറിഞ്ഞ് ജനത്തിന് വേണ്ടത് എത്തിച്ചു കൊടുക്കയാണ്. ഓരോ സംരംഭവും വിജയത്തിൽ നിന്ന് വിജയത്തിലേക്ക് കുതിക്കുമ്പോഴും, അതിന്റെ തലവേദനകൾ അദ്ദേഹത്തെ അലട്ടുന്നില്ല. വിജയത്തിനുവേണ്ടി ഓരോ മത്സരത്തിലും ഇറങ്ങുന്ന കളിക്കാരനെ പോലെ ഫോർവേഡും, ഫുൾബാക്കും തന്ത്രങ്ങൾ മെനയുന്ന ടീം കോച്ചുമായി ബോബി കുതിക്കുകയാണ്. കാൽ നൂറ്റാണ്ട് പിന്നിട്ട് ഇന്ത്യയിലെ ഒന്നാം ബിസിനസ് ഗ്രൂപ്പായി.

രാവിലെ ഇത്തിരി വൈകി എഴുന്നേൽക്കുന്ന ശീലമാണ് ബോബി ചെമ്മണ്ണൂരിനുള്ളത്. അതിനൊപ്പം കൃത്യമായ ഒരു ശീലമുണ്ട്. രാവിലെ പത്രം വായന കഴിഞ്ഞാൽ അത് കഴിഞ്ഞാൽ ചിലപ്പോൾ ടെന്നീസ് കളിക്കും. ചിലപ്പോൾ ഓടും. ചില ദിവസങ്ങളിൽ വൈകുന്നേരും കുങ്ഫു പ്രാക്റ്റീസിങ്ങും ഉണ്ടാകുമത്രെ! ചില ദിവസം ഡാൻസും ഉണ്ടാകും. ഇതിനിടയിലാണ് ബിസിനസ് ലോകത്ത് ചിട്ടയോടുള്ള പ്രവർത്തനങ്ങൾ.

ബിസിനസ് Cafe

കേരളം, തമിഴ്നാട്, ബോംബെ, ഗൾഫ് എന്നിവിടങ്ങളിലാണ് ഇപ്പോൾ ബിസിനസ് നെറ്റ്‌വർക്കുകൾ ഉള്ളത്. സാധാരണയായി ബിസിനസ് അതിനൊപ്പം സാമൂഹ്യസേവന രംഗവും. ഈ ബിസിനസുകാരന്റെ വസ്ത്ര ധാരണ ശൈലിയാണ് പലരെയും അമ്പരപ്പിച്ചിട്ടുള്ളത്. ഇതൊക്കെ തന്റെ മൂഡ് മാത്രമാണെന്നാണ് ഇദ്ദേഹം പറയുന്നത്.

സിംപിൾ ആവാൻ പ്രത്യേകിച്ചൊന്നും ചെയ്തിട്ടില്ല. പക്ഷേ, എല്ലാവരും പറയുന്നുണ്ട് സിംപിളായെന്ന്. ഒരുപക്ഷേ, അതിനു കാരണം ഈ ഡ്രസ് ആയിരിക്കും. വെള്ളയും വെള്ളയും ഇട്ട് നടക്കുന്നതുകൊണ്ട് പറയുന്നതായിരിക്കും. ഇതെന്റെ അപ്പാപ്പന്റെ ഡ്രസിങ് സ്റ്റൈലാണ്. പുള്ളിയോടുള്ള സ്നേഹംകൊണ്ട് അത് ശീലമാക്കി. എന്റെ ഡ്രസിങ് ഓരോ മൂഡ് അനുസരിച്ചാണ്. ചില ദിവസം വളരെ സിംപിളായി നടക്കും. ചിലപ്പോൾ ഫൈവ്സ്റ്റാറിൽ താമസിക്കും. അല്ലാതെ, ഒരു പേരെടുക്കാൻ വേണ്ടി സിംപിൾ ആവാൻ ചെയ്തതല്ല.

മുഖമുദ്ര വ്യത്യസ്തത

ഒരു ബിസിനസ് ജയന്റായി ലോകം മുഴുവൻ പടർന്ന് വളരണമെന്ന ആഗ്രഹമൊന്നുമില്ല. അങ്ങനെ ഉദ്ദേശിക്കുന്നേയില്ല. പക്ഷെ ചെയ്യുന്ന കാര്യങ്ങൾ ചിട്ടയോടെ ആയിരിക്കണം, അതിൽ വിജയത്തിൽ എത്തണം, പന്ത് കൈയിൽ കിട്ടിയാൽ ഗോൾ അടിക്കുന്ന ഫോർവേഡിനെപോലെ. വ്യത്യസ്തമായ സംരംഭങ്ങൾ ഏറെ എത്തിച്ചിട്ടുണ്ട് കേരളത്തിൽ.

47 ജ്വല്ലറികൾ, 140 ബ്രാഞ്ചോടുകൂടിയ നോൺ ബാങ്കിങ് ഫിനാൻസ് സ്ഥാപനം, വെൽസ് പ്രൊഡക്റ്റ്സ് ലഭിക്കുന്ന ഓൺലൈൻ വിപണി. അങ്ങനെ പലതുമുണ്ട് ഈ വിജയവഴിയിൽ. അതിനിടയിലാണ് കേരളത്തിലെ ആദ്യത്തെ റോൾസ് റോയ്സ് ടാക്സി ടൂർ ആരംഭിച്ചത്. 25000 രൂപയ്ക്ക് രണ്ട് ദിവസത്തേക്ക് 300 കിലോമീറ്റർ വരെ യാത്ര ചെയ്യാം, കൂടാതെ രണ്ട് ദിവസം ബോബി ഓക്സിജൻ റിസോർട്ട്സിന്റെ 28 റിസോർട്ടുകളിൽ ഏതിലും സൗജന്യമായി താമസിക്കുകയും ചെയ്യുന്ന ഓഫർ. ഇന്ത്യൻ മാർക്കറ്റിൽ രണ്ട് ദിവസത്തേക്ക് 240 കിലോമീറ്റർ യാത്ര ചെയ്യാൻ ഏഴര ലക്ഷം രൂപയാണ് റോൾസ് റോയ്സിന് വാടക ഈടാക്കുന്നത്.

ബോബി ചെമ്മണൂർ ഇന്റർനാഷണൽ ഗ്രൂപ്പിന്റെ ബോബി ടൂർസ് ആൻഡ് ട്രാവൽസ് ആണ് ലോകത്തിലാദ്യമായി ഇത്തരം ഒരു പദ്ധതി നടപ്പിലാക്കിയത്. 14 കോടി രൂപയോളം വില വരുന്ന റോൾസ് റോയ്സ് ഫാന്റം മോഡൽ കാർ ആണ് ടാക്സി ആയി സർവീസ് നടത്തുന്നത്. അതിനൊപ്പമാണ്

'ബോബി ഹേലി ടാക്സി' എന്ന ഹെലികോപ്റ്റർ ടാക്സി സർവീസ്. ലോക്ഡൗണിൽ കാശ് മുടക്കാതെ കളിക്കാൻ ഫുഡ്ബോൾ കളികളുമുണ്ട് ഈ ഗ്രൂപ്പിന്റെ വകയായി ഓൺലൈനിൽ. കളിച്ചു ജയിക്കുന്നവർക്ക് കാശ് ഇങ്ങോട്ടു ലഭിക്കും.

വരുന്നു പുതിയ 100 ബ്രാഞ്ചുകൾ

പുതിയ സാഹചര്യത്തിൽ ചെറുകിട ബിസിനസുകാർക്ക് അടക്കം വേണ്ടത് സാമ്പത്തിക പിന്തുണയാണ്, അത് ഉറപ്പിക്കാനുള്ള പദ്ധതിയും ബോബി ചെമ്മണ്ണൂർ ഒരുക്കി കഴിഞ്ഞു. ലോക്ഡൗൺ സമയം കഴിഞ്ഞാൽ തന്റെ നോൺബാങ്കിങ് ഫിനാൻസ് കമ്പനിയുടെ 100 ബ്രാഞ്ചുകൾ കേരളം മുഴുവൻ തുടങ്ങുകയാണ് ലക്ഷ്യം. മാർക്കറ്റിലെ ഏറ്റവും കുറഞ്ഞ പലിശയിൽ വ്യാപാരികൾക്ക് സാമ്പത്തിക സഹായം എത്തിക്കുകയാണ് ലക്ഷ്യം. അതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

പ്രതീക്ഷ

നിലവിലെ സാഹചര്യത്തിൽ വളരുക ഇന്ത്യൻ ബിസിനസ് ആയിരിക്കുമെന്നാണ് ഇദ്ദേഹം ഉറപ്പിക്കുന്നത്. കാരണം അത്രയും മികവുറ്റ സാഹചര്യം ഇവിടുണ്ട്. എല്ലാ ഗ്രൂപ്പും കാലത്തിന് അനുസരിച്ച് മാറി എത്തും. അത് നമ്മൾക്ക് പുതിയ കുതിപ്പ് ലോകത്ത് നൽകും.

പുരസ്കാരങ്ങൾ

'രക്തം നൽകൂ, ജീവൻ രക്ഷിക്കൂ' എന്ന സന്ദേശവുമായി 812 കിലോമീറ്റർ ദൂരം ഓടിയ ആദ്യ ഇന്ത്യക്കാരൻ ചെമ്മണ്ണൂർ ഇന്റർനാഷണൽ ഗ്രൂപ്പ് ചെയർമാനും എം ഡിയുമായ ബോബി ചെമ്മണ്ണൂരിന്റെ നാമം ഏഷ്യ ബുക്ക് ഒഫ് റെക്കോർഡ്സിലും എഴുതപ്പെട്ടിട്ടുണ്ട്. നേരത്തെ ഇന്ത്യ ബുക്ക് ഒഫ് റെക്കോർഡ്സിൽ ഉൾപ്പെട്ടിരുന്നു. 'സ്നേഹം കൊണ്ട് ലോകം കീഴടക്കുക' എന്ന സന്ദേശം സമൂഹത്തിൽ പ്രചരിപ്പിക്കുന്ന ബോബി ചെമ്മണ്ണൂർ 'ബോബി ഫ്രണ്ട്സ് ബ്ലഡ് ബാങ്ക്' രൂപവത്കരിക്കാൻ കൂടിയാണ് മാരത്തൺ നടത്തിയത്. മദർ തെരേസ അവാർഡ്, ഇൻഡോ ബ്രിട്ടീഷ് അവാർഡ്, മനുഷ്യസ്നേഹി അവാർഡ് തുടങ്ങി 104 അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

പാചകവാതക ചെലവ് കൂടി

സ്വന്തം ലേഖകൻ

കൊച്ചി: കൊവിഡ് കാലത്ത് പെട്രോൾ ഡീസൽ ചെലവ് കുറഞ്ഞപ്പോൾ കേരളത്തിൽ ഗാർഹിക പാചകവാതകത്തിന്റെ ആളോഹരി ഉപയോഗത്തിൽ ഒരു കിലോയുടെ വർധന. ലോക്ഡൗൺ നടപ്പിലായശേഷമുള്ള കണക്കുകൾ പ്രകാരമാണ് എൽപിജിയുടെ പ്രതിമാസ ആളോഹരി ഉപയോഗത്തിൽ വലിയ വർധന രേഖപ്പെടുത്തിയത്.

ലോക്ഡൗൺ പ്രഖ്യാപനത്തിനു മുമ്പുവരെ എൽപിജിയുടെ പ്രതിമാസ ആളോഹരി ഉപയോഗം ശരാശരി 7.6 കിലോഗ്രാമായിരുന്നു. എന്നാൽ, ലോക്ഡൗൺ നടപ്പായ മാർച്ച് 25 മുതൽ ഇതുവരെയുള്ള ഉപയോഗത്തിന്റെ ശരാശരി 8.6 കിലോയായി ഉയർന്നെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഡെപ്യൂട്ടി ജനറൽ മാനെജർ (എൽപിജി പ്രൊജക്റ്റ്) എസ്. ധനപാണ്ഡ്യൻ പ്രസ്താവനയിൽ പറഞ്ഞു. ഫെബ്രുവരി മാസത്തെ അപേക്ഷിച്ച് രണ്ടരലക്ഷം ഇൻഡേൻ സിലിൻഡറുകളുടെ അധിക ഉപയോഗമാണ് മാർച്ചിൽ സംസ്ഥാനത്തുണ്ടായത്. ബിപിസിഎല്ലിന് 1.8 ലക്ഷവും. 27,10,000 സിലിൻഡറാണ് മാർച്ചിൽ സംസ്ഥാനത്ത് ഐഒസി വീടുകളിൽ നൽകിയത്. ബിപിസിഎല്ലിന്റെ ഭാരത് ഗ്യാസ് വിതരണത്തിലും സമാന വർധന രേഖപ്പെടുത്തിയിട്ടുണ്ട്.

ലോക്ഡൗൺ പ്രഖ്യാപനത്തിനു പിന്നാലെ സിലിൻഡർ ബുക്കിങ്ങിന് വലിയ തിരക്ക് അനുഭവപ്പെട്ടിരുന്നു. അത് ഇപ്പോഴും തുടരുന്നു. ഗാർഹിക എൽപിജിക്ക് ഒരു ക്ഷാമവുമുണ്ടാകില്ലെന്നും ആവശ്യം വർധിച്ചതനുസരിച്ച് ഉത്പാദനം ക്രമീകരിച്ചിട്ടുണ്ടെന്നും എണ്ണക്കമ്പനികൾ അറിയിച്ചു. ഹോട്ടലുകൾക്ക് ഉൾപ്പെടെ നൽകുന്ന വാണിജ്യാവശ്യത്തിനുള്ള എൽപിജിയുടെ വിതരണം വൻതോതിൽ കുറഞ്ഞതിനാൽ ഗാർഹിക എൽപിജി കൂടുതൽ നൽകാൻ പ്രയാസവുമില്ല.

കുതിപ്പ് നിലച്ചു; പുതുവഴി തേടി ടൂറിസം

കുമരകം: അടുത്ത കാലത്തു പേരെടുത്തതു 'മൈസ്' ടൂറിസത്തിന്റെ വാതിലുകൾ അടഞ്ഞ് കുമരകവും കൊച്ചിയും. വൻ കമ്പനികളുടെ യോഗങ്ങൾ (മീറ്റിങ്), കമ്പനികൾ ജീവനക്കാർക്ക് നൽകുന്ന ടൂർ പാക്കെജുകൾ (ഇൻസന്റീവ്), കൺവെൻഷനുകൾ, എക്സിബിഷനുകൾ എന്നിവ ഉൾപ്പെടുന്നതാണ് എംഐസിഇ എന്ന മൈസ് ടൂറിസം. 2018 മുതൽ കേരളത്തിൽ ഇത് സജീവമായിരുന്നു. കഴിഞ്ഞ വർഷം കുതിപ്പ് അഭൂതപൂർവമായിരുന്നു.

നൂറോളം രാജ്യാന്തര സ്ഥാപനങ്ങൾ മാർച്ചിലും ഏപ്രിലിലുമായി കുമരകത്തെ റിസോർട്ടുകൾ ബുക്ക് ചെയ്തിരുന്നു. ഓരോ റിസോട്ടിനും ശരാശരി 3 ബുക്കിങ് എങ്കിലും നഷ്ടമായി. അര ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ വരുമാനം ലഭിക്കുന്ന ബുക്കിങ്ങായിരുന്നു ഓരോന്നും. വിദേശത്തു നിന്നു കുമരകത്തു വന്ന് വിവാഹം നടത്തുന്നതാണ് 'ഡെസ്റ്റിനേഷൻ വെഡിങ്'. ഇത്തരം 30 വിവാഹങ്ങളുടെ ബുക്കിങ് റദ്ദായി.

10 ലക്ഷം മുതൽ അരക്കോടി വരെ വിവാഹത്തിനു ചെലവഴിക്കുന്നവരുണ്ടെന്നു ചേംബർ ഒഫ് വേമ്പനാട് ഹോട്ടൽസ് ആൻഡ് റിസോർട്ട്സ് അസോസിയേഷൻ സെക്രട്ടറി കെ. അരുൺ കുമാർ പറഞ്ഞു. 1200 വിദേശികൾ കുമരകത്തു നിന്നു മടങ്ങിയെന്നും 1800 വിദേശ ബുക്കിങ്ങുകൾ നഷ്ടമായെന്നും ഉത്തരവാദിത്ത ടൂറിസം മിഷൻ സംസ്ഥാന കോ ഓർഡിനേറ്റർ കെ. രൂപേഷ് കുമാർ പറഞ്ഞു. വഞ്ചിവീട് മേഖലയുടെ നഷ്ടം പറയാനേയില്ല. സ്കൂൾ അവധിക്ക് സഞ്ചാരികൾ കൂട്ടമായി എത്താറുണ്ടായിരുന്നു.

ഹൗസ് ബോട്ടുകൾ, ശിക്കാര വള്ളങ്ങൾ, മോട്ടർ ബോട്ട് എന്നിങ്ങനെ 200ലധികം ജലവാഹനങ്ങളുണ്ട്. ഓരോന്നിലും 3 മുതൽ 5 വരെ ജീവനക്കാരുമുണ്ട്. വായ്പയെടുത്ത് വെള്ളത്തിൽ ഇറങ്ങിയ ബിസിനസാണെന്നും ലക്ഷങ്ങളുടെ തിരിച്ചടവാണ് ഓരോ ബോട്ടുകൾക്കുമുള്ളതെന്നും ഹൗസ് ബോട്ട് ഓണേഴ്സ് സൊസൈറ്റി സെക്രട്ടറി കെ. ഹണി ഗോപാൽ പറഞ്ഞു.

ഇന്ധന വിതരണം ഉറപ്പാക്കാൻ വെല്ലുവിളികളെ അതിജീവിച്ച് ബിപിസിഎൽ

സ്വന്തം ലേഖകൻ

കൊച്ചി: കൊവിഡ് പ്രതിസന്ധിയിലും തളരാതെ ബിപിസിഎൽ കൊച്ചി റിഫൈനറി. കടുത്ത അനിശ്ചിതത്വമുള്ള വിപണി സാഹചര്യത്തിൽ പെട്രോളിയം ഇന്ധനങ്ങളുടെ മുടക്കമില്ലാത്ത ഉത്പാദനം ഉറപ്പുവരുത്താൻ മുമ്പുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള പ്രവർത്തന പദ്ധതി.

കേരളത്തിലും അയൽ സംസ്ഥാനങ്ങളിലെ വിവിധ പ്രദേശങ്ങളിലും എൽപിജി അടക്കമുള്ള പെട്രോളിയം ഇന്ധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് ഏറ്റവും മികച്ചൊരു ഉത്പാദന സംവിധാനമാണ് ബിപിസിഎൽ കൊച്ചി റിഫൈനറി നടപ്പാക്കുന്നത്. ബിപിസിഎൽ കൊച്ചി റിഫൈനറി ജീവനക്കാർ പാലിച്ചുപോരുന്ന പുതിയൊരു തൊഴിൽ ക്രമീകരണത്തിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. സാധാരണയുള്ള എട്ട് മണിക്കൂർ ഷിഫ്റ്റിന്റെ സ്ഥാനത്ത് 12 മണിക്കൂർ ദൈർഘ്യമുള്ള ഓരോ ഷിഫ്റ്റിലും 280 ഓളം ജീവനക്കാർ ജോലി ചെയ്യുന്നു. ഇവർ എറണാകുളം ജില്ലയുടെയും സമീപ ജില്ലകളുടെയും വിവിധ പ്രദേശങ്ങളിൽ നിന്ന് നിർദേശിക്കപ്പെട്ടിരിക്കുന്ന സാമൂഹ്യ അകലം പാലിച്ചുകൊണ്ടാണ് തങ്ങളുടെ ദൗത്യം നിറവേറ്റുന്നതിനായി കൊച്ചി അമ്പലമുകളിലെ റിഫൈനറിയിലേക്ക് എത്തുന്നത്. ഇന്ധന ലഭ്യത ഉറപ്പുവരുത്തുകയെന്ന രാജ്യത്തിന്റെ ആഹ്വാനം കേട്ട് ഉണർന്ന് പ്രവർത്തിക്കുന്ന അറിയപ്പെടാത്ത നായകരാണവർ. ഈ നായകന്മാർ നമ്മുടെ അടുക്കളകളിലേക്കുള്ള എൽപിജിയും കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് ആവശ്യമായ പെട്രോളും ഡീസലും ഉറപ്പാക്കുന്നു.

കൊവിഡ്-19 വ്യാപനം പെട്രോൾ, ഡീസൽ, ഇന്ധന എണ്ണ, ബിറ്റുമിൻ എന്നിവയുടെയും മറ്റ് പെട്രോളിയം ഉത്പന്നങ്ങളുടെയും ആവശ്യകതയെ ഗുരുതരമായി ബാധിച്ചു. വിമാന സർവീസുകൾ നിർത്തിവെച്ചതോടെ എടിഎഫിനുള്ള (ഏവിയേഷൻ ടർബയ്ൻ ഫ്യൂവൽ) ആവശ്യം കുത്തനെ കുറഞ്ഞു. എന്നാൽ പാചക വാതകത്തിന് അഥവാ ലികിഫൈഡ് പെട്രോളിയം ഗ്യാസിന്റെ (എൽപിജി) ആവശ്യകത ഉയർന്നു.

എന്നാൽ റിഫൈനറിയുടെയും ഇൻസ്റ്റലേഷനുകളുടെയും ഉള്ളിലെ ഓരോ ഉത്പന്നത്തിന്റെയും സംഭരണ ശേഷി ഒരു സങ്കീർണ പ്രശ്നമായതിനാൽ, ഈ സാഹചര്യത്തിൽ തുടർച്ചയായ ഉത്പാദനം ഉറപ്പാക്കുന്ന കാര്യത്തിൽ വലിയ വെല്ലുവിളിയാണ് ഉയർന്നു വന്നത്. ക്രൂഡ് ഓയിൽ എന്നത് ശുദ്ധീകരണ പ്രക്രിയയിലൂടെ വേർതിരിക്കപ്പെടുന്ന വിവിധ ഉത്പന്നങ്ങളുടെ സങ്കീർണമായ ഒരു മിശ്രിതമാണ്. അതിനാൽ ചില സവിശേഷ ഉത്പന്നങ്ങളുടെ മാത്രമായുള്ള ഉത്പാദനത്തിന് പരിമിതികളുണ്ട്.

പൊതുവിൽ പെട്രോളിയം ഉത്പന്നങ്ങളുടെ ആവശ്യകത താഴ്ന്നതോടെ ക്രൂഡ് ഓയിൽ സംസ്കരണം ഏകദേശം 60 ശതമാനം കുറച്ചു. എന്നാൽ അതേസമയം ഉയർന്നു കൊണ്ടിരിക്കുന്ന പാചക വാതക (എൽപിജി) ആവശ്യകത പരിഹരിക്കുന്നതിനായി ബിപിസിഎൽ റിഫൈനറികളിൽ എൽപിജി ഉത്പാദനം വർധിപ്പിക്കുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. നാഫ്തയും ഡീസലും പോലെ രാജ്യത്തിനകത്ത് ഉപയോഗിക്കപ്പെടാതെ അധികം വന്ന ചില ഉത്പന്നങ്ങൾ കയറ്റുമതി ചെയ്തു.

തൊഴിലിട പെരുമാറ്റ ചട്ടങ്ങൾ നടപ്പാക്കി

ഇതിനിടയിൽ, കൊച്ചി റിഫൈനറി ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും ആരോഗ്യ സംരക്ഷണത്തിനായുള്ള തൊഴിലിട പെരുമാറ്റ ചട്ടങ്ങൾ കർശനമായി നടപ്പാക്കുകയും ചെയ്യുന്നു. പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ നിർത്തിവെച്ചു. എണ്ണ സംസ്കരണ, ഉത്പാദ പ്രക്രിയയുമായി നേരിട്ട് ബന്ധമില്ലാത്ത, നോൺ- ഓപ്പറേഷണൽ വിഭാഗത്തിലെ ജീവനക്കാർക്ക് വീട്ടിലിരുന്ന് ജോലി ചെയ്യാൻ സൗകര്യമൊരുക്കി. ഭാഗികമായി പരസ്പര സമ്പർക്കം ആവശ്യമുള്ള വിഭാഗങ്ങളിലെ ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിക്കുകയും എല്ലാവിധ സുരക്ഷാ മുൻകരുതലുകളും സ്വീകരിച്ചുകൊണ്ട് ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ പ്രവർത്തിക്കും വിധമാക്കുകയും ചെയ്തു. സെക്ഷൻ മീറ്റിങ്ങുകൾ അടക്കമുള്ള എല്ലാവിധ കൂടിച്ചേരലുകളും (മീറ്റിങ്ങുകളും) വിഡിയൊ കോൺഫറസ് ആപ്ലിക്കേഷനിലൂടെയാക്കി.

എട്ട് മണിക്കൂറിന് പകരം 12 മണിക്കൂർ

പ്ലാന്റ് മേഖലയിൽ, ഓപ്പറേഷണൽ ജീവനക്കാരുടെയും ഓഫിസർമാരുടെയും പ്രത്യേക സംഘങ്ങൾ രൂപീകരിക്കുകയും സാധാരണയുള്ള എട്ട് മണിക്കൂർ ഷിഫ്റ്റിന് പകരം 12 മണിക്കൂർ ഷിഫ്റ്റിൽ വിവിധ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനായി അവരെ ചുമതലപ്പെടുത്തുകയും ചെയ്തു. കൊവിഡ്-19 മഹാവ്യാധി ഒരു തരത്തിലും റിഫൈനറി പ്രവർത്തനങ്ങളെ ബാധിക്കില്ലെന്ന് ഉറപ്പാക്കുന്നതിനാണ് ഈ ക്രമീകരണം.

പുതിയ തൊഴിലിട പെരുമാറ്റ ചട്ടങ്ങളും മറ്റ് ക്രമീകരണങ്ങളും കൊച്ചി റിഫൈനറിയിൽ പരമാവധി വൃത്തിയും തൊഴിലിട ശുചിത്വവും ഉറപ്പാക്കുകയും ചെയ്യുന്നു. ഓരോ ഷിഫ്റ്റും കഴിഞ്ഞ് നിയന്ത്രണ മുറി (കൺട്രോൾ റൂം) ഉൾപ്പെടെയുള്ള തൊഴിലിടം വിട്ട് പോകുമ്പോൾ ജീവനക്കാർ ഉപകരണങ്ങളിലെ മനുഷ്യസ്പർശം ഉണ്ടാകുന്ന ഭാഗങ്ങളും പരിസരവും അണുവിമുക്തമാക്കുന്നു. അടുത്ത ഷിഫ്റ്റിനായി പ്രവേശിക്കുന്ന ജീവനക്കാർ ജോലി ആരംഭിക്കുന്നതിന് മുമ്പ് വീണ്ടും ഉപകരണങ്ങളും പരിസരവും അണുവിമുക്തമാക്കുന്നു. 'കണ്ണി മുറിയ്ക്കുക', 'സാമൂഹിക അകലം പാലിക്കുക' എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും അത് തികഞ്ഞ ജാഗ്രതയോടെ നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതിനും ബിപിസിഎൽ കൊച്ചി റിഫൈനറി വിപുലമായ സംവിധാനങ്ങൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

ഉത്പാദനവും വിതരണവും ഉറപ്പു വരുത്തുക പരമപ്രധാനം: മുരളി മാധവൻ

'ബിപിസിഎൽ കൊച്ചി റിഫൈനറി കൊവിഡ്-19 വ്യാപനത്തെ തുടർന്ന് ഉത്പാദനത്തിലും ഉത്പന്നങ്ങളുടെ വിതരണത്തിലും ഉണ്ടായ എല്ലാ വെല്ലുവിളികളെയും നേരിടുകയും അവിരാമമായ ഇന്ധന വിതരണം ഉറപ്പാക്കുന്നതിന് എല്ലാ നൂതന മാർഗങ്ങളും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഈ വേളയിൽ വളരെ നിർണായകമായ എൽപിജിയുടെ ഉത്പാദനവും വിതരണവും ഉറപ്പു വരുത്തുക എന്നത് ഞങ്ങൾ പരമപ്രധാനമായി കാണുന്നു.' കൊച്ചി റിഫൈനറിയുടെ എക്സിക്യൂട്ടീവ് ഡയറക്റ്റർ മുരളി മാധവൻ പറയുന്നു.

പ്രവാസിയെ തട്ടിക്കൊണ്ടു പോയ കേസിൽ മുഖ്യപ്രതി അറസ്റ്റിൽ

മൂവാറ്റുപുഴ: സ്ഥലം ഇടപാടുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്നു പ്രവാസിയെ തട്ടിക്കൊണ്ടുപോയി വഴിയിൽ തള്ളിയ കേസിൽ പ്രധാന പ്രതിയെ മൂവാറ്റുപുഴപൊലീസ് അറസ്റ്റു ചെയ്തു.

എടത്തല ചുണങ്ങംവേലി മിറ്റപ്പിള്ളി വീട്ടിൽ എൽബിൻ ദേവസി(35)യാണ് പിടിയിലായത്. ഒട്ടേറെ കേസുകളിൽ പ്രതിയായ എൽബിൻ പൊലീസിനു പിടികൊടുക്കാതെ ഒളിവിൽ കഴിയുന്നതിനിടെയാണ് തട്ടിക്കൊണ്ടു പോകലിനു നേതൃത്വം നൽകിയത്. ഇയാൾക്കെതിരേ സംസ്ഥാനത്തെ വിവിധ പൊലീസ്സ്റ്റേഷനുകളിൽ കേസുകളുണ്ടെന്നു പൊലീസ് പറഞ്ഞു. തട്ടിക്കൊണ്ടു പോകൽ സംഘത്തിലെ രണ്ടുപേരെ പൊലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

അറസ്റ്റിലായ എൽബിൻ ദേവസി.

മലപ്പുറം തലക്കാട് പുതിയങ്ങാടി വാൽപ്പറമ്പിൽ വീട്ടിൽ ഷാഹിദ് (30), മലപ്പുറം പുത്തൂർ ഗവ. ഹയർ സെക്കൻഡറിക്ക് സമീപം വാഴേപ്പറമ്പിൽ വിപിൻ ദാസ് (30) എന്നിവരാണ് നേരത്തെ പിടിയിലായത്. മൂവരും ക്വട്ടേഷൻ സംഘാംഗങ്ങളാണെന്ന് പൊലീസ് പറഞ്ഞു. പെരുമറ്റത്തുള്ള വീടിനു മുന്നിൽ നിന്ന് ഫെബ്രുവരി 27ന് രാത്രിയാണ് എറണാകുളത്ത് സ്വകാര്യ സ്ഥാപനം നടത്തുന്ന പെരുമറ്റം സ്വദേശി അഷറഫിനെ തട്ടിക്കൊണ്ടുപോയത്. കണ്ണ് മൂടിക്കെട്ടി, രാത്രിമുഴുവൻ വണ്ടിയിലിട്ട് മർദിച്ച ശേഷം വെള്ളിയാഴ്ച പുലർച്ചെ കുറുപ്പംപടിയിൽ ഇറക്കിവിടുകയായിരുന്നു.

25 ലക്ഷം രൂപ മോചനദ്രവ്യം ആവശ്യപ്പെട്ടാണ് തട്ടിക്കൊണ്ടുപോയതെന്നും പിന്നിൽ നാട്ടുകാരനായ വ്യക്തിയാണെന്നും അഷറഫ് പൊലീസിൻ മൊഴി നൽകിയിരുന്നു.

മന്ത്രിയ്ക്കു നിവേദനം

പറവൂർ: കഴിഞ്ഞ ദിവസമുണ്ടായ ചുഴലിക്കാറ്റിൽ ഏഴിക്കര പഞ്ചായത്തിലെ ചാത്തനാട്, പുളിങ്ങനാട്, കടക്കര മേഖലയിലെ നിർധനരായ മൽസ്യത്തൊഴിലാളികളുടെ ഏക ഉപജീവനമാർഗമായ അമ്പതോളം ചീന വലകൾ നഷ്ടപ്പെട്ടിരുന്നു. ഇവ പുനർ നിർമിക്കണമെങ്കിൽ ലക്ഷങ്ങൾ മുതൽ മുടക്കേണ്ടി വരും. നിരാലംബരായ ഇവർക്ക് അർഹമായ നഷ്ട പരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് എറണാകുളം ജില്ലാ മത്സ്യത്തൊഴിലാളി യൂണിയൻ (സിഐടിയു) ജില്ലാ വൈസ് പ്രസിഡന്റ് യേശുദാസ് പറപ്പിള്ളി മുഖ്യമന്ത്രി, ഫിഷറീസ് മന്ത്രി, റവന്യു മന്ത്രി എന്നിവർക്കു നിവേദനം നൽകി.

നിരീക്ഷണത്തിൽ 228 പേർ മാത്രം സുരക്ഷിത മേഖലയിലേക്ക്

കൊച്ചി: കൊവിഡ് ദുരിതത്തിന്റെ നാളുകളിൽ നിന്നു ജില്ല സുരക്ഷിത മേഖലയിലേക്കു നീങ്ങുന്നു. ആരോഗ്യവകുപ്പ് ഇന്നലെ പുറത്തു വിട്ട കണക്കു പ്രകാരം വീടുകളിലും ആശുപത്രികളിലുമായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 228 ആയി ചുരുങ്ങി. കൊവിഡ് പോസിറ്റീവായി ചികിത്സയിൽ തുടരുന്നവർ രണ്ടാണ്. ഇവരുടെ ആരോഗ്യനില തൃപ്തികരമാണ്.

ഇന്നലെ വീടുകളിൽ നിരീക്ഷണത്തിനായി 27 പേരെയാണു പുതിയതായി ഉൾപ്പെടുത്തിയത്. നിരീക്ഷണ കാലയളവ് അവസാനിച്ചതിനെ തുടർന്ന് 175 പേരെ നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി. ഇതോടെ ജില്ലയിൽ വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 210ആയി കുറഞ്ഞു. ഇതിൽ 90 പേർ ഹൈ റിസ്ക്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 28 ദിവസത്തെ നിരീക്ഷണത്തിലും 120 പേർ ലോ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 14 ദിവസത്തെ നിരീക്ഷണത്തിലും ആണ്. പുതുതായി രണ്ടു പേരെയാണ് ആശുപത്രിയിൽ നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചത്.

ഇവർ രണ്ടു പേരും സ്വകാര്യ ആശുപത്രിയിലാണുള്ളത്. മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന ഒരാളെ ഡിസ്ചാർജ് ചെയ്തു. നിലവിൽ 18 പേരാണു ജില്ലയിലെ വിവിധ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ കഴിയുന്നത്.

കളമശേരി മെഡിക്കൽ കോളെജിൽ നാലു പേരാണുള്ളത്. ഇതിൽ രണ്ടു പേരാണ് കോവിഡ് ബാധിച്ച് ചികിത്സയിലുള്ളത്.

മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഒരാളും ആലുവ ജില്ലാ ആശുപത്രിയിൽ ഒരാളും കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ രണ്ടു പേരും സ്വകാര്യ ആശുപത്രികളിലായി 10 പേരും നിരീക്ഷണത്തിൽ ഉണ്ട്. ജില്ലയിൽ നിന്നും ആറു സാംപിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇന്നലെ 16 പരിശോധന ഫലങ്ങൾ ലഭിച്ചു.

ഇവയെല്ലാം നെഗറ്റീവ് ആണ്. ഇനി 47 സാംപിൾ പരിശോധന ഫലങ്ങൾ കൂടി ലഭിക്കാനുണ്ട്.

ചെല്ലാനത്ത് സഞ്ചരിക്കുന്ന ആശുപത്രിയിൽ സ്ക്രീനിങ് ക്യാംപ് നടത്തുന്നു.

തീരമേഖലയിൽ ആത്മവിശ്വാസം പകർന്നു സ്ക്രീനിങ് ക്യാംപുകൾ

പള്ളുരുത്തി: തീരമേഖലയിൽ ആശ്വാസവും ആത്മവിശ്വാസവും പകർന്നു സഞ്ചരിക്കുന്ന ആശുപത്രിയിൽ സ്ക്രീനിങ് ക്യാംപ്. പീസ് വാലി -ആസ്റ്റർ വോളന്റിയേഴ്സ് സംയുക്തമായാണ് ക്യാംപ് സംഘടിപ്പിച്ചത്. ഹൈബി ഈഡൻ എംപി സ്ക്രീനിങിനു വിധേയനയായി കൊണ്ടു പരിപാടിക്ക് ചെല്ലാനത്തു തുടക്കം കുറിച്ചു. പ്രളയകാലത്തു കേരളത്തെ നെഞ്ചോട് ചേർത്ത മത്സ്യതൊഴിലാളികളുടെ ആരോഗ്യ സംരക്ഷണതിന് ഈ ദുരിത കാലത്ത് മുൻകൈയെടുത്ത ആസ്റ്റർ - പീസ് വാലി സംരംഭം മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യ വകുപ്പിന്റെ പ്രത്യേക അനുമതിയോടെയാണ് ചെല്ലാനം, കണ്ണമാലി, കണ്ടക്കടവ് മേഖലയിൽ സ്ക്രീനിംഗ് ക്യാംപുകൾ നടത്തിയത്. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരത്തിൽ സഞ്ചരിക്കുന്ന ആശുപത്രി ഉപയോഗിച്ചുള്ള കൊവിഡ് പരിശോധന. മത്സ്യതൊഴിലാളികളും ഇതരസംസ്ഥാന തൊഴിലാളികളും ഉൾപ്പടെ നാനൂറോളം പേർ വിവിധ ഇടങ്ങളിൽ പരിശോധനക്കെത്തി.

ശമ്പളം കുറയ്ക്കൽ; കേന്ദ്ര തൊഴിൽ വകുപ്പ് കണക്കെടുക്കുന്നു

മട്ടാഞ്ചേരി: കൊറോണാ വൈറസ് പ്രതിരോധ ലോഡ്ഡൗണിനെ തുടർന്നു തൊഴിൽ നഷ്ടം, ശമ്പളം വെട്ടി കുറക്കൽ എന്നിവയുമായി ബപ്പെട്ട വിവരശേഖരണത്തിനു കേന്ദ്ര തൊഴിൽ വകുപ്പ് നടപടി തുടങ്ങി.

പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ, ഇഎസ്ഐ കോർപ്പറേഷൻ തുടങ്ങിയവരോട് വിശദ വിവരങ്ങൾ ശേഖരിക്കാനാണ് പ്രധാനമന്ത്രിയുടെ ഓഫിസ് നിർദേശം.രണ്ടാം ഘട്ട ലോക്ക്ഡൗൺപ്രഖ്യാപന വേളയിൽ പ്രധാനമന്ത്രിയുടെ സപ്തപതിയിൽ തൊഴിൽ നഷ്ടമുണ്ടാകരുതെന്ന് നിർദേശിച്ചിരുന്നു.ഇപിഎഫിൽ ആറു കോടിയും ഇഎസ്ഐ കോർപ്പറേഷനിൽ മൂന്നു കോടിയുമാണ് തൊഴിലാളി രജിസ്ട്രേഷനുള്ളത്. ശമ്പള വിതരണം നടക്കുന്ന മേയ് ഏഴ് വരെ നിരീക്ഷണമുണ്ടാകും. തൊഴിലാളികളുടെ പരാതികൾ കേൾക്കാനും പ്രശ്ന പരിഹാരങ്ങൾക്കുമായി 20 കോൾ സെന്ററുകൾ പ്രവർത്തിക്കും.

ഇന്ത്യയിൽ 50 കോടിയോളം പേർ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നതായാണ് കണക്ക്. ഇതിൽ സംഘടിതമേഖലയിലുള്ളവർക്കൊപ്പം ഇതര മേഖലയിലുള്ളവർക്കും സുരക്ഷാ പാക്കേജ് ആനുകൂല്യങ്ങൾ നൽകാനുള്ള തയ്യാറെടുപ്പിലാണ് തൊഴിൽ വകുപ്പ്.

കുട്ടി പൊലീസിന് മോട്ടിവേഷണൽ പ്ലാറ്റ്ഫോമുമായി പൊലീസ്

കൊച്ചി: ലോക് ഡൗൺ കാലത്തു കുട്ടി പൊലീസിനു പ്രചോദനവും ആത്മവിശ്വാസവും പകരാൻ ഓൺലൈൻ പ്രോഗാമിലൂടെ ഇ മോട്ടിവേഷണൽ പ്ലാറ്റ്ഫോം തീർത്തു പൊലീസ്. ഗെയിം ചെയ്ഞ്ചർ എന്ന പേരിലാണ് സിറ്റി പൊലീസ് ഓൺലൈൻ പ്രോഗ്രാം തുടങ്ങിയത്. കൊച്ചി സിറ്റിയിലെ എസ്പിസി സ്കൂളുകളിൽ നിന്നു നാല് കേഡറ്റുകൾ വീതം പങ്കെടുക്കുന്നു. 'മാറ്റം നിങ്ങളിലൂടെ തുടങ്ങുന്നു'എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ആദ്യ സെഷനിൽ 183 സ്റ്റുഡന്റ് കേഡറ്റുകളും അധ്യാപകരും പൊലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

പ്രശസ്ത ട്രെയ്നർ നൂതൻ മനോഹർ ആണ് നയിക്കുന്നത്. ഇന്നലെ ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ ജി. പൂങ്കുഴലി കേഡറ്റുകളുമായി സംവദിച്ചു. കാരിക്കേച്ചറിസ്റ്റും നടനുമായ ജയരാജ് വാര്യർ ഉൾപ്പെടെയുള്ള പ്രമുഖർ തുടർദിനങ്ങളിൽ പങ്കെടുക്കും. സിറ്റി എസിപിയും നോഡൽ ഓഫിസറുമായ ആർ.രാജേഷ് നേതൃത്വം നൽകുന്ന ഓൺലൈൻ പ്രോഗ്രാം ലോക് ഡൗൺ അവസാനിക്കുന്നതു വരെ തുടരും.

അസി.ജില്ലാ നോഡൽ ഓഫിസർ പി.എൽ.മേരീദാസൻ, എസ്പിസി കമ്യൂണിറ്റി പൊലീസ് ഓഫിസർ ജി.വെങ്കടേഷ് എന്നിവരാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

പറവകൾക്ക് തണ്ണീർക്കുടം, വീടിനെ അറിയാം, അമ്മയ്ക്കൊരു കൂട്ട് തുടങ്ങിയ പദ്ധതികൾ ലോക് ഡൗൺ കാലത്തു സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾക്കായി നടപ്പാക്കുന്നുണ്ട്.

കൊച്ചി സിറ്റിയിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റിനു വേണ്ടിയുള്ള മോട്ടിവേഷണൽ ഓൺലൈൻ പ്രോഗ്രാമിൽ കുട്ടികളുമായി സംവദിക്കുന്ന ഡെപ്യൂട്ടി സിറ്റി പൊലീസ് കമ്മിഷണർ ജി.പൂങ്കുഴലി.

സഹായധനം വെട്ടിക്കുറച്ചു

മരട്: സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പാക്കേജിന്റെ ഭാഗമായ കുടുംബശ്രീവഴി വായ്പാ പദ്ധതി പ്രകാരം കുടുംബാംഗത്തിൻ പരമാവധി 20,000 രൂപ വരെ വായ്പ നൽകുന്ന പദ്ധതിയുടെ തുക വെട്ടിക്കുറച്ച് 5000 ആക്കിയത് ആരുടെ നിർദേശപ്രകാരമാണെന്ന് മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും വ്യക്തമാക്കണമെന്ന് മഹിളാ കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി സുനീല സിബി ആവശ്യപ്പെട്ടു.

മുഖ്യമന്ത്രിക്കും ധനകാര്യ മന്ത്രിക്കും ഇ-മെയിൽ മുഖേന അയച്ച കത്തിൽ, അയൽക്കൂട്ടങ്ങൾക്ക് സമ്പാദ്യ അക്കൗണ്ടുള്ള ബാങ്കിൽനിന്ന് വായ്പ ലഭ്യമാക്കുമെന്ന പ്രഖ്യാപനത്തിൽ തുക വെട്ടി കുറക്കുന്നത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കണം എന്നും ആവശ്യപ്പെട്ടു.

ധനസഹായം നൽകി

ചോറ്റാനിക്കര: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചോറ്റാനിക്കര യൂണിറ്റ് അതിജീവനത്തിന് ഒരു കൈത്താങ്ങ്; പദ്ധതിയിൽ വ്യാപാരികൾക്ക് ധനസഹായം നൽകി. സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നതു വ്യാപാരികള സാമ്പത്തികമായി ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. യൂണിറ്റിനു കീഴിലുള്ള 300 പരം വ്യാപാരി കുടുംബങ്ങളെ സഹായിക്കുന്നതിനും സാന്ത്വനം നൽകുന്നതിനുമാണു പദ്ധതി നടപ്പിലാക്കിയത്.ധനസഹായം വേണുഗോപാൽ, പ്രകാശൻ ശ്രീധരൻ തുടങ്ങിയവർ വീടുകളിൽ എത്തിച്ചു.

സർക്കാർ നിയന്ത്രണങ്ങൾ പ്രകാരം സർവീസ് നടത്താനാവില്ലെന്ന് സ്വകാര്യ ബസുടമകൾ

അങ്കമാലി: കൊറോണ വൈറസ് വ്യാപനം വന്നപ്പോൾ ഔദ്യോഗികമായി ലോക് ഡൗൺ പ്രഖ്യാപിക്കുന്നതിനു മുമ്പു തന്നെ സർവീസ് നിർത്തലാക്കേണ്ടി വന്ന സ്വകാര്യബസുകൾ ഇപ്പോൾ സർക്കാർ നിർദേശിച്ച നിയന്ത്രണങ്ങൾ ഓടിക്കാൻ പറ്റില്ലെന്ന് അങ്കമാലി മേഖല പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ. സാമ്പത്തിക പ്രയാസങ്ങൾ കാരണം സർക്കാർ നിശ്ചയിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ തെളിവെടുപ്പ് പൂർത്തിയാക്കി ക്കൊണ്ടിരിക്കുന്നതിനിടയി ലാണ് ലോക് ഡൗൺവന്നത്. ലോക് ഡൗണിന് ശേഷം സർവിസ് നടത്തണമെങ്കിൽ ആവശ്യമായ ഡീസൽ പകുതി വിലയ്ക്ക് ലഭ്യമാക്കുക, റോഡ് ടാക്സ് പൂർണമായും ഒഴിവാക്കുക.ക്ഷേമനിധിയിൽ ഉടമകളും തൊഴിലാളികളും അടയ്ക്കേണ്ട വിഹിതം ഒഴിവാക്കുക, യാത്രക്കാർക്ക് ആവശ്യമായ മാസ്ക്കുകളും സാനിറ്റൈസറും സർക്കാർ ഉറപ്പുവരുത്തുക, ഫിറ്റ്നസ് കാലാവധി തീരുന്ന മുറയ്ക്ക് ആറു മാസത്തേക്ക് നീട്ടി നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. ആവശ്യങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ ലോക് ഡൗണിന് ശേഷം സാമൂഹ്യസേവനം എന്ന നിലയിൽ മേഖലയിലെ സ്വകാര്യ ബസുകൾ സർവീസ് നടത്താൻ തയ്യാറാണെന്ന് അസോസിയേഷൻ പ്രസിഡന്റ് എ.പി.ജിബി, സെക്രട്ടറി ബി.ഒ.ഡേവിസ് എന്നിവർ അറിയിച്ചു.

ലോക് ഡൗണിൽ കൃഷിയുമായി ബിജുവും കുടുംബവും

പെരുമ്പാവൂർ: ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ വീടിന് പുറത്തിറങ്ങാൻ പറ്റാത്ത സാഹചര്യത്തിൽ പറമ്പിൽ ചെറുപയർ ചെടികൾ വളർത്തി റസിഡൻസ് അസോസിയേഷനിലെ കുടുംബങ്ങൾക്ക് കൊടുക്കുവാൻ തയ്യാറെടുക്കുകയാണ് സിനിമ, സീരിയൽ നടനായ പാറപ്പുറം കളരിക്കൽ വീട്ടിൽ ബിജുവും കുടുംബവും.

ചെറുപയർ പാകമാകാൻ മാസങ്ങൾ എടുക്കുന്നു എന്നുള്ളതു കൊണ്ടു വിത്തു മുളച്ചു പന്ത്രണ്ട് ദിവസം കഴിയുമ്പോൾ ചെടി പറിച്ച് ചീരയായി ഉപയോഗിക്കുവാൻ പാകത്തിൽ വിളവെടുക്കാനാണു ബിജു ഉദ്ദേശിക്കുന്നത്. ചെറുപയർ പോലെ തന്നെ അതിന്റെ ചെടിയും ആരോഗ്യപരമായ ഗുണങ്ങൾ ഉണ്ടാക്കുന്നു എന്നാണ് അദ്ദേഹം പറയുന്നത്. കൂടാതെ ഇത് ചീരയേക്കാൾ രുചികരവുമാണെന്നും ബിജു അവകാശപ്പെടുന്നു.

ഇതു കൂടാതെ തക്കാളി, വെണ്ടക്ക, മുളക് തുടങ്ങി പലയിനം പച്ചക്കറി കൃഷികളും ബിജു തന്റെ അടുക്കളത്തോട്ടത്തിൽ ഒരുക്കിയിട്ടുണ്ട്.

ബിജുവിന്റെ കൊവിഡ് കാലത്തെ ഈ പ്രയത്നത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എഴുത്തുകാരനും ഹാപ്പി ട്രാഫിക് ചീഫ് കോ-ഓർഡിനേറ്ററുമായ ഡീക്കൺ ടോണി മേതലയും റസിഡൻസ് അസോസിയേഷൻ ഭാരവാഹികളും ഒപ്പമുണ്ട്.

ബിജുവും കുടുംബവും പച്ചക്കറികൾ റസിഡൻസ് അസോസിയേഷന് കൈമാറുന്നു.

മലയിൻകീഴിൽ റോഡ് പൊട്ടിപ്പൊളിഞ്ഞ നിലയിൽ

കോതമംഗലം: ഏതാനും മാസം മുൻപ് തട്ടേക്കാട് പാതയിൽ വാട്ടർ അതോറിറ്റിയുടെ പഴയ കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി മലയിൻകീഴിൽ റോഡിന് കുറുകെ റോഡ് വെട്ടിപ്പൊളിച്ച് കുഴിയെടുത്തു പൈപ്പിട്ട ശേഷം മണ്ണ് ഇട്ട് അടയ്ക്കുകയാണ് കരാറുകാരൻ ചെയ്തത്. കോതമംഗലത്തെ പ്രധാന റോഡുകൂടിയായ മലയീൻകീഴ് വളവിൽ തന്നെയാണ് ഇത്തരത്തിൽ കുഴി രൂപപ്പെട്ടത്. കഴിഞ്ഞ ദിവസം അധികൃതരെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വീണ്ടും മണ്ണ് ഇട്ടു. യൂത്ത് കോൺഗ്രസ് മണ്ഡലം കമ്മിറ്റി പ്രസിഡന്റ് റഫീഖ്, വൈസ് പ്രസിസന്റ് എബി കുര്യാക്കോസ്, ബ്ലോക്ക് സെക്രട്ടറി ജെയിൻ ജോസ് എന്നിവരുടെ നേതൃത്വത്തിൽ കോതമംഗലം വാട്ടർ അതോറിറ്റി എഇയോടും കരാറുകാരനോടും കുത്തിപ്പൊളിച്ച ഭാഗം സഞ്ചാരയോഗ്യമാക്കി തരണമെന്ന് ആവശ്യപ്പെട്ടു. മണ്ണിട്ടിടത്തു മഴവെള്ളം വന്നപ്പോൾ കുഴിയായത് കാരണം എല്ലാവിധ വാഹനങ്ങൾക്കും ബുദ്ധിമുട്ട് അനുഭവപ്പെട്ടത് മനസിലാക്കിയാണ് യൂത്ത് കോൺഗ്രസ് മണ്ഡലം കമ്മിറ്റി ഇക്കാര്യം ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽ പ്പെടുത്തിയത്.

'ഹ്വസ്സ' ചിത്രീകരണം പൂർത്തിയായി

അങ്കമാലി: ബ്രൈറ്റ് കമ്മ്യൂണിക്കേഷന്റെ ബാനറിൽ കെ.വി. ഷാജി രചനയും സംവിധാനവും നിർവഹിക്കുന്ന എന്റെ പൊന്നുമോൻ എന്ന ഹ്വസ്സ ചിത്രത്തിന്റെ ചിത്രീകരണം കാലടിയിലും പരിസര സരത്തും പൂർത്തിയായി. കൊവിഡ് 19 നെ പ്രതിരോധിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകണമെന്ന് പൊതുജനങ്ങള ബോധവത്കരിക്കുന്നതാണ് പ്രമേയം.സർക്കാരിന് വേണ്ടിയാണു നിർമിച്ചിരിക്കുന്നത്. സിനിമ സംവിധായകരായ ജെ.ഫ്രാൻസീസ്, ഹുസൈൺ കൊടുങ്ങല്ലൂർ, രാജീവ് അങ്കമാലി എന്നിവരാണ് അണിയറ ശിൽപികൾ.

കൊച്ചി തേയില ലേലം സപ്ലേകോ സജീവം

മട്ടാഞ്ചേരി: കൊച്ചി തേയില ലേലത്തിൽ സിവിൽ സപ്ലൈസ് സജീവമായത് ലേല കേന്ദ്രത്തെ സജീവമാക്കി. ഇതോടെ പൊടി തേയില വില കിലോക്ക് പത്ത് രൂപ വരെ വർധിച്ചു. പൊതു വിതരണ കിറ്റുകളിലേക്കുള്ള തേയില ആവശ്യകതയാണ് സപ്ലെകോ ഡിമാന്റിന് കാരണമായത്. സെയിൽ 14ൽ നടന്ന പൊടി തേയില ലേലത്തിനെത്തിയ ഏട്ടര ലക്ഷം കിലോ തേയിലയിൽ 95 ശതമാനവും വിൽപന നടന്നതായി അധികൃതർ പറഞ്ഞു. തുറമുഖ നഗരിയിലെ ടീ ട്രേഡേഴ്സ് അസോസിയേഷനാണ് തേയില ലേലം നടത്തുന്നത്. ലോക്ക് ഡൗണിനെ തുടർന്ന് തേയില ലേലം നിർത്തി വെച്ചെങ്കിലും അവശ്യ വസ്തു പട്ടികയിലുൾപ്പെടുത്തിയതോടെയാണ് ലേലം തുടങ്ങിയത്. ടീ ബോർഡിന്റെ വെയർ ഹൗസുകളും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

ഡിവൈഎഫ്ഐ ശുചീകരിച്ചു

നെട്ടൂർ: കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതുതായി ആരംഭിച്ച പനി ക്ലിനിക്കിന്റെ പരിസരം ഡിവൈഎഫ്ഐ നെട്ടൂർ മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ശുചീകരിച്ചു. ബ്ലോക്ക് ജോയിന്റ് സെക്രട്ടറി പി.ജി.സനിൽ ഉദ്ഘാടനം ചെയ്തു. അനിൽ അയ്യപ്പൻ, അയൂബ്, നൈജു, ക്രിസ്റ്റി, ഹാറൂൺ, അജയ് നേതൃത്വം നൽകി.

തൊഴിലാളികൾക്ക് സഹായം

പറവൂർ: കൊറോണ വൈറസ് ഭീഷണിമൂലം തൊഴിൽ ദിനങ്ങൾ നഷ്ടമായ പെരുമ്പടന്ന സ്റ്റാൻഡിലെ ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് ഓട്ടോറിക്ഷ ഡ്രൈവേഴ്സ് യൂണിയൻ (സിഐടിയു) 500 രൂപ വീതം ധനസഹായം നൽകി. ഏരിയ സെക്രട്ടറി പി.ആർ.പ്രസാദ്, സ്റ്റാൻഡ് പ്രസിഡന്റ് എം.പി. തോമസ്, എം.കെ.രമാനന്ദൻ, വി.പി.ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു. പറവൂർ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി ഫണ്ടിൽ നിന്ന് അഞ്ചു ലക്ഷം രൂപ അനുവദിച്ചു.

എംഎൽഎ ഫണ്ടിൽ നിന്നും സഹായം

പറവൂർ: പറവൂർ താലൂക്ക് ആശുപത്രിയിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് എംഎൽഎയുടെ പ്രത്യേക വികസന ഫണ്ടിൽ നിന്ന് അഞ്ച് ലക്ഷം രൂപ അനുവദിച്ചതായി വി.ഡി സതീശൻ എംഎൽഎ അറിയിച്ചു. കൊവിഡ് രോഗബാധിതരെ പ്രവേശിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ മുൻ കരുതലെന്ന നിലക്കാണ് അത്യാവശ്യ ഉപകരണങ്ങളുടെ പോരായ്മ പരിഹരിക്കുന്നതിന് തുക അനുവദിച്ചത്.

രോഗികൾക്കു സൗജന്യ യാത്ര

പറവൂർ: ലോക് ഡൗൺ മൂലം യാത്രാ സൗകര്യമില്ലാതെ വിഷമിക്കുന്ന സ്ഥിരമായി ഡയാലിസിസ് ചെയ്യുന്നവർക്ക് സൗജന്യ യാത്രയൊരുക്കി ഡിവൈഎഫ്ഐ പറവൂർ ബ്ലോക്ക് കമ്മറ്റി. കിടപ്പുരോഗികൾക്ക് ആംബുലൻസ് അടക്കമുള്ള വാഹനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വടക്കേക്കര, ഏഴിക്കര, ചേന്ദമംഗലം, ചിറ്റാറ്റുകര പഞ്ചായത്തുകളിലും പറവൂർ നഗരസഭ പ്രദേശത്തുമുള്ള ഡയാലിസിസ് ചെയ്യുന്നവർക്കാണ് സേവനം ലഭിക്കുക. ലോക്ക്ഡൗൺ തീരുന്നതുവരെ സൗജന്യ സേവനം തുടരുമെന്ന് ബ്ലോക്ക് സെക്രട്ടറി എസ്.സന്ദീപ്, ബ്ലോക്ക് പ്രസിഡന്റ് വി.യു.ശ്രീജിത്ത് എന്നിവർ അറിയിച്ചു.

സാനിറ്റേഷൻ കിറ്റുകൾ വിതരണം ചെയ്തു

അങ്കമാലി: നഗരസഭ ഇരുപത്തിയേഴാം വാർഡിലെ വീടുകളിലും കോൺവെന്റുകളിലുമായി മുന്നൂറോളം സാനിറ്റേഷൻ കിറ്റുകൾ വിതരണം ചെയ്തു. സോപ്പ്, മാസ്ക്, ഹെൽത്ത് ഡ്രിങ്ക്, പച്ചക്കറി വിത്തുകൾ എന്നിവയാണ് നൽകിയത്. മുനിസിപ്പൽ മുൻ വൈസ് ചെയർമാൻ സജി വർഗീസ് ത്രേസ്യാകുട്ടിക്ക് കിറ്റ് നൽകി വിതരണോദ്ഘാടനം നിർവഹിച്ചു.

എറണാകുളം റൂറൽ പൊലീസ് തയാറാക്കിയ ചാക്യാർകൂത്ത് കാലത്തിന്റെ പോസ്റ്റർ.

റൂറൽ പൊലീസിന്റെ ചാക്യാർകൂത്ത് വൈറലായി

കൊച്ചി: റൂറൽ പൊലീസിന്റെ വീഡിയോകൾ വൈറലാകുന്നു. കൊറോണ ബോധവൽക്കരണത്തിന് എറണാകുളം റൂറൽ ജില്ലാ പൊലീസ് ഒരുക്കിയ കൂത്ത് വീഡിയോ ചിത്രം ശ്രദ്ധേയമായി. കാലം എന്നാണ് കൂത്തിന്റെ പേര്. കൊറോണ ക്കാലത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളും പ്രതിരോധിക്കാനുള്ള മാർഗങ്ങളും ഇതിലുണ്ട്. നിപ്പയും പ്രളയവും അതിജീവിച്ച നമ്മൾ ഈ മഹാമാരിയെ ഒറ്റക്കെട്ടായ് നേരിടുമെന്ന സന്ദേശം നൽകിയാണ് കൂത്ത് അവസാനിക്കുന്നത്. ചാക്യാർ കൂത്ത് കലാകാരനായ എളവൂർ അനിലാണ് കൂത്ത് അവതരിപ്പിക്കുന്നത്. ജില്ലാ പൊലീസ് മേധാവി കെ.കാർത്തിക് ആണ് നിർമാണ നിർവഹണം. ഛായാഗ്രഹണവും എഡിറ്റിങ്ങും ഹരികൃഷ്ണൻ നിർവഹിച്ചിരിക്കുന്ന കാലത്തിന് സാമൂഹ്യ മാധ്യമങ്ങളിൽ മികച്ച സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കൊറോണയുമായി ബന്ധപ്പെട്ട് വേറെയും ബോധവൽക്കരണ വീഡിയോ ചിത്രങ്ങൾ റൂറൽ പൊലീസ് നിർമിച്ചിട്ടുണ്ട്.

സൗജന്യ അരി വിതരണം ഇന്നു മുതൽ

കോതമംഗലം: രണ്ടാം ഘട്ട സൗജന്യ അരി വിതരണം (ഓരോ അംഗങ്ങൾക്ക് അഞ്ചു കിലോ വീതം) ഇന്നാരംഭിക്കുമെന്ന് ആന്റണി ജോൺ എംഎൽഎ അറിയിച്ചു. 20, 21 തീയതികളിലായി എഎവൈ(മഞ്ഞ) കാർഡുകൾക്കായുള്ള വിതരണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. 22 മുതൽ മുൻഗണനാ (പിങ്ക്)കാർഡുകൾക്ക് അരിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ ഭക്ഷ്യ കിറ്റും റേഷൻ കാർഡിന്റെ അവസാനിക്കുന്ന നമ്പർ അടിസ്ഥാനത്തിൽ വിതരണം ചെയ്യും. 22 ന് 1 ൽ അവസാനിക്കുന്ന കാർഡുകൾ, 23ന് 2 ൽ അവസാനിക്കുന്ന കാർഡുകൾ, 24ന് 3 ൽ അവസാനിക്കുന്ന കാർഡുകൾ, 25ന് 4 ൽ അവസാനിക്കുന്ന കാർഡുകൾ, 26ന് 5 ൽ അവസാനിക്കുന്ന കാർഡുകൾ, 27ന് 6 ൽ അവസാനിക്കുന്ന കാർഡുകൾ,28ന് 7 ൽ അവസാനിക്കുന്ന കാർഡുകൾ, 29ന് 8 ൽ അവസാനിക്കുന്ന കാർഡുകൾ, 30ന് 9,0 എന്നീ നമ്പറുകളിൽ അവസാനിക്കുന്ന കാർഡുകൾക്കുമാണ് വിതരണം നടത്തുന്നത്.

റോഡ് ടാറിങ് ഉടൻ തുടങ്ങും: വി.ഡി.സതീശൻ എംഎൽഎ

പറവൂർ: ദേശീയപാത 66ൽ കോട്ടപ്പുറം മുതൽ മഞ്ഞുമ്മൽ കവല വരെയുള്ള 17.40 കോടി രൂപയുടെ ബിഎം ബിസി ടാറിങ് പ്രവൃത്തികൾ ഉടൻ ആരംഭിക്കുമെന്ന് വി.ഡി.സതീശൻ എംഎൽഎ അറിയിച്ചു. കോട്ടപ്പുറം മുതൽ ചേരാനെല്ലൂർ മഞ്ഞുമ്മൽ കവല വരെയുള്ള ഭാഗത്ത് പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ലോക്ഡൌൺ ആരംഭിക്കുന്നതിനു മുൻപ് തന്നെ 1740 ലക്ഷം രൂപയ്ക്ക് രണ്ട് പ്രവൃത്തികളായി ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. തുടർന്ന് ലോക്ഡൗൺ ആരംഭിച്ചതിനാൽ രണ്ടുജോലികളും ആരംഭിക്കുവാൻ സാധിച്ചില്ല. ലോക്ഡൗൺ അവസാനിക്കുന്നതിനു മുൻപായി തന്നെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രത്യേക ഉത്തരവ് ലഭ്യമാക്കിയിരുന്നു. ഇതനുസരിച്ച് കോട്ടപ്പുറം മുതൽ മുനമ്പം കവല വരെയുള്ള 440 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് ഈ ആഴ്ച ആരംഭിക്കുന്നത്. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതോട് കൂടി മുനമ്പം കവല മുതൽ ചേരാനല്ലൂർ മഞ്ഞുമ്മൽ കവല വരെയുള്ള 1300 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിക്കുമെന്നും ആധുനിക നിലവാരത്തിലുള്ള ബിഎം ബിസി ടാറിങ്ങാണ് രണ്ട് പ്രവൃത്തിയിലും ഉൾപ്പെടുത്തിയിട്ടുള്ളതെന്നും എംഎൽഎ അറിയിച്ചു.

തെരുവുനായയുടെ കടിയേറ്റു പരിക്ക്

പറവൂർ: തെരുവുനായയുടെ കടിയേറ്റു രണ്ടു പേർക്കു പരുക്ക്. നന്ത്യാട്ടുകുന്നം ചാപ്പയിൽപറമ്പിൽ രുഗ്മിണി (80), പുഴവൂർപറമ്പ് വാസു (63) എന്നിവർക്കാണു കടിയേറ്റത്. കഴിഞ്ഞദിവസം രാവിലെ വീട്ടിൽ മുറ്റമടിക്കുകയായിരുന്ന രുഗ്മിണിയുടെ കൈയ്ക്കാണു കടിയേറ്റത്. റോഡിലേക്ക് ഓടിയ നായ കാളികുളങ്ങര ക്ഷേത്രത്തിനു സമീപത്തുവച്ചാണു വാസുവിന്റെ കൈയിൽ കടിച്ചത്. ഇരുവരും എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്.

മട്ടാഞ്ചേരിയിലെ എംഎസ്സി ബാങ്ക് കിറ്റ് വിതരണ രജിസ്ട്രേഷനിലെ തിരക്ക്.

ലോക് ഡൗൺ നിർദേശം ലംഘിച്ച് ഭക്ഷ്യ കിറ്റ് രജിസ്ട്രേഷൻ

മട്ടാഞ്ചേരി: കൊവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇത് ലംഘിച്ച് സൗജന്യ ഭക്ഷ്യ കിറ്റ് വിതരണത്തിനുള്ള രജിസ്ട്രേഷൻ നടത്തിയത് വൻ പ്രതിഷേധത്തിനിടയാക്കി. സാമൂഹ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്ന തരത്തിൽ നിയമലംഘനം നടത്തിയാണ് അർബൻ ബാങ്കിന്റെ കിറ്റു വിതരണ രജിസ്ട്രേഷൻ നടത്തിയതെന്നാണ് ആക്ഷേപം. മട്ടാഞ്ചേരി സാർവജനിക്ക് സഹകരണ ബാങ്കാണ് ബിപിഎൽ അംഗങ്ങൾക്ക് കിറ്റ് വിതരണ പ്രഖ്യാപനം നടത്തിയത്. 30000 ത്തിലേറെ അംഗങ്ങളുള്ള ബാങ്ക് അങ്കണത്തിൽ ശനിയാഴ്ച രാവിലെ മുതൽ ജനങ്ങളുടെ നീണ്ട നിരയായിരുന്നു. തുടർന്നിത് ജനതിരക്കായി മാറിയതോടെ പൊലീസെത്തിയെങ്കിലും നിയന്ത്രണം അസാധ്യമായി. മണിക്കൂറുകളോളം വഴിയാത്രപോലും സാധിക്കാതായതോടെ രജിസ്ട്രേഷൻ നിർത്തിവെക്കുകയായിരുന്നു. ബാങ്കധികൃതർ കിറ്റ് വിതരണ രജിസ്ട്രേഷന് വേണ്ടത്ര സംവിധാനമൊരുക്കാത്തതാണു തിരക്കിനിടയാക്കിയതെന്ന് പരിസരവാസികൾ പറഞ്ഞു.

പച്ചക്കറി വിത്ത് വിതരണം കെ.ജെ മാക്സി എംഎൽഎ നിർവഹിക്കുന്നു.

പച്ചക്കറി വിത്ത് വിതരണം ചെയ്തു

മട്ടാഞ്ചേരി: നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം സർക്കാർ പദ്ധതിയുടെ ഭാഗമായി കെ.ജെ.മാക്സി എംഎൽഎയുടെ നേതൃത്വത്തിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.വീടുകളിലെ ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിയ വിത്ത് വിതരണം എഡ്രാക്ക് കൊച്ചി മേഖല ജനറൽ സെക്രട്ടറി കെ.പി മെട്രോക്സിന് നൽകി കൊണ്ട് കെ.ജെ മാക്സി എംഎൽഎ ഉദ്ഘാടനം ചെയ്തു.കെ.എ അജേഷ്,സി.എസ് ഗിരീഷ് പങ്കെടുത്തു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.107 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from **Vaartha News Network Pvt. Ltd,** Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

സമൂഹ അടുക്കളയിലേക്ക് സഹായങ്ങളുടെ പ്രവാഹം

കൊടുങ്ങല്ലൂർ: നഗരസഭയുടെ സമൂഹ അടുക്കളയിലേക്ക് സഹായങ്ങളുടെ പ്രവാഹം. വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ , വ്യക്തികൾ, മത സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, ബാങ്കുകൾ എന്നിവയെല്ലാം വിവിധ സഹായങ്ങളാണ് ഓരോ ദിവസവും അടുക്കളയിലേക്ക് നേരിട്ട് വന്ന് എത്തിക്കുന്നത്. കൊടുങ്ങല്ലൂരിലെ പ്രശസ്തമായ ലക്ഷ്മി ജുവല്ലറി മനേജ്മെന്റ് അഞ്ച് ദിവസത്തേക്കുള്ള ഭക്ഷണമാണ് അടുക്കളയിലേക്ക് സ്പോൺസർ ചെയ്തത്. മൂന്ന്നേരവും സമൂഹ അടുക്കളയിൽ നിന്ന് ഭക്ഷണം 44 വാർഡുകളിലേയ്ക്കും നൽകുന്നുണ്ട്.കൂടാതെ നഗരസഭ തെരുവിൽ നിന്ന് അലഞ്ഞു നടന്നവർക്കായി നടത്തുന്ന സുരക്ഷിത കേന്ദ്രത്തിലെ 50 പേർക്കും ദിവസം മൂന്നു് നേരം ഭക്ഷണം നൽകുന്നുണ്ട്. ശൃംഗപുരം ഗവ. ഹയർ സെക്കൻററി സ്കൂളിൽ നടന്ന ചടങ്ങിൽ ലക്ഷ്മി ജ്വല്ലറി പാർട്നർ വി.ആർ.വിഷ്ണു രാജ് നഗരസഭ ചെയർമാൻ കെ ആർ.ജൈത്രന് തുക കൈമാറി. ലക്ഷ്മി ജ്വല്ലറിയുടെ സഹകരണത്തിന് ചെയർമാൻ നന്ദി പറഞ്ഞു. കഴിഞ്ഞ 2018ലെ പ്രളയകാലത്ത് നഗരസഭയിലെ പ്രളയത്തിൽ പ്രയാസമനുഭവിച്ച മുഴുവൻ പാവപ്പെട്ടവർക്കും സഹായം നൽകിയ ലക്ഷ്മി ജുവല്ലറിയുടെ പ്രവർത്തനം ശ്ലാഘനീയമാണെന്നും ചെയർമാൻ പറഞ്ഞു.

പ്രതിരോധ കുത്തിവയ്പ്പ്

വക്കാഞ്ചേരി: നഗരസഭയുടെയും വടക്കാഞ്ചേരി വെറ്റിനറി പോളിക്ലിനിക് ന്റെയും സംയുക്താഭിമുഖ്യത്തിൽ പാർളിക്കാട് ആരോഗ്യ വകുപ്പിന്റെ ഹെൽത്ത് സെന്ററിൽ വച്ച് 21- ന് ഉച്ചയ്ക്ക് 2 ന് വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നു. കൂടാതെ ഈ ക്യാംപിൽ വച്ച് നായ്ക്കളുടെ ആരോഗ്യ പരിശോധനയും നടത്തുന്നു. ഈ പ്രദേശത്ത് തെരുവ് നായ്ക്കളുടെ ആകസ്മിക മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ പ്രദേശവാസികളുടെ ആശങ്ക അകറ്റുന്നതിന് ആണ് ഇത്തരത്തിലുള്ള ഒരു ക്യാംപ് സംഘടിപ്പിക്കുന്നത്. പ്രദേശത്തുള്ള എല്ലാ വളർത്തു നായ്ക്കളെയും ഈ ക്യാംപിൽ കൊണ്ടുവന്നു സൗജന്യ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുത്തിവച്ച നായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റും നൽകുന്നതാണ് ആവശ്യക്കാർ ഡിവിഷനിലെ റാപ്പിഡ് റെസ്പോൺസ് ടീം അംഗങ്ങളായ ദിദീഷ് (+91 98474 14748) റെമിൻ (+91 99469 62763) എന്നിവരുമായി ബന്ധപ്പെട്ട് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊറോണ വ്യാപനവുമായി ബന്ധപ്പെട്ട് ലോക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ ക്യാംപിൽ എത്തുന്നവർ ഇതുമായി ബന്ധപ്പെട്ടു ഗവൺമെന്റ് അനുശാസിക്കുന്ന സാമൂഹിക അകലവും മറ്റ് വ്യക്തി ശുചിത്വ മാർഗങ്ങളും അവലംഭിച്ച് ക്യാംപ് നടക്കുന്ന സ്ഥലത്ത് തിരക്ക് ഉണ്ടാകാത്ത രീതിയിൽ സഹകരിക്കണമെന്ന് നഗരസഭ അധീകൃതർ അഭ്യർത്ഥിച്ചു.

ചീട്ടുകളി സംഘം പിടിയിൽ

ചാലക്കുടി ലോക്ക്ഡൗൺ സമയത്ത് പണം വച്ച് ചീട്ടുകളിച്ചിരുന്ന രണ്ട് സംഘങ്ങളെ കൊരട്ടി പൊലീസ് പിടികൂടി. സംഘത്തിലെ 10 പേരെ സിഐ ബി. കെ.അരുൺ, എസ്ഐമാരായ രാമു ബാലചന്ദ്ര ബോസ്, സി.ഒ. ജോഷി എന്നിവർ ചേർന്ന് പിടികൂടി. 8,000 രൂപ സംഘത്തിൽ നിന്ന് കണ്ടെടുത്തു. കോനൂർ, മുരിങ്ങൂർ എന്നിവിടങ്ങളിലെ ആളൊഴിഞ്ഞ പറമ്പിലാണ് സംഘം ചീട്ടുകളിച്ചത്. ലോക്ഡൗണിനെ തുടർന്ന് പണം വച്ചുള്ള ചീട്ടുകളി വർധിച്ചതിനാൽ മേഖലയിൽ പൊലീസ് നിരീക്ഷണം കർശനമാക്കിയിട്ടുണ്ട്. രണ്ടാഴ്ച മുൻപ് മേലൂർ മേഖലയിൽ നിന്ന് 4 പേരെ ചീട്ടുകളിക്കിടെ പൊലീസ് പിടികൂടിയിരുന്നു.

ധനസഹായം നൽകി

വടക്കാഞ്ചേരി: മകളുടെ കല്യാണ മനസമ്മതത്തോടനുബന്ധിച്ച് രണ്ട് വൃക്ക രോഗികൾക്ക് ധനസഹായം നൽകി മാതൃകയാകുന്നു. കല്ലംപാറ മുരിങ്ങാത്തറ സിബിയുടെ ഭാര്യ സൂസി (52) തൃശൂർ മുളയം കുരിശിങ്കൽ ജോസ് (45) എന്നീ വൃക്കതകരാറിലായവർക്കാണ് മണ്ണൂത്തി കല്ലേരി വീട്ടിൽ ജോയി, മകൾ നാൻസിയുടെ മനസമ്മത ദിനത്തിൽ അമ്പതിനായിരം രൂപ വീതം നൽകി മാതൃക കാണിച്ചത്. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാ ഡേവീസ് ചിറമലാണ് ഇവരുടെ വീടുകളിലെത്തി ധനസഹായം കൈമാറിയത്. ആഘോഷങ്ങൾ ഉപേക്ഷിച്ച് കാരുണ്യ പ്രവർത്തനങ്ങൾ നടത്തി മനുഷ്യരുടെ വേദനകൾ അകറ്റുന്നവർ ,മാനവ സമൂഹത്തിന് വലിയ സന്ദേശമാണ് നൽകുന്നതെന്ന് ഫാ ഡേവീസ് ചിറമൽ പറഞ്ഞു.

'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്തപരിസരം' ക്യാംപെയിനുമായി കൊടുങ്ങല്ലൂർ നഗരസഭ

കൊടുങ്ങല്ലൂർ വടക്കേനടയിലെ പൊതു കാനകളിലെ സ്ളാബുകൾ മാറ്റി ചളിയും മാലിന്യങ്ങളും കോരി വൃത്തിയാക്കുന്നു

കൊടുങ്ങല്ലൂർ: നഗരസഭയിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്തപരിസരം ' ക്യാംപെയിൻ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞതായി നഗരസഭ ചെയർമാൻ കെ.ആർ .ജൈത്രൻ അറിയിച്ചു. ആരോഗ്യ വകുപ്പ് ജീവനക്കാരെയും ബഹുജന പ്രസ്ഥാനങ്ങളെയും ഏകോപിപ്പിച്ചു കൊണ്ട് മാലിന്യ സംസ്ക്കരണ ശുചീകരണ പ്രവർത്തനങ്ങളും കൊതുക് നിവാരണ പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കുന്നത്. വടക്കെ നടയിലെ പൊതു കാനകളിലെ സ്ളാബുകൾ മാറ്റി ചളിയും മാലിന്യങ്ങളും കോരി വൃത്തിയാക്കുന്ന പ്രവർത്തനം നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ആരംഭിച്ചു. നഗര പ്രദേശത്തെ മൂന്ന് വില്ലേജുകളിലുമുള്ള 44 വാർഡുകളിലെ നൂറോളം കാനകളാണ് ശുചീകരിക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ളത്.നഗരസഭയിലെ ആരോഗ്യ വി ഭാ ഗത്തിലെ 40 ശുചീകരണ തൊഴിലാളികളെ ഇതിനായി നിയോഗിച്ചിട്ടുണ്ട്.കൂടാതെ 800 തൊഴിലുറപ്പ് തൊഴിലാളികളെയും സജ്ജമാക്കിയിട്ടുണ്ട്. മഴക്കാലം ആരംഭിക്കുന്നതിന് മുൻപായി ഇത് പൂർത്തീകരിക്കും. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കാനകളിലേയ്ക്ക് കുഴലിലൂടെ മാലിന്യം ഒഴുക്കിവിടുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനും ചെയർമാൻ കെ ആർജൈത്രൻ ഇന്നലെ വിളിച്ചു ചേർത്ത ആരോഗ്യ വകുപ്പ് ജീവനക്കാരുടെ യോഗത്തിൽ തീരുമാനിച്ചിരുന്നു. വാർഡ് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വാർഡ് കൗൺസിലർ അധ്യക്ഷനായി സാമൂഹ്യ പ്രവർത്തകർ, ആശാ - കുടുംബശ്രീ - അംഗൻവാടി - റസിഡൻസ് അസ്സോസിയേഷൻ പ്രവർത്തകരുടെ സഹക രണത്തോടെ വാർഡ് ശുചീകരണം സംഘടിപ്പിക്കും. ഇതിനായി ഓരോ വാർഡിലേക്കും 25000 രൂപ അനുവദിച്ചതായി ചെയർമാൻ കെ ആർജൈത്രൻ പറഞ്ഞു. ഓരോ വീടും മാലിന്യ മുക്തമാക്കണം. മാലിന്യം സംസ്ക്കരിക്കുന്നതിന് ഓരോ വീടിനും മാലിന്യ സംസ്ക്കരണ പോട്ടുകൾ 155 രൂപയ്ക്ക് തൊണ്ണൂറ് ശതമാനം സബ്സിഡിയോടെ നൽകും. ബയോഗ്യാസ് പ്ലാന്റുകളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യും. വാർഡുകളിലെ കുളങ്ങളും കിണറുകളും ആശാ വർക്കർമാരുടെ നേതൃത്വത്തിൽ ക്ലോറിനേഷൻ ചെയ്യുന്ന പ്രവർത്തനവും ആരംഭിച്ചു കഴിഞ്ഞു. വാർഡുകളിലെ പ്രധാന പൊതുകിണറുകളും കുളങ്ങളും തോടുകളും മഴക്കാലത്തിന് മുൻപ് തന്നെ ശുചീകരിക്കും. ' മാലിന്യ മുക്തപരിസരം ക്യാംപെയിൻ്റെ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനായ നഗരസഭ തലത്തിൽ ഈ മാസം ശില്പശാല സംഘടിപ്പിക്കും. ഈ ഏപ്രിൽ 22 ന് ചേരുന്ന ആലോചനായോഗത്തിൽ കൗൺസിലർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ആശാ പ്രവർത്തകർ എന്നിവർ പങ്കെടുക്കുമെന്നും ചെയർമാൻ പറഞ്ഞു.

പ്രവാസികളുടെ വേദന സർക്കാർ ഗൗരവത്തിലെടുക്കണമെന്ന്

ഇരിങ്ങാലക്കുട: രാജ്യവും കേരളവും കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച പ്രവാസികളുടെ ഇന്നത്തെ കഷ്ടപ്പാടിൽ അവരോടൊപ്പം നിൽക്കുവാനും അവർ അനുഭവിക്കുന്ന വേദന ഗൗരവത്തിലെടുക്കുവാനും സർക്കാർ തയ്യാറാകണമെന്ന് കേരള കോൺഗ്രസ് (എം) ഉന്നതാധികാര സമിതിയംഗം തോമസ് ഉണ്ണിയാടൻ ആവശ്യപ്പെട്ടു. കോവിഡ് 19 മൂലം നിരവധി മലയാളികളാണ് ജോലി പോലും നഷ്ടപെട്ടു വിദേശരാജ്യങ്ങളിൽ കഴിയുന്നത്. വരുമാനമില്ലാതെ ഭക്ഷണത്തിനും ജീവൻരക്ഷാ മരുന്നിനും വളരെയേറെ കഷ്ടപെടുകയാണവർ. കേരളത്തിലെ ആശുപത്രികളിൽ അടിയന്തിര ചികിത്സ ലഭിക്കേണ്ട പലരും അവിടങ്ങളിൽ കുടുങ്ങിയിട്ടുണ്ട്. അവരിൽ ചിലർ ചികിത്സ കിട്ടാതെ മരണപ്പെട്ട വിവരവും വേദനയോടെയാണ് നമുക്ക് കേൾക്കാൻ സാധിച്ചത്.അടിയന്തിരമായി ചികിത്സ ലഭിക്കേണ്ടവർ, വൃദ്ധർ, കുട്ടികൾ, ഗർഭിണികൾ, വിസാ കാലാവധി തീർന്നവർ തുടങ്ങി ഏറെ കഷ്ടപ്പെടുന്നവരെ എത്രയും വേഗം നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവണം. കേന്ദ്രസർക്കാരിന് കത്തെഴുതിയിട്ടുണ്ട് എന്ന കാരണത്താൽ അവർ നടപടിയെടുക്കട്ടെ എന്നുപറഞ്ഞു ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറാതെ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചൊലുത്താൻ കേരള സർക്കാർ തയ്യാറാകണം.ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളീയരാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുതലായി ജോലി ചെയ്യുന്നവർ. കേരളത്തിന്റെ വികസന കാര്യത്തിൽ ഇവരുടെ പങ്കു വിസ്മരിക്കാനാകാത്തതാണ്. പ്രളയമുൾപ്പെടെ ഏതൊരു ആവശ്യഘട്ടത്തിലും കൈമെയ് മറന്നു സഹായിച്ചവരാണവർ. നമ്മുടെ സഹോദരങ്ങളെന്ന നിലയിൽ ഈ ഘട്ടത്തിൽ അവരെയും അവരുടെ കുടുംബങ്ങളെയും സഹായിക്കേണ്ടത് നമ്മുടെ ചുമതലയാണ്.നാട്ടിലെത്താൻ ആഗ്രഹിക്കുന്നവർക്ക് പ്രവാസ ലോകത്തെ മലയാളികളായ ഉന്നത വ്യക്തികളുടെയും സംഘടനകളുടെയും സഹായത്താൽ അതിനുള്ള നടപടി സർക്കാർ ആത്മാർത്ഥമായി സ്വീകരിക്കണമെന്നും ഉണ്ണിയാടൻ ആവശ്യപ്പെട്ടു.

ഷൈലജയ്ക്കിത് ആത്മാർപ്പണത്തിന്റെ ദിനങ്ങൾ

നാടിന്റെ സേവകർക്ക് ചായ പകർന്ന് നൽകുന്ന ഷൈലജ

ഇരിങ്ങാലക്കുട: കോവീഡ് 19 എന്ന മഹാമാരിയെ തുരത്താൻ ലോകമൊന്നാകെ പോരാടുമ്പോൾ അതിൽ മുഖ്യസ്ഥാനം വഹിക്കുന്നവരാണ് ആരോഗ്യ പ്രവർത്തകരും പൊലീസ് ഉദ്യോഗസ്ഥരും. ആഴ്ച്ചകൾക്ക് മുൻപ് ലോക് ഡൗൺ ആരംഭിച്ചപ്പോൾ ഇരിങ്ങാലക്കുട ഠാണാവിലും ജനമൈത്രി പൊലീസിന്റെ ആഭിമുഖ്യത്തിൽ വാഹന പരിശോധന രാത്രിയും പകലും കർശനമാക്കിയിരുന്നു.

ഡ്യൂട്ടിയിലെത്തുന്ന പൊലീസ് അംഗങ്ങൾക്കും ജനമൈത്രി അംഗങ്ങൾക്കും മുടങ്ങാതെ രാവിലെയും വൈകീട്ടും ചായയും നാരങ്ങവെള്ളവും വിതരണം ചെയ്യുന്ന ഒരു സ്ത്രിയുണ്ട്. ഠാണവിൽ തന്നെ സോപ്പും ഡിറ്റർജന്റുകളും നിർമാണം നടത്തുന്ന പുല്ലൂർ സ്വദേശി ഇയ്യാനി വീട്ടിൽ ഷൈലജയാണ് ഈ സത്പ്രവൃത്തി മുടങ്ങാതെ നടത്തി വരുന്നത്. ഞായറാഴ്ച്ചകളിൽ പോലൂം വീട്ടിൽ നിന്നെത്തി ഇവർ ഈ കർമ്മം നിർവഹിക്കുന്നത് പ്രതിഫലേച്ചയൊന്നും ഇല്ലാതെയാണ്. നാടിന്റെ രക്ഷയ്ക്കായി കാവൽ നിൽക്കുന്ന ഇവരോടുള്ള ബഹുമാനമാണ് ഈ പ്രവൃത്തിയ്ക്ക് പിന്നിലെന്ന് ഷൈലജ പറയുന്നു.

കൊവിഡ് രോഗമുക്തി നേടി തൃശൂർ

തൃശൂർ : കൊവിഡ് ബാധിച്ച് തൃശൂരിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന രോഗിയും രോഗമുക്തി നേടി. മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന കൊവിഡ് ബാധിതനായ രോഗിയെ ഫലം നെഗറ്റീവായതിനെ തുടർന്ന് ഡിസ്ചാർജ് ചെയ്തു. ഇന്നലെ ചേർന്ന മെഡിക്കൽ ബോർഡ് യോഗത്തിന്റേതാണ് തീരുമാനം. ഇതോടെ തൃശൂർ ജില്ലയിൽ കോവിഡ് ബാധയെ തുടർന്ന് ചികിത്സയിലായിരുന്ന മുഴുവൻ പേരും രോഗവിമുക്തരായി വീടുകളിലെത്തി. ജില്ലയിൽ പതിമൂന്ന് പേർക്കാണ് ഇതുവരെ രോഗം സ്ഥിരീകരിച്ചത്. ഞായറാഴ്ച വീടുകളിൽ 2706 പേരും ആശുപത്രികളിൽ 8 പേരും ഉൾപ്പെടെ ആകെ 2714 പേരാണ് നിരീക്ഷണത്തിലുള്ളത്. ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന മൂന്ന്പേരെ വിടുതൽ ചെയ്തു.ഇന്നലെ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ഇതു വരെ 942 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 936 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 6 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. 155 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. ഇന്നലെ 37 പേർക്ക് കൗൺസലിംഗ് നൽകി.

തിബ്യാൻ ഹെൽപ്പ് ഡെസകിന് തുടക്കം

കൊടുങ്ങല്ലൂർ: പ്രവാസികൾക്ക് ആശ്വസമായി തിബ്യാൻ ഹെൽപ്പ്ഡെസകിന് തുടക്കമായി. കൊവിഡ് 19 വൈറസ് ബാധ മൂലം പ്രതിസസിയിലായി രാജ്യത്ത് തിരിച്ചെത്തുന്ന പ്രവാസികൾക്കായി ഗവർമെൻ്റ് നോർക്ക പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ക്ഷേമ പദ്ധതിയുടെ ഹെൽപ്പ് ഡെസ്ക് തിബ്യാൻ ഖുർ ആനിക് പ്രീ സ്കൂളിൽ ആദ്യ രജിട്രേഷൻ യു എ ഇയിലെ ഉമ്മുൽ ഖുവൈൻ പ്രവാസി മാനങ്കേരിഅബ്ദുൽ ഖാദർ സാഹിബിൽ നിന്ന് പാസ്പോർട്ടും രേഖകളും വാങ്ങി നിർവ്വഹിച്ചു. രജിസ്ട്രേഷൻ്റെ ആദ്യ ദിവസം തന്നെ നോർക്ക വെബ് സൈറ്റ് വഴി 60 അപേക്ഷകൾ സമർപ്പിക്കാൻ കഴിഞ്ഞു.ഏപ്രിൽ 30 വരെ രാവിലെ 10 മുതൽ 12 വരെ സേവനം സൗജന്യമായിരിക്കും. പാസ്പോർട്ട്, ബാങ്ക് അക്കൗണ്ട്, ഫോട്ടോ എന്നീ രേഖകളാണ് സമർപ്പിക്കേണ്ടത്.ഗൾഫ് നാടുകളിൽ നിന്ന് വിമാന സർവീസുകൾ ആരംഭിക്കുന്ന ദിവസം മുതൽ ' പ്രവാസികൾക്ക് ഐസുലേഷൻ കോറിയൻ്റർ സംവിധാനം ഒരുക്കാൻ തിബ്യാൻ സ്കൂൾ സമുച്ചയം ഒരുക്കിയിരിക്കുന്നതായി മാനേജ് മെൻ്റ് അറിയിച്ചു.തീരദേശ മേഖലയിൽ കൊവിഡ് പ്രതിസന്ധി മൂലം ദുരിതമനുഭവിക്കുന്നവർക്കുള്ള ഭക്ഷ്യവിഭവ കിറ്റ് കഴിഞ്ഞ ദിവസം വിതരണം ചെയ്തു.ഇ.ടി. ടെസൺ എം.എൽ.എ. കൊടുങ്ങല്ലൂർ പൊലീസ് സബ് ഇൻസ്പെക്റ്റർ സി. സി.ബസന്ത്, എറിയാട് പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ അദ്ധ്യക്ഷത വഹിച്ചു.ഡോ: എ ൻ എ നസറുള്ള, ഷമീർഎറിയാട്, റഫീഖ് എറിയാട് 'ഫായിസ് റഷീദ്, പി കെ അബ്ദുൾജബാർ എന്നിവർ സംസാരിച്ചു.

പൊലീസിന് ഭക്ഷണവുമായി കോൺഗ്രസ്

ഇരിങ്ങാലക്കുട: കോവിഡ് 19ന്റെ ഭാഗമായി ജോലി ചെയ്യുന്ന പൊലീസിന് നാരങ്ങ വെള്ളവും പഴങ്ങളുമായി കോൺഗ്രസ് പ്രവർത്തകരെത്തിയപ്പോൾ പിന്തുണയുമായി സ്ഥലം എംഎൽഎ അരുണൻ മാസ്റ്ററും. ഠാണാവിൽ പരിശേധനക്കായി നിൽക്കുന്ന പൊലീസ് ഉദ്യോഗസ്ഥർക്ക് ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് ടി.വി ചാർളിയുടെ നേതൃത്വത്തിൽ പഴങ്ങൾ വിതരണം ചെയ്യുമ്പോഴാണ് അതു വഴി കടന്നുപോയ എംഎൽഎ പിന്തുണയുമായി എത്തിയത്. മണ്ഡലം പ്രസിഡന്റ് ജോസഫ് ചാക്കോ, ബ്ലോക്ക് സെക്രട്ടറി എം ആർ ഷാജു, മുനിസിപ്പൽ വൈസ് ചെയർ പേഴ്സൺ രാജേശ്വരി ശിവരാമൻ നായർ, സബ് ഇൻസ്പെക്റ്റർ അനൂപ് എന്നിവർ സന്നിഹിതരായി.

കശുവണ്ടി വിൽക്കാനാകാതെ കരാറുകാരൻ വലയുന്നു

ചാലക്കുടി: ലോക് ഡൗൺ കാരണം ലക്ഷങ്ങളുടെ കശുവണ്ടി വിൽക്കാനാകാതെ കരാറുകാരൻ വലയുന്നു. പ്ലാന്റേഷൻ കോർപ്പറേഷിനിൽ നിന്നും, ആനമല കൂട്ടുകൃഷി സഹകരണ സംഘത്തിൽ നിന്നും ലേലം കൊണ്ട വെറ്റിലപ്പാറ സ്വദേശി കുറ്റിപുഴക്കാരൻ സെബാസ്റ്റ്യനാണ് ദുരിതത്തിലായിരിക്കുന്നത്. സംഭരിച്ച കശുവണ്ടി വിൽക്കാൻ കഴിയാതെ ദുരിതത്തിലായതോടെ അഞ്ച് ലക്ഷത്തലധികം രൂപയുടെ നഷ്ടമായതായി പറയുന്നു..ലോക് ഡൗണിന്റെ ഭാഗമായി വിപണി നിർജീവമായതോടെ ടൺ കണക്കിന് കശുവണ്ടിയാണ് കുന്നുകൂടി കിടക്കുന്നത്.കേടു വരാതെ സംസ്ക്കരിച്ച് സൂക്ഷിക്കാൻ ചെറുകിട കർഷകർക്കും കരാറുകാർക്കും സംവിധാനങ്ങളില്ല.അതിനാൽ കൂടുതൽ ദിവസം സൂക്ഷിക്കേണ്ടി വന്നാൽ ഇതെല്ലാം നശിച്ച് പോകുമെന്ന ഭീതിയിലാണ് കരാറുകാരൻ.ലോക് ഡൗൺ തുടങ്ങിയതു മുതൽ തോട്ടങ്ങളിൽ നിന്ന് വിളവെടുക്കുന്നതിനും കഴിഞ്ഞിരുന്നില്ല.കൂടാതെ വന്യ മൃഗ ശല്യവും കാരണം വിളവ് പകുതി പോലും ലഭിക്കാതിരിക്കുന്നതും നഷ്ടം' ഇരടിയാക്കുമെന്ന് പറയുന്നു.

തെരുവ് നായ്ക്കൾ ആടിനെ കടിച്ചു കൊന്നു

കുന്നംകുളം: തെരുവ് നായ്ക്കൾ ആടിനെ കടിച്ചു കൊന്നു.കേച്ചേരി മണലി ചൂണ്ടൽ വീട്ടിൽ ജോൺസന്റെ ആടിനെയാണ് തെരുവു നായകൾ കടിച്ചുകൊന്ന നിലയിൽ കണ്ടെത്തിയത്. കൂട് തകർത്ത തെരുവ് നായക്കളുടെ കൂട്ടം ആട്ടിൻകുട്ടിയെ കടിച്ചു കൊണ്ടു പോയി. ഞായറാഴ്ച്ച പുലർച്ചെ 3 മണിക്കായിരുന്നു സംഭവം. വീടിന്റെ പിറക് വശത്ത് പട്ടിക കഷ്ണങ്ങൾ കൊണ്ട് ഉണ്ടാക്കിയ ആട്ടിൻക്കൂടാണ് പതിനഞ്ചോളം വരുന്ന തെരുവ് നായ്ക്കൾ അക്രമിച്ച് തകർന്നത്. കൂടിന്റെ ഒരു വശം തകർത്ത നായക്കൂട്ടം തള്ളയാടിന്റെ തല കടിച്ച് പറിച്ച നിലയിലാണ്. കൂട്ടിൽ ഉണ്ടായിരുന്ന ആട്ടിൻകുട്ടിയെ കടിച്ച് കൊണ്ടുപോകുകയും ചെയ്തു. മേഖലയിൽ തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമാകുന്ന സാഹചര്യത്തിൽ പഞ്ചായത്ത് അധികൃതർ നടപടി കൈകൊള്ളണമെന്ന് നാട്ടുക്കാർ ആവശ്യപ്പെട്ടു.

സ്പിരിറ്റ് എത്തിച്ചയാൾ അറസ്റ്റിൽ

ഇരിങ്ങാലക്കുട: വള്ളിവട്ടം ബ്രാലത്ത് സ്പിരിറ്റ് കഴിച്ചു യുവാക്കൾ ആശുപത്രിയിലായ സംഭവവുമായി ബന്ധപ്പെട്ട് ഒരാൾ കൂടി അറസ്റ്റിൽ. പ്രധാന പ്രതി പോത്തേഴത്ത് വീട്ടിൽ ബിജോയിക്ക് സ്പിരിറ്റ് എത്തിച്ചു കൊടുത്ത നടവരമ്പ് ചാത്തമ്പിള്ളി വീട്ടിൽ ഷൈനിനെ (57) യാണ് ഇരിങ്ങാലക്കുട സി.ഐ. ജിജോ, എസ്.ഐ. അനൂപ് എന്നിവരുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്.

അപകടത്തിൽ രണ്ടുപേർക്ക് പരുക്ക്

കുന്നംകുളം: പിക് അപ്പ് വാൻ ചരക്ക്ലോറിക്ക്പുറകിലിടിച്ച് രണ്ട് പേർക്ക് പരുക്ക്. പിക്കപ്പ് വാൻ ഡ്രൈവർ ആലുവ ഇടത്തല സ്വദേശി കുട്ടേടത്ത് വീട്ടിൽ സെബാസ്റ്റ്യൻ മകൻ വിൻസെന്റ്(29) സഹായി വയനാട് സ്വദേശി നാലുഘണ്ടിൽ വീട്ടിൽ മുഹമ്മദ് മകൻ സിദിഖ് (39) എന്നിവർക്കാണ് പരുക്കേറ്റത്. ഞായറാഴ്ച്ച പുലർച്ചെ അഞ്ച് മണിയോടെ കോഴിക്കോട് റോഡിൽ പാറേംമ്പാടത്ത്‌ വെച്ചായിരുന്നു അപകടം. തൃശൂർ ഭാഗത്തേക്ക് പോകുകയായിരുന്ന ചരക്ക് ലോറിക്ക് പിന്നിൽപിക്കപ്പ് വാൻ ഇടിക്കുകയായിരുന്നു. സാരമായി പരുക്കേറ്റ ഇരുവരെയും കേച്ചേരി ആക്റ്റ്സ് പ്രവർത്തകർ കുന്നംകുളം റോയൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

അടപ്പിച്ചു

കുന്നംകുളം: വിലക്ക് ലംഘിച്ച് തുറന്ന് പ്രവർത്തിച്ച മാംസ വിൽപ്പന കേന്ദ്രം പഞ്ചായത്ത് അധികൃതരും ആരോഗ്യ വിഭാഗവും പൊലീസും ചേർന്ന് അടപ്പിച്ചു. ചൂണ്ടൽ പഞ്ചായത്തിലെ കേച്ചേരി മാർക്കറ്റിലെ മാംസവിൽപ്പന കേന്ദ്രമാണ് അടപ്പിച്ചത്.

സിവിൽ സ്റ്റേഷൻ അണുവിമുക്തമാക്കി അഗ്നിശമനസേന

പാലക്കാട് : കൊവിഡ് -19 ന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ ഭരണ കേന്ദ്രമായ സിവിൽ സ്റ്റേഷനും പരിസരവും ജില്ലാ അഗ്നിശമന സേനയുടെ നേതൃത്വത്തിൽ അണുവിമുക്തമാക്കി. കലക്റ്ററേറ്റ്, പബ്ലിക് റിലേഷൻസ് ഓഫീസ് അടക്കമുള്ള സിവിൽ സ്റ്റേഷനിലെ വിവിധ വകുപ്പുകളുടെ ഓഫീസുകൾ, വാഹനങ്ങൾ എന്നിവയാണ് അണുവിമുക്തമാക്കിയത്. അഗ്നിശമനസേന ജില്ലാ മേധാവി അരുൺ ഭാസ്കറിന്റെ നേതൃത്വത്തിലുള്ള ടീമാണ് രാവിലെ 11 മുതൽ രണ്ടു മണി വരെ സിവിൽ സ്റ്റേഷൻ അണുവിമുക്തമാക്കിയത്. കേരള എൻജിഒ യൂണിയൻ, വിവിധ വകുപ്പുകളിലെ ജീവനക്കാർ എന്നിവരും പ്രവർത്തനത്തിൽ പങ്കാളികളായി.

ചാരായവുമായി യുവാവ് പിടിയിൽ

അറസ്റ്റിലായ പ്രതി

ചാലക്കുടി: പൊലീസിന്റെ വാഹന പരിശോധനക്കിടിയിൽ ഒരു ലിറ്റർ ചാരായവുമായി യുവാവ് പിടിയിൽ. മേച്ചിറ മത്തി പറമ്പിൽ വീട്ടിൽ വിഷ്ണു (25)ആണ് പിടിയിലായത്. പതിനൊന്നരയോടെ മേച്ചിറ കമ്പനി പടി ജംഗ്ഷനിൽ എസ്. ഐ. കെ. കെ ബാബുവിന്റെ നേതൃത്വത്തിൽ വാഹന പരിശോധന നടത്തുന്നതിനിടയിൽ ക്വാളീസ് ജീപ്പിൽ വരുകയായിരുന്ന വിഷ്ണുവിനെ പൊലീസ് കൈ കാണിച്ചെങ്കിലും നിർത്താതെ അമിത വേഗതയിൽ പോവുകയായിരുന്നു. ഇതിനെ തുടർന്ന് ഒരു കിലോമീറ്ററിലധികം ദൂരം ജീപ്പിനെ പിൻതുടർന്നാണ് പൊലീസ് പ്രതിയെ പിടികൂടിയിത്.പ്രതിയുടെ വീട്ടിലേക്ക് ഓടിച്ചു കയറ്റി രക്ഷപ്പെടുവാൻ ശ്രമിക്കുന്നതിനിടയിൽ പൊലീസ് പ്രതിയെ സാഹസികമായി പിടികൂടുകയായിരുന്നു. തുടർന്ന് ജീപ്പ് പരിശോധിച്ചപ്പോഴാണ് ജീപ്പിന്റെ ഉൾവശത്ത് ഒളിപ്പിച്ച് വെച്ച നിലയിൽ ഒരു ലിറ്റർ ചാരായം പിടികൂടുകയായിരുന്നു. ചാരായവും ജീപ്പും പൊലീസ് കസ്റ്റഡിയിലെടുത്തു. ചാരയത്തിന്റെ ഉറവിടത്തെ കുറിച്ച് കൂടുതൽ അന്വേഷണം നടത്തുമെന്ന് എസ്. ഐ. കെ. കെ. ബാബു പറഞ്ഞു. അന്വേഷണ സംഘത്തിൽ എസ്. ഐമാരായ. കെ. കെ. ബാബു, സജി വർഗ്ഗീസ്, സീനിയർ സിപിഒ ആന്റോ, സിപിഒമാരായ മാനുവൽ,ആൻസൻ, ഹോ ഗാർഡ് ബാബു എന്നിവരുടെ നേതൃത്വത്തിൽ ആണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കും.

ചാലക്കുടി നഗരസഭ സമൂഹ അടുക്കളയിലേക്ക് അഞ്ചു ദിവസത്തേക്കുള്ള സാധനങ്ങൾ ചെയർപേഴ്സൺ ജയന്തി പ്രവീൺകുമാർ ഏറ്റുവാങ്ങുന്നു.

സമൂഹ അടുക്കളയിലേക്ക് അഞ്ചു ദിവസത്തേക്കുള്ള അവശ്യസാധനങ്ങൾ നൽകി

ചാലക്കുടി: ചാലക്കുടി നഗരസഭ സമൂഹ അടുക്കളയിലേക്ക് അഞ്ചു ദിവസത്തേക്കുള്ള അരി, പലചരക്ക്, പച്ചക്കറി എന്നിവയും, പതിനായിരം രൂപയുടെ ചെക്കും കൈമാറി.അരിയും, പലചരക്കും പച്ചക്കറിയും ഡോ എം.കെ.മനോജ്, ഡോഃ പി.പി.സുനിൽ, ഡോ ജോർജ്ജ് ചാക്കോളോ, ചാലക്കുടി എൽഐസി. ഓാഫീസർമാരുടെ സംഘടനക്ക് വേണ്ടി ഡവലെപ്പ്മെന്റ് ഓഫീസർമാരായ യു. എസ്.അജയകുമാർ, എൻ.ഗോവിന്ദൻ കുട്ടി, ഗിരിശങ്കർ എന്നിവർ ചേർന്ന് നഗരസഭ ചെയർപേഴ്സൺ ജയന്തി പ്രവീൺകുമാറിനെ ഏൽപ്പിച്ചു. ഐഎംഎ ചാലക്കുടി ബ്രാഞ്ചിന് വേണ്ടി 10, 000 രൂപയുടെ ചെക്കും ചെയർപേഴ്സൺ ഏറ്റുവാങ്ങി. സമൂഹ അടുക്കളയുടെ കോർഡിനേറ്ററും, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാനുമായ പി.എം.ശ്രീധരൻ, ആരോഗ്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ ബിജി സദാനന്ദൻ, നഗരസഭ സെക്രട്ടറി എം.എസ്.ആകാശ് തുടങ്ങിയവരും സന്നിഹിതരായിരുന്നു.

ത്വക്ക് രോഗാശുപത്രി അണുവിമുക്തമാക്കി

ചാലക്കുടി: കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രി അണുവിമുക്തമാക്കി ചാലക്കുടി ഫയർഫോഴ്സ് അംഗങ്ങൾ. സംസ്ഥാനത്തെ പ്രധാന ത്വക്ക് രോഗാശുപത്രിയായ ഇവിടെ ഇപ്പോൾ നൂറോളം അന്തേവാസികളാണ് ഉള്ളത്. ആശുപത്രിയിലെ രോഗികളുടെ വാർഡ്, അന്തേവാസികളുടെ താമസ സ്ഥലം, ഒ പി. വിഭാഗം ഓഫീസ്, ആശുപത്രി വളപ്പിലെ ക്ഷേത്രം, പള്ളി, മോസ്ക് മറ്റു പ്രധാന കേന്ദ്രങ്ങൾ എല്ലാം അണുവിമുക്തമാക്കി. മണിക്കൂറുകൾ നീണ്ട കഠിന പരിശ്രമത്തിന് ശേഷമാണ് പൂർണ്ണമായി അണു വികതമാക്കിയത്.സ്റ്റേഷൻ ഓഫീസർ സി. ഒ ജോയി, സ്റ്റേഷൻ ഡ്രൈവർ ജോഷി ജോർജ്ജ്, ജിതിൻ പി. ജെ, സുജിത് കെ. ആർ, രാജേഷ് എന്നിവക്ക് പുറമെ, ഡിഫൻസ് അംഗങ്ങളായ വി. പി സുജിത് കുമാർ, പി. വി. രഞ്ചിത്, വിജിത് വിജയൻ, ജോസഫ്, ജോൺ, ജിനോ, സജീവ്, ഷൈനി, രമ്യ, ഫിലോമിന, സജി, ലിജി എന്നിവരുടെ നേതൃത്വത്തിലാണ് ആശുപത്രിയും, പരിസരവും അണുവിമുക്തമാക്കിയത്.

പ്രതിഷേധ ദിനം

വടക്കാഞ്ചേരി: മർച്ചൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വ്യാപാരഭവനിൽ വച്ച് പ്രതിഷേധ ദിനം ആചരിച്ചു. കാലാഹരണപെട്ട വാറ്റ് നിയമത്തിന്റെ പേരിൽ വീണ്ടും നോട്ടിസ് അയച്ച് വ്യാപാരികളെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന സർക്കാറിന്റെ നിഷ്ഠൂര നടപടികൾക്കെതിരേ യോഗം പ്രതിഷേധിച്ചു. സർക്കാരിനൊ പൊതുജനങ്ങൾക്കോ ഒരു തരത്തിലും ഉപകാരമില്ലാത്ത ഓൺലൈൻ വ്യാപാരം അവസാനിപ്പിക്കണമെന്നും, ഇത്തരം വിൽപന നടത്തുന്ന ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്ക് അനുമതി കൊടുക്കാതിരിക്കുകയും ചെയ്യുന്ന സർക്കാർ നടപടികൾക്കെതിരേ വ്യാപാരി വ്യവസായി ഏകോപന സമതി വടക്കാഞ്ചേരി യൂണിറ്റ് പ്രതിഷേധ ദിനം ആചരിച്ചു. യൂണിറ്റ് പ്രസിഡന്റ് അജിത് മല്ലയ്യ ഉദ്ഘാടനം നിർവഹിച്ചു. പി. എൻ ഗോകുലൻ, കെ.എ.മുഹമ്മദ്- സി.എ.ഷംസുദീൻ, എന്നിവർ പങ്കെടുത്തു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.107 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from **Vaartha News Network Pvt.Ltd,** Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

ചോദ്യങ്ങളിൽ കുരുക്കാൻ പൊലീസ്

രാവിലെ പൊലീസ് ജീപ്പ് വീടിനു മുന്നിൽ വന്നു നിൽക്കുന്നതു കണ്ടപ്പോഴേ കുഞ്ഞാപ്പു ഒന്നു ഞെട്ടി!

ഇന്നലെ രാത്രി ടോമയ്യയുടെ ഭാവി കാര്യം ആലോചിച്ചപ്പോഴേ മനസിൽ പേടിച്ച സംഭവം ഇതാ നേരേ കൺമുന്നിൽ.

പൊലീസ് സംഘം അകത്തേക്കു കയറിക്കഴിഞ്ഞു. അച്ഛൻ അവരോട് ഇരിക്കാൻ പറഞ്ഞു. അമ്മയും അടുക്കളയിൽ നിന്ന് ഓടി വന്നു. ചേട്ടനും ചേച്ചിയുമെല്ലാം എത്തി.

എസ്ഐയും കൂടെ രണ്ടു പൊലീസ് ഉദ്യോഗസ്ഥരമുണ്ട്.

'ഇവിടെ നിങ്ങളെക്കൂടാതെ മറ്റാരെങ്കിലും ഉണ്ടോ? അതായത് സെർവന്റ്സ് അങ്ങനെ ആരെങ്കിലും?'

എസ്ഐ ആണ് ചോദിച്ചത്. ഇല്ലെന്ന് അച്ഛനും അമ്മയും ഒരേ സ്വരത്തിലാൺ പറഞ്ഞത്.

'കഴിഞ്ഞ ദിവസങ്ങളിൽ ആരെങ്കിലും വരികയോ മറ്റോ ഉണ്ടായോ?'

ഇല്ല - അച്ഛൻ പറഞ്ഞു, 'ലോക് ഡൗൺ ആയതിൽപ്പിന്നെ ആരും വന്നിട്ടില്ല'

'ഞങ്ങൾക്ക് ഈ വീടും ചുറ്റുപാടും ഒന്നു പരിശോധിക്കണം, അറിയാമല്ലോ ഒരു ദിനോസർ വേഷത്തിൽ ഒരു രൂപം ഇറങ്ങി നടക്കുന്നതിനെക്കുറിച്ച് കേട്ടിരിക്കുമല്ലോ'

അച്ഛൻ തലയാട്ടി.

'പൊലീസ് നായ വളരെ കൃത്യമായി ഈ വീട്ടിലാൺ ഓടിക്കയറിയത്. അപ്പോൾ ഞങ്ങൾ തിരിച്ചു പോയത് ചാനലുകാരും മറ്റും കൂടി നിന്നതു കൊണ്ടാണ്. ആവശ്യമില്ലാതെ നിങ്ങളെ ബുദ്ധിമുട്ടിക്കണ്ടാ എന്നു കരുതിയാണ് മടങ്ങിപ്പോയത്'.

എസ്ഐ ഇത്രയും പറഞ്ഞ് എഴുന്നേറ്റു.

'ഈ വീടിന്റെ പരിസരവുമായി ഞങ്ങൾ അന്വേഷിക്കുന്നതുമായി ബന്ധപ്പെട്ട് എന്തോ ഉണ്ട് എന്ന് ഞങ്ങൾ സംശയിക്കുന്നു, നിങ്ങൾ കൃത്യമായി ഞങ്ങൾ ചോദിക്കുന്നതിന് ഉത്തരം പറയണം'.

ശരിയെന്ന് അച്ഛൻ തല കുലുക്കി.

നിങ്ങൾക്ക് എത്ര മക്കളാണ്?

'മൂന്ന്' - അമ്മയാണ് പറഞ്ഞത്.

എസ്ഐ ഒന്നു കടുപ്പിച്ചു നോക്കി.

'ഇതാണോ മൂത്തയാൾ' എസ്ഐ ചേട്ടന്റെയടുത്തേക്ക് ചെന്നു.

'എന്തു ചെയ്യുന്നു?'

'എംബിഎ ഫസ്റ്റ് ഇയറാണ്' ചേട്ടന്റെ പക്ഷെ വലിയ കൂസലില്ലാത്ത മറുപടിയാണ്.

'മൊബൈൽ ഫോൺ ഞങ്ങൾക്ക് ഒന്നു തരേണ്ടി വരും'

ചേട്ടൻ തല കുലുക്കി.

'ലാപ്ടോപ്പ് ഉണ്ടോ'

ഉണ്ടെന്നു ചേട്ടൻ

'അതും തന്നയയ്ക്കണം, വിരോധമില്ലല്ലോ'

തിരിച്ചും മറിച്ചും അവർ ചേട്ടനെയാണ് ചോദ്യം ചെയ്തത്. ചേട്ടന്റെ ഫ്രണ്ട്സിനെ കുറിച്ചുമെല്ലാം അവർ വിശദമായി തിരക്കി.

ഇതെല്ലാം കണ്ട് അമ്മ വല്ലാതെ പരിഭ്രമിച്ചു.

'നിങ്ങൾ പേടിക്കയൊന്നും വേണ്ട, ഇത് അന്വേഷണത്തിന്റെ ഒരു വഴിയെന്നേയുള്ളു'. എസ്ഐ അച്ഛന്റെയടുത്ത് പറഞ്ഞു.

'ഞങ്ങൾ കൊണ്ടു പോകുന്ന സാധനങ്ങൾക്ക് റെസിപ്റ്റ് തരും, പിന്നീട് സ്റ്റേഷനിൽ വന്നു വാങ്ങിയാൽ മതി'

അവർ അതെല്ലാമെടുത്ത് ജീപ്പിൽ കയറി പോയി.

ഈ ദിനോസർ സംഭവം ഇത്രയും കുരുക്കാവുമെന്ന് കുഞ്ഞാപ്പു കരുതിയതേയില്ല. അമ്മയും അച്ഛനും വല്ലാതെ അസ്വസ്ഥരായി. ഇനി എന്തെല്ലാം പ്രശ്നങ്ങളാണ്. പൊലീസും കേസും അന്വേഷണവുമൊക്കെ കൂടി സമാധാനം പോയി എന്നു പറഞ്ഞാൽ മതിയല്ലോ എന്നാണ് അച്ഛൻ പറഞ്ഞത്.

ആരെ ബന്ധപ്പെട്ടാലാണ് ഒന്നു തലയൂരാൻ പറ്റുക? അച്ഛൻ അമ്മയോട് പറയുന്നതു കേട്ട് കുഞ്ഞാപ്പു മുറിക്കുള്ളിലേക്കു കയറി.

(നാളെ: ടോമയ്യ പ്രശ്നം കൂടുതൽ കുരുക്കിലേക്ക്)

ഇന്നലെത്തെ ചോദ്യത്തിന് ഉത്തരം നൽകിയവരിൽ നിന്ന് തെരെഞ്ഞെടുത്തത് - (ആകെ ഒരാളാണ് ഉത്തരം അയച്ചത്. ഉത്തരം ശരിയല്ല, എങ്കിലും കണ്ടെത്താൻ ഒരു ശ്രമം നടത്തി എന്നതിന്റെ പേരിൽ ചിത്രം കൊടുക്കുന്നു. വളരെ വിഷമം പിടിച്ച ചോദ്യമാണെന്ന് പലരും മറുപടി നൽകിയിട്ടുണ്ട്. പോസ്റ്ററിൽ കാണിച്ചിരിക്കുന്ന വർഷം കണക്കാക്കുമ്പോൾ 45 വർഷം കഴിഞ്ഞിരിക്കുന്നു.)

Harishankar Madhu,
Std.VI,
Bhavans Vidya Mandir
Elamakkara,
Kochi

ഇന്നലെത്തെ ചോദ്യം ഇതായിരുന്നു - നായ കഥാപാത്രമായ പഴയൊരു മലയാള സിനിമയുടെ പോസ്റ്ററാണ് ചിത്രത്തിൽ - ഏതാണ് ഈ സിനിമ?

ഇന്നത്തെ ചോദ്യം:

ഇന്നലെത്തെ ദിനോസർ കഥയിൽ കുഞ്ഞാപ്പുവിന്റെ അച്ഛൻ പറഞ്ഞ ജപ്പാനിലെ നായക്കഥ ഹോളിവുഡിൽ ഒരു സിനിമയായിട്ടുണ്ട്. ഏതാണ് ആ സിനിമ ?

ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ:
7304041234

ഹോം കുക്കിങ്

ബിനിത ദേവസി

BANANA JAM

വേണ്ടത്

പാളെകൊടൻ പഴം/ ചെറുപഴം - 15 എണ്ണം (നന്നായി പഴുത്തത്)
പഞ്ചസാര - അര കപ്പ്
കരയാമ്പൂ - 10 എണ്ണം
നാരങ്ങ - 1 എണ്ണം (പിഴിഞ്ഞെടുത്തത്)
വെള്ളം - ആവശ്യത്തിന്

തയാറാക്കേണ്ടത്

പഴത്തിന്റെ തൊലി കളഞ്ഞ് കുക്കറിലിട്ട് കൈകൊണ്ട് ഉടച്ചെടുക്കുക. അതിലേക്ക് ഒന്നേകാൽ കപ്പ് വെള്ളമൊഴിച്ച് വേവിക്കുക. ഒരു വിസൽ കേട്ടാൽ മതിയാകും. ശേഷം പഴത്തിന്റെ നീര് അരിപ്പയിൽ അരിച്ചെടുക്കുക.

ഇത് ഒരു ചീനച്ചട്ടിയിലേക്ക് ഒഴിച്ച് ഇളക്കുക. അതിലേക്ക് 10 കരയാമ്പൂവും അര കപ്പ് പഞ്ചസാരയും ചേർത്ത് ഇളക്കുക. നന്നായി തിള വരുന്നതുവരെ ഇളക്കണം. നീര് വറ്റിത്തുടങ്ങുമ്പോൾ നാരങ്ങനീര് ചേർക്കുക. ശേഷം ഒരു പാത്രത്തിലേക്ക് മാറ്റി ഫ്രീസ് ചെയ്യുക.

പച്ചമാങ്ങാ പാനീയം

പച്ചമങ്ങയോടൊപ്പം ഇഞ്ചി പച്ചമുളക് കറിവേപ്പില എന്നിവ ചേർത്ത് മിക്സിയിൽ അടിക്കണം. വശ്യത്തിന് ഉപ്പും വെള്ളവും ചേർത്ത് പാനീയമാക്കി ഉപയോഗിക്കാം. ഇതോടൊപ്പം പഞ്ചസാര ചേർക്കാൻ ഇഷ്ടമുള്ളവർക്ക് അങ്ങനെ തയാറാക്കുന്നതും നല്ല രുചിയാണ്.

ബാബുരാജ് തന്റെപച്ചക്കറി കൃഷിയിടത്തിൽ

ഫോട്ടോഗ്രാഫർ തിരക്കിലാണ്; സ്റ്റുഡിയോയിലല്ല

ഹരി ഇരിങ്ങാലക്കുട

ഇരിങ്ങാലക്കുട: ഫോട്ടോഗ്രാഫി കലയും തൊഴിലുമായി കൊണ്ടു നടക്കുമ്പോഴും ബാബുരാജ് പൊറത്തിശ്ശേരിക്ക് കൃഷിയോടുള്ള മമത ഒട്ടും കുറവില്ലായിരുന്നു. പക്ഷേ ജോലി സംബന്ധമായ തിരക്കിനടയിൽ സമയം കണ്ടെത്തുക ശ്രമകരമായിരുന്നു. എന്നാൽ ഈ ലോക്ക് ഡൗൺ കാലത്ത് മറ്റൊന്നും ചെയ്യാനില്ലാത്തതിനാൽ ക്യാമറ അഴിച്ചു വെച്ച് തന്റെപുരയിടത്തിലേക്ക് ഇറങ്ങാൻ നിശ്ചയിച്ചു.

സഹായിക്കാനായി ഭാര്യ ലതയും മക്കളായ ശ്രുതിയും ശ്രീരാഗും കൂടെ കൂടിയപ്പോൾ അതിനുള്ള ഫലവും ചെറുതല്ലായിരുന്നു. സ്വന്തം മണ്ണിൽ വിളയിച്ച തക്കാളിയും വഴുതിനയും പടവലവും പച്ചമുളകും കവാളിഫ്ലവറും കൺകുളിർക്കെ കണ്ടപ്പോൾ ഒരു നല്ല ഫോട്ടോ എടുത്താൽ കിട്ടുന്ന സംതൃപ്തിയാണ് തനിക്കുണ്ടായതെന്ന് ബാബുരാജ് പറഞ്ഞു.

വിളവെടുത്ത തക്കാളി

സ്റ്റുഡിയോയിൽ മാത്രം ഒതുങ്ങുന്ന ഫോട്ടോഗ്രാഫറല്ല ബാബുരാജ്. എഴുത്തുകാരൻ കൂടിയായ ഇദ്ദേഹം ഇതിനകം ആറ് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രൊഫഷനോടുള്ള ആത്മാർത്ഥയും അർപ്പണബോധവും കൈവിടാതെയുള്ള പ്രവർത്തനത്തിൽ നിരവധി ഫോട്ടോഗ്രാഫി അവാർഡുകൾക്കർഹനായിട്ടുണ്ട്.

കഴിഞ്ഞ മൂന്നര പതിറ്റാണ്ടായി പത്രങ്ങളിലും ആനുകാലികങ്ങളിലും ബാബുരാജിന്റെചിത്രങ്ങൾ അവിഭാജ്യ ഘടകമാണ്. ഈ മേഖലയിൽ നടക്കുന്ന പ്രധാന സംഭവങ്ങൾ, ഉത്സവങ്ങൾ എന്നിവയുടെയെല്ലാം ഫോട്ടോ എടുക്കാൻ ബാബുരാജ് എന്നും മുന്നിലുണ്ടാകും. കൂടൽ മാണിക്ക്യം ക്ഷേത്രത്തിന്റെയും ക്ഷേത്രത്തിലെ ഏതൊരു വിശേഷത്തിന്റേയും ചിത്രങ്ങൾ പകർത്തുന്നത് ബാബുരാജാണ്.

Entertainment

ഐശ്വര്യ ലക്ഷ്മിയ്ക്ക് നന്ദി പറഞ്ഞ് ഫെഫ്ക

ലോക്ക്ഡൗണിൽ ദുരിതത്തിൽ കഴിയുന്ന ചലച്ചിത്ര പ്രവർത്തകരെ സഹായിക്കാനായി ഫെഫ്ക ധനശേഖരണം തുടങ്ങിയിരുന്നു. മോഹൻലാലും മഞ്ജുവാര്യരുമടക്കമുള്ളവർ പണം നൽകി സഹായിച്ചിരുന്നു. പിന്നാലെ നടി ഐശ്വര്യ ലക്ഷ്മിയും സാമ്പത്തിക സഹായവുമായെത്തി. ഐശ്വര്യയ്ക്ക് നന്ദി പറയുകയാണ് ഫെഫ്ക. ഫെയ്സ്ബുക്ക് പോസ്റ്റിലൂടെയാണ് ഫെഫ്ക താരത്തിന് നന്ദി പറഞ്ഞത്.

ഇന്ത്യയിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ ആദ്യം നിശ്ചലമായ തൊഴിലിടങ്ങളിലൊന്ന് സിനിമാ മേഖലയായിരുന്നു. അതോടെ ദുരിതത്തിലായ ചലച്ചിത്ര പ്രവർത്തകരെ സാമ്പത്തികമായി സംരക്ഷിക്കാൻ ഫെഫ്ക ആരംഭിച്ചതാണ് 'കരുതൽ നിധി' പദ്ധതി.

ഈ വിവരമറിഞ്ഞ് ഫെഫ്ക അംഗങ്ങൾക്കൊപ്പം, വ്യവസായ രംഗത്ത് നിന്നും , ചലച്ചിത്ര മേഖലയിൽ നിന്നും ധാരാളം സുമനസുകൾ ഈ പദ്ധതിക്കുള്ള പിന്തുണ നൽകി ഫെഫ്ക ജനറൽ സെക്രട്ടറി ബി ഉണ്ണിക്കൃഷ്ണനെ അറിയിച്ചു . ഇന്ത്യയിലെ ദിവസ വേതനക്കാരായ 60000 ത്തിലേറെ ചലച്ചിത്ര തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്ന വിധത്തിൽ അഖിലേന്ത്യാ തലത്തിലേക്ക് ഈ പദ്ധതി വളർത്താൻ ഇന്ത്യൻ ഫിലിം എപ്ലോയീസ് കോൺഫെഡറേഷൻ (AIFEC) ജനറൽ സെക്രട്ടറി എന്ന നിലയിൽ ബി. ഉണ്ണിക്കൃഷ്ണന് സാധിച്ചുവെന്നും പോസ്റ്റിലൂടെ ഫെഫ്ക പറയുന്നു.

മാസ്ക്ക് ഉണ്ടാക്കി വിദ്യാ ബാലൻ

ലോക്ഡൗൺ കാലത്ത് വർക്കൗട്ടും പാചകവും മാത്രമല്ല മറ്റു ചില കാര്യങ്ങളും ചെയ്യാമെന്ന് ബോളിവുഡ് താരം വിദ്യാ ബാലൻ. കൊറോണയെ പ്രതിരോധിക്കാനുള്ള ഏറ്റവും നല്ല മാർഗവുമായാണ് വിദ്യ എത്തിയിരിക്കുന്നത്. ബ്ലൗസ് പീസു കൊണ്ട് എങ്ങനെ മാസ്ക്ക് നിർമ്മിക്കാം എന്നാണ് വിദ്യ പങ്കുവക്കുന്നത്.

മാസ്ക്കുകൾക്ക് രാജ്യത്ത് ദൗർലഭ്യം നേരിടുമ്പോൾ സാരി, സ്കാർഫ്, ദുപ്പട്ട എന്നിവയൊക്കെ ഉപയോഗിക്കാം എന്നാണ് വീഡിയോയിൽ വിദ്യ പറയുന്നത്. സാരി, സ്കാർഫ്, ദുപ്പട്ട എന്നിവയിൽ ഏതെങ്കിലും ഒപ്പം രണ്ട് റബർ ബാൻഡുകളുമാണ് മാസ്ക് ഉണ്ടാക്കൻ ആവശ്യമുള്ളതെന്നാണ് വിദ്യ പറയുന്നു.

വീട്ടിലിരിപ്പിലും വീട്ടമ്മമാരുടെ ഷോർട്ട് ഫിലിം

തിരുവനന്തപുരം: കോവിഡ് സുരക്ഷാ കാലം എന്നത് ലോകം മുഴുവൻ ഒരു പോലെ വീട്ടിലിരിപ്പു കാലം എന്നാണല്ലോ. കലയും സാഹിത്യവും സംഗീതവുമൊക്കെ ഇത്രമേൽ പരിപോഷിപ്പിക്കപ്പെട്ട ഒരു സാഹചര്യം ലോകത്തെവിടെയും ഒരു പോലെ എന്നതായിരുന്നു ഇതിന്റെ പ്രത്യേകത.

വിവിധ രാജ്യങ്ങളിലിരുന്ന് ഒരു സംഘം വീട്ടമ്മമാർ വീട്ടിലിരുന്ന് അവതരിപ്പിച്ച ഒരു ഷോർട്ട് ഫിലിം ഏറെ പ്രശംസ നേടി.

മുമ്പുതന്നെ ചിത്രകല, സാഹിത്യം എന്നീ രംഗങ്ങളിൽ ജൈത്രം ഗ്രൂപ്പ് എന്ന വാട്ട്സ് ആപ് കൂട്ടായ്മയായി പ്രവർത്തിച്ചിരുന്നവരാണ് ഈ വീട്ടമ്മമാർ.

കോട്ടയത്തെ വീട്ടിലിരുന്ന് ശ്രീലതയും കലയും, യുഎസിൽ നിന്ന് സുനൂജ, ദുബായിൽ നിന്ന് പ്രീതി, മസ്ക്കറ്റിൽ നിന്ന് സപ്ന, എറണാകുളത്തു നിന്ന് കവിത, ആലപ്പുഴയിൽ നിന്ന് പുഷ്കല, തിരുവനന്തപുരത്തു നിന്ന് ഉമ എന്നിവരാണ് ഇതിൽ അഭിനയിച്ചത്. എല്ലാവരും അവരവരുടെ വീട്ടിലിരുന്ന് ഇതിന്റെ ഭാഗമായി.

കൊറോണാക്കാലത്തെ ചില അനുഭവങ്ങളാണ് ഈ ഷോർട്ട് ഫിലിമിന്റെ തിരക്കഥ. വിദേശത്തു നിന്ന് വന്നവർ നേരിടേണ്ടി വന്ന പ്രശ്നങ്ങൾ മുതൽ പരസ്പരം സഹായം നൽകേണ്ടതിന്റെ പ്രാധാന്യം വരെ മൂന്നു മിനിറ്റിനുള്ളിൽ അവതരിപ്പിക്കാൻ ഇവർക്കു കഴിഞ്ഞു. സ്വാഭാവികമായ അഭിനയത്തിൽ ചിലരൊക്കെ നല്ല മനോധർമ്മം പ്രകടിപ്പിക്കുകയും ചെയ്തു. അന്തരിച്ച അർജ്ജുനൻ മാഷിന് ഒരു ട്രിബ്യൂട്ട് കൂടിയാണ് ഇവർ നൽകിയിരിക്കുന്നത്. കസ്തൂരി മണക്കുന്നല്ലോ എന്ന ഗാനത്തോടെയാണ് ആരംഭിക്കുന്നതു തന്നെ. ചെമ്പകത്തൈകൾ എന്ന ഗാനം പിന്നീട് ആലപിക്കുന്നുമുണ്ട്.

സ്ത്രീ സമൂഹത്തിന്റെ പ്രശ്നങ്ങളെ പറയാതെ പറയുന്നുണ്ട് ഇതിൽ എന്നതാണ് ശ്രദ്ധേയം. അടുക്കളയിൽ സ്ത്രീയുടെ ഉള്ളിലെ സംഗീത ബോധത്തിന് കൈപൊള്ളുമ്പോഴും, ജീവിതത്തിന്റെ തിരക്കിൽ ആരു വാങ്ങുമീ ആരാമത്തിന്റെ രോമാഞ്ചം എന്നു ചോദിക്കുമ്പോഴും പ്രേക്ഷകനിലേക്ക് സ്ത്രീപക്ഷ ചിന്തകളെ കടത്തി വിടുന്നുണ്ട് ഈ വീട്ടമ്മമാർ.

പ്രീതി

കല

കവിത

ഉമ

സുനുജ

സപ്ന

പുഷ്കല

ശ്രീലത